വാല്യം 111

നിലമ്പൂർ ബ്ലോക്ക്
(മലപ്പുറം ജില്ല)

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

# വികസന രേഖ



അധികാരം ജനങ്ങളിലേക്ക്

## നിലമ്പൂർ ഗ്രാമ പഞ്ചായത്ത്

111-1



# നിലമ്പൂർ

## ഗ്രാമപഞ്ചായത്ത്

എഡിറ്റോറിയൽ ബോർഡ്

1. ശ്രീ. എൻ. വേലുക്കുട്ടി

2.ശ്രീമതി. നിർമ്മലാ മലയത്ത്

3.ശ്രീ.കെ.അരുൺകുമാർ

4.ശ്രി.ജേക്കബ് ജോസഫ്



ശ്രീ.എൻ. വേലുക്കുട്ടി
(പഞ്ചായത്ത് പ്രസിഡൻറ്)



ശ്രീ. എ. ബീരാൻ കുട്ടി ഹാജി.
(വൈസ് പ്രസിഡൻറ്)



ശ്രീമതി .നിർമ്മലാ മലയത്ത്
(സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ)



ശ്രീമതി .തങ്കം പരമേശ്വരൻ
(മെമ്പർ)



ശ്രീ. പി. കുഞ്ഞിമുഹമ്മദ്
(മെമ്പർ)



ശ്രീ. പി.വി. ഹംസ
(മെമ്പർ)

ശ്രീ. ഒ.പി. അബൂബക്കർ
(മെമ്പർ)



ശ്രീ.വി.എ.കരീം
(മെമ്പർ)



ശ്രീമതി. പത്മിനി ഗോപിനാഥ്
(മെമ്പർ)



ശ്രീമതി. എ.പി.അമ്മിണി
(മെമ്പർ)



ശ്രീമതി. എ. സരോജിനി
(മെമ്പർ)



ശ്രീ.വി. ബാലചന്ദ്രൻ
(മെമ്പർ)



ശ്രീ.എ.പി. സുകുമാരൻ
(മെമ്പർ)

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | 7 |
| പൊതുവിവരണം | 13 |
| സാമൂഹ്യ സാംസ്കാരിക ഭൂമിക | 14 |
| ഭൂപ്രകൃതി | 18 |
| കൃഷി | 20 |
| മൃഗസംരക്ഷണം | 27 |
| വ്യവസായം | 30 |
| വിദ്യാഭ്യാസം | 37 |
| പൊതുജനാരോഗ്യം | 45 |
| ഗതാഗതം | 51 |
| പാർപ്പിടം | 64 |
| സംസ്കാരം | 78 |
| വനിത | 83 |
| സഹകരണം | 88 |
| പട്ടികാതി പട്ടികവർഗ്ഗ ക്ഷേമം | 96 |
| വിഭവസമാഹരണം | 102 |
| ഉപസംഹാരം | 110 |

# ആമുഖം

കേരളം ഒട്ടേറെ രംഗങ്ങളിൽ ഇന്ത്യക്ക് മാതൃകയാണ്. കേരളത്തിൻെറ വികസന മാതൃക അന്തർദേശീയതലത്തിൽ തന്നെ ശ്രദ്ധ പിടിച്ചു പറ്റിയിരിക്കുന്നു. ചിലർ കേരള വികസന മാതൃകയെ ഒരു പ്രഹേളികയായിപോലും ചിത്രീകരിക്കുന്നുണ്ട്. സംസ്ഥാനത്തിൻെറ താഴ്ന്ന സാമ്പത്തിക നിലയോട് സമാന്തരമായി നിലനിൽക്കുന്ന ഉയർന്ന ജീവിത ഗുണനിലവാരമാണ് ഇതിനുകാരണം. പ്രാഥമിക , ദ്വിതീയ മേഖലകളിൽ ഉത്പാദനം കൂടാതിരിക്കുമ്പോൾതന്നെ ഇത് ഉയർന്നുകൊണ്ടിരിക്കുന്നു. ജീവിത ഗുണമേൻമ നിലനിർത്തണമെങ്കിൽ പണം വേണം പണമുണ്ടാക്കേണ്ടുന്ന ഉത്പാദന തൊഴിൽ രംഗങ്ങൾ തകർന്നുകൊണ്ടിരിക്കയാണ് അങ്ങനെ വരുമ്പോൾ ഇന്നത്തെ ജീവിതഗുണതതുടർന്ന് കൊണ്ട് പോവുക തന്നെ പ്രയാസമായിത്തീരുന്നു. ഈ ഒരു പാശ്ചാത്തിലത്തിലാണ് കേരള ഗവർമെൻറും കേരള ആസൂത്രണബോർഡും ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കന്നത്

കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണംഅടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് ദിശാമാറ്റം നൽകപ്പെട്ട പുതിയആസൂത്രണ പ്രക്രിയയാണ്. ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ജനകീയാസൂത്രണപ്രസ്ഥാനത്തിന് കഴിയുമെന്നതിൽ തർക്കമില്ല.. ഇത് നമ്മുടെ ജനാധിപത്യത്തിൻെറ ചരിത്രത്തിൽ ഒരു പുതിയ വഴിത്തിരിവിന് കളമൊരക്കുന്നുഅധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുമെന്നസ്ഥിതിവിശേഷം വളർന്നുവരുന്നുണ്ട്. പഞ്ചായത്തുകൾക്കുള്ള 40% സർക്കാർ വിഹിതം, കേരളസർക്കാരിൻെറ 60%ൽപെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യ ഏജൻസികളിൽനിന്ന് സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന ഫണ്ട്, നികുതിവരുമാനം, എല്ലാറ്റിനും പുറമേ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങി വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. ഇത:പര്യന്തമുള്ള പദ്ധതി നടത്തിപ്പിലെ കാലതാമസം നമ്മുടെ വികസന പ്രക്രിയക്ക് വലിയ തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ൯ാം പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ക്രിയാത്മകമായ ജന പങ്കാളിത്തം ഗ്രാമ വകസനത്തിൽ ഒരു പുതിയ മുന്നേറ്റം സാധ്യമാക്കുകതന്നെ ചെയ്യും. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും തൃപ്തികരമായ പരിഹാരം കാണുവാൻ ഈ പുത്തൻ ആസൂത്രണത്തിനു കഴിയും. നിലമ്പൂർ പഞ്ചായത്തിൻെറ വികസന രേഖ ഇവിടുത്തെ ജനങ്ങളുടെ ഭാവി ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള രജതരേഖയായി കണ്ടു കൊണ്ട്, ജനകീയ പദ്ധതികളിൽ ഒന്നിച്ചണിചേരുമെന്നുള്ള ദൃഢ പ്രതിജ്ഞയോടെ നമുക്കു മുന്നേറാം

'' ഒമ്പതാം പദ്ധതി ജനകീയ പദ്ധതി''

പഞ്ചായത്ത് തല ഉൽഘാടനം

1996 ആഗസ്റ്റ് 17നാണ് (1172 ചിങ്ങം ഒന്ന്) ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ സംസ്ഥാന തല ഉത്ഘാടനം നടന്നത്. അന്നേ ദിവസം തന്നെ നിലമ്പൂർ കിൻസോട്ടൽ ഓഡിറ്റോറിയത്തിൽ നിലമ്പൂർ പഞ്ചായത്ത് തല ഉത്ഘാടനം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ വെച്ച് നിലമ്പൂർ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എൻ വേലുക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. എൻ.വി. ജേക്കബ് മാസ്റ്റർ ഇതിൻെറ ഉത്ഘാടനം നിർവ്വഹിച്ചു.

## ഡി. ആർ.പി.ക്യാമ്പ്

നിലമ്പൂർ വണ്ടൂർ ബ്ളോക്കുകൾക്കായി 14-09-96 മുതൽ 16-09-96 വരെ വണ്ടൂർ ബോയ്സ് ഹൈസ്കൂളിൽ നടന്ന ഒന്നാം ഘട്ട ഡി.ആർ.പി പരിശീലനക്യാമ്പിൽ നമ്മുടെ പഞ്ചായത്തിൽ നിന്ന് താഴെ പറയുന്ന 13 പേർ പങ്കെടുത്തു .

1) ശ്രീ.എൻ. വേലുക്കുട്ടി (പഞ്ചാ. പ്രസി)
2) ശ്രീ. വിഎ.കരിം (പഞ്ചാ മെമ്പർ)
3) അഡ്വ. മുഹമ്മദാലി (ബ്ളോക്ക് പഞ്ചാ. വൈ.പ്രസി)
4) ശ്രീമതി സതി രാമചന്ദ്രൻ (ബ്ളോക്ക് പഞ്ചാ മെമ്പർ)
5) ശ്രീ.കെ.അരുൺകുമാർ
6) ശ്രീ.കെ.സുദർശനൻ
7) ശ്രീ.പി.ടി.ഷൗക്കത്തലി
8) ശ്രീ.എം.എം.ഫിറോസ് ഖാൻ
9) ശ്രീ. എം.രമേശൻ
10) ശ്രീ.ജേക്കബ് ജോസഫ്
11) ശ്രീ.എ.ഗോപിനാഥ്
12) ശ്രീ.ഉണ്ണിൻകുട്ടി
13) ശ്രീ.കെ.ശിവശങ്കരൻ

ക്യാമ്പിൽവെച്ച് ശ്രീ. കെ. അരുൺകുമാറിനെ ഡി.ആർ.പി. കൺവീനറായും ശ്രീ. ജേക്കബ് ജോസഫിനെ കോ-ഓർഡിനേറ്ററായും തിരഞ്ഞെടുത്തു.

## എൽ.ആർ.പി.ക്യാമ്പ്

21-09-96ന് നിലമ്പൂർ ചന്തക്കുന്ന് ജി.എം. എൽ.പി.സ്കൂളിൽ. ഒന്നാംഘട്ട എൽ.ആർ.പി.പരിശീലനക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ പഞ്ചായത്ത് മെമ്പർമാർ ഉൾപ്പടെ 129 പേർ പങ്കെടുത്തു (111 പുരുഷൻ 18 സ്ത്രീകൾ) ക്യാമ്പിൻെറ സമാപന സമ്മേളനം ബഹു. ആര്യാടൻ മുഹമ്മദ് എം.എൽ. എ ഉൽഘാടനം ചെയ്തു.

| വാർഡ് | പങ്കെടുത്ത എൽ.ആർ.പികൾ (എണ്ണം) | എൽ.ആർ.പി.കൺവീനർ |
|---|---|---|
| I | 13 | കെ. രാജ്കുമാർ |
| II | 8 | കെ.എം സമദ് |
| III | 8 | അഹമ്മദ് |
| IV | 9 | കെ.ടി.അബുഹാജി |
| V | 9 | പി.കെ.സോമൻ |
| VI | 10 | പുഷ്പാകരൻ |
| VII | 9 | എ.ഉമ്മർ |
| VIII | 8 | എം.രാജൻ |
| IX | 8 | ദാമോദരൻ മാസ്റ്റർ |
| X | 13 | എസ്.ബി വേണുഗോപാൽ |
| XI | 10 | ടി.എസ്. രാധാകൃഷ്ണൻ |
| XII | 13 | അടൂര വർഗ്ഗീസ് |
| XIII | 11 | എം.വാസു |

എൽ.ആർ.പി ക്യാമ്പിൻെറ വിജയത്തിനായി 18-10-96ന് വിപുലമായ സ്വാഗതസംഘം രൂപീകരിക്കുകയുണ്ടായി. 86 പേർ യോഗത്തിൽ പങ്കെടുത്തു.

## സ്വാഗതസംഘയോഗങ്ങൾ;

വിശേഷാൽ ഗ്രാമസഭ വിജയപ്പിക്കുന്നതിനായി എല്ലാവാർഡുകളിലും സ്വാഗത സംഘങ്ങൾ രൂപീകരിക്കുകയുണ്ടായി.

| വാർഡ് | സ്വാഗതം സംഘം ചേർന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|
| 1 | 24-9-96 | 60 |
| 2 | 22-9-96 | 82 |
| 3 | 3-10-96 | 50 |
| 4 | 23-09-96 | 143 |
| 5 | 25-09-96 | 20 |
| 6 | 24-9-96 | 76 |
| 7 | 25-09-96 | 30 |
| 8 | 23-9-96 | 35 |
| 9 | 26-9-96 | 49 |
| 10 | 24-9-96 | 43 |
| 11 | 24-09-96 | 81 |
| 12 | 25-09-96 | 20 |
| 13 | 17-09-96 | 45 |
| | ആകെ | 734 |

## ഗ്രാമസഭാ പ്രചാരണം

വിശേഷാൽ ഗ്രാമസഭയുടെ സന്ദേശം ജനങ്ങളിലേക്കെത്തിക്കുന്നതിനായി എല്ലാ വാർഡുകളിലും പ്രചാരണ പ്രവർത്തനങ്ങൾ നടന്നു. നോട്ടീസ്, ഗൃഹസന്ദർശനം, വിളംബര ജാഥ, പോസ്റ്റർ, മൈക്ക് അനൗൺസ്മെൻറ് എന്നീ മാർഗ്ഗങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്

## വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ

പങ്കെടുത്തവരുടെ എണ്ണവും വിവരവും അന്യത്ര ചേർത്ത പട്ടികയിലുണ്ട്.

## ദ്വിതീയ വിവര ശേഖരണം

ദ്വിതീയ വിവര ശേഖരണത്തിനായുള്ള പഞ്ചായത്ത് തല പരിശീലന ക്യാമ്പ് ഒക്ടോബർ13ന് നിലമ്പൂർ ജി.യു.പി സ്കൂളിൽ സംഘടിപ്പിച്ചു. ക്യാമ്പിൽ 53 പേർ പങ്കെടുത്തു. തുടർന്ന് ഒക്ടോബർ 15-16 തീയതികളിലായി 16 വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു.

## വായ്മൊഴി ചരിത്ര പഠനം

പി.കെ. സോമൻ കൺവീനറും പ്രൊഫ.

അടൂർവഗ്ഗീസ്,പ്രൊഫ.സി.വി.എൻ.നമ്പൂതിരി,ശ്രീമതി. തങ്കം പരമേശ്വരൻ,കെ.സുദർശനൻ എന്നിവർ അംഗങ്ങളായുള്ള ഒരു ടീം പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായുള്ള പഴയ കാരണവൻമാരെ സന്ദർശിച്ചു നിലമ്പൂരിൻെറ സാംസ്കാരിക ചരിത്രം ശേഖരിക്കുകയുണ്ടായി.

**രണ്ടാംഘട്ട ഡി.ആർ.പി.ക്യാമ്പ്**

നിലമ്പൂർ വണ്ടൂർ ബ്ളോക്കുകൾക്കായുള്ള രണ്ടാം ഘട്ട ഡി.ആർ.പി. പരിശീലനക്യാമ്പ് 26-10-96 മുതൽ 28-10-96 വരെ നിലമ്പൂർ ജി.യു.പി.സ്കൂളിൽ നടന്നു. ക്യാമ്പിൽ 13 ഡി.ആർ.ഡി.പി.മാരും പങ്കെടുത്തു. ഇതിനു പുറമേ പഞ്ചായത്ത് സെക്രട്ടറിയും മറ്റു വകുപ്പുദ്യോഗസ്ഥരും പങ്കെടുത്തു

**രണ്ടാം ഘട്ട എൽ.ആർ പി ക്യാമ്പ്**

രണ്ടാം ഘട്ട എൽ.ആർ പി ക്യാമ്പ് 3.11.96 ന് ചന്തക്കുന്ന് ജി.എം എൽ.പി. സ്കൂളിൽ നടന്നു. ക്യാമ്പിൽ 99പേർ പങ്കെടുത്തു. ഇതിനു പുറമെ വിവി ധ സർക്കാർ ഓഫീസുകളിൽ നിന്ന് 10 ഉദ്യോഗസ്ഥരും പങ്കെടുക്കുകയുണ്ടായി ശ്രീ.എൻ.വി ജേക്കബ് മാസ്റ്റർ. (ജില്ലാ പഞ്ചായത്ത് അംഗം) ശ്രീകെ.സി.ജോബ് (ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറ്) എന്നിവർ ക്യാമ്പിൽ എത്തിചേർന്ന് ആശംസകൾ നേർന്നു.

| വാർഡ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 9 | 1 | 10 |
| 2 | 6 | 1 | 7 |
| 3 | 5 | - | 5 |
| 4 | 13 | 2 | 15 |
| 5 | 2 | - | 2 |
| 6 | 7 | 1 | 8 |
| 7 | 4 | - | 4 |
| 8 | 4 | - | 4 |
| 9 | 4 | 3 | 7 |
| 10 | 7 | 1 | 8 |
| 11 | 9 | 1 | 10 |
| 12 | 9 | - | 9 |
| 13 | 10 | - | 10 |
| ആകെ | 89 | 10 | 99 |

**ക്യാമ്പിൽ പങ്കെടുത്ത വകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണം**

1. എൽ.വി.ഇ.ഒ- 1
2. ഓവർസിയർ പിഡബ്ളിയു.ഡി -1
3. ഗ്രാമ പഞ്ചായത്ത് -5
4. ഡയറി ഡിപ്പാർട്ട്മെൻറ് -1
5. വാട്ടർ അതോറിറ്റി -1(എ.ഇ.)
6. മൈനർ ഇറിഗേഷൻ -1(എ.ഇ)
7. ഐ.സി.ഡിഎസ് 1
8. പിഡബ്ളിയു.ഡി -1(എ.ഇ)
9. പിഎച്ച്.സി -1(എച്ച്.ഐ)
10. മൃഗസംരക്ഷണം - 1

## പുനരർപ്പണ ദിനം നവംമ്പർ 1

ഒരു നവകേരള സൃഷ്ടിക്കായി നവം. 1 ന് സംസ്ഥാനമൊട്ടുക്കും നടന്ന പുനരർപ്പണ ദിനം നമ്മുടെ പഞ്ചായത്തിലും സംഘടിപ്പിച്ചു. ' ക്ളീൻ സിറ്റി നിലമ്പൂർ സിറ്റി 'എന്ന പരിപാടിക്ക് തുടക്കം കുറിച്ചു. പുനരർപ്പണ ദിനാചരണത്തിൻെറ പഞ്ചായത്ത് തല ഉദ്ഘാടനം ബഹു: നിലമ്പൂർപഞ്ചായത്ത് പ്രസിഡൻെറ് ശ്രീ. എൻ. വേലുക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. എൻ. വി. ജേക്കബ് മാസ്റ്റർ നിർവ്വഹിച്ചു. ബ്ളോക്ക് പഞ്ചായത്ത് മെമ്പർ സതീരാമചന്ദ്രൻ ആശംസ നേർന്നു. കെ. അരുൺകുമാർ (ഡി.ആർ.പി കൺവീനർ) പുനരർപ്പണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

| വാർഡ് | സന്നദ്ധ പ്രവർത്തകരുടെ എണ്ണം | പ്രവർത്തനം നടത്തിയ സ്ഥലം |
|---|---|---|
| 1 | 50 | ഗവ.ആശുപത്രി മുതൽ ജംഗ്ഷൻ വരേയുള്ള സ്ഥലങ്ങൾ |
| 2. | 10 | |
| 9 | 11 | കീർത്തിപടി മുതൽ താഴെ ചന്തക്കുന്ന് വരെ |
| 3 | 25 | താഴെ ചന്തക്കുന്ന് മുതൽ ബസ്സ്റ്റാൻെറ് വരെ |
| 5 | എൻ.സി.സി വിദ്യാർത്ഥികൾ | |
| 4. | 28 | പാലസ് റോഡും ബാങ്ക് റോഡും |
| 10 | 6 | വി.കെ റോഡ് |
| 11 | 13 | ജംഗ്ഷൻ മുതൽ കീർത്തിപ്പടി വരെ |
| 12. | 4+എൻ.സി.സി വിദ്യാർത്ഥികൾ | |
| 13 | 14 | ജി.യു.പി.സ്കൂൾ മുതൽ ജംഗ്ഷൻ വരെ |

നിലമ്പൂർ മാനവേദൻ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലെ എൻ.സി.സി. വിദ്യാർത്ഥികൾ, ആരോഗ്യവകുപ്പ് ജീവനക്കാർ പഞ്ചായത്ത്

സ്റ്റാഫ് എന്നിവരും പ്രവർത്തനത്തിൽ പങ്കാളികളായി. നിലമ്പൂർ ടൗണിൽ സ്ഥാപിക്കുന്നതിനുള്ള വെയ്സ്റ്റ് ബിൻ 50 എണ്ണം നിലമ്പൂർ ഗ്രാമീണ കാർഷിക വ്യാപാര വികസന സൊസൈറ്റി സംഭാവന ചെയ്തു.

## പഠനപര്യടനം

പഞ്ചായത്തിൻെറ ഭൂപ്രകൃതി, ജലവിഭവങ്ങൾ, മൺതരങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനായി 5.11.96ന് പഠന പര്യടനം നടത്തി. പര്യടന സംഘത്തിൽ ശ്രീ.എൻ.വേലുക്കുട്ടി. (ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്) ശ്രീ. എ.വീരാൻകുട്ടിഹാജി(വൈസ് പ്രസിഡൻറ്) ശ്രീമതി . സതീ രാമചന്ദ്രൻ (ബ്ളോക്ക് പഞ്ചായത്ത് മെമ്പർ) ശ്രീമതി. എ. സരോജിനി, ശ്രീ. വി ബാലചന്ദ്രൻ (ഗ്രാമപഞ്ചായത്ത് മെമ്പർമാർ) ശ്രീ. അബു. (ഗ്രാമപഞ്ചായത്ത് ഓവർസിയർ) ശ്രീ. കെ .സുദർശനൻമാസ്റ്റർ, ശ്രീ. എ. ഉമ്മർമാസ്റ്റർ, ശ്രീ. കെ. അരുൺകുമാർ (ഡി.ആർ.പി. കൺവീനർ) ശ്രീ. പി. രാജീവ് (കൃഷി അസിസ്റ്റൻെറ്) ശ്രീ.പി. പ്രദീപ്, ശ്രീ. അലോഷ്യസ് (റിട്ട: എ..ഇ., പി.ഡബ്ളിയു.ഡി.)

## വികസന റിപ്പോർട്ട് തയ്യാറാക്കൽ

രണ്ടാം ഘട്ട എൽ..ആർ.പി. ക്യാമ്പിൽ വച്ച് ഗ്രാമ പഞ്ചായത്തിൻെറ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സംഘങ്ങൾ രൂപീകരിച്ചു. 4.11.1996 മുതൽ 7.11.1996 വരെ വിവിധ സ്ഥലങ്ങളിലായി കൂടിയിരുന്ന് റിപ്പോർട്ട് തയ്യാറാക്കി. ആകെ 102 പേർ ഇതിൽ പങ്കാളികളായി. (പേരും വിശദാംശങ്ങളും അനുബന്ധത്തിൽ)

## ഓഫീസ് മേധാവികളുടെ സംഗമം

നിലമ്പൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ സർക്കാർ ഓഫീസുകൾ നടപ്പാക്കുന്ന വിവിധ സ്കീമുകളുടെയും മറ്റും വിലയിരുത്തൽ വികസന റിപ്പോർട്ടിൽ ചേർക്കുന്നതിനായി .2.11.96ന് ഗ്രാമപഞ്ചായത്തോഫീസിൽ ചേർന്ന യോഗത്തിൽ 29 പേർ പങ്കെടുത്തു.

## യോഗങ്ങളും പങ്കാളിത്തവും

9.10 .96ന് ഗ്രാമപഞ്ചായത്ത് മെമ്പർമാരുടേയും ഡി..ആർ.പി. മാരുടേയും എൽ.ആർ.പി. കൺവീനർമാരുടേയും യോഗം ചേർന്നു. യോഗത്തിലെ പങ്കാളിത്തം 29 .

22.10.96 ന് പ്രസ്തുത യോഗം വീണ്ടും ചേർന്നു. പങ്കാളിത്തം 24. 31.10.96 ന് പഞ്ചായത്ത് മെമ്പർമാരുടേയും ഡി.ആർ.പി മാരുടേയും യോഗം ചേർന്നു. പങ്കാളിത്തം 21 . 8.11 96ന് ചേർന്ന പ്രസ്തുതയോഗത്തിൽ 23 പേർ പങ്കെടുക്കുകയും കരട് വികസന റിപ്പോർട്ട് വായിച്ച് ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

## ഭരണപരമായ ചരിത്രം

മലബാറിൽ ആദ്യമായി പഞ്ചായത്ത് രൂപീകരിച്ച 1936 ൽ തന്നെ നിലമ്പൂർ പഞ്ചായത്ത് രൂപം കൊണ്ടു. നാടുകാണി ചുരം മുതൽ വടപുറം പാലം വരെയുള്ള സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന 258 ച.മൈൽസ് വിസ്തൃതമായ പ്രദേശമായിരുന്നു അന്ന് നിലമ്പൂർ പഞ്ചായത്തിൻേറത്. ബ്രിട്ടീഷ് ഭരണാധികാരികളും ദിവാൻമാരുമായിരുന്നു അക്കാലത്ത് പ്രസിഡൻറിനെ തീരുമാനിച്ചിരുന്നത്. നികുതി പിരിവ് കൊടുക്കുന്നവർക്കു മാത്രമായിരുന്നു അന്ന് വോട്ടവകാശം.

1947 മുതൽക്കാണ് ജനകീയ പഞ്ചായത്ത് ഭരണസമിതികൾ നിലവിൽ വരുന്നത്. തിരഞ്ഞെടുക്കപ്പെടുന്നത്. ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറായി ശ്രീ.കുട്ടികൃഷ്ണർ നായരും തുടർന്ന്ശ്രീമാൻമാർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ടി.എൻ.എസ്. നമ്പ്യാർ, കെ.വി.കുഞ്ഞാലൻകുട്ടി സാഹിബ്, ടി.കെ.നമ്പീശൻ മാസ്റ്റർ, കൃഷ്ണൻകുട്ടിനായർ , വാളപ്ര മുഹമ്മദ് ഹാജി. , കെ. മുഹമ്മദ് എന്നിവർ തുടർന്നു പോന്നു.

## 1953-63 വരെയുള്ള ഭരണസമിതി

ശ്രീ.കെ.വി. കുഞ്ഞാലൻകുട്ടി സാഹിബ് പ്രസിഡൻറായും ശ്രീഎ.എം കുഞ്ഞുവെറി സാഹിബ് വൈസ്പ്രസിഡൻറായും, ശ്രീമാൻമാർ കുഞ്ഞുമുഹമ്മദ് മേസ്ത്രി, ഉണ്ണ്യലവി, കെ.ടി, കുഞ്ഞുണ്ണിൻ , കരുമാം പൊയിൽ വേലായുധൻ, അബൂബക്കർ ഹാജി,വാഴയിൽ ഖാദർ, എൻ.സി. ശങ്കരൻ (ഹരിജർ സംവരണം), കെ.ജി. ഉണ്ണീൻ എന്നിവരടങ്ങുന്ന ഒരു പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു.

1960 ൽ കേരള പഞ്ചായത്ത് നിയമം നിലവിൽ വന്നതോടെ 1962 ൽ നിലമ്പൂർ പഞ്ചായത്ത് വിഭജിച്ച് ചുങ്കത്തറ, എടക്കര പഞ്ചായത്തുകളും തുടർന്ന് 1979 ൽ വീണ്ടും വിഭജനം നടത്തി ചാലിയാർ പഞ്ചായത്തും രൂപീകരിച്ചു.

## 1963-1969 വരെയുള്ള ഭരണസമിതി.

ശ്രീ.ടി.കെ. നമ്പീശൻ മാസ്റ്റർ (പ്രസിഡൻെറ്), ശ്രീ.വാളപ്രമുഹമ്മദ് ഹാജി (വൈസ് പ്രസിഡൻറ്)ശ്രീമാൻമാർ നാലകത്ത് ബീരാൻ ഹാജി, ഡോ. എം ഉസ്മാൻ, കല്ലായി പോക്കർ. എൻ. എം . കോരൻ (ഹരിജൻ സംവരണം) വിജയലക്ഷ്മി, കാഞ്ഞങ്ങാട്ട് നാരായണ പണിക്കർ, കൃഷ്ണൻ കുട്ടി നായർ, തുടങ്ങിയവർ മെമ്പർ മാരായുള്ള സമതി നിലവിൽ വന്നു. എന്നാൽ ടി. കെ.നമ്പീശൻ മാസ്റ്റർ പ്രസിഡൻറ് സ്ഥാനം രാജിവച്ചതിനെ തുടർന്ന് കൃഷ്ണൻ കുട്ടിനായർ പ്രസിഡൻറായു. അദ്ദേഹവും രാജിവച്ചതിനെ തുടർന്ന് വാളപ്ര മുഹമ്മദ് ഹാജി പ്രസിഡൻറ് സ്ഥാനം ഏറ്റെടുത്തു.

1980 ൽ സംസ്ഥാനത്തിൻെറ ഇതര ഭാഗങ്ങളിൽ

പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നെങ്കിലും നിലമ്പൂരിൽ നടന്നില്ല. ആയതിനാൽ 80 മുതൽ 88 വരെ യുള്ള കാലഘട്ടത്തിൽ സ്പെഷ്യൽ ഓഫീസർ നിലമ്പൂർ പഞ്ചായത്ത് ഭരണം ഏറ്റെടുത്തു.

## 1988 - 95 ഭരണസമിതി.

ശ്രീ. കെ മുഹമ്മദ് (പ്രസിഡൻറ്) ശ്രീ.വാളപ്ര മുഹമ്മദ് ഹാജി (വൈസ് പ്രസിഡൻറ്) ശ്രീമാൻമാർ. പിവി കുഞ്ഞിമൊയ്തീൻ, വി.എ. കരിം , ശ്രീ. ജോർജ്ജ് വർഗ്ഗീസ് , സിടി. മരയ്ക്കാർ, എ. ഹാജിറുമ്മ,, സി.വി.എൻ. നമ്പൂതിരിപ്പാട്, കെ ആലിക്കുട്ടി, ടി. രാമകൃഷ്ണൻ, ശ്രീമതിമാർ. എ.പി. നാണി, ജെസി ജോർജ്ജ് തുടങ്ങിയവർ മെമ്പർമാരായുള്ള ഭരണസമിതി ഭരണം ഏറ്റെടുത്തു.

തുടർന്ന് 1995 ഒക്ടോമ്പർ 2ന് ഇപ്പോൾ നിലവിലുള്ള ഭരണസമിതി നിലവിൽ വന്നു.

നിലമ്പൂർ ഗ്രാമ പഞ്ചായത്തിൽ വിവിധ വകുപ്പുകളുടെ കീഴിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകൾ

## കേന്ദ്ര സർക്കാർ:-

| ക്രമനംമ്പർ | ഓഫീസിൻെറ പേര്ജീവനക്കാരുടെ എണ്ണം | | |
|---|---|---|---|
| 1. | റെയിൽവേ സ്റ്റേഷൻ | 2 | |
| 2. | പോസ്റ്റോഫീസ്,നിലമ്പൂർ | 18 | |
| 3. | ബ്രാഞ്ച് പോസ്റ്റോഫീസ്, നല്ലംതണ്ണി | 2 | |
| 4. | പോസ്റ്റോഫീസ് , അരുവാക്കോട് | 1 | |
| 5. | പോസ്റ്റാഫീസ് , റെയിൽവേസ്റ്റേഷൻ | 4 | |
| 6. | പോസ്റ്റാഫീസ് , ചന്തക്കുന്നു. | 3 | |
| 7. | ടെലിഫോൺ എക്സ്ചേഞ്ച് | 40 | |
| 6. | റബ്ബർ ബോർഡ് ,റീജിയണൽ ഓഫീസ് | 26. | |

## കേരള സർക്കാർ

| | | | |
|---|---|---|---|
| 1. | സബ്ട്രഷറി, നിലമ്പൂർ | 12 | |
| 2. | ഡയറി എക്സ്റ്റൻഷൻ ഓഫീസ് | 5 | |
| 3. | പി.ഡബ്ളിയു.ഡി. (ലോക്കൽ വർക്ക്സ്) | 4 | |
| 4. | കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 6 | |
| 5. | ഐ.റ്റി.ഡി.പി. ഓഫീസ്, നിലമ്പൂർ | 21 | 1 |
| 6. | പ്രീമെട്രിക് ഹോസ്റ്റൽ, നിലമ്പൂർ | 4 | |
| 7. | ബ്ളോക് ഓഫീസ് , നിലമ്പൂർ | 18 | |
| 8. | കൃഷിഭവൻ , നിലമ്പൂർ | 4 | |
| 9. | ലേബർ ഓഫീസ്, നിലമ്പൂർ | 2 | |
| 10. | എ.ഇ.ഒ. ഓഫീസ്, നിലമ്പൂർ | 13 | |
| 13 | | | |
| 11. | ഫോറസ്റ്റ് റേയിഞ്ചാഫീസ്, | 22 | |
| 12. | പ്രൈമറി ഹെൽത്ത് സെൻെറർ, ചുങ്കത്തറ | 9 | |
| 13. | സബ് രജിസ്ട്രാർ ഓഫീസ്, | 12 | |
| 14 | പി. ഡബ്ളിയു. ഡി. (റോഡ്സ്) | 8 | |
| 15. | വെറ്റിനറി ഹോസ്പിറ്റൽ, | 3 | |
| 16. | വാട്ടർ അതോറിറ്റി, നിലമ്പൂർ | 12 | |
| 17. | ഫോറസ്റ്റ് റേഞ്ച് റിസർവ്വ് ഫോഴ്സ്, | 12 | |
| 18. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (സൗത്ത്) | 24 | |
| 19. | എച്ച് . ജി. ഐ കെ. എസ്.ഇ.ബി., നിലമ്പൂർ | 2 | |
| 20. | ചാലിയാർ നദീതട പദ്ധതി ഡിവിഷൻ 1 | 15 | |
| 21. | ചാലിയാർ നദീതട പദ്ധതി ഡിവിഷൻ 2 | 23 | |
| 22. | ചാലിയാർ നദീതട പദ്ധതി ഡിവിഷൻ 3 | 8 | |
| 23. | ചാലിയാർ നദീതട പദ്ധതി ഡിവിഷൻ 4 | 15 | |
| 24. | ഐ.സി.ഡി.എസ്., | 20 | |
| 25. | സർവ്വെ ആൻറ് ലാൻറ് റെക്കോർഡ്സ് | 21 | |
| 26. | അസി. ഡയറക്ടർ ഓഫീസ് , (കൃഷി) | 6 | |
| 27. | പി.ഡബ്ളിയു.ഡി. (ബിൽഡിംഗ്) | 8. | |
| 28. | ഫോറസ്റ്റ് റെയിഞ്ച് ഓഫീസ് (എടവണ്ണ) | 9 | |
| 29. | ഫ്ളയിംഗ് സ്ക്വാഡ് (ഫോറസ്റ്റ്) | 8 | |
| 30. | സി. ഐ. ഓഫ് പോലീസ് | 1 | |
| 31. | പോലീസ് സ്റ്റേഷൻ നിലമ്പൂർ | 42 | |
| 32. | ആയുർവ്വേദ ഡിസ്പൻസറി | 3 | |
| 33. | ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോർട്ട് | 16 | |
| 34. | പി. ഡബ്ളിയു.ഡി. (ചെറുകിട ജലസേചനം ) | 11 | |
| 35. | എക്സൈസ് ഓഫീസ്, നിലമ്പൂർ | 14 | |
| 36. | ഫോറസ്റ്റ് സെൻട്രൽ ഡിപ്പോ, നിലമ്പൂർ | 7 | |
| 37. | കെ. എസ്. ഇ. ബി. 66 കെ.വി. സബ്സ്റ്റേഷൻ | 12 | |
| 38. | ഇലക്ട്രിക്കൽ മേജർ സെക്ഷൻ (കെ. എസ്. ഇ. ബി.) | 42 | |
| 39. | ഗവ. ലെപ്രസി കൺട്രോൾ യൂണിറ്റ് | 22 | |
| 40. | മൊബൈൽ ഡിസ്പെൻസറി, നിലമ്പൂർ | 5 | |
| 41. | ലോക്കൽ ലൈബ്രറി | 2 | |
| 42. | സെയിൽ ടാക്സ് ഓഫീസ് | 12 | |
| 43. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നിലമ്പൂർ(നോർത്ത്) | 29 | |
| 44. | ഇ.എസ്.ഐ. ഡിസ്പൻസറി | 8 | |
| 45. | നിലമ്പൂർ ഗ്രാമപഞ്ചായത്ത | 27 | |
| 46 . | ഹാൻടെക്സ് | 1 | |
| 47. | താലൂക്ക് ഹോസ്പിറ്റൽ | 70 | |
| 48. | താലൂക്ക് സപ്ളൈ ഓഫീസ് | 12 | |
| 49 | താലൂക്ക് ഓഫീസ് | 57 | |
| 50. | ടൗൺ എംപ്ളോയ്മെൻറ് എക്സേഞ്ച് | 6 | |
| 51. | പ്ളാൻേറഷൻ കോർപ്പറേഷൻ | 4 | |
| 52. | മവേലി സ്റേറർ | 3 | |
| 53. | വില്ലേ് ഓഫീസ് | 5 | |
| 51 | വെയർ ഹൗസ് | 7 | |

## വിദ്യാഭ്യാസസ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | ഐ.ടി.ഐ.നിലമ്പൂർ | 13 |
| 2. | ജി.യു.പി.എസ്. നിലമ്പൂർ | 34 |
| 3. | ജി.എൽ..പി.എസ് മാങ്കുത്ത് | 8 |
| 4. | എ.യു.പി.എസ്. ചന്തക്കുന്ന് | 20 |
| 5. | ജി.എം.എൽ.പി.എസ്.മുക്കട്ട | 11 |
| 6. | ജി.എൽ.പിസ്കൂൾ വീട്ടിക്കത്ത് | 10 |
| 7. | ജി.എം.എൽ.പി.എസ്.നിലമ്പൂർ | 19 |
| 8. | ജി.എം.എൽ.പി.എസ് കരിമ്പുഴ. | 5 |
| 9. | എ.എൽ.പി, സ്കൂൾ ചെട്ടിയങ്ങാടി | 9 |
| 10 | ജി.എം.വി.ഛ്.എസ്.എസ്. നിലമ്പൂർ | 65 |
| 11. | പി.എം.എസ്.എ.യു.പി. രാമക്കുത്ത് | 14 |
| 12. | എ.യു.പി.എസ്.മുതുകാട് | 23 |
| 13. | എം.എസ്.എൻ.എസ്.എസ്.എച്ച്എസ്. | 35 |
| 14.. | ഫാത്തിമഗിരി ഇംഗ്ളീഷ് മീഡിയം സ്കൂൾ | 8 |
| 15. | ലിറ്റിൽ ഫ്ളവർ ഇംഗ്ളീഷ് മീഡിയം സ്കൂൾ | 15 |
| 16 | എസ്,ഡി,എ. ഇംഗ്ളീഷ് മീഡിയം സ്കൂൾ | 11 |
| 17 | ഗുഡ്ഹോപ്പ് ഇംഗ്ളീഷ് മീഡിയം സ്കൂൾ | 15 |
| 18. | മർച്ചൻറസ് പബ്ളിക്ക് സ്കൂൾ | 4 |
| 19. | പഞ്ചായത്ത് ശിശുമന്ദിരം | 2 |
| 20 | വിദ്യാഭാരതി | 1 |
| 21. | പിവീസ് പബ്ളിക് സ്കൂൾ, നിലമ്പൂർ | 48 |
| 22. | മിനർവ്വ കോളേജ്, നിലമ്പൂർ | 16 |
| 23. | ക്ളാസിക് കോളേജ്, നിലമ്പൂർ | 9 |
| 24. | എം.ഇ.എസ്. ആർട്സ് ആൻറ് സയൻസ് കോളേജ് | 3 |
| 25. | ബഡ്സ് സ്കൂൾ | 2 |

## ബാങ്കുകൾ - മറ്റു ധനകാര്യ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | എൽ.ഐ.സി. ഓഫ് ഇന്ത്യ | 49 |
| 2. | എഫ്.എ.സി.റ്റി. | 3 |
| 3. | ഇന്ത്യൻ ബാങ്ക് | - 15 |
| 4. | സ്റേറ്റ് ബുങ്ക് ഓഫ് ട്രാവൻകൂർ | 22 |
| 5. | യൂണിയൻ ബാങ്ക് നിലമ്പൂർ | 11 |
| 6. | മലപ്പുറം ഡിസ്ട്രക്ട് ബാങ്ക്, നിലമ്പൂർ | 11 |
| 7. | നിലമ്പൂർ സർവ്വീസ് കോ-ഓപ് ബാങ്ക് | 19 |
| 8. | നിരമ്പൂർ അർബ്ബൻ ബാങ്ക് | 25 |
| 9 | നെടുങ്ങാടി ബാങ്ക്, | 7 |
| 10. | ഫെഡറൽബാങ്ക് | 15 |
| 11. | സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് | 11 |
| 12. | സൗത്ത് ഇന്ത്യൻബാങ്ക് | 14 |
| 13 | . കാനറാ ബാങ്ക് | 20 |
| 14. | ഏറനാട് കാർഷിക വികസന ബാങ്ക് | 11 |
| 15. | കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ് | 8 |
| 16. | ഹൗസിംഗ് ഡവലപ്മെൻറ് സൊസൈറ്റി | 4 |
| 17. | കേരളാ വ്യാപാര വ്യവസായ വികസന സൊസൈറ്റി | 7 |
| 18. | നിലമ്പൂർ ഗ്രാമീണ കാർഷിക വ്യാപാര വികസന സൊസൈറ്റി | 10 |
| 19. | ജവഹർ കോളനി കോ-ഓപ് സൊസൈറ്റി | 5 |
| 20 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി | 9 |
| 21. | നിലമ്പൂർ എംപ്ലോയീസ് കോ-ഓപ്. കൺസ്യൂമർ സ്റ്റോർ | 3 |

## മറ്റുള്ളവ

| | | |
|---|---|---|
| 1. | കീർത്തി തിയേറ്റർ | 8 |
| 2. | ജ്യോതി തീയേറ്റർ | 7 |
| 3. | രാജേശ്വരി തീയേറ്റർ | 7 |
| 4. | ഫെയറിലാൻറ്തീയേറ്റർ | 7 |
| 5. | റെയിഡ്കൊ | 3 |
| 6. | തോംസൺ ഡ്രഗ്സ് | 67 |
| 7. | മലപ്പുറം ഡിസ്ട്രിക്ട് റബ്ബർ ഗ്രോവേർസ് | 8 |
| 8. | മിൽക് ചില്ലിംഗ് പ്ലാൻറ് | 17 |
| 9. | ഗ്രാസിം ഇൻഡസട്രീസ | 4 |
| 10. | ടെയലറിംഗ ആൻറ ഗാർമെൻറ മേക്കിംഗ സെൻറർ | 2 |
| 11. | ബി, എം. ഹോസപിറ്റൽ | 3 |
| 12. | ദേവി നേഴസിംഗ ഹോം | 7 |
| 13. | ഏലംകുളം ഹോസപിറ്റൽ | |
| 14. | ഡോകടർ ഉസമാൻ ഹോസപിറ്റൽ | |
| 15. | ബെസറ്റ ബ്രികസ, വല്ലപ്പുഴ | 9 |

പട്ടിക :- വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ

| വാർഡ | പങ്കെടുത്തവരുടെ എണ്ണം പുരുഷൻ | സത്രീകൾ | ആകെ | ചർച്ച ചെയത ഗ്രൂപ്പുകളുടെ എണ്ണം | തീയതി |
|---|---|---|---|---|---|
| 1 | 207 | 95 | 302 | 11 | 29-9-96 |
| 2 | 62 | 10 | 72 | 5 | 2-10-96 |
| 3 | 110 | 20 | 130 | 5 | 6-10-96 |
| 4. | 77 | 84 | 161 | 5 | 610-96 |
| 5. | 167 | 76 | 243 | 5 | 2-10-96 |
| 6 | 250 | 126 | 376 | 7 | 12-10-96 |
| 7 | 259 | 192 | 451 | 7 | 30-9-96 |
| 8. | 120 | 80 | 200 | 5 | 26-09-96 |
| 9. | 134 | 82 | 216 | 7 | 6-10-96 |
| 10 | 61 | 19 | 80 | 5 | 27-9-96 |
| 11 | 345 | 196 | 541 | 12 | 6-10-96 |
| 12 | 133 | 13 | 146 | 5 | 29-9-96 |
| 13 | 365 | 87 | 452 | 7 | 25-9-96 |
| | 2290 | 1080 | 3370 | | |



*''പൊതു ജനാഭിപ്രായത്തെ ധിക്കരിക്കുന്ന*
*ഏതു ഭരണാധികാരിയും എനിക്കന്യനാണ് ''*

*മഹാത്മജി*

## പഞ്ചായത്ത് പൊതു വിവരണം

| | |
|---|---|
| പേര് : | നിലമ്പൂർ |
| ഉൾപ്പെടുന്ന വില്ലേജുകൾ: | നിലമ്പൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: | നിലമ്പൂർ,ചന്തക്കുന്ന് |
| ബ്ലോക്ക് പഞ്ചായത്ത്: | നിലമ്പൂർ |
| താലൂക്ക്: | നിലമ്പൂർ |
| ജില്ല: | മലപ്പുറം |
| അസംബ്ളി മണ്ഡലം: | നിലമ്പൂർ |
| വിസ്തീർണ്ണം: | 36.26 ച.കിമി |
| ആകെ ജനസംഖ്യ: | 34,966 |
| വാർഡുകളുടെ എണ്ണം: | 13 |
| പ്രസിഡൻറ് : | ശ്രീ.എൻ വേലുക്കട്ടി |
| വൈസ്പ്രസിഡൻറ് | ശ്രീ.എ.വീരാൻകുട്ടി ഹാജി |
| സ്റ്റാൻറിങ്ങ് കമ്മിറ്റിചെയർമാൻ: | ശ്രീമതി.നിർമ്മലാമലയത്ത് |

ജനകീയാസൂത്രണ പരിപാടിയെതുടർന്ന് രൂപം
കൊള്ളുന്ന കേരളത്തിൻെറ 9ാം പദ്ധതി ഇതേ വരെ
ഉണ്ടായതിൽ വെച്ച് നാട്ടിൻ പുറങ്ങളിലും പട്ടണ
പ്രദേശങ്ങളിലുമുള്ള സാധാരണക്കാരുടെ ആവശ്യങ്ങൾ
നിറവേറ്റാൻ സഹായകരമായിരിക്കും.

- ഇ.എം.എസ്.
ചെയർമാൻ
സംസ്ഥാന ജനകീയ ആസൂത്രണ സമിതി

# വികസനത്തിൻെറ സാമൂഹ്യ സാംസ്കാരിക ഭൂമിക

നിലമ്പൂർ ഇന്ന് ഒരു താലൂക്ക് ആസ്ഥാനമാണ്. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ അത് ചാലിയാറിൻെറ തീരത്ത് കാടിൻെറഅതിരിൽ സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ ഗ്രാമം മാത്രമായിരുന്നു. മാനവേദൻ ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്ന ഭാഗത്ത് നിന്ന് കാട്ടാനകളുടെ ചിന്നംവിളി ഉയരുന്നത് കേട്ട പഴവൻമാർ ഇന്നും ജീവിച്ചിരുപ്പുണ്ട്. ജൻമിനാടുവാഴി വ്യവസ്ഥകൊടികുത്തി വാണിരുന്ന കാലത്ത് ഈ ഗ്രാമത്തിൻെറ പുരോഗതിക്ക് നിലമ്പൂർ കോവിലകം പല സംഭാവനകളും നൽകീട്ടുണ്ട്. 13ാം നൂറ്റാണ്ടിൽ നെടിയിരുപ്പിൽനിന്നു വന്ന തച്ചറക്കാവിൽ ഏറാടിമാരാണ് ഈ കോവിലകം സ്ഥാപിച്ചത്. തമ്പാൻ, തിരുമുൽപ്പാട്, രാജ എന്നിങ്ങനെ പല പേരിലും അവർ രേഖകളിൽ പരാമർശിക്കപ്പെട്ടു കാണുന്നു. തമിഴ്നാട്ടിലെ ഗൂഡല്ലൂർ താലൂക്കടക്കമുള്ള കിഴക്കൻ പ്രദേശം മുഴുവൻ ഒരു കാലത്ത് അവരുടെ ജൻമാമായിരുന്ന.ു ആധുനിക ചരിത്ര സാമൂഹ്യശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ കോവിലകം പഴമകളെ പരിശോധിക്കുമ്പോൾ യുക്തിസഹമായ ചില നിഗമനങ്ങളിൽ നാം എത്താതിരിക്കില്ല. ' ശക്തൻ' എന്ന തമ്പാൻ കാടിൻെറ ഉടമകളായ ആദിവാസികളിൽനിന്ന് ഭൂമി മുഴുവൻ കൈയ്യ് ക്ക് കൊണ്ടു വെട്ടിപ്പിടിച്ചു. നമ്പോലക്കോട്ടയിൽ നിന്ന് ആദിവാസികളുടെ കുലദൈവമായ വേട്ടക്കൊരുമകനെ ' ഭക്തൻ' എന്ന തമ്പാൻ ഇവിടെ കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. ക്ഷേത്രത്തിലെ പാട്ടുൽസവത്തിൻെറ ചടങ്ങുകൾ പരിശോധിച്ചാൽ കാടിൻെറമക്കളോടു കാണിച്ച കടുംകൈയ്യിന് ഒരു പ്രായശ്ചിത്തം കൂടിയായിട്ടാണോ അത് ഏർപ്പെടുത്തിയത് എന്ന് സംശയം തോന്നും. നാടുവാഴിത്തത്തിന് സമൂഹവികാസത്തിൻെറ ആദ്യഘട്ടത്തിൽ പുരോഗമനപരമായ ഒരു പങ്കുതന്നെ വഹിക്കാനുണ്ടല്ലോ. കാട്ടിലെ മുള, മരം, മണ്ണിൻെറ ഗുണം മുതലായവ കണ്ട് ഇവിടെയെത്തിയകുടിയേറ്റക്കാരെ തൊഴിലെടുത്ത് ജീവിക്കാൻ ആവശ്യമായ സ്ഥലവും സൗകര്യവും നൽകി അവർ പ്രോൽസാഹിപ്പിച്ചു. മാനവേദൻ രാജയെപ്പോലെപരിഷ്കൃതാശയരുംഉൽപ്പതിഷ്ണുക്കളുമായ നാടുവാഴികൾക്ക് ജനക്ഷേമകരമായ പല കാര്യങ്ങളും അന്നു ചെയ്യുവാൻ കഴിയുമായിരുന്നു സ്കൂളുകളും ആസ്പത്രികളും മറ്റും സ്ഥാപിക്കുന്നതന് മുൻകൈയ്യെടുത്തതും കേരളത്തിൽ നഗരങ്ങളിൽ മാത്രം വൈദ്യുതിയുണ്ടായിരുന്ന കാലത്ത് ആവശ്യമായ കാലുകൾ സൗജന്യമായി നൽകി പൈക്കാറയിൽ നിന്ന് നിലമ്പൂരിലേക്ക് വൈദ്യുതി കൊണ്ടുവന്നതും അവരാണല്ലോ. എന്നാൽ നാടുവാഴിത്തം സാമൂഹ്യ വളർച്ചയെ മുരടിപ്പിക്കുന്ന ഒരു ഘട്ടത്തിൽ എത്ര വലിയ പരിഷ്കരണോച്ഛുവിനും ഒന്നും ചെയ്യാൻ കഴിയാതെ വരുന്നു. ആ സമയത്ത് സമൂഹതാൽപ്പര്യം സംരക്ഷിക്കാനായി നാടുവാഴിത്തത്തെ എതിർക്കാൻ കുഞ്ഞിക്കുട്ടൻ തമ്പാനെ പ്പോലെ ചിലർ കോവിലകത്തു തന്നെ ഉണ്ടായി എന്നതും സവിശേഷ പരാമർശം അർഹിക്കുന്നു. ജൻമി നാടുവാഴിവ്യവസ്ഥ കാലഹരണപ്പെട്ടതോടെ കോവി13ലകത്തിൻെറ പ്രസക്തിയും നഷ്ടപ്പെട്ടു.

പാരമ്പര്യാധിഷ്ടിതമായ ഇന്ത്യൻ സമൂഹഘടനയെ ആധുനീകരിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചത് പാശ്ചാത്യ വിദ്യാഭ്യാസമാണ്. 1903ൽ കോവിലകം മനേജ്മെൻറിൽ ആരംഭിച്ച പ്രൈമറി സ്കൂളാണ് ഇന്നത്തെ ഗവ.അപ്പർ പ്രൈമറിസ്കൂൾ. സമൂഹത്തിലെ ഉയർന്ന ശ്രേണിയിലുള്ളവരുടെ മക്കൾക്ക് പഠിക്കാനുള്ള ചില എഴുത്തുപള്ളികൾ മാത്രമേ അതിനുമുമ്പ് ഇവിടെയുണ്ടായിരുന്നുള്ളൂ. താഴെ തട്ടിലുള്ളവർക്ക് പാരമ്പര്യമായി ലഭിച്ചിരുന്ന തൊഴിൽ പരിശീലനമല്ലാതെ വേറെ പറയത്തക്ക വിദ്യാഭ്യാസ സൗകര്യമൊന്നുമുണ്ടായിരുന്നില്ല മഞ്ചേരിക്ക് കിഴക്ക് ഹൈസ്ക്കൂൾ ഒന്നും ഇല്ലാതിരുന്ന കാലത്ത് 1940ൽ വിശാലമനസ്കനായ അന്നത്തെ സീനിയർ മാനവേദരാജ ആരംഭിച്ചതാണ് ഇന്നത്തെ ഗവ. മാനവേദൻ ഹൈസ്ക്കൂൾ. ആദ്യകാലത്ത് ഈ സൗകര്യങ്ങളെ ഉപയോഗപ്പടുത്തിയത് സമൂഹത്തിലെ ഉന്നതരുടെ കുട്ടികൾ മാത്രമാണെങ്കിലും സാമൂഹ്യ ദേശീയ

പ്രസ്ഥാനങ്ങൾ സൃഷ്ടിച്ച ബോധ നവീകരണത്തിൻെറ ഫലമായി അധ:സ്ഥിത വിഭാഗങ്ങളും വിദ്യാഭ്യാസത്തിനായി മുന്നോട്ടുവന്നു ഇന്ന് നിലമ്പൂരിൽ 10 പ്രൈമറി സ്കൂളും രണ്ട് ഹൈസ്കൂളും സമീപത്തായിത്തന്നെ രണ്ടു കോളേജുകളും പ്രവർത്തിക്കുന്നു. സാമാന്യ വിദ്യാഭ്യാസത്തിൻെറ കാര്യം ഒരു വിധം തൃപ്തികരമായിതന്നെ നിറവേറ്റുവാൻ അവ പര്യാപ്തമാണ് ലഭ്യമായ വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്തുകയും സങ്കേതിക വിദ്യാഭ്യസത്തിന് കൂടുതൽ സൗകര്യം സൃഷ്ടിക്കുകയുമാണ് ഇന്നത്തെ ആവശ്യം.

നവീന വിദ്യാഭ്യാസം പ്രചരിച്ചതോടെ സാമൂഹ്യ ജീർണ്ണതക്കെതിരായ അവബോധം വ്യാപകമായി സൃഷ്ടിക്കപ്പെട്ടു. സാമൂഹ്യ ദേശീയ പ്രസ്ഥാനങ്ങളുടെ വളർച്ചക്ക് അത് വഴിതെളിയിച്ചു. ദേശീയ പ്രസ്ഥാനം സജീവമായതോടെയാണ് സാമൂഹ്യമാറ്റങ്ങൾക്കായുള്ള പോരാട്ടവും ഇവിടെ ശക്തി പ്രാപിക്കുന്നത്. 1938 ൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹീബ്ബ് മലബാർ ഡിസ്ട്രിക് ബോർഡിലേക്ക് ഇവിടെ നിന്ന് മൽസരിച്ചപ്പോഴാണ് കോൺഗ്രസ് പ്രവർത്തനം ഇവിടെ ഊർജ്ജസ്വലമായത്. സാമ്രാജ്യത്വ നാടുവാഴിത്ത ശക്തികളെ വെല്ലുവിളിക്കാൻ അത് ജനങ്ങൾക്ക് ധൈര്യവും ആത്മവിശ്വാസവും നൽകി. ഈ സന്ദർഭത്തിൽ കല്ലൻ കുന്നൻ അഹമ്മദ് കുട്ടി സാഹിബ്, പനോലൻ അഹമ്മദ് കുട്ടി സാഹിബ് മുതലായവർ നയിച്ച മുസ്ലിം മജ്ലിസ മുസ്ലിം സമുദായത്തിൽ ദേശീയ ബോധംവളർത്താൻ നടത്തിയ ശ്രമങ്ങളും എടുത്തു പറയേണ്ടതാണ്. കെ.വി.കുഞ്ഞാലൻകുട്ടി സാഹിബ്ബ്, എം.പി വേലായുധൻ നായർ, വേലായുധൻ ചെട്യാർ മുതലായവർ ഇവിടെ ദേശീയ പ്രസ്ഥാനം കെട്ടിപ്പടുക്കമ്പോൾ തന്നെ അവരോടൊപ്പം രംഗത്ത് വന്ന ടി.കെ. മാധവൻ, കുഞ്ഞുണ്ണി, നിലമ്പൂർ ബാലൻ മുതലായവർ കർഷകരേയും തൊഴിലാളികളേയും സംഘടിപ്പിച്ച് ദേശീയ പ്രസ്ഥാനത്തിന് കരുത്തും ഊജ്ജ്വസ്വലതയും പകർന്നു കൊടുത്തു. 1953ൽ കിഴക്കനേറനാട്ടിൽ സഖാവ് കുഞ്ഞാലിയുടെ നേതൃത്വത്തിൽ കർഷകസംഘം ആരംഭിച്ച തരിശു ഭൂമി സമരം 1958ൽ കമ്യൂണിസ്റ്റ് സർക്കാർ കൊണ്ടുവന്ന ഭൂനയബില്ലുകളിലാണ് വിജയകരമായി പര്യവസാനിച്ചത്. അതുവഴി പഞ്ചായത്തിൽ കോവിലകക്കാരുടേയും തൃക്കളൂർ ദേവസ്സ്വക്കാരുടേയും ജൻമമായിരുന്ന ഭൂമിയിൽ 953 ഭൂരഹിത കർഷകർക്ക് കിടപ്പാടത്തിനും കൃഷിസ്ഥലത്തിനുമായി കൈവശാവകാശം ലഭിക്കാനിടയായി. ജൻമിത്തം അവസാനിപ്പിച്ച് ജൻമാവകാശംനേടിയെങ്കിലും കൃഷിക്കാരൻെറ ദാരിദ്ര്യം ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. അതിനുള്ള പോം വഴി ജനകീയാസൂത്രണത്തിലൂടെകണ്ടെത്തേണ്ടിയിരിക്കുന്നു..

സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനുമെതിരായ ഇത്തരം സമരങ്ങൾക്കൊപ്പം തന്നെ സാമൂഹ്യമായ അനാചാരങ്ങൾക്കെതിരായ മുന്നേറ്റവും ഇവിടെ നടന്നു കൊണ്ടിരുന്നു. ഐക്യ സഹോദരസംഘവും എസ്,എൻ.ഡി.പിയും ചേർന്നു സഖാവ് കുഞ്ഞിക്കണ്ണൻേറയും കുട്ടായി വൈദ്യരുടേയും നേതൃത്വത്തിൽ സംഘടിപ്പിച്ച വിരാഡൂർ മാർച്ച് ഉൽപ്പതിഷ്ണുവായ അന്നത്തെ സീനിയർ രാജയുടെ തന്ത്രജ്ഞതയാൽ ഒരേറ്റുമുട്ടലൊന്നും കൂടാതെത്തന്നെ വിജയത്തിൽ കലാശിച്ചു. വിരാഡൂർ ക്ഷേത്രം മാത്രമല്ല, തറവാട്ടമ്പലമൊഴിച്ച് കോവിലകക്കാരുടെ ഊരാണ്മയിലുള്ള ഇരുപത്തൊന്നു ക്ഷേത്രങ്ങളും അദ്ദേഹം അവർണ്ണർക്കായി തുറന്നുകൊടുത്തു.

സാഹിത്യം, സംഗീതം,കഥകളി മുതലായവ നാടുവാഴിത്തത്തിൻെറ തണലിലാണല്ലോ എന്നും തഴച്ചു വളർന്നത്. കോവിലക പഴമയിൽ ഇത്തരം കലകളുടെ പുരസ്കർത്താവായ ഒരു വിദ്വാൻതമ്പാനെ കുറിച്ചും പറയുന്നുണ്ട്. 1934ൽ സാഹിത്യപരിഷത്തിൻെറ ഒരു സമ്മേളനം തന്നെ കോവിലകക്കെട്ടിനകത്ത് സാഘോഷം നടത്തുകയുണ്ടായി എന്നാൽ അവക്കൊന്നും സാധാരണക്കാരിൽ ഒരു പ്രതികരണവും സൃഷ്ടിക്കാൻ കഴിഞ്ഞില്ല. ഒരോ ജനവിഭാഗവും അവരുടേതായ നാടോടിക്കലകളിൽ മാത്രമാണ് അഭിരമിച്ചത്. എന്നിട്ടും നിരക്ഷരരായ കൊയ്പ്പാൻമാരിൽ നിന്ന് ഗുരുവായൂരിലെ മരപ്രഭുവിനെപോലെയും മൈസൂരിലെ മൂലകേശവരനെപ്പോലെയും ഉള്ള വിശിഷ്ട കലാരൂപങ്ങൾ സൃഷ്ടിച്ച കലാകാരൻമാർ ഉയർന്നുവന്നു എന്നത് ഒരു വിസ്മയം തന്നേയാണ്. സാമൂഹ്യ പരിവർത്തനവും സാംസ്കാരിക നവോത്ഥാനവും കൈവരുത്താൻ കലയേയും സാഹിത്യത്തേയും സാമാന്യജനങ്ങളുമായി അടുപ്പിക്കാൻ വളരെ അഭിനന്ദനീയമായ ഒരു പരിശ്രമവും ഇവിടെ നടന്നിട്ടുണ്ട്. ഡോ. എം ഉസ്മാൻ, ഇ.കെ. അയമു, നിലമ്പൂർ ബാലൻ, കെ.ജി.ഉണ്ണീൻ, നിലമ്പൂർ ആയിഷ തുടങ്ങിയ സാസ്കാരിക നായകൻമാരും കലാകാരൻമാരും വളർത്തിക്കൊണ്ടുവന്ന അമേച്വർ നാടക വേദി ഇന്ന് നാമാവശേഷമായിരിക്കുന്നു. അത് പുനഃരുജ്ജീവിപ്പിക്കുവാൻ ഊർജ്ജിതമായ ഒരു ശ്രമം ഇന്ന് ആവശ്യമാണ്.

1936ൽ മലേരിയ നിയന്ത്രണത്തിനായി ഒരു ഡോക്ടറും നേഴ്സും മാത്രമായി ആരംഭിച്ച ക്ളിനിക്കാണ് ക്രമേണ വികസിച്ച് ഇന്നത്തെ ഗവ. ആസ്പത്രിയായി വളർന്നത്. ഇന്ന് അത് 14 ഡോക്ടർമാർ സേവനമനുഷ്ടിക്കുന്ന ഒരു തലൂക്കാസ്പത്രിയാണ് എന്നാൽ ആ പഴയ ഗ്രാമീണ ആസ്പത്രിയുടെ സ്ഥലസൗകര്യം മാത്രമേ ഇപ്പോഴും ഉള്ളു എന്നതിനാൽ ഈ ഡോക്ടർമാരുടെ സേവനമൊന്നും വേണ്ടപോലെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പുറമേ സ്വകാര്യാസ്പത്രികളും ഡോക്ടർമാരും ആവശ്യത്തിനുള്ളതിനാൽ പണമുള്ളവർക്ക് വൈദ്യ സഹായം ലഭിക്കുവാൻ ബുദ്ധിമുട്ടൊന്നും ഇല്ല. മുമ്പ് ഒന്നോ രണ്ടോ നാട്ടു വൈദ്യൻമാരാണ് ഈ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ എല്ലാം കൈകാര്യം

ചെയ്തിരുന്നത്. ഇന്ന് അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ഡോക്ടർമാരുടെ സേവനം ആവശ്യമുള്ളവർക്ക് യഥേഷ്ടം ലഭിക്കാൻ സൗകര്യമുള്ളതിനാൽ ചികിത്സാരംഗത്ത് നല്ല പുരോഗതി തന്നെ നാടു കൈവരിച്ചിട്ടുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് പൂർണ്ണമായി അനുഭവപ്പെടണമെങ്കിൽ താലൂക്ക് ആശുപത്രിക്ക് അനുയോജ്യമായ വിധം ഗവ. ആസ്പത്രിയിലെ സൗകര്യം പതിൻമടങ്ങു വർദ്ധിപ്പിക്കുക തന്നെ വേണം.

നിലമ്പൂരിലൂടെ കടന്നുപോകുന്ന ഊട്ടി റോഡ് നാടിന്റെ വികസനത്തിൽ കാര്യമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. ഒരു പ്രദേശത്തിന്റെ വ്യാപാര വ്യവസായ വികസനം ഗതാഗത സൗകര്യത്തെ ആശ്രയിച്ചാണല്ലോ നിലകൊള്ളുന്നത്. മൈസൂർ സുൽത്താൻമാർ മലബാറിന് സംഭാവനചെയ്ത നല്ല റോഡുകളുടെ കൂട്ടത്തിൽ പ്രധാനപ്പെട്ട ഒന്നാണിത്. ഗൂഡല്ലൂർ വരെ ടിപ്പു നിർമ്മിച്ച റോഡിനെ നീലഗിരിയിലെ ചായ ത്തോട്ടങ്ങളിലേക്ക് ബ്രിട്ടീഷുകാർ നീട്ടിയതാണ് ഇന്നത്തെ ഊട്ടിറോഡിന്റെ കരടുരൂപം. സൈനിക നീക്കത്തിനുള്ള സൗകര്യം പരിഗണിച്ചാണ് റോഡുവെട്ടിയതെങ്കിലും അത് സാമ്പത്തിക പുരോഗതിക്ക് അടിത്തറ പാകി നിലമ്പൂരിലെ മരവ്യാപാരം അഭിവൃദ്ധിപ്പെടുത്തുന്നതിന് ആദ്യകാലത്ത് ആ റോഡ് നൽകിയസംഭവന ശരിയായി വിലയിരുത്തപ്പെട്ടിട്ടില്ല. 1927ൽ നിലമ്പൂരിലേക്ക് റെയിൽവേ ലൈൻ നീട്ടിയതുതന്നെ മരവ്യാപാരതിനുള്ള സൗകര്യം മുന്നിൽ കണ്ടു കൊണ്ടാണ്. എന്നാൽ റോഡോ റെയിലോ അല്ല ചാലിയാർ പുഴയാണ് അതിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നത്. കാരണം നിലമ്പൂർ കാട്ടിലെ മരം ഭൂരിഭാഗവും എത്തിക്കേണ്ടിയിരുന്നത് ഫറോക്കിലെ മരവ്യവസായ കേന്ദ്രങ്ങളിലാണ് ഗതാഗതമാർഗ്ഗങ്ങളുടെ വികസനം ജനസമൂഹങ്ങളെ പരസ്പരം അടുപ്പിക്കുന്നതിനാൽ അത് രാജ്യത്ത് വലിയ സാമൂഹ്യ സാംസ്കാരിക പരിവർത്തനങ്ങൾക്ക് തുടക്കം കുറിക്കും.

കാടുവെട്ടി കച്ചവടം നടത്തുന്ന ഏർപ്പാട് അനിശ്ചിതമായി തുടർന്നു പോകാൻ കഴിയുന്ന ഒന്നല്ലല്ലോ. കണ്ണും മുക്കും ഇല്ലാത്ത കള്ള വെട്ടുകൊണ്ട് കാടുനശിച്ചുതുടങ്ങിയപ്പോൾ സർക്കാർ ഇടപെട്ട് കാടുമുഴുവൻ ദേശസാൽക്കരിച്ചു. അതിനുശേഷം സർക്കാർ തന്നെ തുറന്ന വുഡ് കോംപ്ലക്സ് എന്ന മരവ്യവസായ കേന്ദ്രം ഇന്ന് അടഞ്ഞു കിടക്കുകയാണ്. ചെറിയ തോതിലാണെങ്കിലും ഇവിടെ നിലനിന്നിരുന്ന മൺപാത്രനിർമ്മാണം ഇന്ന് തകർച്ചയുടെ നെല്ലിപ്പടികണ്ടിരിക്കുകയാണ്. മുളയേയും കാടിനേയും ആശ്രയിച്ചുകഴിഞ്ഞിരുന്ന നിരവധി കുടുംബങ്ങൾ പട്ടിണിയിലും തൊഴിലില്ലായ്മയിലും നിലകിട്ടാതെ താണുകൊണ്ടിരിക്കുകയാണ്. അവരെ ഉദ്ധരിക്കാൻ കഴിയുന്ന പുതിയ വ്യവസായങ്ങൾ ഒന്നും വളർന്നുവരുന്നുമില്ല. ഈ സ്ഥിതിവിശേഷത്തെ എങ്ങിനെ നേരിടണമെന്നതാണ് നമ്മുടെ സാങ്കേതിക ശാസ്ത്രജ്ഞൻമാരേയും ജനകീയാസൂത്രകൻമാരേയും നേരിടുന്ന വെല്ലുവിളി

കൃഷി ഡിപ്പാർട്ടമെൻറിന്റെ പരിശോധനയിൽ മൂവാറ്റുപുഴയിലെ രാമമംഗലവും നിലമ്പൂരിലെ ചാലിയാർ തടവുമാണ് കേരളത്തിൽ മണ്ണിന്റെ ഫലപുഷ്ടിയിൽ ഏറ്റവും മികച്ചു നിൽക്കുന്ന സ്ഥലങ്ങൾ. പുഴയിൽ കൊല്ലം കൊല്ലം ഉണ്ടാകുന്ന വെള്ളപ്പൊക്കം മൂലം ലഭിക്കുന്ന ജൈവവളസമ്പത്തായിരിക്കണം അമിതമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ ഫലഭൂയിഷ്ടി നശിക്കാതെ സംരക്ഷിക്കുന്നത്. മണ്ണിന്റെ ഈ ഫലഭൂയിഷ്ഠതയെ പരമാവധി പ്രയോജനപ്പെടുത്താൻ തേക്കും റബ്ബറും കൃഷിചെയ്യുക എന്നല്ലാതെ മറ്റൊരു ചിന്തയും നമുക്കു മുന്നോട്ടുവെക്കാൻ കഴിഞ്ഞില്ല. 1844ലാണ് മലബാർ കലക്ടറായിരുന്ന എച്ച്.വി.കനോലി നിലമ്പൂരിൽ ഒരു തേക്കിൻ തോട്ടം ആരംഭിക്കുന്നത് ഇന്ന് കാട്ടിൽ 10,000 ഹെക്ടർ സ്ഥലത്ത് തേക്കിൻ തോട്ടമുണ്ട് 1902ൽ വാണിയംകുളം റബ്ബർ കമ്പനി ആദ്യമായി ഇവിടെ റബ്ബർ തോട്ടം ആരംഭിക്കുന്നു 12,000 ഹെക്ടർ സ്ഥലത്ത് ഇന്ന് റബ്ബർ തോട്ടമുണ്ട് നിലമ്പൂർ പഞ്ചായത്തിൽ ഇനി ഇതു രണ്ടും ഏറെയൊന്നും വികസിപ്പിക്കാൻ സാധ്യതയില്ല. ഉള്ള തോട്ടം ശാസ്ത്രീയമായി നവീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത മാത്രമേ ഉള്ളൂ. അഞ്ചും പത്തും ഏക്കർ ഭൂമി കൈവശമുള്ള ജൻമികൾ ഇവിടെ അധികമില്ല. അഞ്ചും എട്ടും സെൻറു് വിസ്തീർണ്ണമുള്ള കുടിയിരുപ്പുകളുടെ ഉടമകൾക്ക് അത്തരം കാര്യം ചിന്തിക്കാൻ ആവുകയില്ലല്ലോ. അവർക്ക് ഉള്ള സ്ഥലം പരമാവധി ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ പറ്റിയ ഒരു കാർഷിക നയവും ടെക്നോളജിയും നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

മലപ്പുറം ജില്ലയുടെ പല ഭാഗത്തും വർഗ്ഗീയ ലഹളകൾ പൊട്ടിപ്പുറപ്പെടുമ്പോഴും സമുദായ സൗഹാർദ്ദം അഭംഗുരമായി പുലർത്തി എന്നത് നിലമ്പൂരിന്റെ മഹത്തായ പൈതൃകമാണ് 1921ൽ നടന്ന അഹിതകരമായ സംഭവങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചത് പുറമേനിന്ന് വന്ന കലാപകാരികളായിരുന്നു എന്നത് പലരും മനസ്സിലാക്കിയിട്ടില്ല. ഹിന്ദു സഹോദരൻമാരെ രക്ഷിക്കാൻ കലാപകാരികളെ നേരിട്ട് ജീവൻ നഷ്ടപ്പെട്ട മുസ്ളീം ചെറുപ്പക്കാരെ നാം വേണ്ട പോലെ ആദരിച്ചില്ലെന്നത് കഷ്ടമായി. പല സ്ഥലത്തും മുസ്ളീം കുടിയാൻമാർ ഹിന്ദു ജൻമികൾക്കെതിരായി തിരിഞ്ഞപ്പോൾ ലഹളക്കാലത്ത് നിലമ്പൂർ കോവിലകക്കാരെ ഇവിടെ നിന്ന് ഒളിപ്പിച്ച് കൊണ്ടു പോയി രക്ഷപ്പെടുത്തിയത് മുസ്ളീം കുടിയാൻമാരായിരുന്നു. സമുദായ സൗഹാർദ്ദത്തിന്റെ തിളക്കമുള്ള ഈ പാരമ്പര്യം നാം ഒന്നു കൂടി ഊട്ടിയുറപ്പിക്കേണ്ടിയിരിക്കുന്നു. ഈ നൂറ്റാണ്ടിന്റെ മദ്ധ്യ ദശകങ്ങളിലാണ് കുടിയേറ്റക്കാരായ കൃസ്ത്യാനികൾ ഇവിടെ വലിയ തോതിൽ എത്തുന്നത്. മണ്ണിനെ പൊന്നാക്കേണ്ടതെങ്ങിനെ എന്ന് അദ്ധ്വാനശീലരായ

അവർ അലസരായ നാട്ടുകാരെ പഠിപ്പിച്ചു. റബ്ബർകൃഷി കൊണ്ടു മാത്രമല്ല കപ്പ കൃഷികൊണ്ടും എങ്ങിനെ വരുമാനമുണ്ടാക്കാം എന്ന് മാതൃക കാണിച്ചു. ഈ പ്രദേശത്തെ വിദ്യാഭ്യാസ വൈദ്യ ശുശ്രൂഷാരംഗത്തെ വികസനത്തിനും അവർ വിലപ്പെട്ട സംഭാവനകൾ നൽകി.

*'ഭൂതകാലത്തിൻ പ്രഭാവ തന്തുക്കളാൽ*
*ഭൂതിമത്താം ഒരു ഭാവിയെ നെയ്ക നാം.''*

- വള്ളത്തോൾ

# ഭൂപ്രകൃതി ജലപ്രകൃതി ജന പ്രകൃതി

പശ്ചിമഘട്ട വന ശ്രേണിയിലെ ന്യൂ അമരമ്പലം റിസർവ്വിൻെറയും വയനാടൻമലനിരകളുടേയും ഇടയിലുള്ള താഴ്‌വാരമാണ് നിലമ്പൂർ പഞ്ചായത്ത്. നീലഗിരിയിലെ ഇലംമ്പേരികുന്നുകളിൽ നിന്ന് ഉത്ഭവിച്ച് അനേകം കൈവഴികൾ ചേർന്ന് ഒഴുകി നിലമ്പൂരിലെത്തുമ്പോൾ ചാലിയറാകുന്ന പുഴ നിലമ്പൂരിൻെറ ഭൂപ്രകൃതിയെ താങ്ങിനിർത്തുന്ന ജീവനാഡിയാണ്. സമുദ്ര നിരപ്പിൽ നിന്ന് ഉദ്ദേശ്യം 400 മീറ്ററോളം ഉയരത്തിൽ സ്ഥിതി ചെയ്യുന്ന നിലമ്പൂർഒരു കാലത്ത് നിബിഡ വനമേഖലയായിരുന്നു. ഏകദേശം 2600 മില്ലിലിറ്റർ മഴയും 17ഡിഗ്രി മുതൽ 37ഡിഗ്രി വരെ ശരാശരി ഊഷ്മാവും ലഭിക്കുന്ന ഈ പഞ്ചായത്തിൽ കാർഷിക, വനവൽക്കരണ സാധ്യതകൾ കൂടുതലാണ്. കുതിരപുഴ, കരിമ്പുഴ, ചാലിയാർ പുഴ എന്നിവയാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഉപദ്വീപായാണ് പ്രകൃതി മനോഹരമായ നിലമ്പൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

അക്ഷാംശം 11°09' നും 11°26 നോർത്തും രേഖാംശം 75 48' നും 76° 33' കിഴക്കായി മലപ്പുറം ജില്ലയുടെ കിഴക്ക് ഭാഗത്ത് സംസ്ഥാന അതിർത്തിക്ക് അടുത്തയാണ് നിലമ്പൂർ പഞ്ചായത്ത്. പഞ്ചായത്തിൻെറ വടക്ക് ചാലിയാർ പുഴയും (6കിമി) തെക്ക് കുതിരപുഴയും (3കിമി) അമരമ്പലം പഞ്ചായത്തും കിഴക്ക് കരിമ്പുഴയും (2കി.മി) പടിഞ്ഞാറ് കുതിരപുഴയുമായി 36.26 ച.കിമി സ്ഥലത്ത് വ്യാപിച്ചു കിടക്കുന്നു

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെസമതലം, ചരിഞ്ഞ പ്രദേശം, കുന്നിൻ പ്രദേശം, ചതുപ്പു നിലം, തരിശ് എന്നിങ്ങനെയായി തരം തിരിക്കാം . ബംഗ്ളാവു കുന്ന് , അരുവാക്കോട് കുന്ന്, എന്നിവയാണ് പ്രധാന കുന്നുകൾ. നിലമ്പൂർ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഫലഭൂയിഷ്ഠമായ എക്കൽ മണ്ണ് കാണപ്പെടുന്നു. മറ്റ് ഭാഗങ്ങളിൽ സാധാരണയായി കറുത്ത മണ്ണ് , പശിമയുള്ള മണ്ണ് , ചെങ്കൽ മണ്ണ്, മണൽ കലർന്ന മണ്ണ് എന്നിവ കാണുന്നു. ഉയർന്ന സിലിക്ക, ഈർപ്പമുള്ള എക്കൽ മണ്ണ്, കാൽസ്യം, മാഗ്നീഷ്യം തുടങ്ങിയ മൂലകങ്ങളുടെ അളവ് , ജലത്തിൻെറ വാർച്ച ത്വരിതപ്പെടുത്തുന്ന ചരൽ ചേർന്ന എക്കൽ മണ്ണ് ഇവയുടെ കാരണത്താൽ തേക്ക് വൃക്ഷം വ്യാപകമായി ഉണ്ടാകുവാൻ നിലമ്പൂരിൽ സഹായകമാകുന്നു.

നിലമ്പൂർ പഞ്ചായത്തിലെ കരിമ്പുഴ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കേരളാ വന ഗവേഷണ സ്ഥാപനത്തിൻെറ ഉപകേന്ദ്രം 1977 ലാണ് പ്രവർത്തനമാരംഭിച്ചത്. വനപരിപാലനം, വനവൽക്കരണം സംബന്ധമായ ഗവേഷണങ്ങൾ എന്നിവ ഈ കേന്ദ്രത്തിൽ നടന്നുവരുന്നു. വിദേശീയമായതുൾപ്പടെ നാനാതരം മരങ്ങളുടെ വിത്തു തടങ്ങളും പരീക്ഷണ തോട്ടങ്ങളും ഈ ഉപകേന്ദ്രത്തിലുണ്ട്. തേക്കുമരത്തെ ബാധിക്കുന്ന രോഗങ്ങളുടെ നിയന്ത്രിത നിവാരണ മാർഗ്ഗങ്ങൾ തുടങ്ങി പൊതുജനങ്ങൾക്കാവശ്യമായ വിവിധ ഇനം വൃക്ഷ തൈകളും ശാസ്ത്രീയ വനവൽക്കരണത്തിനാവശമായ മറ്റു സഹായ നിർദ്ദേശങ്ങളും ഇവിടെനിന്നും ലഭ്യമാണ്. കൂടാതെ വനവൃക്ഷ വിത്തുകളെ പറ്റിയുള്ള ഗവേഷണം. അവയുടെ ഗുണമേൻമയുടെ ആധികാരികമായ സാക്ഷ്യപ്പെടുത്തൽ, വനവിജ്ഞാന വ്യാപനം എന്നിവയും ഈ ഉപകേന്ദ്രത്തിൻെറ പ്രവർത്തനത്തിൽ പെടുന്നു.

നിലമ്പൂരിലെ വനസമ്പത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തേക്ക്, തേക്കിൻെറ ചരിത്രം തുടങ്ങുന്നതു തന്നെ നിലമ്പൂരിൽ നിന്നാണ്. ഇവിടത്തെ തേക്ക് ലോകപ്രസിദ്ധമാണ് 1844ൽ വെച്ചു പിടിപ്പിച്ച് ഇന്നും പരിരക്ഷിച്ചുപോരുന്ന ലോകത്തിലെ ആദ്യത്തെ തേക്കുതോട്ടവും ഇവിടെ തന്നെ. ഇതിനെല്ലാം തിലകക്കുറി ചാർത്തി നമ്മുടെ പഞ്ചായത്തിലെ കരിമ്പുഴയിൽ കേരളവനഗവേഷണ കേന്ദ്രം സ്ഥാപിച്ചിരിക്കുന്ന തേക്ക് മ്യൂസിയം തേക്കിനെ സംബന്ധിച്ചുള്ള ചരിത്രം മുതൽ എല്ലാ ശാസ്ത്രീയ വിവരങ്ങളുമടങ്ങിയ പ്രദർശന

വസ്തുക്കൾക്കൊണ്ടലങ്കരിച്ച ഈ മ്യൂസിയം ലോകത്തിൽ തന്നെ ആദ്യത്തേതാണ്. അതുപോലെ 43 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന വനഗവേഷണ ഉപ കേന്ദ്രത്തിന്റെ ക്യാമ്പസിൽ പ്രകൃതിയെകുറിച്ചറിയാനും വനസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും ഒട്ടനവധി പദ്ധതികൾ തേക്കു മ്യൂസിയത്തോടനുബന്ധിച്ച് വന ഗവേഷണ കേന്ദ്രം സന്ദർശകർക്കുവേണ്ടി ഒരുക്കിയിട്ടുണ്ട്.

### ജനപ്രകൃതി

നിലമ്പൂർ പഞ്ചായത്തിൽ ഇപ്പോൾ 1991ലെ സെൻസസ് പ്രകാരം 34966 ജനങ്ങളാണുള്ളത്. ഇതിൽ 1718 പുരുഷൻമാരും 17838 സ്ത്രീകളുമാണുള്ളത് കണക്ക് പ്രകാരം ജനസംഖ്യ ആണ്. ആകെ വീടുകൾ 7280 ആണ്. പഞ്ചായത്തിലെ ജന സാന്ദ്രത ച.കി.മിക്ക് 964 ആണ്.



സ്വാശ്രയമെന്നൊരു ലക്ഷ്യം നേടാൻ
ജനങ്ങളൊന്നിച്ചുണരേണം
ജീവിതഭാരം ലഘൂകരിക്കാൻ
പുതിയൊരു വികസന തന്ത്രം വേണം

''ജലം നമ്മുടെ നിലനിൽപിന്നാധാരം ''

# കൃഷിയും ജലസേചനവും

നിലമ്പൂർ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പട്ടണ പ്രദേശമാണ്. പതിമൂന്നു വാർഡുകളുള്ള പഞ്ചായത്തിലെ പ്രധാനകൃഷി പദേശങ്ങൾ എട്ടുവാർവാർഡുകളിലായിട്ടാണ് വ്യാപിച്ചു കിടക്കുന്നത്. ചാലിയാർ, കുതിരപ്പുഴ, കരിമ്പുഴ, പുന്നപ്പുഴ എന്നീ നദികളാൽ ചുറ്റപ്പെട്ടുകിടക്കുന്നു. മുഖ്യ കൃഷി നെല്ല്, തെങ്ങ്,റബ്ബർ, കമുക് മുതലായവയും ഇടവിളകൾ പച്ചക്കറികൾ, വാഴ, ചേന, ചേമ്പ് കുരുമുളക് മുതലായവയുമായിരുന്നു. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ ബംഗ്ളാവിൻ കുന്ന്, അരുവാക്കോട് കുന്ന്, വീട്ടിക്കുത്ത് മുതലായവയാണ്. കുന്നിൻ പ്രദേശങ്ങളും പുഴയോരതീര പ്രദേശങ്ങളും സമതലങ്ങളും അടങ്ങുന്നതാണ് ഈ ഭൂപ്രദേശം. പഴയകാലത്തെ ജനങ്ങളുടെ മുഖ്യ ജീവിതോപാധി നെൽകൃഷിയായിരുന്നു. തെങ്ങ്, റമ്പർ തുടങ്ങിയ കൃഷിയിലേക്ക് ജനങ്ങൾ തിരിഞ്ഞ്ഞതുകൊണ്ടും കുടുംബങ്ങളിൽ ബന്ധങ്ങളിൽ വന്ന മാറ്റങ്ങളുടെ ഫലമായി പാർപ്പിട പ്രശ്നം വന്നതിനാലും നെൽക്കൃഷിയിടങ്ങൾ കുറയാനിടയായി.

ഭൂരിഭാഗം ഭൂവുടമസ്ഥരും ഒരേക്കറിനുതാഴെ കൈവശമുള്ളവരാണ്.പട്ടിക താഴെ കൊടുക്കുന്നു

പട്ടിക 1

| | | |
|---|---|---|
| 1 | ഒരേക്കറിനുതാഴെ | 8439 |
| 2. | ഒരേക്കറിനും രണ്ടേക്കറിനും ഇടയിൽ | 174 |
| 3 | 2'ഏക്കറിനും 5ഏക്കറിനും ഇടയിൽ | 62 |
| 4. | 5 ഏക്കറനുമുകളിൽ | 26 |

ആദ്യകാല പ്രധാന കൃഷിയായ നെല്ല് മഴയെ ആശ്രയിച്ചുമാത്രമായിരുന്നു നടത്തിയിരുന്നത്. കൂടാതെ തോടുകളും കുളങ്ങളും ഉപയോഗപ്പെടുത്തിയിരുന്നു. പഞ്ചായത്തിലെ ഭൂമിയുടെ ഉടമസ്ഥർ നിലമ്പൂർ കോവിലകക്കാരായിരുന്നു അക്കാലത്ത് പാട്ടവ്യവസ്ഥപ്രകാരമായിരുന്ന കൃഷി നടത്തിയിരുന്നത്. ഭൂപരിഷ്കരണനിയമം നടപ്പിലായതോടുകൂടി ജൻമി കുടിയാൻ ബന്ധങ്ങളിൽ മാറ്റം വരികയും കൃഷിഭൂമി കർഷകനു ലഭിക്കുകയും ചെയ്തു.

നെൽക്കൃഷിക്ക് ആദ്യകാലത്ത് അടുക്കൻ, ആര്യൻ, എണ്ണപ്പെട്ട, പറമ്പുപൊട്ടൻ, മുണ്ടോട്ടൻ പടന്നവള്ള, കൊച്ചുവിത്ത് തവളക്കണ്ണൻ, കല്ലുരുണി, തൊണ്ണൂറാൻ പൊന്നാര്യൻ,തെക്കൻ ചീര, ചുവന്ന ചീര തുടങ്ങിയ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇവയാകട്ടെ പൂർണ്ണമായും ജൈവവളം ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. കൂടാതെ പറമ്പുകളിൽ മോടൻ, നെല്ല്, ചാമ, ചോളാണ്ടി, എള്ള് എന്നിവയും വ്യാപകമായി കൃഷി ചെയ്തിരുന്നു പുതിയവിത്തുകളും വളങ്ങളും പ്രചരിച്ചതോടെ പഴയ വിത്തുകൾ ഭൂരിപക്ഷവും അപ്രത്യക്ഷമായിക്കൊണ്ടരിക്കയാണ്.

പാടങ്ങളിൽ ഇടവിളയായി പയർ, ചേന, ചേമ്പ് കാവുത്ത്, നടുതലക്കിഴങ്ങ്, വാഴ, മരച്ചീനി, മധുരക്കിഴങ്ങ്, പച്ചക്കറികൾ എന്നിവ കൃഷിചെയ്തിരുന്നു .പഞ്ഞ മാസങ്ങളിൽ ഭക്ഷണത്തിനായി മുള അരി, താള്, തകര, കാട്ടുചേന, ചാമ എന്നിവ ഉപയോഗിച്ചിരുന്നു

ജലസേചനത്തിനായി തോടുകൾ ചിറകെട്ടിയും കൈതവെച്ചുപിടിപ്പിച്ചും സംരക്ഷിച്ചിരുന്നു. ജലം തിരിച്ചുവിടുന്നതിന് വാഴ, പന, മുണ്ടകൈത എന്നിവ ഉപയോഗിച്ച് തോടുകളിൽ തടയിണകെട്ടിയിരുന്നു. വെള്ളം കോരി ജലസേചനം നടത്തുന്നതിന് ഏത്തം ഉപയോഗിച്ചിരുന്നു.

കൃഷി നശിപ്പിക്കുന്ന എലികളുടെ ശല്യം ഒഴിവാക്കുന്നതിന് മുളം കുറ്റികെണി, ചാഴിയെ നശിപ്പിക്കുന്നതാനായി കണച്ചക്ക, കാന്താരിമുളക് എന്നിവയും പുഴുക്കളെ നശിപ്പിക്കുവാൻ മുറം വീശലാമണ് വ്യാപകമായി അവലംബിച്ചിരുന്നത്.

ജൻമിത്തം നിലനിന്നിരുന്ന കാലത്ത് ദീർഘകാലവിളകൾ കുറവായിരുന്നു. നെല്ലിൻെറ പ്രധാന വിപണന കേന്ദ്രം കാലടിയും പച്ചക്കറിയുടെ പ്രധാന മാർക്കറ്റ് കോഴിക്കോടുമായിരുന്നു പഴയകാലത്ത് ഏറ്റവും പ്രസിദ്ധമായ ചന്ത ചന്തക്കുന്നിൽ ഉണ്ടായിരുന്നു.

ദീർഘകാല വിളകളുടെ വ്യാപകമായ പ്രചരണവും, കുടുംബങ്ങളുടെ വിഭജനവും ഉൽപ്പാദനചിലവ്, കൂലിവർദ്ധന, കർഷകതൊഴിലാളികളുടെ ദൌർല്ലഭ്യം ഇതര കാർഷിക മേഖലകളെ അപേക്ഷിച്ചുള്ള വരുമാനക്കുറവ്,' ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കായ്ക തുടങ്ങിയ കാരണങ്ങളാൽ നെൽകൃഷി ലാഭകരമല്ലാതായി മാറിയതിനാൽ നെൽവയലുകൾ നികത്തി തെങ്ങുകൃഷി ചെയ്യുവാനും കെട്ടിടങ്ങൾ നിർമ്മിക്കുവാനും തുടങ്ങി.

കർഷകതൊഴിലാളികളുടെ എണ്ണക്കുറവിന് നെൽകൃഷി ലാഭകരമല്ലാതായതും വിദ്യാഭ്യാസം സാർവ്വത്രികമായതും ഇതര മേഖലകളിലെ കൂലിക്കൂടുതലും ജോലി സൗകര്യവും പ്രധാന കാരണങ്ങളാണ്.

ആദ്യകാല കർഷകരുടെ വിനോദോപാധികളിൽ ഒന്നായ കാളപൂട്ട് ഊർച്ച എന്നിവ താഴേ ചന്തക്കുന്ന്, നടുവിലക്കളം, വെളിയംതോട്, മാങ്കുത്ത്, കരുംവംകുഴി, തെക്കുംപാടം എന്നിവിടങ്ങളിൽ നടന്നിരുന്നു എന്നാൽ ഇത്തരം വിനോദങ്ങൾ പഞ്ചായത്തിൽ ഇപ്പോൾ പനയങ്കോട് മാത്രമാണ് ഉള്ളത്

ഭൂമിസംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 3815.794 ഹെക്ടർ ആണ് പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 2

| നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | നിലം | 342.2322 |
| 2 | പുരയിടം | 2763.0770 |
| 3 | പുറംപോക്ക് | 710.2102 |
| 4 | കൃഷിയോഗ്യതരിശ് | --- |
| 5 | കൃഷിയോഗ്യമല്ലാത്ത | 0.2730 |
| | ആകെ | 3215.7924 |

പുറമ്പോക്കു സംബന്ധിച്ച പട്ടിക -3

| | | |
|---|---|---|
| 1 | റോഡ് | 37.6764 |
| 2 | തോട് | 21.0590 |
| 3 | കുളം | 0.7250 |
| 4 | പുഴ | 157.8900 |
| 5. | റെയിൽവെ | 24.4235 |
| 6. | റവന്യൂ | 355.0273 |
| 7. | വനം | 113.6820 |

പഞ്ചായത്തിൻെറ പുഴയോര പ്രദേശങ്ങളിൽ പശിമയുള്ള മണ്ണും ബാക്കി പ്രദേശങ്ങളിൽ മണൽ മലർന്ന മണ്ണ്,ചെമ്മണ്ണ് ചരൽമണ്ണ് എന്നിവയാണ് പ്രധാനമായും കാണപ്പെടുന്നുത്.

ഭൂമി തഴെ പറയുന്ന വിളകൾക്കാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്. പട്ടിക താഴെ കൊടുക്കുന്നു

പട്ടിക 4

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | നെല്ല് | 340 |
| 2 | തെങ്ങ് | 350 |
| 3 | റബ്ബർ | 300 |
| 5. | കശുമാവ് | 40 |

അമിതമായ രാസവള പ്രയോഗം നിമിത്തം മണ്ണിൻെറ അമ്ള സ്വഭാവം വർദ്ധിച്ചുവരുന്നുണ്ട്. പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശത്ത് തെങ്ങ്, റബ്ബർ, കശുമാവ് എന്നിവയും,താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമാണ് കൃഷി ചെയ്തു പോന്നിരുന്നത്. റബ്ബർ കൃഷിയുടെ വ്യാപനം മൂലം കശുമാവു കൃഷി കുറഞ്ഞു വന്നു. ഇപ്പോൾ കമുകു കൃഷി വർദ്ധിച്ചു വരുന്നതായി കാണുന്നു ഇവയാകട്ടെ പ്രധാനമായും വയലുകളിലാണ് വ്യാപിച്ചുവരുന്നത്.

പഞ്ചായത്തിൽ കടന്നുവന്ന പരുത്തി കൃഷിയും,കൊക്കൊ കൃഷിയും വിപണനവുമായി ബന്ധപ്പെട്ട കാരണങ്ങളാൽ നാമാവശേഷമായി പിന്നീട് ചെറിയ തോതിൽ വളർന്ന വന്ന സെറികൾച്ചർ ഇതു സംബന്ധിച്ച് കൃഷിക്കാരിൽ ഉണ്ടായ ആശങ്കകളിൽ അവബോധക്കുറവും നിമിത്തം വ്യാപകമായില്ല.

**നെൽക്കൃഷി:-**

പ്രധാനമായും രണ്ടു വിളകളായിട്ടാണ് കൃഷിചെയ്യുന്നത്. ജലസേചനവുമായി ബന്ധപ്പെട്ടു തടത്തേണ്ട മൂന്നാം വിള വളരെ കുറവാണ് ഇത് സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു (പട്ടിക 5)

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | ഒന്നാംവിള(നെല്ല്) | 295 |
| 2 | രണ്ടാംവിള(നെല്ല്) | 280 |
| 3 | മൂന്നാംവിള(നെല്ല്) | 12 |

നെൽക്കൃഷിയുടെ ഉൽപ്പാദനം നാടൻവിത്തിനങ്ങൾക്ക് ഹെക്ടറിന് 2000-2500 കിലോഗ്രാമും സങ്കരയിനങ്ങൾക്കും 3000-3250 കിലോഗ്രാമും ആണ്

ഇപ്പോൾ പുതിയ വിത്തിനങ്ങളോടാണ് കർഷകർക്ക് താൽപ്പര്യം.

കൃഷിഭവൻ മുഖേന വിതരണം നടത്തിയ വിത്തിനങ്ങളുടെ പട്ടിക താഴെകൊടുക്കുന്നു.(കിലോ ഗ്രാമിൽ)

പട്ടിക 6

| നമ്പർ | ഇനം | 91-92 | 92-93 | 93-94 | 94-95 |
|---|---|---|---|---|---|
| 1 | ജ്യോതി | 630 | 400 | 2275 | 500 |
| 2 | മസൂരി | - | - | 150 | - |
| 4 | ചുവന്ന ത്രിവേണി | | - | 1000 | - |

വിളപരിവർത്തന രീതികൾ കുറഞ്ഞതോതി ലായിരുന്നു നെൽകൃഷി വിളവെടുപ്പിനുശേ ഷം തരിശിടുന്ന പ്രവണത വളരെക്കുറവാണ്. ഇടവിളകൾ : പഞ്ചായത്തിലെ പ്രധാന ഇടവിളകളുടെ പട്ടിക താഴെ കൊടുക്കുന്നു പട്ടിക 7

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | പയർ | 27 |
| 2 | എള്ള് | 15 |
| 3 | പച്ചക്കറി | 35 |
| 4 | വാഴ | 175 |
| 5 | മരച്ചീനി | 70 |
| 6 | കുരുമുളക് | 26 |
| 7 | കമുക് | 20 |

ഇവയിൽ വാഴയുടെ ഉത്പാദനക്ഷമത ഹെക്ടറിന് 20,000 കിലോഗ്രാമും മരച്ചീനിയുടേത് 15,000 കിലോഗ്രാമും ആണ്.

തെങ്ങിൻെറ ഉത്പ്പാനക്ഷത 45- 50 വരെ ആ ണ്. പുഴയോര പ്രദേശങ്ങളിലാണ് കൂടുതൽ ഉൽപ്പാദനം കണ്ടുവരുന്നത്. ഗുണമേൻമയുള്ള തൈകളുടെ ലഭ്യത ക്കുറവ്, അശാസ്ത്രീയമായ ജലസേചനം, ജൈവ വളത്തിൻെറ അപര്യാപ്തത എന്നിവ ഉൽപ്പാദന ക്കുറവിന് നിദാനമാണ്. നെൽപ്പാടങ്ങൾ നികത്തി തെങ്ങുവെച്ചസ്ഥലങ്ങളിൽ ശരിയായ പരിചരണം ലഭിക്കുന്നിടത്ത് ഉൽപ്പാദനശേഷി വർദ്ധിക്കുന്ന തായികാണുന്നുണ്ട്.

## വളം,കീടനാശിനി:-

നിലമ്പൂർ താലൂക്കിലെ വളത്തിൻേറയും, കീടനാശിനിയുടേയും ഒരു പ്രധാന വിപണന കേന്ദ്ര മാണ് നിലമ്പൂർ എന്നതിനാൽ ഈ പഞ്ചാ യത്തിലെ വളം കീടനാശിനി ഡിപ്പോകളിൽ നിന്നും വൽപ്പന നടത്തുന്ന കണക്കിൻെറ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ ഉപയോഗം കണക്കാക്കാൻ കഴിയു കയില്ല.അശാസ്ത്രീയമായ വളപ്രയോഗംകൃഷിച്ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ളവളപ്രയോഗവുംശാസ്ത്രീയ രീതിയിലുള്ള കീടനാശിനി പ്രയോഗവും നടക്കു ന്നില്ല. പഞ്ചായത്തിലെ വളം, കീടനാശിനി ഡിപ്പോ കളെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു

പട്ടിക 8

| | വളം | | കീടനാശിനി | |
|---|---|---|---|---|
| | മൊത്ത വിൽപ്പന | ചില്ലറ വിൽപ്പന | മൊത്ത വിൽപ്പന | ചില്ലറ വിൽപ്പന |
| പൊതുമേഖല എഫ്.എ.സിടി | 1 | 1 | - | - |
| സഹരകണമേഖല | - | 4 | - | 1 |
| സ്വകാര്യമേഖല | 1 | 10 | 1 | 7 |
| ആകെ | 2 | 15 | 1 | 8 |

## കാർഷികോപകരണങ്ങൾ

പഞ്ചായത്തിൽ ഉപയോഗത്തിലുള്ള കാർഷി കോപകരണങ്ങൾ ട്രാക്ടർ, ട്രില്ലർ, കുറ്റിപമ്പ്, റോക്കർ പമ്പ്, തെങ്ങുകയറ്റ യന്ത്രം മുതലായവയാണ്. ഉഴവുകാളകളും നാടൻ കാർഷികോപകരണങ്ങളും വർദ്ധിച്ചതോതിൽ കുറവു വന്നിട്ടുണ്ട്.

## പാടശേഖര സമിതികൾ

നെൽകൃഷിയുടെ അഭിവൃദ്ധി ലക്ഷമാക്കി രൂപീ കരിച്ച ഒമ്പതു പാടശേഖര സമിതികളാണ് പഞ്ചായ ത്തിൽ നിലവിലുള്ളത്. ഒന്നിൻേറയും പ്രവ ർത്തനം കാര്യക്ഷമവും ഫലപ്രദവുമല്ല. പാടശേഖര സമിതികളെ സംബന്ധിച്ച പട്ടിക .

പട്ടിക 9

| നമ്പർ | സമിതിയുടെ പേര് | | |
|---|---|---|---|
| 1 | വീട്ടിക്കുത്ത് പാടശേഖര സമിതി | | |
| 2 | മുതുകാട് | ,, | ,, |
| 3 | രാമൻകുത്ത് | ,, | ,, |
| 4 | വരേടം പാടം | ,, | ,, |
| 5. | മണലൊടി | ,, | ,, |
| 6 | മുതീരി ,, | ,, | |
| 7 | മുമ്മുള്ളി | ,, | ,, |
| 8. | മാങ്കുത്ത്,, | ,, | |
| 9. | നല്ലംതണ്ണി | ,, | ,, |

## കൂലിനിരക്ക്

കർഷക തൊഴിലാളികളുടെ എണ്ണം അനു ദിനം കുറഞ്ഞു വരികയാണ് പഞ്ചായത്തിൽ ഏകദേ

ശം 1500ളം കർഷകരാണുള്ളത്. ശരാശരി കൂലി നിരക്ക് പുരുഷന് 100 രൂപയും സ്ത്രീക്ക് 60 രൂപ യുമാണ്.

## കാർഷിക വായ്പ

രണ്ടു സഹകരണ ബാങ്ക് അടക്കം പത്ത് ബാങ്കുക ളാണ് ഉള്ളത് കൂടാതെ ഏറനാട് കാർഷിക വികസന ബാങ്കിൻെറ ഒരു ശാഖയും ഇവിടെ പ്രവർത്തി ക്കുന്നുണ്ട്. കൃഷി ആവശ്യത്തിനായി എടുക്കുന്ന വായ്പകളിൽ പലതും മറ്റാവശ്യങ്ങൾക്കായി വനിയോ ഗിക്കപ്പെടുന്ന പ്രവണത ധാരാളമായി കണ്ടുവരുന്നു.

## ജലസേചനം

പ്രധനാമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന പഞ്ചായത്തിൽ രണ്ടുഘട്ടങ്ങളിലായിട്ടാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരേയുള്ള കാലവർഷവും സെപ്തമ്പർ മുതൽ ഒകടോബർ വരേയുള്ള തുലാവർഷവും. 1994ൽ ശരാശരി 321.24 സെൻറീമീറ്ററും 1995ൽ ശരാശരി 206.63 സെൻറീ മീറ്ററും 1996ൽ ഒക്ടോഹർ കൂടി ശരാശരി 218.33 സെൻറീമീറ്ററും ലഭിച്ചു മഴയുടെ അളവ് പട്ടിക 10ൽ കൊടുത്തിരിക്കുന്നു

പഞ്ചായത്തിലെ തോടുകൾ അതിർത്ത പ്രദേശ ങ്ങളിലുള്ള തോടുകൾ നാലുപുഴകളിലേക്കാണ് ഒഴുകിച്ചേരുന്നത്

പട്ടിക 10

**തോടുകൾ**

| | |
|---|---|
| 1 | നെടുമുണ്ട തോട് |
| 2 | മണലൊടി തോട് |
| 3. | വെളിയംതോട് |
| 4. | മുതീരിതോട് |
| 5. | ചക്കച്ചീനി തോട് |
| 6. | വീട്ടിക്കുത്ത് തോട് |
| 7. | ചാലിതോട് |
| 8. | പൊടിപാറതോട് |
| 9. | പട്ടരാക്കതോട് |
| 10. | മാമ്പയിൽതോട് |
| 11. | പൂളമിൽ തോട് |

കുളം

| | |
|---|---|
| 1 | മുതീരികുളം |
| 2. | പന്നിക്കോടകുളം |
| 3. | മാണിയംകോട് കുളം |
| 4. | തെക്കും പാടം കുളം |
| 5. | കരടികുളം |
| 6. | ചൂരക്കുളം (പി.ഡബ്ളി.യു.ഡി) |
| 7. | വീട്ടിക്കുത്ത് കുളം ,, ,, |
| 8. | മണലൊടികുളം |

## മണ്ണ് ജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകൾ വെച്ചും അതിർ ത്തികളിൽ മരങ്ങൾ വെച്ചു പിടിപ്പിച്ചും തോടുകളിൽ കൈത കരിമ്പ് മുതലായവ വെച്ചു പിടിപ്പിച്ചും മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ആധുനികരീതിയിലുള്ള മണ്ണ്,ജലസംരക്ഷണപ്രവർത്ത നങ്ങൾ കാര്യമായി നടന്നിട്ടില്ല.

## നേഴ്സറികൾ

നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള രണ്ടു നേഴ്സറികളും. അലങ്കാരച്ചെടി ഉതൽപാദി പ്പിക്കുന്നതിനുള്ള ഒരു നേഴ്സറിയുമാണ് പഞ്ചാ യത്തിൽ നിലവിലുള്ളത്. പഞ്ചായത്തിൽ ആവശ്യമായ നടീൽ വസ്തുക്കളുടെ ഉൽപ്പാദന പ്രവർത്തനം രണ്ടു നേഴ്സറികളിലും ഫലപ്രദമല്ല. അലങ്കാരച്ചെടി കളുമായി ബന്ധപ്പെട്ട നേഴ്സറിയിലെ ഉൽപ്പാദനം കാര്യക്ഷമമായി നടക്കുന്നുണ്ട്.

## കൃഷിഭവൻ

കൃഷിഭവനിൽ ഒരു കൃഷി ആഫീസറും മുന്നു കൃഷി അസിസ്റ്റൻറുമാരും ആണ് നിലവിലുള്ളത് കൃഷിആഫീസറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. കൃഷി ഭവൻെറ പ്രവർത്തനം കൃഷിയിടങ്ങളിൽ ലഭിക്കുന്നതിന് ഫീൽഡ് വിഭാഗം ജീവനക്കാർക്ക് കാർഷി വിജ്ഞാന വ്യാപന പ്രവർത്തനം നടത്തുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കണം. കൃഷിഭവൻ ഇപ്പോൾ വളരെ സൗകര്യം കുറഞ്ഞ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൃഷിഭവൻ മുഖേന നടപ്പാക്കിയ വിവിധ വകസന പദ്ധതികളെപ്പറ്റിതാഴെ പട്ടികയിൽ കൊടുത്തി രിക്കുന്നു.

## പ്രശ്നങ്ങൾ

1. ഉൽപ്പാദനച്ചിലവിൽ വന്നിട്ടുള്ള വർദ്ധനവ്, കർഷകതൊഴിലാളികളുടെ ലഭ്യതക്കുറവ്, ഉൽപ്പന്നങ്ങ ൾക്ക് ന്യായമായ വില ലഃിക്കുന്നത്, നെൽകൃഷി യോടുള്ള വിമുഖത, പ്രധാനയും മഴയെ മാത്രം ആശ്രയിച്ച് കൃഷിയിറക്കുന്നതുകൊണ്ട് കാലവർഷ ത്തിലുള്ള വ്യതിയാനങ്ങൾ, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നം മുതലായവ കാരണങ്ങളാൽ നെൽ കൃഷി കുറയുന്നു.

ഗുണമേൻമയുള്ള തെങ്ങിൻ തൈകളുടെ ലഭ്യതകുറവ്, ജലസേചനത്തിൻെറ പോരായ്മകളും അപര്യാപ്തയും നാളികേരത്തിൻെറ വിലക്കുറവ്, ഉൽപ്പന്നത്തിൻെറ സംഭരണത്തിനും സംസ്കരണ ത്തിനും വിപണനത്തിനുമുള്ള സൗകര്യക്കുറവ് മുതലായവ തെങ്ങു കൃഷിയെ ബാധിക്കുന്നു. പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള കേരവകസന സമിതി പ്രവർത്തിക്കുന്നില്ല.

നെൽപ്പാടങ്ങളിൽ നെൽകൃഷിക്കുശേഷം പച്ചക്കറി കൃഷി കുറഞ്ഞു വരുന്നു ഉൽപ്പാദന

ചിലവിൽ വന്നിട്ടുള്ള വർദ്ധനവ്, അയൽ സംസ്ഥാനങ്ങിൽ നിന്നും പച്ചക്കറി കുറഞ്ഞവിലക്കു ലഭിക്കുന്നത്, ഗുണമേൻമയുള്ള വിത്തുകളുടെ ലഭ്യത ക്കുറവ്, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കായ്ക എന്നിവയാണ് കാരണങ്ങൾ

പ്രകൃതിക്ഷോഭം മുലമുണ്ടകുന്ന നഷ്ടവും, രോഗങ്ങളും വാഴകൃഷിയെ ബാധിക്കുന്നു മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന എള്ള് കപ്പ എന്നിവ അപ്രത്യക്ഷ.മായിക്കൊണ്ടിരിക്കുന്നത് കൃഷിക്കാരുടെ വരുമാനത്തെ സാരമായി ബാധിക്കുന്നു. പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ കാട്ടു പന്നി, കുരങ്ങ്, അലഞ്ഞു തിരിഞ്ഞു നടക്കുന്ന കന്നുകാലികൾ എന്നിവ മുലം കൃഷിനാശം സംഭവിക്കുനനുണ്ട്.

ആധുനിക കൃഷി യന്തോപകരണങ്ങളുടെ ഉപയോഗം പഞ്ചായത്തിൽ വളരെ വിരളമാണ്. കൃഷി ഭൂമിയുടെ തുണ്ടവൽക്കരണം മൂലം കൃഷി ഭൂമിയുടെ വിനിയോഗം കുറയുന്നു.

ആവശ്യമായ സമയങ്ങളിൽ ഗുണമേൻമയുള്ള വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ലഭ്യത ക്കുറവ് ആധുനിക കൃഷിരീതികളെ സംബന്ധിച്ചുള്ള അവബോധമില്ലായ്മ സർക്കാറിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ളള്ള അജ്ഞത പരിമിതമായട്ടാണെങ്കിലും ലഭിക്കുന്ന ആനുകൂല്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള വിമുഖത, കൃഷി ജീവനോപാധിയായി സ്വീകരിച്ചുവരുന്ന വരുടെ എണ്ണത്തിൽ വന്ന കുറവ് എന്നിവ കൃഷിയെ കാര്യമായി ബാധിക്കുന്നു.. പഞ്ചായത്തിലുള്ള കുറുംതോട്ടിമണ്ണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കൃഷി വികസനത്തിൽ വേണ്ടത്ര ഗുണകരമായിട്ടില്ല. പുല്ലഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുംപൂർത്തീകരിച്ചിട്ടില്ല

മുൻകാലങ്ങളിൽ ജലസേചനത്തിനുപയോഗിച്ചിരുന്ന തോടുകളും കുളങ്ങളും ശരിയായ രീതയിൽ സംരക്ഷിക്കപ്പെടുന്നില്ല. ആവശ്യമായ പുതിയ പദ്ധതികൾ ഒന്നും തന്നെ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുമില്ല. ശാസ്ത്രീയമായ ജലസേചന സംവിധാനത്തെക്കുറിച്ചുള്ള അവബോധമില്ലായ്മ കാരണം മഴ മൂലം ലഭിക്കുന്ന ജലം സംരക്ഷിക്കപ്പെടുന്നില്ല.

മണ്ണൊലിപ്പുമൂലം പഞ്ചായത്തിലെ ചില പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാൻകഴിയുന്നില്ല മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കാര്യമായി നടന്നിട്ടില്ല. അശാസ്ത്രീയമായ രാസവള പ്രയോഗവും ജൈവവളത്തിൻെറ അപര്യാപ്തതയും മണ്ണിൻെറ ഘടനയെ ബാധിച്ചിട്ടുണ്ട്. മണ്ണിൻെറ പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വള പ്രയോഗം നടക്കുന്നില്ല.

കീടരോഗനിയന്ത്രണങ്ങൾ ശാസ്ത്രീയമായി നടക്കുന്നില്ല. പാർശ്വ ഫലങ്ങൾ കുറഞ്ഞ മരുന്നുകൾ ഉപയോഗിച്ചുകൊണ്ടുള്ള കീടരോഗനിയന്ത്രണങ്ങളെ കുറിച്ചുള്ള അവബോധം കൃഷിക്കാർക്കില്ല.

## നിർദ്ദേശങ്ങൾ

1. നെൽകൃഷിക്കുള്ള ഗ്രൂപ്പ് ഫാമിങ്ങ് കാര്യക്ഷമമാക്കുക

2. പ്രാദേശികമായി ഗുണമേൻമയുള്ള വിത്ത് ഉൽപ്പാദിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിങ്ങ് സമതികളെ ഉപയോഗപ്പെടുത്തുക.

3. അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ യഥാസമയം ലഭ്യമാക്കുക

4. ജൈവവള പ്രയോഗം സാർവ്വത്രികമാക്കുക. ഫോറസ്റ്റിൽ നിന്നും പച്ചിലവളം ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക .ഡെയിഞ്ച വിത്തിൻെറ ഉപയോഗം വ്യാപിപ്പിക്കുക. പഞ്ചായത്തിലെ ലഭ്യമായ ചപ്പുചവറുകൾ ഉപയോഗപ്പെടുത്തി കമ്പോസ്റ്റ് നിർമ്മാണം പ്രോൽസാഹിപ്പിക്കുക

5. എല്ലാ കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യമാക്കുകയും പുതിയ കണക്ഷൻ ലഭിക്കുന്ന തിനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

6. തൊഴിലാളികളുടെ ലഭ്യതകുറവ് പരിഗണിച്ച് ആധുനിക കാർഷിക യന്ത്രോപകരണങ്ങൾ സാർവ്വത്രിമാക്കുക.

7. രാസവളങ്ങളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടത്തുക.

8. ശാസ്ത്രീയ കീട രോഗ നിയന്ത്രണത്തിന് അവശ്യമായ ബോധവൽക്കരണം നടത്തുക.

9. പഞ്ചായത്തിലേക്ക് ആവശ്യമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള നഴ്സറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. നിലവിലുള്ളവ അപര്യാപ്തമാണെനങ്കിൽ പുതിയ നഴ്സറി ആരംഭിക്കുക.

10 തെങ്ങിൻ തോപ്പുകളിൽ സ്പ്രിംഗ്ളർ ഡ്രിപ്പ് ഇറിഗേഷൻ എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തുക.

11. അടുക്കളത്തോട്ടം വ്യാപകമാക്കുക.

12. ജൈവവളത്തിന് മുൻതൂക്കം നൽകി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വാർഡുകളിൽ വ്യാപിപ്പിക്കുക. നിലമ്പൂർ ഗവ: മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൻെറ പരിധിയിൽ പെട്ട 2 ഏക്രയോളം വരുന്ന കൃഷിസ്ഥലത്ത് പച്ചക്കറി വിത്ത് ഉൽപാദിപ്പിക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക.

13. ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കുക.

14. കുറ്റിമുല്ല, ഫ്ളോറി കൾച്ചർ, ഓർക്കിഡ്, സെറികൾച്ചർ ആന്തൂറിയം മുതലായവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക

15. പഞ്ചായത്തിലെ 4,5,6,13 വാർഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന തരത്തിൽ കുറുന്തോട്ടിമണ്ണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ബഹുജനപങ്കാളിത്തത്തോടെ പ്രവർത്തനക്ഷമമാക്കുക.

16. പുല്ലഞ്ചേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൊതുജന പങ്കാളിത്തത്തോടുകൂടി പൂർത്തിയാക്കുക.

17. ബഹുജനപങ്കാളിത്തത്തോടുകൂടി പഞ്ചായത്തിൽ നിലവിലുള്ള തോടുകളും കുളങ്ങളും പുനരുദ്ധരിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കുകയും തോടുകളിലും പുഴകളിലും തടയണകൾ നിർമ്മിക്കുകയും ചെയ്യുക.

18. നിലമ്പൂർ, കരുളായ്, ചുങ്കത്തറ, മൂത്തേടം എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുത്താവുന്ന കരിമ്പുഴ ഇറിഗേഷൻ പദ്ധതിയുടെ സാദ്ധ്യത യെ സംബന്ധിച്ച് പരിശോധിക്കുക.

19. കൃഷിയിടങ്ങളിൽ വാട്ടർ ഷെഡ് സാധ്യത പ്രയോജനപ്പെടുത്തുക.

20. പുഴകളിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിനുള്ള അനുമതി നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക.

21. ജലസേചനാവശ്യങ്ങൾക്കുള്ള മണ്ണെണ്ണയുടെ തോത് വർദ്ധിപ്പിക്കുക.

22. മണ്ണൊലിപ്പ് തടയുന്നതിന് മണ്ണ് സംരക്ഷണപ്രവർത്തനത്തെസംബന്ധിച്ച് അവബോധം സൃഷ്ടിക്കുക.

23. കാർഷിക ഉൽപന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും , വിപണനത്തിനും സംവിധാനം ഉണ്ടാക്കുക. നിലമ്പൂർ അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സൊസൈറ്റി പുനരുജ്ജീവിപ്പിക്കുക.

24. കാർഷിക വായ്പകൾക്കുള്ള നിബന്ധനകൾ ലഘൂകരിക്കുക. വായ്പകൾ , കൃഷി, ആവശ്യങ്ങൾക്ക് തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

25. പ്രകൃതി ക്ഷോഭം മൂലം വിള നാശം സംഭവിക്കുന്നവർക്കുള്ള സഹായധനം ലഭിക്കുന്നതിനുള്ള വരുമാന പരിധി എടുത്തുകളയുക.

26. കൃഷിഭൂമി തരം തിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുക.

27. കാർഷികരംഗത്ത് ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കുക.

28. കൃഷിഭവൻെറ പ്രവർത്തനം കാര്യക്ഷമാക്കുന്നതിന് കൃഷി വിജ്ഞാന വ്യാപനരംഗത്ത് കൂടുതൽ ശ്രദ്ധിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക. കൃഷിഭവൻെറ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക. വിത്തുകളും നടീൽ വസ്തുക്കളും സൂക്ഷിക്കുന്ന തിനാവശ്യമായ സൗകര്യങ്ങളോടുകൂടിയ സ്വന്തം കെട്ടിടംനിർമ്മിക്കുക.

29. പഞ്ചായത്തിലെ കർഷകരെ ആദരിക്കുന്നതിനും അംഗീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുക.

30. കൃഷി സംബന്ധിച്ച സെമിനാറുകളും ചർച്ചാക്ളാസുകളും വ്യാപകമായി സംഘടിപ്പിക്കുക.

നിലമ്പൂരിൻെറ കാർഷിക രംഗത്ത് പുരോഗതി സൃഷ്ടിക്കുന്നതിനാവശ്യമായ നിരവധി നിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് . ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ അന്ത:സത്ത ഉൾകൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതിന് നാം തയ്യാറായാൽ കാർഷികരംഗത്ത് ഒരു നൂതനാദ്ധ്യായം സൃഷ്ടിക്കുവാൻ കഴിയും.

മഴ വെള്ളം
സംരക്ഷിക്കൂ..........
വരൾച്ചയിൽ നിന്ന്
മോചനം നേടൂ

പട്ടിക 2

| നമ്പർ | പദ്ധതിയുടെ പേര് | 1991-92 | 9-93 | 93-94 | 94-95 | 95-96 | ആകെ |
|---|---|---|---|---|---|---|---|
| 1. | നെൽകൃഷിക്കുള്ള ഉൽപാദന ബോണസ്സ് | 33108 | 25090 | 74500 | 78025 | 39435 | 2,50492 |
| 2 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | 39477 | 27246 | 9833 | 54430 | 160490 | 2,91,476 |
| 3 | എസ്.സി.പി.പ്രത്യേക ഘടകപദ്ധതി(എസ്.സി/എസ്.ടി) | 7000 | 49000 | 17000 | 23000 | 65000 | 1,40,300 |
| 4 | വരൾച്ചാ ദുരിതാശ്വാസം(കിണർ) | - | 19010 | - | - | - | 19010 |
| 5 | എസ്.സി.പി.(ജവഹർ കോളനി) | - | 17240 | - | - | - | 17240 |
| 6 | മിനികിറ്റ് | 1600 | 2200 | 700 | 1850 | 1750 | 8100 |
| 7 | പച്ചക്കറി-വിദ്യാർത്ഥികൾക്ക് | - | 1000 | 1000 | 1800 | 1800 | 5600 |
| 8 | മഹാളി സ്പ്രെയിംഗ് | 1500 | 1500 | 2000 | 1850 | 2000 | 8850 |
| 9. | ഡ്രിപ് ഇറിഗേഷൻ | - | 37916 | - | - | - | 37916 |
| 10 | ഐ.ആർ.ഡി.പി. സമഗ്ര നെൽകൃഷി വികസനം | - | 7000 | - | - | - | 7000 |
| 11 | പയർ കൃഷി വികസനം | - | 850 | 500 | 500 | - | 1850 |
| 12 | പ്രധാനമന്ത്രിയുടെ പദ്ധതി | 16000 | - | - | - | - | 16000 |
| 13 | പച്ചക്കറി വികസനം | - | 10000 | - | - | - | 10000 |
| 14 | സമഗ്രനാളികേര വികസനം | - | - | - | 180,000 | 255000 | 435000 |
| 15 | കുരുമുളക് പുനരുദ്ധാരണം | - | - | - | 3000 | 3000 | 6000 |

**കൃഷിഭവൻ മുഖേന വിതരണം നടത്തിയ നടീൽ വസ്തുക്കളുടെ പട്ടിക**

പട്ടിക 4

| നമ്പർ | പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 | ആകെ |
|---|---|---|---|---|---|---|---|
| 1 | WCTതെങ്ങിൻതൈ | 540 | 125 | 440 | 225 | 657 | 1987 |
| 2 | TXD തെങ്ങിൻതൈ | 10 | 48 | 100 | 59 | 121 | 338 |
| 3 | DXTതെങ്ങിൻതൈ | 20 | 80 | 25 | - | 25 | 150 |
| 4 | ഗ്രാമ്പൂ തൈകൾ | 27 | - | 105 | 20 | 28 | 180 |
| 5 | ജാതി തൈകൾ | - | - | 50 | 20 | - | 70 |
| 6 | മാവിൻ തൈകൾ | - | - | 155 | 198 | 88 | 441 |
| 7 | കശുമാവ് തൈകൾ | - | - | 240 | 800 | 100 | 1140 |
| 8 | മംഗള കമുകിൻ തൈകൾ | 45 | - | 402 | 120 | 250 | 817 |
| 9 | കുരുമുളക്‌വള്ളി(കരിമുണ്ട) | - | 1030 | 2100 | 650 | 7000 | 10780 |
| 10 | ചക്ക | - | - | 50 | - | - | 50 |
| 11 | സപ്പോട്ട | - | - | 56 | - | 50 | 106 |
| 12 | പേര | - | - | - | 85 | 60 | 145 |

| വർഷം | ജനു. | ഫെബ് | മാർച്ച് | ഏപ്രി | മെയ് | ജൂൺ | ജൂലായ് | ആഗ | സപ്ത | ഒക്ടോ | നവ | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1904 | 6.1 | - | 15.4 | 133.8 | 96.3 | 730.1 | 1024.2 | 409.2 | 134.7 | 315.7 | 16.9 | 4.0 |
| 1905 | | 11.2 | - | 110.6 | 180.6 | 449.05 | 684.7 | 446.0 | 240 | 11.6 | 113.09 | - |
| 1996 | - | - | - | 35.3 | 75.04 | 86.0 | 599.4 | 241.0 | 262 | 388 | - | - |

പട്ടിക 10 മഴയുടെ അളവ് പട്ടികയിൽ

## ഓടുന്ന വെള്ളത്തെ നടത്തിക്കൂ......

# മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും

ഈ നൂറ്റാണ്ടിൻെറ ആരംഭഘട്ടത്തിൽ തന്നെ കിഴക്കൻ ഏറനാടിൻെറ ഭൂരിഭാഗം ഭൂസ്വത്തും നിലമ്പൂർ കോവിലകം വക ആയിരുന്നു. ഈ കാലഘട്ടത്തിൽ ജൻമികുടിയാൻ സമ്പ്രദായം നിലനിന്നിരുന്നതിനാൽ ഈ പഞ്ചായത്തിലെ മിക്കവാറും ഭൂപ്രദേശങ്ങൾ പാട്ട വ്യവസ്ഥയിൽ കുടിയാൻമാർ കൈകാര്യം ചെയ്തുകൊണ്ടിരിക്കയായിരുന്നു. അന്ന് ഈ പഞ്ചായത്തിൻെറ മൂന്നിൽ രണ്ട് പ്രദേശവും തരിശായി കിടക്കുകയായിരുന്ന. അക്കാലത്ത് ഇവിടെ ധാരാളം തരിശുഭൂമികളും വനപ്രദേശങ്ങളും പ്രകൃതി ദത്തമായ അരുവികളും ഉണ്ടായിരുന്നതുകൊണ്ടും ജനസാന്ദ്രത കുറവായതിനാലും ധാരാളം വന്യമൃഗങ്ങളും കന്നുകാലികളും ഉൾക്കൊള്ളുന്നതായിരുന്നു ഈ പ്രദേശം ഇന്ന് കേരളത്തിൽ വന്ന ഭൂപരിഷ്ക്കരണ നിയമത്തിൻെറ ഫലമായി കുടിയാൻമാർക്കു കൃഷിചെയ്തുകൊണ്ടിരുന്ന പ്രദേശങ്ങൾ സ്വന്തമായി കൃഷി ചെയ്യുന്നതിനുള്ള അവകാശം ലഭിച്ചു. കേരളത്തിൻെറ തെക്കൻ മേഖലകളിൽ നിന്നുള്ളവരുടെ കുടിയേറ്റം മൂലം ഭൂമി തുണ്ടം തുണ്ടമായി വിഭജിപ്പിക്കപ്പെട്ടു. കന്നുകാലികൾക്കുള്ള മേച്ചീൽ പുറങ്ങൾ കുറയുവാൻ ഇത് കാരണമായി. അശാസ്ത്രീയമായ രീതിയിലുള്ള മൽസ്യ ബന്ധനം കാരണം ഇവിടത്തെ മൽസ്യസമ്പത്തും പിറകോട്ടടിച്ചു. ഈ കലാഘട്ടത്തിൽ കന്നുകാലികളെ വളർത്തിയിരുന്നത് തൊഴിലിനു വേണ്ടിയോ ഉപജീവനത്തിനു വേണ്ടിയോ ആയിരുന്നില്ല. അതുകൊണ്ടു തന്നെ ഇവയുടെ സംരക്ഷണത്തിന് വലിയ താൽപ്പര്യം പ്രകടപ്പിച്ചിരുന്നില്ല. ക്രമേണ കാർഷിക ആവശ്യത്തിനും വീട്ടാവശ്യത്തിനുള്ള പാലിനു വേണ്ടിയും കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും മറ്റു ഗതാഗത സൗകര്യങ്ങൾക്കും വേണ്ടി കന്നുകാലിളെ വളർത്തുവാൻ ജനങ്ങൾ നിർബന്ധിതരായി. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം ക്രമാതീതമായി വർദ്ധിച്ചതിനാലും യാന്ത്രിക ഗതാഗത സൗകര്യം വർദ്ധിച്ചതിനാലും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാൻ ഇടയായി.

ഇന്ന് കന്നുകാലികളെ വളർത്തുന്നത് ഒരു ഉപതൊഴിൽ എന്ന രീതിയിൽ പാലുൽപ്പാദനം ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. പഴയ രീതിയിൽനിന്നും വ്യത്യസ്തമായി നാടൻ പശുക്കൾക്ക് പകരം ഇന്ന് 10ഉം 15ഉം ലിറ്റർ പാലു തരുന്ന സങ്കരയിനം പശുക്കളെയാണ് ഇവർ വളർത്തുന്നത്. അതുകൊണ്ട് തന്നെ ഇവയുടെ സംരക്ഷണം അത്യന്താപേക്ഷിതമാണ്.

നിലമ്പൂർ പഞ്ചായത്തിൽ ഉപജീവന മാർഗ്ഗമായി വളർത്തുന്നത് പശു, ആട്, കോഴി എന്നിവയാണ്. കാലതീറ്റയുടെ വിലവർദ്ധനവും മേച്ചിൽ പുറങ്ങളുടെ ദൗർലഭ്യതയും വൈക്കോൽ, തീറ്റപ്പുൽ എന്നിവയുടെ കുറവും ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തതയും കാരണം കാലി വളർത്തൽ ലാഭകരമല്ലാതായി

ഈ പഞ്ചായത്തിലെ ക്ഷീര ഉൽപ്പാദനത്തിൻെറ 40% നിലമ്പൂരിലുള്ള മിൽമ സംഭരിക്കുകയും ഗാർഹകാവശ്യങ്ങൾക്കായി 60% ഉപയോഗിക്കുകയും ചെയ്യുന്നു. ഈ പഞ്ചായത്തില കന്നുകാലളെ കുറിച്ചുള്ള വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| വളർത്തു മഗങ്ങളും പക്ഷികളും(1996) | എണ്ണം |
|---|---|
| പശു | 2004 |
| ആട് | 758 |
| കാള | 224 |
| എരുമ | 139 |
| കോഴി | 5914 |
| താറാവ് | 535 |

ഈ പഞ്ചായത്തിലെ ഏക മൃഗാശുപത്രി നിലമ്പൂർ റയിൽവേ സ്റ്റേഷൻെറ സമീപത്താണ്. എന്നാൽ ഇത് പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലെ കാലിവളർത്തുന്നവർക്കും എത്തിപ്പെടാൻ സൗകര്യപ്പെടാത്ത സ്ഥലത്താണ്.. അതുകൊണ്ട് സൗകര്യപ്രദമായ സ്ഥലത്ത് മൃഗാശുപത്രി മാറ്റി സ്ഥാപിക്കണം. കാലികളിൽ പൊതുവെ കണ്ടു വരുന്ന

രോഗങ്ങൾ ദഹനസംബന്ധമായ രോഗം,ശ്വാസകോശ സംബന്ധമായത്, ഉപാപചയ സംബന്ധ മായത്, ത്വക്ക് രോഗം, ധാതു ലവണങ്ങളുടെ അഭാവം പരാദ രോഗങ്ങൾ, പ്രത്യുൽപ്പാദനവുമായി ബന്ധ പ്പെട്ടവ, വന്ധ്യത, അകിടുവീക്കം മുണ്ടൻ പനി, പകർച്ച വ്യാധികൾ എന്നിവയാണ് രോഗ പ്രതിരോ ഗത്തെക്കുറിച്ചും ശുചിത്വത്തെ കുറിച്ചുമുള്ള ശ്രദ്ധയില്ലായ്മയും ഇത് തുടക്കത്തിലേ ചികിൽസിച്ചു ഭേദമാക്കുന്നതിന് തടസ്സമാകുന്നു.

ഇന്ന് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും വിറക്, മണ്ണെണ്ണ ഗ്യാസ് എന്നിവയാണ് പാചക ആവശ്യത്തിനായി ഉപയോഗിക്കുന്നത്. ഈ ഇന്ധന ങ്ങൾക്കെല്ലാം തന്നെ ദൗർല്ലഭ്യം അനുഭവപ്പെടു ന്നതിനാൽ ഗോബർ ഗ്യാസ് പ്രോൽസാഹിപ്പിക്കപ്പെ ടേണ്ട ഒരു ഇന്ധനമാണ്. ഇന്ന് പഞ്ചായത്തിൽ 6 ഗോബർ ഗ്യാസ് പ്ളാൻറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇന്ന് ഗോബർ ഗ്യാസിനെ കുറിച്ച് വിദഗ്ദ്ധ ഉപദേശം നൽകുന്ന ഏജൻസിയായ ഖാദി ബോർഡ് മൃഗസം രക്ഷണ വകുപ്പുമായി സഹകരിച്ചുകൊണ്ട് സബ്സി ഡി നൽകി പ്രോൽസാഹപ്പിക്കുന്നണ്ടെണങ്കിലും ഇതൊന്നും ജനങ്ങളിൽ വേണ്ടത്ര ബോധവൽക്കരണം ഉണ്ടാക്കിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിൻെറ വലി യൊരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ സാധിക്കുമെങ്കലും പൊതുവിൽ കാലിവളർത്തൽ കുറഞ്ഞു പോയതിനാൽ ഇത് കാർഷികമഖലയെ ഗണ്യമായി ബാധിക്കുന്നു.

മുൻകാലങ്ങളിൽ മിക്കവാറും വീടകളിൽ കോഴിവളർത്തൽ ഉണ്ടായിരുന്നു. ഭൂമിയുടെ തുണ്ടു തുണ്ടായുള്ള വിഭജനവും ഇറച്ചിക്കോഴികളുടെ ഇറക്കമതിയും പോൾട്രി ഫാമുകളുടെ വിജയവും വീടകളിൽ വ്യപകമായിരുന്ന കോഴി വളർത്തൽ ഇല്ലാതാക്കി

മുഖ്യമായും കൗതുകത്തിനു വേണ്ടി മുയൽ ലവ് ബേഡ്സ് പ്രാവ് മത്സ്യം തുടങ്ങിയ ജീവികളെ വളർത്തുന്നവരും പഞ്ചായത്തിലുണ്ട്. ഇന്ന് പഞ്ചാ യത്തിൽ ഭൂരിഭാഗം ജനങ്ങളും മാംസഭുക്കുകളാണ്. അവർ പ്രധാനമായി കഴിക്കുന്ന മാംസം ആട്, കോഴി. മൂരിപോത്ത്., പന്നി എന്നിവയാണ്.

ഒരു വർത്തെ പഞ്ചായത്തിലെ മാംസ ഉപ യോഗത്തിൻെറ പട്ടിക താഴെ കൊടുത്തരിക്കുന്നു

| ജീവി | അളവ് (കിലോ) | തുക |
|---|---|---|
| മൂരി | 6,16,800 | 1,85,04,000 |
| പോത്ത് | 74,400 | 22,32,000 |
| ആട് | 2268 | 1,70,100 |
| പന്നി | 1,800 | 72,000 |
| മൊത്തം | 6,95,268 | 2,09,78,100 |

ഇതിനു പുറമെ 35000 രൂപയുടെ കോഴിയിറച്ചിയും 60000 രൂപയുടെ മുട്ടയും ഇവിടെ ദിവസം തോറും വിറ്റഴിക്കുന്നു ഇതിൽ ഭൂരിഭാഗവും അന്യസംസ്ഥനങ്ങളിൽ നിന്നും ഇറക്കുമതിയാണ്. ഇങ്ങനെ മൊത്തം ഏഴു കോടിയിലധികം രൂപ വർഷം തോറും നിലമ്പൂർ പഞ്ചായത്തിൽ നിന്നും മാത്ര മായി അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു അനു ദിനം പാഴായികൊണ്ടരിക്കുന്ന അദ്ധ്വാന ശേഷിയും നമ്മുടെ സമ്പത്തും ഉപയോഗിച്ച് ഒരു പുത്തൻ സ്വാശ്രയസംസ്കാരം വളർത്തിയെടുക്കുന്നതിന് നാം മുൻഗണന നൽകണം. ഇതിനായി പഞ്ചായത്തിൽ പുത്തൻ പദ്ധതികൾ ആവിഷ്കരിക്കണം. ഇതിനു ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്നും കോഴിക്കുഞ്ഞു ങ്ങളെ ഇറക്കുമതി ചെയ്യുന്ന സമ്പ്രദായം മാറ്റി സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ കോഴി ക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കണം. കൂടാതെ മുട്ട ഉൽപാദിപ്പിക്കുന്നതിന് പ്രോത്സാഹനവും സഹായ വും നൽകണം.

കോഴിത്തീറ്റയുടെ ടാക്സ് എടുത്തുകളയുക. അന്യ സംസ്ഥാനങ്ങളിൽ നിന്നു് അനധികൃതമായി ഇറങ്ങുന്ന കോഴികളെ തടയുകയും ശരിയായി ടാക്സ് ഈടാക്കുകയുംചെയ്യുക. കോഴിക്കൃഷിക്കാരെ കൃഷിവകുപ്പിൽ അംഗീകരിച്ച് കൃഷിയിനത്തിലുള്ള എല്ലാ ആനകൂല്യങ്ങളും നടപ്പാക്കുക. മുഖ്യഘടകമായ വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക. ഗ്രൂപ്പ് ഇൻഷുറൻസ് നടപ്പാക്കുക. ഫാമുകൾക്ക് റജിസ്ട്രേ ഷൻ നൽകുക. ബാങ്കലോണുകൾക്ക് തിരച്ചടവിന് സാവകാശം അനുവദിക്കുക.

ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിച്ചുകൊണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് നല്ല ഗുണമേൻമയുള്ള ഇറച്ചി ലഭിക്കുന്നതിനുള്ള സൗക ര്യം ഏർപ്പെടുത്തണം. ആരോഗ്യമുള്ള ജീവികളെയാണ് ഇറച്ചിക്ക് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവ രുത്തണം. ഇത് പഞ്ചായത്തിന് ധനാഗമ മാർഗ്ഗം കൂടിയാണ് . ഗ്രാമപഞ്ചായത്തിൽ ഒരു മൊബൈൽ മൃഗാശുപത്രി സ്ഥാപിക്കണം.

## പ്രധാന പ്രശ്നങ്ങൾ

1. മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത.

2. കന്നുകാലി തീറ്റയുടെ വിലവർദ്ധനവ്

3. പാൽ വിതരണത്തിലുള്ള സൗകര്യമില്ലായ്മ.

4. തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം.

5. ആധുനിക രീതിയിലുള്ള മൃഗ പരിപാല നത്തിനുള്ള അജ്ഞത.

6. പേപ്പട്ടി ശല്ല്യം.

## പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിൽ മൃഗാശുപത്രിയുണ്ടെങ്കിലും മൂന്ന് പഞ്ചായത്തുകൾക്ക് ഒരു ഡോക്ടറാണുള്ളത്. അത് പോര, പഞ്ചായത്തിന് ഒരു ഡോക്ടറെങ്കിലും വേണം. കൂടാതെ രണ്ട് വാർഡുകൾക്ക് ഒരു സബ് സെൻറർ വീതം സ്ഥാപിക്കുകയും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും വേണം.

2. കോഴി വസന്ത പോലെയുള്ള രോഗങ്ങൾക്ക് എതിരെ പ്രതിരോധ കുത്തിവെയ്പിന് മഹിളാ സമാജങ്ങളിലേയും അംഗൺവാടികളിലേയും പ്രവർത്തകർക്ക് പരിശീലനം നൽകുകയും അവർ വഴി കുത്തിവെയ്പ് നടത്തുകയും ചെയ്യുക.

3. പാലുൽപാദക സഹകരണ സംഘങ്ങൾ രൂപീകരികകുകയും അതുവഴി സബ്സിഡി നിരക്കിൽ പാലുൽപാദകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുകയും , സൊസൈറ്റി വഴി , പാലും, പാലുപോൽപന്നങ്ങളും ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യണം.

4. തരിശായി കിടക്കുന്ന ഭൂമിയിലും കൃഷി ഭൂമികളിലും ഇടവിള ചെയ്യാൻ സാധിക്കുന്നിടത്ത് തീറ്റപ്പുൽ കൃഷിചെയ്യുവാൻ വേണ്ട സാമ്പത്തിക സഹായവും , വിദഗ്ദ്ധ ഉപദേശവും , നൽകുക. പുൽവിത്ത് കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചൈയ്യുക.

5. അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ പിടിച്ചു നശിപ്പിക്കുവാനും വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തി പ്രതിരോധ കുത്തി വെയ്പ് യഥാസമയത്തു നൽകുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബഹുജന പങ്കാളിത്തത്തോടുകൂടി പദ്ധതി ആവിഷ്കരിക്കു.ക

6. കന്നു കാലി വളർത്തുനനതിനുള്ള സാമ്പത്തിക സഹായങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ വഴി നൽകുക.

7 കോഴിത്തീറ്റ യുടേയും കാലിത്തീറ്റയുടേയും തീ വിലയാണ് ഈ മേഖലയിലുള്ളവർ നേരിടുന്ന പ്രധാന പ്രശ്നം. നമ്മുടെ അടുത്ത സ്ഥലങ്ങളിലൊന്നും ഇത് ഉൽപ്പാദിപ്പിക്കപ്പെടുന്നുമില്ല. ആയതിനാൽ ഇവിടെ ഒരു കോഴിത്തീറ്റ- കാലിത്തീറ്റ ഉൽപ്പാദനശാല അടിയന്തിരമായി തുടങ്ങണം

.8. ബോധവൽക്കരണം വ്യാപകമാക്കുക

9. മാതൃകാ കാലിത്തൊഴുത്തു നിർമ്മിക്കുന്നതിനുള്ള സഹായധനം നൽകുക അകിടുവീക്കം മുതലായ മാരകമായ രോഗങ്ങളിൽ നിന്നും കന്നുകാലികളെ രക്ഷിക്കുന്നതിനു വേണ്ടി ശുചിത്വമുള്ള തൊഴുതത് നിർമ്മിക്കുക.

10. ലാഭകരമായ ക്ഷീരോൽപാദനത്തിനും ആരോഗ്യകരമായ പശുപരിപാലനത്തിനു പച്ചപ്പുല്ല് അത്യാവശ്യമാണ്. ആയതിനാൽ തീറ്റപ്പുൽ വളർത്തൽ പദ്ധതി വാണിജ്യാടിസ്ഥാനത്തിൽ നടപ്പാക്കാവുന്നതാണ്.

12. കർഷകർക്ക് ശാസ്ത്രീയമായി കന്നുകാലി പരിചരണ മുറകൾ മനസ്സിലാക്കുവാനും ബോധവൽകകരണം നടത്തുന്നതിനും വേണ്ടി കന്നുകാലി പ്രദർശനം സംഘടിപ്പിക്കാവുന്നതാണ്.

13. പഞ്ചായത്തിലെ കർഷകർക്ക് മേൽത്തരം വർഗ്ഗ ഗുണമുള്ള കാലികളെ ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. കമ്പോളത്തിൽ നല്ല പശുകളെ ലഭിക്കുവാൻ നല്ല വില നൽകണം. അതിനാൽ നല്ല കന്നുകുട്ടികളെ വളർത്തിയെടുക്കുന്നതിന് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രത്യേക പദ്ധതി കൂടുതൽ ആളുകളിലേക്ക് വ്യാപിപ്പിക്കണം. ഒരു കന്നുകുട്ടി ജനിച്ചാൽ ആ കുട്ടിക്ക് 32 മാസം വരെ ആ കുട്ടി മറ്റൊരു കുട്ടിയെ പ്രസവിക്കുന്നതുവരെ കന്നുകുട്ടിക്കു ആവശ്യമുള്ള ചികിൽസയും കാലിത്തീറ്റയും സബ്സിഡി നിരക്കിൽ നൽകുക. ഇത് ഇന്ന് നിലവിലുള്ള പദ്ധതിയിൽ ഏറ്റവും നല്ലതാണ്.

14.കുളമ്പുരോഗ നിർമ്മാർജ്ജനം - ഇത് വേഗത്തിൽ പടരുന്ന രോഗമാണ് വലിയ പശുക്കൾ പോലും ഈ രോഗം മൂലം ചത്തു പോകുന്നതിനാൽ വമ്പിച്ച ദേശിയ നഷ്ടം ഉണ്ടാകുന്നു. അതിനാൽ കുത്തിവെയ്പ്പിന് സൗകര്യംവർദ്ധിപ്പിക്കണം

### മത്സ്യ ബന്ധനം :

നിലമ്പൂർ ഗ്രാമ പഞ്ചായത്ത് ഒരു കടലേരക പ്രദേശമെല്ലങ്കിലും ഇവിടുത്തെ ഭൂരിഭാഗം ജനങ്ങളും കടൽ മത്സ്യം ഭക്ഷിക്കുന്നവരാണ്. നിലമ്പൂരിൽ ഒരു ദിവസം 30,000 രൂപക്കുള്ള മത്സ്യം വിറ്റഴിക്കുന്നുണ്ട്. ഈ പണമെല്ലാം ഈ പഞ്ചായത്തിൽ നിന്നും ഇതര സ്ഥലങ്ങളിലേക്ക് ഒഴുകുകയാണ് ചെയ്യുന്നത്. ഇത് കുറക്കുന്നതിനായി ഇവിടെ, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഇന്ന് നമ്മുടെ പ്രദേശത്ത് ചാലിയാർ കരിമ്പുഴ, കുതിരപ്പുഴ എന്നീ ജലാശയങ്ങളിൽ നിന്നും മറ്റു ചെറിയ കുളങ്ങളിൽ നിന്നുമാണ് മത്സ്യ ബന്ധനം നടത്തുന്നത്. അശാസ്ത്രീയമായ രീതിയിൽ തോട്ടകൾ പൊട്ടിക്കുകയും നഞ്ച് കലക്കുകയും ചെയ്യുന്നതിനാൽ നമ്മുടെ മത്സ്യ സമ്പത്ത് നശിച്ചു കൊണ്ടിരിക്കുകയാണ്

പഞ്ചായത്തിൽ ചെറുതും വലുതുമായ നിരവധി കുളങ്ങൾ ഉണ്ട്. ഇവയിൽ മത്സ്യ കൃഷി നടത്തുതിനുള്ള ധനസഹായവും വിദഗ്ദ്ധ ഉപദേശവും മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനുള്ള സൗകര്യവും പൊതു ജനങ്ങൾക്കിടയിൽ പ്രചരണവും നടത്തുകയാണെങ്കിൽ വികസനസാധ്യതയുള്ള ഒരു മേഖലയാണിത്.

# വ്യവസായം

വ്യവസായ ഭൂപടത്തിൽ നിലമ്പൂരിനോളം പഴക്കമുള്ള സ്ഥാനമാണ് വ്യവസായത്തിനുള്ളത്. മര വ്യവസായ രംഗത്ത് കല്ലായിക്കുണ്ടായിരുന്ന സ്ഥാനം നിലമ്പൂരിനെ കൊണ്ടാണ് നിലനിർത്തി പോന്നത്. ഇന്ത്യയിലെ തന്നെ രണ്ടാമത്തെ ബ്രോഡ്ഗേജ് റയിൽവേലൈൻ നിലമ്പൂരിൻെറ വന സമ്പത്തിനെ ലക്ഷ്യമാക്കിയാണ് ബ്രിട്ടീഷുകാരുണ്ടാക്കിയത്. ചരിത്ര പ്രസിദ്ധമായ കാനോലി പ്ലോട്ട് നിലമ്പൂരിൽ സ്ഥിതിചെയ്യുന്നു. 1848 ൽ ചാത്തുമേനോൻ നട്ടുപിടിപ്പിച്ച ഈ പ്ലോട്ടിലാണ് ലോകത്തിലെ തേക്കിൻെറ അപ്പൂപ്പൻ വളർന്നു പന്തലിച്ചു നിൽക്കുന്നത്. വനസമ്പത്തും കൊണ്ടും മറ്റു വ്യവസായിക അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടും ഒരു വിധം സംപുഷ്ടമായ നിലമ്പൂരിന് വ്യാവസായിക രംഗത്ത് കാര്യമായ നേട്ടങ്ങളൊന്നും തന്നെ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസും, സ്വകാര്യ മേഖലയിലെ തോംസൺ ഡ്രഗ്സും വൻകിട വ്യവസായങ്ങൾ ആണ്.നിലമ്പൂരിൻെറ ചരിത്രത്തോളം പഴക്കമുള്ള കളിമൺ വ്യവസായം അനുദിനം തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. 116 ഓളം സ്വകാര്യ മേഖലാ ചെറുകിട സ്ഥാപനങ്ങളും 5 വനിതാ സഹകരണ സംഘങ്ങളും ഒട്ടനവധി സ്വയം തൊഴിൽ ചെറുകിട യൂണിറ്റുകളും നിലമ്പൂരിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വ്യവസായ രംഗത്ത് കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ ഇവയ്ക്കൊന്നും സാധിച്ചിട്ടില്ല. വിവിധ മേഖലകളിലായി 948 പുരുഷൻമാരും 313 സ്ത്രീകളും ഈ രംഗത്ത് ജോലി ചെയ്യുന്നു. വനസമ്പത്ത് ശേഖരിക്കാനായി ഒരു ഗിരിജൻ സൊസൈറ്റി നിലവിലുണ്ടെങ്കിലും വ്യാവസായിക അടിസ്ഥാനത്തിൽ യാതൊരു ഉൽപന്നങ്ങളും ഉണ്ടാക്കുന്നില്ല., നിലവിലുള്ള വൻകിട വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ഒന്നിലും ചെറുകിട വ്യവസായ സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും കൂലി നിരക്കും പട്ടിക രണ്ടിലും വനിതാ വ്യവസായ സഹകരണ സംഘങ്ങളുടെ പട്ടിക 3 ലും ചേർത്തിരിക്കുന്നു.

വളരെ കുറഞ്ഞ കൂലി നിരക്കിൽ പ്രവർത്തിച്ചിട്ടും വനിതാ വ്യവസായ സഹകരണ സംഘങ്ങൾ പൂട്ടിയിടേണ്ട അവസ്ഥയിലേക്ക് നീങ്ങുന്നതിനെക്കുറിച്ച് വസ്തുനിഷ്ഠമായി പഠിക്കുകയും ശ്വാശ്വത പരിഹാര മാർഗ്ഗങ്ങൾ കാണേണ്ടതുമാണ്.

വൻകിടവ്യവസായങ്ങൾ പട്ടിക 1

തൊഴിലാളികളുടെ എണ്ണം

| വിഭാഗം | സ്ഥാപനം | പുരു | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് (പ്രവർത്തിക്കുന്നില്ല) | 1 | - | - | - |
| 2 തോംസൺ ഡ്രഗ്സ് ആൻറ് കെമിക്കൽസ് | 1 | 68 | 12 | 80 |

## വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം.

മൊത്തം തൊഴിൽ സേനയിൽ പുരുഷാധിപത്യമാണെങ്കിലും വ്യവസായ തൊഴിലാളികളിൽ ഗണ്യമായൊരു സംഭാവന സ്ത്രീകളിൽ നിന്നുമുണ്ട്.

ചെറുകിട മേഖലയിൽ ഇഷ്ടിക നിർമ്മാണം, ഗാർമെൻറ്സ് , ഇൻഡസ്ത്രിയലും സർവ്വീസ് മേഖലയിൽ എസ്.ടി.ഡി., ലാബ്, എക്സ്റെയിലും സ്ത്രീകളുടെ ആധിപത്യം തന്നെയാണ്

## പ്രശ്നങ്ങൾ:

ചുറ്റും പുഴകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന നിലമ്പൂർ പഞ്ചായത്തിൽ വികസനത്തിന് ആവശ്യമായ സ്ഥലം, ഗതാഗതം. അസംസ്കൃത പദാർത്ഥങ്ങൾ എന്നിവ ഉണ്ടെങ്കിലും വൈദ്യുതി ഒരു പ്രശ്നമായി നിൽക്കുന്നു.

1. വൈദ്യുതി ആവശ്യമായ വൈദ്യുതി ഒരുകാലത്തും ലഭിച്ചിട്ടില്ല.
2. സാങ്കേതിക പരിജ്ഞാന കുറവ്
3. അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം
4. ലൈസൻസ് ലഭിക്കാനുള്ള കടമ്പകൾ
5. ധനസഹായം കിട്ടാനുള്ള ബുദ്ധിമുട്ടുകൾ
6. വിപണന സാധ്യതയുടെ കുറവുകൾ
7. മരം ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് അനാവശ്യ നിയന്ത്രണം ഏർപ്പെടുത്തുന്നത്.

## പരിഹാരമാർഗ്ഗങ്ങൾ:

1. വൈദ്യുതി പ്രശ്നം പരിഹരിക്കാനായി നിലമ്പൂർ വെളിയംതോട്ടിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഡീസൽ ജനറേറ്റർ സ്റ്റേഷൻ എത്രയും പെട്ടെന്ന് സ്ഥാപിക്കുക (യൂറോ ക്യാപിറ്റൽ എന്ന ജർമ്മൻ ഫേം ഇതിൻെറ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കികൊണ്ടിരിക്കുകയാണ്.) സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള അനുവാദം കൊടുക്കുക കെ.എസ്.ഇ.ബി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

2. സാങ്കേതിക പരിജ്ഞാനത്തിനു വേണ്ടി ടെക്നിക്കൽ കോഴ്സുകൾ ആരംഭിക്കുക.

3. അടിസ്ഥാന സൗകര്യങ്ങൾ രൂപപ്പെടുത്തിയെടുക്കുന്ന വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

4. ലൈസൻസുകൾ പൂർണ്ണമായി പഞ്ചായത്തു തലത്തിൽ ആക്കുക.

5. ചെറുകിട വ്യവസായ ഉൽപന്നങ്ങളുടെ പരസ്യങ്ങൾ റേഡിയൊ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിൽ കുറഞ്ഞ ചിലവിൽ പരസ്യം ചെയ്യുക.

6. വിപണന കേന്ദ്രങ്ങൾ തുറക്കുക

7. നഗരങ്ങളിൽ നടക്കുന്ന എക്സിബിഷനുകളിൽ ഗ്രാമീണ ഉൽപന്നങ്ങൾ ഉൾപ്പെടുത്തുക,

8. വ്യവസായ സംരംഭകർക്ക് ബോധവൽക്കരണം നടത്തുക

## സാദ്ധ്യതകൾ

### വൻകിട വ്യവസായങ്ങൾ

1. നിലമ്പൂരിൻെറ പ്രവേശന കവാടത്തിൽ സ്ഥിതി ചെയ്യുന്ന കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥാപനമായിരിന്നിട്ടും മരം കുറഞ്ഞ നിരക്കിൽ സർക്കാർ കൊടുത്തിട്ടും ഭീമമായ നഷ്ടത്തോടെ കമ്പനി പൂട്ടേണ്ടി വന്നു. മരം പൂർണ്ണമായ വിധത്തിൽ ഉപയോഗപ്പെടുത്തുവാൻ ഫർണിച്ചർ യൂണിറ്റുകളൊ കരകൗശല യൂണിറ്റുകളോ ഇതിനോടനുബന്ധിച്ച നിലവിലില്ല. ചില പൊതുമേഖലാ സ്ഥാപനം പോലെ മാനേജുമെൻറിൻെറ പിടിപ്പുകേടുമൂലമാണ് പൂട്ടിക്കിടക്കുന്നതെങ്കിലും അതിനെ ഒരിക്കലും നീതികരിക്കാനാവില്ല. ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കാൻ സർക്കാർ ഭാഗത്തു നിന്ന് നടപടികൾ ഉണ്ടാവാൻ പഞ്ചായത്ത് സമ്മർദ്ദം ചെലുത്തണം.

2. തോംസൺ ഡ്രഗ്സ് ആൻറ് കെമിക്കൽസ് ലിമിറ്റഡ് 68 പുരുഷൻമാരും 12 സ്ത്രീകളുമടക്കം 80 പേർ ജോലി ചെയ്തിരുന്ന ഈ സ്ഥാപനം ഇന്ന് തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആൻറി മലേറിയൻ ഡ്രഗ് ഉൽപാദിപ്പിക്കുന്ന ഈ ഫാക്ടറിയുടെ ഗുണഭോക്താക്കൾ സർക്കാരുതന്നെ ആണ്. 1200 രൂപ ഉലപാദന ചിലവുവരുന്ന ഈ ഗുളികയുടെ അസംസ്കൃത പദാർത്ഥം ചൈനയിൽ നിന്നും നേർ പകുതി വിലക്ക് മറ്റു സ്ഥലങ്ങളിൽ ലഭിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനം നിലനിർത്താൻ ഫാർമസ്യൂട്ടിക്കൽ രംഗത്തെ വിദഗ്ദ്ധരുമായി ചർച്ച ചെയ്യണം

### സഹകരണ മേഖല

ടേപ്പിയാക്കോ മാർക്കറ്റിംഗ് സൊസൈറ്റി ഇപ്പോൾ മാർക്കറ്റിംഗ് സൊസെറ്റിയിൽ ലയിച്ചു.

നിലമ്പൂർ ഹാൻറിക്രാഫ്റ്റ്സ് ,സ്മാൾ സ്കെയിൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി : 54 വനിതാ മെമ്പർമാരുള്ള ഈ സൊസൈറ്റി 1964 ൽ ആരംഭിച്ചതാണ്. 10 പേർക്ക് തൊഴിൽ നൽകിയിരുന്ന പുൽപ്പായ നിർമ്മാണമാണ് നടത്തിയിരുന്നത്. മാർക്കറ്റിൽ മെക്കുനൈസ് പുൽപ്പായകൾ (മറ്റു സംസ്ഥാനങ്ങളിൽ നിന്നും ) ഇതിലും കുറഞ്ഞ വിലക്ക് ലഭ്യമാകുന്നതിനാലും ഈ രംഗത്തെ വളരെ കുറഞ്ഞ കൂലിനിരക്കും ഈ നിർമ്മാണം നിർത്തിവയ്ക്കാൻ നിർബ്ബന്ധിതമാക്കി.

നിലമ്പൂർ പഞ്ചായത്തിൽ 8ാം വാർഡിൽ പ്രവർത്തിക്കുന്ന ഈ സംഘം സോപ്പു നിർമ്മാണത്തിനാവശ്യമായ സ്കീം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അതുതുടങ്ങാനാവശ്യമായ നടപടികൾ കൈക്കൊണ്ടാൽ ഈ സൊസൈറ്റി ലാഭകരമാക്കാൻ കഴിയും.

**കെ. വാസു മെമ്മോറിയൽ വുമൻസ് ഗാർമൻറ്സ് ഇൻഡസ്ട്രീസ് കോ ഓപ് സൊസൈറ്റി:**

ഇത് പൂർണ്ണമായും ഒരു വനിതാ സംരംഭമാണ് ഉൽപാദിപ്പിച്ചിരുന്ന ഗാർമെൻറ്സിന് മാർക്കറ്റിൽ ഓർഡറില്ലാതെ വരുമ്പോൾ ഓടി നടന്ന് ഓർഡർ പിടിക്കാനുള്ള ബുദ്ധിമുട്ടും ഇതിൻെറ തകർച്ചക്ക് കാരണമായി ഈ യുണിറ്റ് സെമി മെക്കാനൈസ്ഡ് ആക്കുകയാണെങ്കിൽ മാർക്കറ്റിൽ മറ്റുൽപന്നങ്ങളോടൊപ്പം വിലയിൽ പിടിച്ചു നിൽക്കുവാൻ സാധിക്കും .

നിലമ്പൂർ മഹിളാ ഗ്രാമ വ്യവസായ സഹകരണ സംഘം.: നിലമ്പൂർ പഞ്ചായത്തിൽ 6ാം വാർഡിൽ തന്നെയുള്ള ഈ സംഘവും 13 വർഷങ്ങൾക്കു മുമ്പ് ഒരു മാച്ച് ഡിപ്പിംഗ് യൂണിറ്റിന് സ്കീം തയ്യാറാക്കി കൊടുത്തു. എന്നാൽ എക്സ്പ്ലോസീവ് റെഗുലേറ്റീവ് ആക്ട് പ്രകാരം അനുമതി ലഭിച്ചില്ല. ഇവരും ഒരു സോപ്പ് മാനുഫാക്ചറിംഗ് ആൻറ് ഡിറ്റർജൻറ് പൗഡർ ഉണ്ടാക്കാനുള്ള യൂണിറ്റിന് അപേക്ഷിച്ചിട്ടുണ്ട്. കാലതാമസമൊഴിവാക്കി ഇതനുവദിച്ചു കിട്ടുകയാണെങ്കിൽ ഈ ഏരിയയിൽ ഇത് ലാഭകരമായി പ്രവർത്തിപ്പിക്കാം

മൾബറി യൂണിറ്റ്സ്: സഹകരണ രംഗത്തും

ഡി.ഡബ്ളിയു.സി.ആർ.എ. യൂണിറ്റായും 2 വനിതാ യൂണിറ്റുകൾ പട്ടുനൂൽ കൃഷിക്കായി റജിസ്റ്റർ ചെയ്തിരുന്നെങ്കിലും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. പട്ടുനൂൽ ഉൽപാദനത്തെകുറിച്ചുള്ള സാങ്കതിക പരിജ്ഞാന കുറവ് പരിഹരിച്ചാൽ കുറഞ്ഞകാലം കൊണ്ടു തന്നെ ലാഭകരമായി മാറ്റാവുന്ന സംരംഭമാണ് ഇത്.

സഹകരണ മേഖല -പട്ടിക 3

വനിതാ വ്യവസായങ്ങൾ:-

1.നിലമ്പൂർ ഹാൻഠി ക്രാഫ്റ്റ്സ് സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് കോ-ഓപ് സൊസൈറ്റി

2.കെ.വാസു മെമ്മോറിയൽ വിമൻസ് ഗാർമെൻറസ്

3.നിലമ്പൂർ മഹിളാ വനിതാ മൾബറി യൂണിറ്റ്.

4. നിലമ്പൂർ മഹിളാ ഗ്രാമ വ്യവസായ യുണിറ്റ്

5.വനിതാ മൾബറി

6.വനിതാ ഹോട്ടൽ

### മൺപാത്ര വ്യവസായം:

അരുവാക്കോട് ആർട്ടിസാൻസ് പോട്ടറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ഈ പഞ്ചായത്തിൻെറ 12ാം വാർഡിലാണ് . കളിമൺ വ്യവസായത്തിൻെറ ഏറ്റവും പ്രാവീണ്യം നേടിയവരാണ് ഇവിടെ പ്രവർത്തിക്കുന്നത്. അതി പുരാതനകാലം മുതൽ ഇവിടെയും നിലമ്പൂർ പഞ്ചായത്ത് 4ാം വാർഡ് കൊയപ്പാൻ വളവിലെയും കുറെ വീട്ടുകാർ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരുണ്ടാക്കുന്ന കരകൗശല വസ്തുക്കൾക്ക് മാർക്കറ്റ് ലഭിക്കാത്തതാണ് ഏറ്റവും വലിയ പ്രശ്നം. ഈ സൊസൈറ്റിയിൽ മെക്കാനൈസ്ഡ് യൂണിറ്റുണ്ടാക്കുകയും പഞ്ചായത്തു തലത്തിൽ പ്രാദേശിക വിപണിയും ഡൽഹി ബോംബെ തുടങ്ങിയ വൻ നഗരങ്ങളിൽ ഹാൻഡിക്രാഫ്ട് എക്സിബിഷനുകളിൽ പ്രദർശിപ്പിക്കാനുള്ള സാമ്പത്തിക സഹായവും ചെയ്തുകൊടുക്കുക..

### മിൽക് ചില്ലിംഗ് പ്ളാൻെറ്:

സഹകരണ മേഖലയിൽ വളരെ ലാഭകരമായി പോകുന്ന മിൽമയുടെ മിൽക് ചില്ലിംഗ് പ്ളാൻറ് യൂണിറ്റ് നിലമ്പൂർ പഞ്ചായത്ത് 12ാം വാർഡിൽ സ്ഥിതിചെയ്യുന്നു. 14 പുരു.ഷൻമാരും രണ്ട് സ്ത്രീകളും ഇവിടെ ജോലി ചെയ്യുന്നു.

### നിർദ്ദേശങ്ങൾ:

വ്യവസായ എസ്റ്റേറ്റ്:-: വ്യവസായത്തിന് അത്യന്താപേക്ഷിതമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ചുരുങ്ങിയത് 10 എക്കർ സ്ഥലത്ത് ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക. നിലമ്പൂർ പ്രദേശത്തെ പല സ്ഥലങ്ങളും പരിശോധിച്ചതിൽ നിന്നും അനുകൂല സാഹചര്യങ്ങളുള്ള നിലമ്പൂർ വല്ലപ്പുഴയിൽ പി.വി. കോളനിക്കടുത്തുള്ള അലക്സിൻെറ ഭൂമി (2) അരുവാക്കോട് മെയിൻ റോഡു സൈഡിലുള്ള പറമങ്കിമാവിൻ തോട്ടം ഇവയിലേതലെങ്കിലും സ്ഥാപിക്കാവുന്നതാണ്. ഗതാഗത സൗകര്യം വെള്ളം എന്നിവ ഇവിടെ സുലഭമാണ് വെളിയം തൊട് സബ്സ്റ്റഷനിൽനിന്നുള്ള കാളികാവ് ഫീഡർ അലക്സിൻെറ ഭൂമിക്കടുത്തുകൂടെ പോകുന്നു. ജനസാന്ദ്രത കുറഞ്ഞ പ്രദേശമായതിനാൽ അന്തരീക്ഷമലിനീകരണം ഒരു പരിധിവരെ പ്രശ്നമല്ലാതായി തീരും പുതിയ വ്യവസായം തുടങ്ങാനുള്ള പട്ടിക 4 ലും വനിതാ വ്യവസായങ്ങൾ തുടങ്ങാനുള്ള പട്ടിക 5 ലും കൊടുത്തിരിക്കുന്നു.

### നിർദ്ദേശങ്ങൾ:

1. നവീന രീതിയിലുള്ള കൊപ്ര നിർമ്മാണം

2.പരമ്പരാഗത രീതിയിലുള്ള കൊപ്ര നിർമ്മാണം.

3. റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ

4. ഫോം ബെഡ് നിർമ്മാണം.

5. കോയറൈസ്ഡ് ഫോം ബെഡ്.

6. പഴവർഗ്ഗ സംസ്കരണം.

7. മാംസ സംസ്കരണം.

8. ലതർ നിർമ്മാണം.

9. സീസണൽ ഫ്രൂട്ട് സോഫ്റ്റ് ഡ്രിംഗ്സ്

10. റബ്ബർ വുഡ് സംസ്കരണവും വീട്ടുപകരണങ്ങളും ഫർണിച്ചറും നിർമ്മിക്കുന്നത്.

11. സ്റ്റീൽ ഫർണ്ണിച്ചർ മാനുഫാക്ചറിംഗ്.

12. ഹോളോ ബ്രിക്സ് നിർമ്മാണം.

13. കോൺഗ്രീറ്റ് കട്ടിള നിർമ്മാണം.

14. വുഡ് കാർവിങ്ങ് യൂണിറ്റുകൾ.

15. ഫുള്ളി മെക്കനൈസ്ഡ് ഗാർമെൻറ് യൂണിറ്റുകൾ

16. മെക്കനൈസ്ഡ് ചിപ്സ് നിർമ്മുാണം

17. അവിൽ നിർമ്മാണം.

18. ലതർ ചെരുപ്പ് നിർമ്മാണം.

19. സ്പോർട്സ് സാമഗ്രികളുടെ നിർമ്മാണം.

20. ബൾബ് നിർമ്മാണം.

21. പടക്ക നിർമ്മാണം.

22. അലുമിനിയം ഫർണ്ണീച്ചർ.

23. കോക്കനട്ട് ഓയിൽ മില്ലുകൾ.

24.വാർണിഷ് ഹോളിവ് നിർമ്മാണം

25. കരിങ്കൽ ക്വാറികൾ.

നിർദ്ദേശങ്ങൾ (വനിത:)

1. ബഡ്സ് നിർമ്മാണ യൂണിറ്റ്.

2. ഹെയർ ഓയിൽ ആൻറ് പെർഫ്യൂംസ് യൂണിറ്റ്.

3. കറി പൗഡർ നിർമ്മാണ യൂണിറ്റ്

4. ബെഡ് ഷീറ്റ് ആൻറ് പില്ലോ കവർ നിർമ്മാണം.

5. പ്രിൻറിംഗ് പ്രസ്സ്.

6. മിനി ഓഫ് സെറ്റ് പ്രിൻറിംഗ് പ്രസ്സ്

7. ഫോട്ടോസ്റ്റാറ്റ് , ഫാക്സ് , ലാമിനേഷൻ.

8. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.

9. സോപ്പ് നിർമ്മാണം.

10. മെഴുകുതിരി, കൊതുകു തിരി, ചന്ദനത്തിരി

11. മുള കൊണ്ടും ചിരട്ട ചകിരി, എന്നിവ കൊണ്ടും ഫാൻസി സാധനങ്ങളുടെ നിർമ്മാണം.

12. എരങ്കോൽ, ചൂരൽ, മുള എന്നിവയുടെ ഫർണ്ണിച്ചറുകൾ.

13. ചെരുപ്പു നിർമ്മാണം

## ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. ഹോളോ ബ്രിക്സ്," ചന്ദനത്തിരി നിർമ്മാണം

2. കാലിത്തീറ്റ കോഴിത്തീറ്റ നിർമ്മാണം.

3. അച്ചാർ, കാപ്പിപ്പൊടി നിർമ്മാണം

4. കൈക്കോട്ട് , പിക്കാസ്, കത്തി.

5. പ്ളാസ്റ്റിക് ഉൽപന്ന നിർമ്മാണം.

6. ബുക്ക് ബൈൻഡിംഗ് , സ്കൂൾബാഗ്.

7. ബ്രൗൺപേപ്പർ നിർമമാണ യൂണിറ്റുകൾ.

(നവീന രീതിയിലുള്ളത്)

കൊപ്ര: നിലമ്പൂരിൻെറ മുഖ്യ കാർഷികോൽപന്നമായ നാളികേരം ഉപയോഗിച്ചുള്ള വ്യവസായങ്ങൾ വളരെ കുറവാണ്. 1995 ലുള്ള സർവ്വേ പ്രകാരം 64 കോടി നാളികേരം നിലമ്പൂർ മണ്ഡലത്തിൽ ഉൽപാദിപ്പിക്കുന്നുണ്ടെങ്കിലും 75 % നാളികേരവും പുറം നാടുകളിലേക്ക് കൊണ്ടുപോവുകയാണ്. പരമ്പരാഗത രീതിയിൽ കൊപ്ര തയ്യാറാക്കുന്ന ഒറ്റ യൂണിറ്റെ നിലമ്പൂരിൽ ഉള്ളു. എന്നുള്ളതിൽ നിന്നും ഈ വ്യവസായത്തിൻെറ പിന്നോക്കാവസ്ഥ മനസ്സിലാക്കാവുന്നതാണ്.വ്യാവസായിക അടിസ്ഥാനത്തിൽ വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന ഏക സ്ഥാപനം നിലമ്പൂർ പഞ്ചായത്തിൽ 6ാം വാർഡിലാണ്." ഇവിടെ പോലും ഒരു വർഷം പൂർണ്ണമായി പ്രവർത്തിക്കുവാനുള്ള കൊപ്ര ലഭിക്കുന്നില്ല. നിലമ്പൂർ പഞ്ചായത്തിലെ 4,6,12 എന്നീ വാർഡുകളിൽ ആധുനിക കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുവാനുള്ള സാമ്പത്തിക സഹായം, പരമ്പരാഗതമായി കൊപ്ര ഉണ്ടാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയുംചെയ്താൽ തെങ്ങുകൾ സുലഭമായ ഈ വാർഡുകളിൽ ഈ വ്യവസായത്തിനുള്ള സാധ്യത കൂടും. നിലമ്പൂരിലെ ദേശസാൽകൃത ബാങ്കുകളും കെ.എഫ്.സി, കേരഫെഡ് തുടങ്ങിയവയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ ഈ രംഗത്തേക്കു കടന്നുവരാൻ നിരവധി പേർ തയ്യാറാണ്.

റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ: കേരളത്തിൽ തന്നെ വളരെയധികം റബ്ബർ ഉൽപാദിപ്പിക്കുന്ന നിലമ്പൂരിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. തൊട്ടടുത്ത മമ്പാട് പഞ്ചായത്തിൽ റബ്ബർ അസംസ്കൃത പദാർത്ഥമായി മാറ്റപ്പെടുന്നുണ്ടെങ്കിലും ഉൽപന്നമായി മാറ്റുന്നില്ല. ഈ വ്യവസായത്തിനനിവാര്യമായ കാർബൺ ലഭ്യമല്ലാത്തതും അനുകൂല സാഹചര്യങ്ങളല്ലാത്തതും ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുവെങ്കിലും ചെറുകിട റബ്ബറധിഷ്ഠിത വ്യവസായങ്ങളുണ്ടാക്കാൻ ധാരാളം അവസരങ്ങളുണ്ട്.

ഉദാ: ഒട്ടോമൈബൈൽ , ജനറൽ ബുഷസ്, ഗ്ളൗസ്,മാറ്റ്സ്, ത്രെഡ് റബ്ബർ

റബ്ബർ വുഡ് ട്രീറ്റ്മെൻറ്:- റബ്ബർ വുഡ് ട്രീറ്റു ചെയ്ത് കെട്ടിട നിർമ്മാണത്തിനാവശ്യമായ കട്ടിള ജനൽ എന്നിവ വളരെ കുറഞ്ഞ ചെലവിൽ ഉണ്ടാക്കാവുന്നതാണ്. അതുപോലെ ഇതുയോഗിച്ചുണ്ടാക്കുന്ന ഫർണ്ണീച്ചറുകൾ ഇറ്റാലിയൻ ഫർണ്ണീച്ചറുകളോട് കിടപിടിക്കത്തക്കവയായതിനാൽ മാർക്കറ്റിംഗ് പ്രശ്നമാവുന്നില്ല.

അവലംബം റബ്ബർ ബോർഡ്, പ്ളാൻേറഷൻ കോർപ്പറേഷൻ, കിറ്റകോ.

## മാംസ സംസ്കരണവും തുകൽ സംസ്കരണവും :

വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ആടുമാടുകളെ കശാപ്പുചേയ്യുന്നത് നിരോധിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഇവിടെ ഒരു മാംസ സംസ്കരണ ശാലക്ക് വളരെയധികം സാധ്യതകളാണുള്ളത്. സംസ്കരിച്ചെടുക്കുന്ന മാംസം ആഭ്യന്തര വിപണിയിലും വിദേശ വിപണിയിലും നല്ല ഡിമാൻറ് ഉള്ളതാണ്.

തുകൾ സംസ്കരണത്തിനാവശ്യമായ തുകലും വെള്ളവും ഒഴിഞ്ഞ സ്ഥലവും നിലമ്പൂരിൽ ലഭ്യമാണ്. സംസ്കരിച്ച തുകലുകൾ വടക്കെ ഇന്ത്യയിലെ വൻകിട ചെരുപ്പു നിർമ്മാതാക്കൾക്ക് വിറ്റഴിക്കാനും നിലമ്പൂരിൽ തന്നെ ഒരു ചെരുപ്പും ലെതർ ഗുഡ്സ് ഫാക്ടറിയും തുടങ്ങാനുള്ള സാധ്യതകളും വളെരെയാണ്.

പഴവർഗ്ഗ സംസ്കരണം:- നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന ചക്ക, മാങ്ങ, കൈതച്ചക്ക, വാഴപ്പഴങ്ങൾ കശുമാങ്ങ , പപ്പായ എന്നിവയ്ക്ക് സീസൺ സമയത്ത് മതിയായ വില ലഭിക്കാതെ നഷ്ടപ്പെട്ടു പോവുകയാണ്. ഇവിടെ 10 രൂപയ്ക്കു ലഭിക്കുന്ന ഒരു വലിയ ചക്ക തമിഴ്നാട്ടിൽ 100 മുതൽ 150 രൂപ വരെ വില ലഭിക്കുന്നു. ഇതുപയോഗപ്പെടുത്തി പഴവർഗ്ഗങ്ങൾ സീസൺ സമയത്ത് ശേഖരിച്ച് സംസ്കരണം നടത്തി ഓഫ് സീസണിൽ ഇതിന് വൻ വിപണി കണ്ടെത്താവുന്നതാണ്. ഇതോടു കൂടി പഴവർഗ്ഗങ്ങൾ ഉപയോഗിച്ച് ശീതളപാനീയങ്ങൾ ഉൽപാദിപ്പിക്കുന്ന ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി മൈസൂർ, നമ്മുടെ ഇൻഡസ്ട്രിയൽ വകുപ്പ് മുതലായവയുമായ ബന്ധപ്പെട്ടാൽ ആവശ്യമായ സാങ്കേതിക വിവരങ്ങൾ ലഭിക്കുന്നതാണ്.

വുഡ് കാർവിംഗ് യൂണിറ്റ്::- ഇതൊരു നല്ല വ്യവസായമായി ഇവിടെ വളരാതിരിക്കാനുള്ള കാരണം ഈ കാർവിംഗിനാവശ്യമായ വിവിധ തരം ഡൈകൾ ഒരുമിച്ച് സൂക്ഷിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ടാണ്. അതിനൊരു പരിഹാരമായി വിവിധതരം ഡൈകൾ ഉണ്ടാക്കുവാൻ ഒരു മാസ്റ്റർ യൂണിറ്റുണ്ടാക്കുകയാണെങ്കിൽ ഓരോ ഡൈ ഉപയോഗിച്ചുള്ള കാർവിംഗിനും ഓരോ ചെറിയ കാർവിംഗ് യൂണിറ്റു കൂടി തുറക്കാൻ കഴിയും . കോട്ടക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ വളരെ ലാഭകരമായി പ്രവർത്തിക്കുന്ന ഇത്തരം യൂണിറ്റുകൾ ലോകപ്രശസ്തമായ മരങ്ങൾ കൊണ്ട് അനുഗ്രഹീതമായ നമ്മുടെ നാട്ടിൽ എന്തുകൊണ്ടും ലാഭകരമായിരിക്കും. ഈ വ്യവസായത്തിന് വിലങ്ങായി നിൽക്കുന്ന അമിതമായ നിയന്ത്രണങ്ങൾ എടുത്തു കളയേണ്ടതാണ്.

ഫുള്ളി മെക്കാനൈസ്ഡ് ഗാർമെൻറ് മേക്കിംഗ് യൂണിറ്റ്:-

നിലമ്പൂരിൽ എവിടെയും ടൈലറിംഗ് പഠിച്ച യുവതീയുവാക്കളെ കാണാം. ഈ റെഡിമെയ്ഡ് യുഗത്തിൽ ഇത്തരത്തിലുള്ള ഗാർമെൻറ് യൂണിറ്റ് സ്ഥാപിച്ചാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ ഉൽപാദിപ്പിക്കാൻ കഴിയും . വിദഗ്ദ്ദരായ തൊഴിലാളിൾ ഇവിടെ തന്നെ ഉള്ളതുകൊണ്ട് ഈ യൂണിറ്റ് എന്തുകൊണ്ടും ലാഭകരമാക്കാവുന്നതാണ്.

സ്പോർട്സ് ഗുഡ്സ് നിർമ്മാണം:-

മഹാഗണി, മഞ്ഞക്കടമ്പ് വെള്ള അകിൽ മാതലായ മരങ്ങൾ സുലഭമായ നിലമ്പൂരിൽ ഒരു സ്പോർട്സ് ഗുഡ്സ് നിർമ്മാണ യൂണിറ്റ് വളരെ ലാഭകരമായ രീതിയിൽ കൊണ്ടു പോകാവുന്നതാണ്. പ്രശസ്തമായ കാരംബോർഡ് നിർമ്മിക്കുന്ന ക്രസൻറ് ഇൻഡസ്ട്രി ഇതിനൊരു ഉത്തമ ഉദാഹരണമെന്നോണം നിലമ്പൂർ പഞ്ചായത്തിൽ 3ാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

ചിപ്സ് മാനുഫാക്ചറിംഗ് യൂണിറ്റ്.: ഇവിടെ ഉൽപാദിപ്പിക്കുന്ന നേന്ത്രക്കായയും കപ്പയും ഇറക്കുമതി ചെയ്യുന്ന ഉരുളക്കിഴങ്ങും ഉപയോഗിച്ച് ആധുനിക രീതിയിൽ ഒരു ചിപ്സ് നിർമ്മാണ ശാല തുടങ്ങാവുന്നതാണ്. നേന്ത്രക്കായയും കപ്പയും ഇവിടെ തന്നെ ഉൽമപാദിപ്പിക്കുന്നതിനാൽ കർണ്ണാടകയിലും മംഗലാപുരത്തും ഇത്തരത്തിൽ പ്രവർത്തിക്കുന്ന യൂണിയറ്റുകളേക്കാൾ ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയും.

ഖാദിമേഖല:

ഖാദിമേഖലയിൽ കാര്യമായ ചലനം നിലമ്പൂരിലില്ല എന്നാൽ 8ാം വാർഡിൽ 28 വനിതകളെ സംഘടിപ്പിച്ചുകൊണ്ടുള്ള ഒരു നൂൽനൂൽപ്പു കേന്ദ്രവും 50 സെൻറ് സ്ഥലവും ഉണ്ട് . കുറഞ്ഞ കൂലി നിരക്ക് ഈ മേഖലയിലെ തൊഴിലാളികളെ അസംതൃപ്തരാക്കുന്ന ഘടകമാണ്. ഇവിടെ 10 തറികളുള്ള ഒരു ചെറിയ നെയ്ത്തു ശാലക്ക് സാധ്യതയുണ്ട്. 13ാം വാൻഡിൽ ഖാദിബോർഡിൻെറ ഒഴിഞ്ഞു കിടക്കുന്ന ഷെഡ്ഡിൽ അച്ചാറു നിർമ്മാണം, കറിപൗഡർനിർമ്മാണം മുതലായവ ലാഭകരമായി കൊണ്ടു പോകാം.

ടൂറിസം:

നിലമ്പൂരിലെ ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.

1. ബോധവൽക്കരണം:

ടൂറിസം വികസനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സാമൂഹ്യ ബോധവൽക്കരണം. നമ്മടെ സംസ്കാരവുമായി ഇണങ്ങാൻ സംസ്കാരത്തിൻെറ കണ്ണികളായാണ് ഇവിടെ ടൂറിസ്റ്റുകൾ എത്തുന്നത്. അവരോടു പെരുമാറേണ്ട രീതികളേയും അവരുടെ സ്വകാര്യതകളേയും അലോസരപ്പെടുത്താതിരിക്കാനും നാം സ്വയം തയ്യാറാകണം.

2. പാർക്ക്:

നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ റെയിൽവേയുടെയൊ വല്ലപ്പുഴയിലെ ഫോറസ്റ്റിനെയൊ നല്ലൊരു പാർക്കായി വികസിപ്പിച്ചെടുക്കേണ്ടതും വളരുന്ന തലമുറക്കായി അവിടെ ഒരു ചിൽഡ്രൻസ് പാർക്കും രൂപപെപ്പടുത്തേണ്ടതാണ്.

3. തേക്ക് മ്യൂസിയത്തിനു സമീപം ഒരു വഴിയോര വിശ്രമ കേന്ദ്രവും ഒരു ഇൻഫർമേഷൻ സെൻററും റെസ്റ്റോറൻറും സ്ഥാപിക്കുക.

4. പ്രധാന ഹോട്ടലുകളിൽ വിദേശികൾക്ക് താമസിക്കാനും, വിശ്രമിക്കാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. നിലമ്പൂർ റെയിൽവേ മൈസൂർ വരെ നീട്ടുക.

| നാളികേര വില 1000ന് | ലഭിക്കുന്ന കൊപ്ര | വില കിൻറലിന് | തുക | ചകിരി | ചിരട്ട | കൂലി | ലാഭം |
|---|---|---|---|---|---|---|---|
| 4500.00<br><br>ചിലവുകൾ :-<br>ട്രാൻസ്പോർട്ടിങ്ങ് = 60 രൂപ<br>കയറ്റിറക്ക് = 60 രൂപ<br>കൊപ്രയാക്കാൻ = 400 രൂപ<br>ആകെ = 520 രൂപ | 160.000 | 3600.00 | 5760.00 | 150.00 | 150.00 | 520.00 | 1140.00 |

അവലംബം:- മലയാള മനോരമ, കേരകല ഓയിൽമിൽസ്

*തദ്ദേശ ഭരണസസ്ഥനങ്ങൾക്കു നാം എത്രത്തോളം വലിയ പങ്കു നൽകുന്നുവോ അത്രത്തോളംവലുതായിരിക്കും 9ാം പദ്ധതിയുടെ 5വർഷക്കാലത്തുമൂലധന സമാഹരണത്തിലും വരുമാനം ഉണ്ടാക്കുന്നതിലുംതൊഴിലവസരം സൃഷ്ടിക്കുന്നതിലും നമ്മുടെ ലക്ഷ്യത്തിനപ്പുറം എത്താനുള്ള സാദ്ധ്യത*

ഡോ. ഐ,എസ്.ഗുലാത്തി

ചെറുകിട വ്യവസായ സ്ഥപനങ്ങൾ (സ്വകാര്യ മേഖല)- പട്ടിക 2

| നമ്പർ | വിഭാഗം | തൊഴിലാളികളുടെഎണ്ണം ആകെ | പുരുഷൻ | സ്ത്രീ | കൂലി പുരുഷൻ | സ്ത്രീ | പൂട്ടിയവ |
|---|---|---|---|---|---|---|---|
| 1. | ഓട്ടോമൊബൈൽസ് | 7 | 48 | - | 20-100 | - | 1 |
| 2 | സ്പോർട്സ്ഗുഡ്സ് | 1 | 3 | - | 125 | - | - |
| 3. | മെറ്റൽ ഇൻഡസ്ട്രീസ് | 12 | 45 | - | 80 | - | - |
| 4 | ബ്രിക്സ് | 5 | 14 | 26 | 70 | 55 | 1 |
| 5 | ടൈൽസ്&ബ്രിക്സ് | 2 | 95 | 19 | 81.15 | 81.15 | 1 |
| 6 | വുഡ് ഇൻഡസ്ട്രീസ് | 41 | 135 | 1 | 100 | 40 | 3 |
| 7 | പ്രിൻറിംഗ് | 7 | 28 | 11 | 60 | 30 | - |
| 8. | ഗാർമെൻറ്സ് | 10 | 2 | 50 | 40 | 30 | 3 |
| 9. | ഫുഡ് | 4 | 8 | - | 80 | - | - |
| 10 | ടയർ റീത്രഡിംഗ് | 7 | 29 | - | 70 | - | - |
| 11 | മെഴുകുതിരി | 1 | - | - | - | - | 1 |
| 12 | ഫാർമസ്യൂട്ടിക്കൽസ് | 1 | - | - | - | - | 1 |
| 13 | ജ്വല്ലറി ആൻറ് ബാങ്കിൾ കട്ടിംഗ് | 7 | 7 | - | 150 | - | - |
| 14 | ഇലക്ട്രിക്കൽ റീവൈൻഡിംഗ് | 11 | 33 | - | 150 | - | - |
| 15 | സ്റ്റീൽ ഫർണ്ണീച്ചർ | 4 | 28 | 18 | 80 | 40 | - |
| 16 | സർവ്വീസ് ബിസിനസ്സ് എസ്റ്റാബ്ളിഷ്മെൻറ് | 43 | 26 | 26 | 10മുതൽ | 100 | - |
| 17 | പ്ളാസ്റ്റിക് | 2 | 3 | 1 | 60 | 30 | - |
| 18 | ആയുർവ്വേദമെഡിസിൻ | 5 | 16 | 4 | 40 മുതൽ | 100 | - |
| 19 | ബെഡ്(സിൽക് കോട്ടൺ) | 3 | 9 | 9 | 50 മുതൽ | 75 | |
| - | | | | | | | |
| 20 | ബെഡ്ഡ്(വെയ്സ്റ്റ് കോട്ടൺ) | 12 | 12 | 13 | 50മുതൽ | 75 | - |
| 21 | ലെതർ വർക്സ് | 3 | 4 | - | - | 100 | 1 |
| 22 | റബ്ബർ | 1 | 7 | 2 | 100 | 60 | - |
| 23 | ഐസ്ക്രീം | 2 | 5 | - | - | 60 | - |
| 24 | സ്റ്റുഡിയോ | 9 | 26 | 1 | 50 | - | - |
| 25 | കമ്പ്യൂട്ടർ & ഇലക്ട്രോണിക്സ് | 3 | 3 | - | 100 | - | - |
| 26 | ലൈ.വർക്സ്(കുടിൽ) | 1 | 1 | 1 | 100 | - | - |
| 27 | അപ്ഹോൾസ്റ്ററി | 4 | 8 | - | 100 | - | - |
| 28 | സിമൻറ്ഹോളോ ബ്രിക്സ് | 2 | 7 | 3 | 60 | 40 | - |
| 29 | ഓയിൽ മിൽ | 1 | 5 | - | 60 | - | - |
| 30 | ബോബിവർക്ഷോപ്പ് | 1 | 4 | - | 100മുതൽ | 125 | - |
| 31 | ഇരുചക്രമൂന്നുചക്ര വാഹനങ്ങളുടെ വർക്ഷോപ്പ് | 13 | 52 | - | 15മുതൽ | 100വരെ | - |
| 32 | സോഡാ ഫാക്ടറി | 7 | 7 | - | 60 | - | - |
| 33 | ഓടു പാത്ര നിർമ്മാണം | 3 | 3 | - | 50 | - | - |
| 34 | ചിപ്സ് ആൻറ് അച്ചാർ | 4 | 4 | 2 | 55 | 35 | - |
| 35 | സുഗന്ധദ്രവ്യം | 1 | 3 | 7 | 50 | 40 | - |
| 36 | ഹോട്ടൽ-റസ്റ്റാറൻറ് ഗ്രേഡ്-1 | 1 | 18 | 2 | 30 മുതൽ | 150 | - |
| | ഗ്രേഡ്-2 | 21 | | | | | |
| | മക്കാനികൾ | 42 | 84 | 42 | 20മുതൽ | 60വരെ | - |
| 37 | കൊപ്രസംസ്കരണം | 1 | 6 | 2 | 100 എണ്ണ-400രൂപ | | - |
| 38 | പപ്പടം | 21 | 20 | 43 | 30 മുതൽ 80 | | |
| 39 | മൺപാത്രവ്യവസായം(കുടിൽ) | 30 | പൂർണ്ണമായുംകുടിൽ വ്യവസായം - | | | | |

# വിദ്യാഭ്യാസം

കിഴക്കൻ ഏറനാടിന്റെ സിരാകേന്ദ്രമായ നിലമ്പൂർ പട്ടണം ഉൾക്കൊള്ളുന്ന നിലമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം ഒരു നൂറ്റാണ്ടോളം പഴക്കമുള്ളതാണ് . 1903 ൽ സ്ഥാപിതമായ ലോലി ബോർഡ് ഹിന്ദു ലോവർ എലിമെൻററി സ്കൂളാണ് ഈ ചരിത്രത്തിന് തുടക്കം കുറിക്കുന്നത്. 20ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തുടങ്ങിയ ഈ വിദ്യാലയം ഇന്ന് ഗവ: മോഡൽ അപ്പർ പ്രൈമറി സ്കൂൾ എന്ന പേരിൽ നിലകൊള്ളുന്നു. എങ്കിലും ഈ പഞ്ചായത്തു പ്രദേശം ഒരു വിദ്യാഭ്യാസ മുന്നേറ്റത്തിന് സജ്ജമായത് നാൽപതുകൾക്കു ശേഷമാണ്. 1940 ൽ സ്ഥാപിതമായ നിലമ്പൂർ മാനവേദൻ ഹൈസ്കൂളാണ് ഇതിനു കരുത്തേകിയത്. വിദ്യാഭ്യാസ തൽപരനായിരുന്ന നിലമ്പൂർ കോവിലകത്തെ ശ്രീ മാനവേദൻ രാജയാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. 1939 ൽ മദിരാശി സ്റ്റേറ്റ് വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ ടി. വർക്കിയാണ് ഈ വിദ്യാലയത്തിന് തറക്കല്ലിട്ടത്. നിലമ്പൂർ കോവിലകത്തിന്റെ സാംസ്കാരിക പ്രവർത്തനത്തിന്റെ ഭാഗമായി സ്ഥാപിച്ച കളത്തിൻ കടവ് റിക്രിയേഷൻ ക്ളബ്ബിലാണ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. സ്ക്കൂൾ ആരംഭിച്ച വർഷത്തിൽ ഈ വിദ്യാലയത്തിൽ 87 വിദ്യാർത്ഥികളും 2 അദ്ധ്യാപകരുമാണുണ്ടായിരുന്നത്. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ എ. എസ് ഗോപാലകൃഷ്ണ അയ്യർ (BA LT)ആയിരുന്നു. സ്വാതന്ത്ര്യത്തിനു മുൻപ് ആരംഭിച്ച ഈ വിദ്യാലയം സ്വാതന്ത്ര്യാനന്തരം 1951 ൽ യാതൊരു പ്രതിഫലവും വാങ്ങാതെ നിലമ്പൂർ കോവിലകംസർക്കാരിനു വിട്ടുകൊടുത്തു. (ആധാരം രജിസ്റ്റർ ചെയ്തത് 1952 ജനുവരിയിലാണ.) അന്നും ഇന്നും വിദ്യാഭ്യാസരംഗത്ത് പിന്നോക്കം നിൽക്കുന്ന മലബാർ പ്രദേശത്ത് ഈ വിദ്യാലയം ഒരു രാജകീയ പ്രൌഢിയോടെ നിലകൊള്ളുന്നു.

ആരംഭകാലം മുതൽ ഉന്നതനിലവാരം പുലർത്തിപോന്ന ഈ വിദ്യാലയമാണ് നിലമ്പൂർ ഗ്രാമപഞ്ചായത്തിന് വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒരു മുന്നേറ്റത്തിന് പാതയൊരുക്കിയത് . ഈ വിദ്യാലയം സർക്കാർ ഏറ്റെടുത്ത ശേഷം ക്രമേണ ഉന്നതനിലവാരത്തിൽ നിന്ന് പിന്നോക്കം പോരുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ഇതിന് ഉദാഹരണമാണ് 92-93 കാലത്തെ പത്താം ക്ളാസ് പരീക്ഷയിലെ വിജയ ശതമാനം. അന്ന് വെറും 10% കുട്ടികളെ വിജയിപ്പിക്കാനെ ഈ വിദ്യഭ്യാസ സ്ഥാപനത്തിന് കഴിഞ്ഞിട്ടുള്ളു. എന്നാൽ അടുത്തകാലത്ത് ശക്തമായ രീതിയിൽ അദ്ധ്യാപക രക്ഷാകർതൃ സമിതി നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ചില സൽഫലങ്ങൾ ദൃശ്യമായി തുടങ്ങിയിട്ടുണ്ട് . 95-96ലെ 22% വിജയം ഇതിനു തെളിവാണ്. ഇന്ന് 17 ഏക്കർ സ്ഥലവും 2 ഏക്കർ കൃഷിയിടവും 11 കെട്ടിടങ്ങളും അദ്ധ്യാപകർക്കുള്ള 7 ക്വാർട്ടേഴ്സുകളും ഇവിടെ ഉണ്ട്. ഇത്ര സൗകര്യമുള്ള മറ്റേതെങ്കിലും സർക്കാർ സ്കൂൾ ഈ ജില്ലയിൽ ഉണ്ടെന്ന് തോന്നുന്നില്ല. പക്ഷെ ഒരു കോമ്പൗണ്ടുവാളിന്റെ അഭാവം ഈ സരസ്വതീ ക്ഷേത്രത്തിന്റെ മുഖം വികൃതമാക്കുകയും സാംസ്കാരിക മേൻമഇല്ലാതാക്കുകയും ചെയ്യുന്നു.

ഇപ്പോൾ ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. മേൽപറഞ്ഞ മാനവേദൻ ഹൈസ്കൂളിനു പുറമെ 1982ൽ ചക്കാലകുത്ത് ആരംഭിച്ച മന്നം സ്മാരക നായർ സർവ്വീസ് സൊസൈറ്റി വക സ്കൂൾ, ചക്കാലക്കുത്ത് ആണ് രണ്ടാമത്തേത്. 8,9,10 ക്ളാസുകൾ മാത്രമായിട്ടുള്ള ഈ സ്കൂളിന്റെ മാനേജ്മെൻറ് പ്രാദേശിക എൻ. എസ് . എസ്. കരയോഗം കമ്മിറ്റിയാണ്. കാലകാലത്ത് മാറിമാറി വരുന്ന കരയോഗം പ്രസിഡൻറാണ് സ്ക്കൂൾ മാനേജർ ആരംഭകാലത്ത് കരയോഗം പ്രസിഡൻറായിരുന്ന ശ്രീ. മാധവക്കുറുപ്പാണ് സ്കൂളിന്റെ സ്ഥാപകൻ. ഇവിടുത്തെ ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് 100% വിജയം നേടിക്കൊണ്ട് ഈ ഗ്രാമത്തിന്റെ യശസ്സ് ഉയർത്തി. പിന്നീടുള്ള വർഷങ്ങളിൽ അഭിമാനാർഹമായ വിജയം നേടാൻ വിദ്യാലയത്തിന് കഴിഞ്ഞു. 95-96 ൽ 85% ആയിരുന്നു വിജയം. ഇവ കൂടാതെ ഒരു അംഗീകൃത അൺ എയിഡഡ് ഹൈസ്ക്കൂളും അടുത്തകാലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. (ലിറ്റിൽ ഫ്ളവർ ഇംഗ്ളീഷ് മീഡിയം ഹൈസ്ക്കൂൾ)

സർക്കാർ മേഖലയിൽ ഏഴും , എയിഡഡ് മേഖലയിൽ അഞ്ചും , അംഗീകൃത അൺ എയിഡഡ് വിഭാത്തിൽ ഒന്നുംഅൺ എയ്ഡഡ് (ഇംഗളീഷ് മീഡിയം) വിഭാഗത്തിൽ പത്തും വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തി

ച്ചുവരുന്നു. സർക്കാർ, എയഡഡ് സ്കൂളിലെ അധ്യാപകരുടേയുംവിദ്യാർത്ഥികളുടേയും പട്ടിക 1A,1B,1C അനുബന്ധമായി ചേർത്തിട്ടുണ്ട്.

നമ്മുടെ വിദ്യാഭ്യാസ ചരിത്രം പരിശോധിക്കുമ്പോൾ സ്വാതന്ത്ര്യത്തിനു വളരെ മുമ്പ് സ്ഥാപിച്ച ചന്തക്കുന്നിലുള്ള നിലമ്പൂർ മാപ്പിള ലോവർ പ്രൈമറി സ്കൂളും(1914) വീട്ടിക്കുത്ത് ജി.എൽ.പി സ്കൂളും (1928) ഈ രംഗത്ത് തനതായ കടമ നിർവ്വഹിച്ചിട്ടുണ്ട് എന്ന് ഓർക്കുകയാണ് . പണ്ട് വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ട് ഇവിടെ നിരക്ഷരത നിലനിന്നിരുന്നെങ്കിലും കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാവുകയും സെക്കൻററി വിദ്യാഭ്യാസത്തിനുള്ള കളമൊരുങ്ങുകയും ചെയ്തതോടെ ജനങ്ങളിൽ ഭൂരിഭാഗവും സാക്ഷരരായി എന്ന് 1990 ലെ സാക്ഷരതാ സർവ്വെയിൽ തെളിഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ട സാക്ഷരത ആരംഭിക്കുന്നതിനു മുമ്പു തന്നെ ഇവിടെ 89% ജനങ്ങളും സാക്ഷരരായിരുന്നു. സമ്പൂർണ്ണ സാക്ഷരതാ യജ്ഞംപൂർത്തിയായതോടെ സാക്ഷരതാശതമാനം 95 ൽ അധികമായി. ഇനിയും 5% ത്തോളം നിരക്ഷരർഅവശേഷിക്കുന്നുണ്ട്. സാക്ഷരത നേടിയവർ തന്നെ തുടർ പരിപാടിയുടെ അഭാവം കൊണ്ട് വീണ്ടും നിരക്ഷരരായിട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിലെ ആദ്യ സ്ഥാപനം ശ്രീ. സി. ബാലകൃഷ്ണൻ നായർ 1952ൽ ആരംഭിച്ച കുമാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടാണ്. ഇതിനോടകം ഇതേ പോലുള്ള മറ്റ് അഞ്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ കൂടി നിലവിൽ വന്നു.ഇവയിലെല്ലാം കൂടി 262 വിദ്യാർത്ഥികളും 7 അദ്ധ്യാപകരും ഉണ്ട്. കൂടാതെ മൂന്ന് കംമ്പ്യൂട്ടർ സെൻററുകളും (ഡാറ്റാ സോഫ്റ്റ്, എം.ഇ.സി.ഐ.ടി,മിനർവ്വ) രണ്ട് എഞ്ചിനിയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും (ഇ.ഇ.ഐ, താജ്,) പ്രവർത്തിക്കുന്നു. 205 വിദ്യാർത്ഥികൾ ഈ രംഗത്ത് പഠനം തുടരുന്നു. സർക്കാർ മേഖലയിൽ ഇവിടെ പ്രവർത്തിക്കുന്ന ഏക സാങ്കേതിക വിദ്യാഭ്യസസ്ഥാപനമാണ് സ്ഥാപനമാണ് നിലമ്പൂർ ഐ.ടി.ഐ. 1996 മാർച്ചിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ 80% സീറ്റുകളും എസ്.സി., എസ്.റ്റി.വിഭാഗങ്ങൾക്ക് സംവരണം ചെയ്തിരിക്കുന്നു. ആദ്യ ബാച്ചിൽ ഇപ്പോൾ 33 പേർ പഠിക്കുന്നു. ഇതിൽ 2 പേർ മാത്രമാണ് നിലമ്പൂർ പ്രദേശത്തുനിന്നും ഉള്ളവർ. എസ്. ടി വിഭാഗത്തിൽ നിന്ന് ആകെ 3 കുട്ടികൾ മാത്രം. ആരംഭകാലത്ത് 8 ട്രെയ്ഡുകൾ അനുവദിച്ചെങ്കിലും 2 എണ്ണം മാത്രമെ തുടങ്ങിയിട്ടുള്ളൂ. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇല്ലായ്മകളുടെ മാത്രം കഥ പറയുന്ന ഒന്നാണ്

വരമ്പുംപൊട്ടി ഭാഗത്ത് ഒരു കമ്യൂണിറ്റി പോളിടെക്നിക് സ്ഥാപിച്ച് 50 വനിതകൾക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു.

ഐ.സി.ഡി.എസ്. പ്രോജക്ടിൻെറ കീഴിൽ മലപ്പുറം ജില്ലയിലെ എല്ലാ ബ്ളോക്കുകളിലും സ്ഥാപിച്ച അംഗണവാടികൾ നിലമ്പൂർ പഞ്ചായത്തിൽ 27 എണ്ണം അനുവദിച്ചെങ്കിലും 25 എണ്ണം മാത്രമെ പ്രവർത്തനമാരംഭിച്ചുള്ളൂ. ഇതിൽ സ്വന്തമായി കെട്ടിടമുള്ളവ 5 എണ്ണം മാത്രമാണ്. പ്രവർത്തിക്കുന്നവ തന്നെ വളരെ ദയനീയമായ അവസ്ഥയിലാണ് .34,964ജനസംഖ്യയുള്ള പഞ്ചായത്തിൽ1000 പേർക്ക് ഒന്ന് എന്ന നിലയിൽ 35 അംഗണവാടികൾ അനുവദിക്കേണ്ടതാണ്. അങ്ങിനെ വരുമ്പോൾ ഇപ്പോഴുള്ളതിനു പുറമെ 8 എണ്ണം കൂടി അനുവദിക്കണം . അനുവദിച്ചവ തന്നെ ഭൗതികസാഹചര്യങ്ങളുടെ അഭാവം കൊണ്ട് നട്ടം തിരിയുമ്പോൾ ഇനിയൊന്നെന്തിന് എന്ന ചോദ്യത്തിന് പ്രസക്തിയേറുന്നു. ഇവയ്ക്കു പുറമെ ജവഹർ ഹരിജൻ കോളനിയിൽ സർക്കാർ തലത്തിൽ ഒരു പ്രീ പ്രൈമറി സ്കൂളും (25 കുട്ടികൾ) നിലമ്പൂർ ഗ്രാമപഞ്ചായത്തുവക ശിശു മന്ദിരവും (47 കുട്ടികൾ) പ്രവർത്തിക്കുന്നുണ്ട്.

എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഒരു ബധിര-മൂക-വിദ്യാലയം (ബഡ്സ് സ്കൂൾ)ഏറനാട് ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 1992 ൽ ആരംഭിച്ചു. ഇപ്പോൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് 35 വിദ്യാർത്ഥികൾ പഠിക്കുന്നു. ഓഡിയോഗ്രാം, സ്പീച്ച് തെറാപ്പി യൂണിറ്റ് , സ്പീച്ച് ട്രയിനർ തുടങ്ങിയ അത്യന്താധുനിക ബോധന ഉപാധികൾ ഇവിടെ ഉണ്ട്.

കൂടാതെ എല്ലാ ആധുനിക സൗകര്യങ്ങളോടു കൂടിയ പീ.വീസ് പബ്ളിക് സ്കൂൾ ഇവിടെ പ്രവർത്തിക്കുന്നു. ഇത് 1993 ജൂൺ 21ന് ആരംഭിച്ചു. വിദ്യാർത്ഥികൾ 310 (227+83). അധ്യാപകർ 36. പിവീസ് ചാരിറ്റബീൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ക്കൂളിൻെറ സ്ഥാപകൻ ശ്രീ. പി.വി അബ്ദുൾ വഹാബ് ആണ്. ആകേയുള്ള വിദ്യാർത്ഥികളിൽ 80 പേർ ഈ പഞ്ചായത്തിലുള്ളവരാണ്. പട്ടികജാതിപട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികളാരും ഇവിടെ പഠിക്കുന്നില്ല.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കുട്ടികളെ പൊതുവിദ്യാലയങ്ങളിലാണ് അയക്കുന്നത് പക്ഷെ കഴിഞ്ഞ ഏതാനും വർഷങ്ങൾകൊണ്ട് വ്യാപകമായ അൺ എയിഡഡ് വിദ്യാലയങ്ങളുടെ വർദ്ധന പൊതു വിദ്യാലങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തി

ൽ കാര്യമായ കുറവു വരുത്തിയിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസരംഗത്ത് ദൃശ്യമാകുന്നവരേണ്യവൽക്കരണം സാധാരണക്കാരിൽ പോലും സ്വാധീനം ചെലുത്തുന്നതായിഅനുഭവപ്പെടുന്നുണ്ട്. പ്രൈമറിസ്കൂളിൽമാതൃഭാഷയെക്കാൾ മുന്തിയ പരിഗണന ഇംഗ്ലീഷ് ഭാഷയ്ക്ക് കൈവരുന്നത് ആശാസ്യകരമല്ല. സാമൂഹ്യ-സാമ്പത്തിക കാരണങ്ങളാൽ പഠിപ്പ് നിർത്തുന്ന വളരെ ചെറിയ ശതമാനം കുട്ടികൾ പഞ്ചായത്തിലുണ്ട്. 95-96 വിദ്യാഭ്യാസ വർഷത്തിൽ പഠിപ്പ് നിർത്തയവരുടെ പട്ടിക 2.ബിയിൽ ചേർത്തീട്ടുണ്ട്.നിലമ്പൂർ പഞ്ചായത്തിനെ സംബന്ധിച്ച് ഹരിജന-ഗിരിജന കോളനികളിൽനിന്നും പരമ്പരാഗത കൈത്തൊഴിലിലേർപ്പെട്ടിട്ടുള്ള കുംഭാര കോളനിയിൽ നിന്നുമുള്ള കുട്ടിളിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായിട്ടുള്ളത്.

പഞ്ചായത്തിലെ വിദ്യാർത്ഥികളടെ പഠന പ്രോൽസാഹനാർത്ഥം ഹൈസ്ക്കൂൾ വിദ്യാർത്ഥികളിൽ ഉന്നത വിജയം നേടുന്നവർക്ക് പഞ്ചായത്ത് വക ക്യാഷ് അവാർഡുകളും, ശങ്കരൻ നായർ മെമ്മോറിയൽ എൻഡോവ്മെൻറ് (1000രൂപ) ശ്രീമതി.പി.മാധവിക്കുട്ടി അമ്മ എൻഡോവ്മെൻറ് (100) രൂപ നിലമ്പൂർ ജി.യു.പി.സ്കൂളിൽ പെൻഷൻപറ്റിയ ശ്രീമതി. നങ്ങേലി ടീച്ചർ, പി. പരമേശ്വരൻ നമ്പീശൻ എന്നിവരുടെ ക്യാഷ് അവാർഡുകളും ലക്ഷ്മീ ദേവരാജ് മെമ്മോറിയൽ എൻഡോവ്മെൻറ് സമ്മാനവും ശ്രീ. രാമയ്യർ മെമ്മോറിയൽ എൻഡോവ്മെൻറ്സമ്മാനവും (ശ്രീ. എസ്. നാരയണപിള്ള ഏർപ്പെടുത്തിയ ഷീൽഡും ആരാധനാ ടോഫിയും നൽകിവരുന്നു. പഠന നിലവാരം ഉയർത്തുന്നതിൻെറ ഭാഗമായി പഞ്ചായത്തിലെ എല്ലാ എൽ.പി.സ്കൂളുകളിലും ഡി.പി.ഇ.പി. പദ്ധതി പടപ്പാക്കി വരുന്നു. പഠനം പാൽപ്പായസമാക്കുന്നതിനും ഫല പ്രദമാക്കുന്നതിനും വേണ്ടിയുള്ള പുതിയ അധ്യാപന രീതിയും ലഘൂകരിച്ച പാഠ്യ പദ്ധതിയും കുട്ടികൾക്ക് കൂടുതൽ പ്രയോജനകരമാണ്. പക്ഷെ ഈ പദ്ധതി പ്രകാരമുള്ള എം.എൽ.എൽ. (മിനിമം ലെവൽ ലേണിംഗ്) പാഠ പുസ്തകങ്ങൾ ഇനിയും പൂർണ്ണമായി വിദ്യാലയങ്ങളിലെത്തിയിട്ടില്ല. പദ്ധതികൾ എത്ര നന്നെങ്കിലും പാഠപുസ്കമില്ലാതെ, ഭൗതിക സാഹചര്യങ്ങളില്ലാതെ വിദ്യാഭ്യാസം നടത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുക തന്നെ വേണം.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ ഭാഗമായി നിലമ്പൂർ മാനവേദൻ ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളായി ഉയർത്തപ്പെട്ടു. ഇപ്പോൾ രണ്ടു വർഷത്തെ അഗ്രികൾച്ചറൽ കോഴ്സ് നടന്നുവരുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട കോഴ്സ് ആയിട്ടും സ്ക്കൂളിന് സ്വന്തമായിട്ടുള്ള രണ്ടേക്കർ കൃഷിയിടം ഉപയോഗശൂന്യമായിക്കിടക്കുന്നു. നിലമ്പൂർ പഞ്ചായത്തിലുള്ള രണ്ടു ഹൈസ്ക്കൂളുകളിൽ നിന്ന് എസ്.എസ്. എൽ.സി. പാസാകുന്ന വിദ്യാർത്ഥികൾ സമീപ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന മമ്പാട് എം.ഇ.എസ്. കോളേജിലും, ചുങ്കത്തറ മാർത്തോമാ കോളേജിലും ഉപരി പഠനം നടത്തുന്നു.

പഞ്ചായത്തിലെ അദ്ധ്യാപക രംഗം പരിശോധിക്കുമ്പോൾ വളരെ പ്രശസ്തരും പ്രഗൽഭരും ആയ ആളുകൾ വിദ്യാഭ്യാസ രംഗം സജീവമാക്കാൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എങ്കിലുംനിലവാരത്തകർച്ചയെനേരിട്ടുകൊണ്ടിരിക്കുന്ന ഈ രംഗത്ത് അദ്ധ്യാപകർ കൂടുതൽ അർപ്പണബോധം പ്രകടിപ്പിക്കേണ്ടതുണ്ട്. സർക്കാർ മേഖയിൽ നിന്ന് ശ്രീ. കെ.ടി മാധവൻ നായർക്കും, സ്വകാര്യ മേഖലയിൽനിന്ന് ക്യാപ്റ്റൻകെ.എം.രാമചന്ദ്രനും(എൻ.എസ്.എസ്. ഹൈസ്ക്കൂൾ, ചക്കാലക്കുത്ത്) സംസ്ഥാന അധ്യാപക അവാർഡ് കിട്ടിയിട്ടുണ്ട്.ചുരുക്കി പറഞ്ഞാൽസമ്പന്നമായ ഒരു വിദ്യാഭ്യാസ രംഗം സജ്ജമാക്കാൻപഞ്ചായത്തിലെ ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ സജീവത നിലനിർത്തി നമ്മുടെ സാംസ്കാരിക സാമൂഹ്യ രംഗങ്ങൾ കരുത്തുറ്റതാക്കാൻ നമുക്ക് കഴിയട്ടെ .

### ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുവർഷത്തേക്കുവേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെസൂചിപ്പിക്കുന്നു

I-1).പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്ക്കൂൾ അത്യാവശ്യമാണ്.അതിന് ഒന്നാംവാർഡിലെ നിലമ്പൂർ ജി.യുപി.സ്ക്കൂൾ ഗേൾസ് ഹൈസ്ക്കൂളാക്കി ഉയർത്തണം

2).പത്താം വാർഡിലെ വീട്ടിക്കുത്ത് ജി.എൽ.പി. സ്ക്കൂൾ യു.പി സ്ക്കൂളാക്കി ഉയർത്തുക.

3.വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 5ാം വാർഡിലെ മുക്കട്ട ജി.എം. എൽ.പി സ്ക്കൂളിന് സ്വന്തമായി സ്ഥലം ഉണ്ടാക്കുകയും കെട്ടിടം നിർമ്മിക്കുകയും വേണം. പ്രസ്തുത വിദ്യാലയം യു.പി. സ്ക്കൂളാക്കി ഉയർത്തണം .

4)വാർഡ് ഒമ്പതിൽ പട്ടരാക്ക ഭാഗത്ത് ഒരു എൽ.പിസ്ക്കൂൾ വേണം. ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ച് ഇത് അനിവാര്യമാണ്.

5)ഏഴാം വാർഡിലെ രാമൻകുത്ത് യു.പി.. സ്ക്കൂളിനോട് അനുബന്ധിച്ച് ഒരു എൽ.പി. സ്ക്കൂൾ കൂടി വേണം. യു.പി. സ്ക്കൂൾ ഹൈസ്ക്കൂളാക്കണം.

6)11.-12 വാർഡുകൾക്ക് പൊതുവായി വീട്ടിക്കുത്ത് ഹരിജൻ കോളനി, അരുവാക്കോട് കുംഭാരൻ കോളനി, പണിയൻ കോളനി, എന്നിവിവടങ്ങളിലെ വിദ്യാഭ്യസം കാര്യക്ഷമമാക്കുവാനും നിലാവാരം ഉയർത്താനും വേണ്ടി അരുവാക്കോടിൽ ഒരു എൽ.പി.സ്ക്കൂൾ വേണം. ഇത് ഉടനെ സാധ്യമല്ലെങ്കിൽ ഒരു ഏകാധ്യാപക വിദ്യാലയം സ്ഥാപിക്കണം.

7) 13ാം വാർഡിൽ മുമ്മുള്ളി കേന്ദ്രമാക്കി ഒരു എൽ.പി.എസ് അത്യാവശ്യമാണ് പ്രസ്തുത വാർഡിലെ കരിമ്പുഴ ജി.എൽ.പി.എസ് യു.പി ആക്കി ഉയർത്തണം

8) ജി.എം.വി. എച്ച്.എസ്.എസ്ൽനിന്ന് യു.പി വിഭാഗം വേർതിരിച്ച് പ്രത്യേക വിദ്യലയമായി പ്രവർത്തിക്കണം

9) ജി.എം.വി.എച്ച്.എസ്.എസ് ലെ വൊക്കേഷണൻ ഹയർ സെക്കണ്ടറിയിൽഅഗ്രിക്കൾച്ചറിനു പുറമെ കമ്പ്യൂട്ടർ, ലാബ് ടെക്നീഷ്യൻ.ടൈപ്റൈറ്റിങ്ങ് ഷോർട്ട് ഹാൻറ് എന്നീ തൊഴിലധിഷ്ഠിതകോഴ്സുകൾ കൂടി തുടങ്ങണം.

10)ജി.എം.വ.ി.എച്ച്.എസ്.എസ്.ൻെറ വക തരിശായി കിടക്കുന്ന കൃഷിയിടം കൃഷിചെയ്ത് അവിടത്തെ അഗ്രികൾച്ചറൽ കോഴ്സിന് കാര്യക്ഷമമായ പരിശീലനം നൽകണം.

II 1.4വാർഡിൽ വല്ലപ്പുഴയിൽ ഒരു അംഗനവാടി അനുവദിക്കണം. മാങ്കുത്ത് എൽ.പി.സ്ക്കൂൾ യു.പി.സ്ക്കൂളാക്കണം

2. 5ാം വാർഡിൽ വൃന്ദാവൻ കോളനിയിൽ അംഗനവാടി വേണം.

3. ആറാം വാർഡിലെ വട്ടപ്പാടം ബാലവാടി അംഗനവാടി ആക്കണം ഈ വാർഡിൽ ഒരു എൽ.പി. സ്ക്കൂൾ അനുവദിക്കണം.

4 പഞ്ചായത്തതിലെ ഒരോവാർഡിലും ജനംഖ്യാനുപാതികമായി ആയിരത്തിന് ഒന്ന് എന്ന തോതിൽഅംഗനവാടികൾ വേണം. അവ സ്വന്തമായ സ്ഥലവും കെട്ടിടവും ഉള്ളും ശാസ്ത്രീയരീതിയിലുള്ളതും ആയിരിക്കണം

III. എല്ലാ എൻ.പിഎസ് നോട് അനുബന്ധിച്ച് ശാസ്ത്രീയരീതിയിലുള്ള പ്രീപൈമറികൾ ആരംഭിക്കണം.

IV. 1) ഹൈസ്ക്കൂളുകളിലും തെരഞ്ഞെടുക്കപ്പെടുന്ന എൽ.പി.എസുകളിലും പച്ചക്കറി കൃഷി പുഷ്പഫല കൃഷി എന്നിവ നടത്തുകയും വിദ്യാർത്ഥികളിൽ കൃഷിയോടും തൊഴിലിനോടും ഉള്ള ആഭിമുഖ്യം വളർത്തുകയും വേണം.

2) താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് കൃഷിഭവൻെറ സഹായത്തോടെ വിത്തുകളും വളങ്ങളും നൽകി പച്ചക്കറി കൃഷി, പുഷ്പഫല കൃഷി എന്നിവ അവരവരുടെ വീടുകളിൽ തന്നെ ചെയ്യുവാൻ പ്രേരിപ്പിക്കുകയും ഏറ്റവും നന്നായി കൃഷിചെയ്യുന്നവർക്ക് പഞ്ചായത്ത് അടിസ്ഥാനത്ത് അടിസ്ഥാനത്തിൽ സമ്മാനം നൽകുകയും വേണം.

V. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യമുള്ള വിദ്യാഭ്യാസരീതി അവലംബിക്കണം. നിലമ്പൂർ ഐ.ടി.ഐയിൽ അനുവദിച്ച ട്രെയിഡുകൾ മുഴുവൻ ആരംഭിക്കുകയും ജനറൽ സീറ്റുകൾ കൂട്ടുകയും ചെയ്യണം.

VI. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുമില്ലാത്ത ഈ പഞ്ചായത്തിൽ സൗകര്യ പ്രദമായ സ്ഥലത്ത് സഹകരണാടിസ്ഥാനത്തിൽ ഒരു കോളേജ് ആരംഭിക്കണം.

2) ഗണനീയമായ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളില്ലാത്ത ഈ പഞ്ചായത്തിൽ ഒരു പോളി ടെക്നിക് സ്ഥാപിക്കണം.

VII. വിദ്യാലയങ്ങളിലെ പഠന നിലവാരം പല കാരണങ്ങളാൽ മോശമായി വരുന്നു. അത് പരിഹരിക്കാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ കണ്ടെത്തണം.

VIII.

1)എല്ലാ വിദ്യാലയങ്ങളിലേയും ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. അതിന് പഞ്ചായത്തും പി.ടി.എയും നേതൃത്വം നൽകണം.

2) ആവശ്യത്തിന് കെട്ടിടങ്ങൾ, ഫർണ്ണീച്ചറുകൾ എന്നിവ എല്ലാ വിദ്യാലയങ്ങൾക്കും വേണം)

3)പ്രാഥമികാവശ്യങ്ങൾക്കുള്ള കക്കൂസ് , മൂത്രപ്പുര എന്നിവ എല്ലാ വിദ്യാലയങ്ങളിലും നിർമ്മിക്കണം.

4)ലബോറട്ടറി, ലൈബ്രറി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

5) എല്ലാ വിദ്യാലയങ്ങളിലും റീഡിങ്ങ് റൂം ഉണ്ടാക്കുകയും പത്രമാസികകളും മറ്റും

പഞ്ചായത്ത് സൗജന്യമായി വിതരണം ചെയ്യുണം.

6) കളിസ്ഥലങ്ങളില്ലാത്ത വിദ്യാലയങ്ങളിൽ കളി സ്ഥലങ്ങൾ നിർമ്മിക്കണം.

7).വിദ്യാലയങ്ങളിൽ കഞ്ഞിപ്പുരകൾ നിർമ്മി ക്കണം

8) അതിർത്തി ഭിത്തികൾ ഇല്ലാത്ത വിദ്യാല യങ്ങളിൽ അവ നിർമ്മിക്കുകയും കെട്ടിട ത്തിൻെറ രക്ഷക്കായി ' റീട്ടൈനിങ്ങ് ഭിത്തികൾ 'നിർമ്മിക്കുകയുംവേണം.

8). മിക്ക വിദ്യാലയങ്ങളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്. അത് പരിഹരിക്കാൻ പി.ടി.എ യുടെ സഹായത്തോടെ വാട്ടർ ടാങ്കുകളും പെപ്പുകളും നിർമ്മിക്കുകയും പഞ്ചായത്തിൽ നിന്നും ശുദ്ധജലം എത്തിക്കുകയും വേണം.

IX. ഉച്ചകഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കണം

X. വിദ്യാലയങ്ങളുടെ അറ്റകുറ്റ പണികൾ യഥാ സമയം ചെയ്യണം.

XI. അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുകയും അത് 1:30 ആക്കി മാറ്റുകയും ചെയ്യണം

XII. വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ യഥാസമലഭ്യമാകുന്നതിനുള്ള നടപടികൾ വേണം

XIII.പരീക്ഷകൾക്ക് ഒരു ഏകീകൃത സ്വഭാവം ഉണ്ടാക്കുകയും കുറ്റപ്പെടുത്തുകയും മൂല്യനിർ ണ്ണയരീതി പരിഷ്കരിക്കുകയും വേണം.

XIV. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് ഒഴിവ് ടേമിലും റിഫ്രഷർ കോഴ്സ് നടത്തണം.

XV. എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ കലണ്ടറും അധ്യയന സമയവും ഏകീകിക്കണം. പ്രൈമറി വിദ്യാലയങ്ങളിൽ രണ്ടതരം കലണ്ടർ അനുസ രിച്ച് പ്രവർത്തിക്കുന്നതിനാൻ വാർഷി ക പരീക്ഷയുടെ നടത്തിപ്പിലും പഠന കാര്യത്തി ലും പല ബുദ്ധിമുട്ടുകളുമുണ്ട്. അതിനാൽ ഇതിനെ കുറിച്ച് ഒരു പുനർ ചിന്തനം ആവശ്യ മാണ്

XVI.സ്കൂൾ ആഡ്വേഴ്സറികൾ നിർബന്ധ മാക്കണം.

XVII.

1)പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കണം.

2). കാലാകാലങ്ങളിൽ കലാകായികാധ്യാപനം കൂടുതൽ ഫലപ്രദമാക്കാൻ നടപടികൾ ആവിഷ്ക്കരിക്കണം.

XVIII. എൽ.പി.സ്ക്കൂൾ മുതൽ കല, സംഗീതം തുടങ്ങി വിവിധ കലകൾക്കും കായികാഭ്യാ സത്തിനും പ്രത്യേകം പരിശീലനം സിദ്ധിച്ച അധ്യാപകരെ നിയമിക്കണം.. വിദ്യാർത്ഥികളുടെ സർഗ്ഗ വാസനകളും കായികശേഷിയും അങ്ങനെ പരിപോഷിപ്പിക്കാൻ നടപടികൾ സ്വീകരി ക്കണം.

XIX. പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് ഡി.പി.ഇ.പി., ബിആർ.സി എന്നിവയുടെ സഹായത്താൽ നവീനവും ശാസ്ത്രീയവും ആയ ബോധന രീതികളുമായി അദ്ധ്യാപകരെ ബന്ധിപ്പിക്കുകയും വിദ്യാർത്ഥി കേന്ദ്രീകൃതമായ വിദ്യാഭ്യാസ സമ്പ്രദായത്തിന് ഊന്നൽ നൽകുകയും വേണം.

XX. പി.ടി.എ. കളും മാതൃസംഗമങ്ങളും കൂടുതൽ സജീവമാക്കണം.

XXI. പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി ബി.ആർ.സി., വിദ്യാഭ്യാസ സമിതി, പിടി.എ, ഇതര സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെ പ്രത്യേക കോച്ചിങ്ങിന് സൗകര്യമുണ്ടാക്കണം.

XXII. ദരിദ്രരും നിരാലംബരും സമർത്ഥരുമായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും സ്കോളർഷിപ്പികളും അനുവദിക്കണം.

XXIII. എൽ.പി, യു.പി,എച്ച്.എസ്. വേർതിരിച്ച് ഏറ്റവും മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി അവാർഡുകളും പാരതോഷികങ്ങളും നൽകി പ്രോൽസാ ഹിപ്പിക്കണം.

XXIV. എൽ.പി, യു.പി,എച്ച്.എസ്. തുടങ്ങി എല്ലാ വിദ്യാലയങ്ങളിലും സ്കൗട്സും ഗൈഡും ട്രൂപ്പുകളുണ്ടാക്കുകയും എച്ച്.എസ് ൽഎൻ.സി.സി രൂപീകരിക്കുകയും വേണം

XXV. അർപ്പണ ബോധമുള്ള അധ്യാപകരെ ഗ്രാമ പഞ്ചായത്ത് അവാർഡുകൾ നൽകി ആദരി ക്കണം.

XXVI അധ്യാപക അവാർഡുകൾക്ക് അധ്യാപകർ തന്നെ സ്വയം അപേക്ഷ നൽകി പോരുന്ന ഇന്നത്തെ രീതി ഉപേക്ഷിച്ച്, പി.ടി.എ യുടെ സഹായത്താൽ പഞ്ചായത്തുകൾ മുഖേന

അർഹരായവരെ കണ്ടെത്തി അവാർഡുകൾക്ക് ശുപാർശ നൽകണം.

XXVII. സ്ക്കൂൾ കോപ്ളക്സുകൾ സജീവമാക്കണം

XXVIII. അധ്യാപക ഒഴിവുകൾ യഥാസമയം നികത്താൻ നടപടികൾ സ്വീകരിക്കണം

XXIX. രക്ഷിതാക്കളെ ശാസ്ത്രീയമായി കൂടുതൽ ബോധവൽക്കരിക്കാനുള്ള നടപടികൾ ആവിഷ്ക്കരിക്കണം.

XXX. പിടി.എ. സന്നദ്ധ സംഘടന ഇവരുടെ സഹായത്താൽ കുടുംബ സദസ്സുകൾ ഇടക്കിടക്കിടെ് കൂടുകയും വിദ്യാർത്ഥികളുടെ സ്വഭാവം ശുദ്ധീകരിക്കുവാനും പഠന നിലവാരം ഉയർത്താനും പദ്ധതികൾ ആവിഷ്ക്കരിക്കണം

XXXI. സ്ക്കൂൾ പരിസരത്ത് വാഹന വേഗത നിയന്ത്രിക്കാൻ മെയിൻ റോഡിനു സമീപമുള്ള വിദ്യലയങ്ങൾക്കുമുന്നിൽ ഹംപുകൾ ഇടുകയും ട്രാഫിക് സിഗ്നലുകൾസ്ഥാപിക്കുകയും ചെയ്ത് വാഹനങ്ങളടെ വേഗത നിയന്ത്രിക്കാൻ നടപടികളുണ്ടാകണം

XXXII. പഞ്ചായത്തിലെ തുടർ സാക്ഷരാതാ പ്രവർത്തനം പുനരാംഭിച്ച് നിരക്ഷരതയിലേക്ക് വഴുതിവിണുകൊണ്ടിരിക്കുന്ന നവസാക്ഷരരെ, അക്ഷരത്തിൻെറ ലോകതേതത്തക്ക് തിരികെ കൊണ്ടു വരികയും ജന വിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും വേണം.

XXXIII. സാമൂഹ്യ വിരുദ്ധരുടെ വിളയാട്ടത്തിൽ നിന്ന് വിദ്യാലയങ്ങളെ രക്ഷിക്കാൻ പോലീസിൻെറ സഹായത്തോടെ നടപടികൾ സ്വീകരിക്കണം.

XXXIV. ഉന്നത വിഭ്യാസത്തിനു കഴിയാത്ത സാധു വിദ്യാർത്ഥികളെ സഹായിക്കണം

XXXV. ഡി.പി.ഇ.പിയുടെ പ്രവർത്തനം ജന പങ്കാളിത്തതോടെ കൂടുതൽ ഫലവത്താക്കണം.. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മച്ചെപ്പെടുത്തുന്നതിനുവേണ്ടി.ഡി.പി.ഇ.പി ഇപ്പോൾ നീക്കിവെച്ചിരിക്കുന്ന ഫണ്ട് തികച്ചും അപര്യാപ്തമാണ്.ഈ ഇനത്തിൽ കൂടതൽ തുക നീക്കിവെക്കണം

XXXVI. സ്വാതന്ത്ര്യ ദിനം റിപ്പബ്ളിക് ദിനം ഗാന്ധിജയന്തി ദിനം ശിശു ദിനം എന്നീ ദേശീയ ആഘോഷങ്ങൾ ഒരോ വിദ്യാലയത്തിലും ബഹുജന പങ്കാളിത്തത്തോടെ ചിട്ടയായി കൊണ്ടാടണം.

XXXVII. ഹൈസ്ക്കുളുകളിൽ പ്രധാനാധ്യാപകരെ നിയമിക്കുമ്പോൾ ചുരുങ്ങിയത് അഞ്ച്വർഷമെങ്കിലും അവരുടെ സേവനം അതേ വിദ്യാലയത്തിനു ലഭിക്കാനുള്ള സാഹചര്യമെങ്കിലും ഉണ്ടാക്കിയാൽ അത് മൊത്തത്തിൽ ആ വിദ്യാലയത്തിൻെറ സുഗമമായ പ്രവർത്തനത്തിന് സഹായകമായിരിക്കും.

തൊഴിൽ പരിശീലനത്തിനുതകുന്ന ,ഹ്രസ്വകാല കോഴ്സുകൾ നടത്തുന്ന പോളിടെക്നിക് ആരംഭിക്കുക. ചന്ദത്തിരി, കുട, ചോക്ക്, നോട്ടുബുക്കുകൾ വാഷിംഗ് സോപ്പ് എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്ക്കുളിലെകുട്ടികൾക്ക് പരിശീലനം നൽകുകയും മറ്റേതെല്ലാം തൊഴിലുകൾ കൂടി പരിശീലിപ്പിക്കാനാകുമെന്ന് പരിശോധിക്കുകയും ചെയ്യുക. പ്രീഡിഗ്രിക്ക് തുല്യമായ ഹൈയർ സെക്കണ്ടറി സ്ക്കൂൾ സ്ഥാപിക്കുകയും വേണം

അനൗപചാരിക വിദ്യാഭ്യാസത്തിന് വേണ്ടി ഒരു ദൃശ്യ-ശ്രാവ്യ സങ്കേതത്തിന് രൂപം നൽകി എല്ലാംവിദ്യാലയങ്ങളേയും ഈ കേന്ദ്രവുമായി ബന്ധിപ്പിക്കണം. ഇതിൻെറ ആഭിമുഖ്യത്തിൽ താൽപ്പര്യമുള്ളവർക്കുവേണ്ടി ആരോഗ്യ -വിദ്യാഭ്യാസ -പരിസ്ഥിതി എന്നിവയിൽ ഉയർന്ന ബോധവൽക്കരണവും നൈപുണ്യവും കൈവരിക്കാൻ ഉതകുന്ന ഹ്രസ്വകാല കോഴ്സുകൾ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തതോടെ ആരംഭിക്കണം. സ്ക്കൂൾ കോപ്ളക്സുകളടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വിദ്യാഭ്യാസ രംഗത്ത്വിപ്ളാവത്മകമായ നേട്ടങ്ങൾ കൈവരിക്കാൻ ശ്രമിക്കുകയും വേണം.

പാഠ്യേതര പ്രവർത്തനങ്ങൾ ഇന്നത്തേക്കാൾ ഫല പ്രദമാക്കുകയും കുട്ടികളുടെ സർഗ്ഗ വാസനകളെ പരിപോഷിപ്പിക്കുകയും വേണം. സ്ക്കൂൾ പാർലമെൻറുകൾ സ്കൗഡുകൾ ക്ളബുകൾ സാഹിത്യസമാജങ്ങൾ കൈയെഴുത്തു-ചിത്രമാസികകൾ പുന്തോട്ട് - പച്ചക്കറി തോട്ടങ്ങൾ കായിക പരിശീലന പരിപാടികൾ പഠന വിനോദ യാത്രകൾ എന്നിവ വമ്പിച്ച സാമ്പത്തിക ബാധ്യതകളില്ലാതെ ഏറ്റെടുത്ത് നടത്താൻ ശ്രമിക്കണം. ക്ളാസ്റും പി.ടി.എ. ശക്തമാക്കണം.

മാസാമാസം പരീക്ഷകൾ മാതൃസംഗമങ്ങൾ എന്നിവ നിർബന്ധമാക്കണം മേൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ആത്മാർത്ഥതയോടെ ചെയ്താൽ നമ്മുടെ വിദ്യഭ്യാസം ഇന്നത്തെ ശോചനീയാവസ്ഥയിൽ നിന്നും സടകുടഞ്ഞെഴുന്നേൽക്കുമെന്നതിന് യാതൊരു സംശയവുമില്ല. അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും സർക്കാരും ഒരേ ചരടിൽ കോർത്ത പൂക്കൾ പൊലെ ഒത്തൊരുമിച്ച് കൂട്ടായ്മയോടെ വർത്തിച്ചാൽ വിദ്യാഭ്യാസ രംഗത്ത് വിപ്ളവാത്മകമായ മാറ്റങ്ങൾ ഉണ്ടാവുകതന്നെ ചെയ്യും.

കുറിപ്പ് :- ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള പട്ടികകളും മറ്റുവിവരങ്ങളും ദ്വിതീയ വിവര ശേഖരണത്തിലൂടേയും വാമൊഴികളിലൂടേയും ശേഖരിച്ചവയാണ്

അക്കഡെമിക് സൗകര്യങ്ങളുടെ ലഭ്യത: പട്ടിക 3എ

| സ്കൂൾ | ലൈബ്രറി | ലാബ് | പഠന ഉപകരണങ്ങൾ | റേഡിയോ | ടി.വി | ടേപ്റിക്കാർഡർ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ളാക്ക് ബോർഡർ | മാതൃ സംഘം | പിടി.എ | |
|---|---|---|---|---|---|---|---|---|---|---|---|---|
| GMVHS നിലമ്പൂർ | YES | YES | NO | NO | NO | NO | NO | NO | 28/38 | YES | YES | |
| GUPS നിലമ്പൂർ | | Y | Y | N | N | N | N | N | N | Y | Y | |
| GMLPS നിലമ്പൂർ | Y | N | N | N | N | N | N | N | 6/10 | Y | Y | |
| GMLPS മുക്കട്ട | N | N | N | N | N | N | N | N | 3/8 | Y | Y | |
| GMLPS കരിമ്പുഴ | N | N | Y | N | N | N | N | N | 1/3 | Y | Y | |
| GLPS വീട്ടിക്കുത്ത് | Y | Y | Y | N | Y | Y | Y | N | N | Y | Y | |
| GLPS മാങ്കുത്ത് | Y | Y | N | N | N | N | N | N | N | 3/6 | Y | |
| MSNSSHS ചക്കാലക്കുത്ത് | Y | Y | Y | Y | N | N | N | N | 20/22 | Y | Y | |
| AUPS ചന്തക്കുന്ന് | Y | Y | Y | N | N | N | Y | Y | | | | |
| AUPS മുതുകാട് | Y | Y | Y | N | N | N | N | N | Y | Y | Y | |
| PMS AUPSരാമംകുത്ത് | Y | Y | N | N | N | N | N | N | Y | Y | Y | |
| ALPSചെട്ടിയങ്ങാടി | | Y | N | Y | Y | N | Y | N | N | Y | Y | Y |

ഭൗതിക സാഹചര്യങ്ങൾ പട്ടിക 3 ബി

| സ്കൂൾ | കളിസ്ഥലം | സ്വന്തം സ്ഥലം | വേണ്ടത്ര കെട്ടിടം | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| GMVHS നിലമ്പൂർ | YES | YES | YES | YES | YES | YES | YES |
| GUPS നിലമ്പൂർ | Y | Y | N | Y | Y | Y | Y |
| GMLPS നിലമ്പൂർ | Y | Y | Y | Y | N | Y | Y |
| GMLPS മുക്കട്ട | N | N | N | Y | N | Y | Y |
| GMLPS കരിമ്പുഴ | Y | Y | Y | Y | Y | Y | Y |
| GLPS വീട്ടിക്കുത്ത് | Y | Y | Y | Y | Y | Y | N |
| GLPS മാങ്കുത്ത് | N | Y | N | Y | Y | Y | Y |
| MSNSSHS ചക്കാലക്കുത്ത് | Y | Y | N | Y | Y | Y | Y |
| AUPS ചന്തക്കുന്ന് | N | Y | Y | Y | Y | Y | Y |
| AUPS മുതുകാട് | Y | Y | Y | Y | Y | Y | N |
| PMS ALPSരാമംകുത്ത് | Y | Y | Y | Y | Y | Y | N |
| ALPSചെട്ടിയങ്ങാടി | N | Y | Y | Y | Y | Y | Y |

പട്ടിക 1.എ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും എണ്ണം

| | സ്ക്കൂൾ | ആൺ | പെൺ | ആകെ | ആകെ അദ്ധ്യാപകർ |
|---|---|---|---|---|---|
| 1 | GMVHSS നിലമ്പൂർ | 968 | 816 | 1784 | 61 |
| 2 | GUPS നിലമ്പൂർ | 622 | 546 | 1168 | 332 |
| 3 | GMLPS നിലമ്പൂർ | 323 | 289 | 612 | 18 |
| 4 | GMLPS മുക്കട്ട | 136 | 127 | 263 | 11 |
| 5. | GMLPS കരിമ്പുഴ | 74 | 71 | 145 | 5 |
| 6. | GLPS വീട്ടിക്കുത്ത് | 179 | 156 | 335 | 10 |
| 7. | GLPSമാങ്കുത്ത് | 147 | 294 | 294 | 7 |
| | ആകെ | 2449 | 2152 | 4601 | 145 |

പട്ടിക 1.ബി എയിഡഡ് സ്കൂളിലെ വിദ്യാർത്ഥികളുടേയും എണ്ണം

| | | | | | |
|---|---|---|---|---|---|
| 1. | MSNSSHSചക്കാലക്കുത്ത് | 517 | 473 | 990 | 34 |
| 2 | AUPS ചന്തക്കുന്നു | 380 | 360 | 740 | 22 |
| 3 | AUPS മുതുകാട് | 418 | 399 | 817 | 23 |
| 4. | PMSAUPS രാമംകുത്ത് | 230 | 209 | 439 | 14 |
| 5 | ALPS ചെട്ടിയങ്ങാടി | 128 | 99 | 22 | 9 |
| | ആകെ | 1673 | 1540 | 3213 | 102 |

പട്ടിക 1.സി എയിഡഡ് സ്കൂളിലെ വിദ്യാർത്ഥികളുടേയും എണ്ണം

| | | | | | |
|---|---|---|---|---|---|
| 1 | LFHS നിലമ്പൂർ | 164 | 147 | 311 | 12 |

പട്ടിക 2.ബി 1995-96ൽ പഠനം ഇടയ്ക്കുവെച്ചു നിർത്തിയ വിദ്യാർത്ഥികൾ

| SC-ST | | | | മറ്റുള്ളവർ | | | | |
|---|---|---|---|---|---|---|---|---|
| LPS | UPS | HS | TOTAL | LPS | UPS | HS | TOTAL | GR. TOTAL |
| 1 | 7 | 4 | 12 | 11 | 9 | 44 | 64 | 76 |

| LPS | | | UPS | | | HS | | | |
|---|---|---|---|---|---|---|---|---|---|
| M | F | TOTAL | M | F | TOTAL | M | F | TOTAL | GR.TOTAL |
| 147 | 141 | 288 | 88 | 120 | 208 | 101 | 116 | 217 | 713 |

പട്ടിക .2എ പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം



# കുടിവെള്ളം: പൊതുജനാരോഗ്യം പരിസര ശുചീകരണം

ജീവൻെറ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് വെള്ളവും വായുവും . ജീവൻെറ ഉൽപത്തി തന്നെ ജലാശയങ്ങളിലായിരുന്നു. എന്നാണ് ശാസ്ത്ര നിഗമനം. ആദിമമനുഷ്യൻ പ്രകൃതി ജല സ്രോതസ്സുകളായ അരുവികൾ തോടുകൾ പുഴകൾ തടാകങ്ങൾ എന്നിവയെ കുടിവെള്ളത്തിനായി ആശ്രയിച്ചു പോന്നു. കാലാന്തരത്തിൽ ജനസംഖ്യയിൽ ഉണ്ടായ ക്രമാതീതമായ വളർച്ചയിൽ ശുദ്ധ ജലത്തിനായി മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടി വന്നു. ഇതിൽ പ്രധാനം കിണറികൾക്കായിരുന്നു.

നമ്മുടെ പഞ്ചായത്തിൻെറ അതിരുകളിട്ടുകൊണ്ട് കരിമ്പുഴ, ചാലിയാർ പുഴ കുതിരപ്പുഴ എന്നീ മൂന്നു നദികൾ ഒഴുകുന്നുവെങ്കിലും കുടിവെള്ളത്തിനായി നാം കിണറുകളെ ആശ്രയിച്ചു പോരുന്നു. ഭൂമിയുടെ ഘടനാപരമായ പ്രത്യേകതകൊണ്ട് ചില സ്ഥലങ്ങൾ കിണറുകൾ കുഴിക്കുന്നതിന് അനിയോജ്യമല്ല. ഇത്തരം സ്ഥലങ്ങളിൽ അകലെയുള്ള കിണറുകളേയൊ പൈപ്പ് വള്ളത്തെയോ ആശ്രയിക്കേണ്ടി വരുന്നു

പഞ്ചായത്തിലെ '75% ആളുകളും കുടിവെള്ളത്തിന് കിണറുകളെ ആഫശയിക്കുന്നു. നമുക്ക് 13 വാർഡുകളിലുമായി 6000 ത്തോളം കിണറികേ ള്. ഇവയിൽ 2 കുഴൽ കിണറുകളും 31 പൊതു കിണറുകളും ഉൾപ്പെടുന്നു. ഇവയിൽ നല്ലൊരു പങ്കും വേനൽ കാലങ്ങളിൽ വേണ്ടത്ര വെള്ളം കിട്ടാത്തവയാണ് അതിനാൽ മിക്ക പ്രദേശങ്ങളിലും പ്രതേകിച്ചു കോളനികളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. ഇതിനൊരൽപം ആശ്വാസം നൽകുന്നത് വാട്ടർ അതോററ്റിയുടെ 2 ശുദ്ധജലവിതരണ പദ്ധതികളായ്. ഡബ്ളിയു. എസ്.എസ്. ഉംഎ.ആര.ഡബ്ളിയു എസ്.എസ് ഉം ആണ് ഡബ്ളിയു.എസ്. എസ് ജവഹർ ഹരിജൻ കോളനിക്കു മാത്രമായി 1980ൽ നടപ്പിലാക്കപ്പെട്ടതാണ്. കോളനിയിലേ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നല്ലൊരു പരിധിവരെ ഇതിനു കഴിയുന്നുണ്ട്.

ചാലിയാർ പുഴയിൽ നിർമ്മിച്ച കിണറുകളിൽ നിന്നും വെള്ളം പമ്പു ചെയ്ത് ഫോറസ്റ്റു സർക്യൂട്ട് ഹൗസിനു സമീപമുള്ള ആറു ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന എ.ആർ.ഡബ്ളിയു..എസ്. എസ്. 1985 ലാണ് നിലവിൽ വന്നത്. ഈ പദ്ധതിയിൻ കീഴിൽ ഈ പഞ്ചായത്തിൽ 90 കി.മീ. നീളത്തിൽ പൈപ്പു ലൈനുകൾ സ്ഥാപിച്ച് 1300 വീടുകൾക്ക് ശുദ്ധജലമെത്തിക്കുന്നതിനു പുറമെ 254 പൊതു ടാപ്പുകൾ സ്ഥാപിച്ച് നല്ലൊരു വിഭാഗം ജനങ്ങൾക്ക് കുടിവെള്ള മെത്തിക്കുന്നു. പഞ്ചായത്തിലെ എല്ലാ മേഘലകളിലേക്കും ശുദ്ധജലമെത്തിക്കുന്നതിന് ഈ പദ്ധതിക്ക് കഴിയുന്നില്ല എന്നു മാത്രമല്ല ഇപ്പോൾ വിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ തന്നെ പ്രത്യേകിച്ച വേനൽ കാലങ്ങളിൽ ആവശ്യാനുസരണം വിതരണം നടത്തുവാൻ കഴിയുന്നില്ല. ഇതിൻെറ പമ്പ്ഹൗസിൽ 75 എച്ച് പി യുടെ 2ും 90 എച്ച് പി യുടെയും ഒന്നും പമ്പ് സെറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഏതെങ്കിലും ഒന്നു മാത്രമെ പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ പവർ കട്ടും വോൾട്ടേജ് കുറവും ഇതിൻെറ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും (ഗ്രാമ സഭ റിപ്പോർട്ടുകളിൽ നിന്ന്)

വാർഡ് - 1:

ആശുപത്രിക്കുന്ന്" വട്ടപ്പൊയിൽ എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ് . ഇതിനു പരിഹാരമായ ആവശ്യമുള്ള എല്ലാ വീടുകളിലേക്കും പൈപ്പ് ലൈൻ കണക്ഷൻ നൽകുക.

വാർഡ് - 2:

ജലനിരപ്പിൽ പിന്ന് വളരെ ഉയർന്നു കിടക്കുന്ന ഭൂപ്രദേശങ്ങളാണ് ഈ വാർഡിൽ അധികവും . അതുകൊണ്ടു തന്നെ മിക്ക സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ആയതിനാൽ ആവശ്യമായ എല്ലാ വീടുകളിലും പൈപ്പ് ലൈൻ കണക്ഷൻ നൽകുക. നിലവിലുള്ള പൊതു ടാപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ്യയോഗ്യമാക്കുക. പുതിയ 8 പൊതു ടാപ്പുകൾകൾ കൂടി സ്ഥാപിക്കുക.

വാർഡ് - 3 :

വാർഡിലെ കുടിവെള്ള ക്ഷാമം പൂർണ്ണമായി

പരിഹരിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള മുഴുവൻ പൊതു ടാപ്പുകളും പ്രവർത്തന സജ്ജമാക്കുക. ബീരാൻ റോഡു വഴിയുള്ള പൈപ്പ്ു ലൈൻ മൈലാടി റോഡുവരേയും ആസാദ് ഗ്രൗണ്ട് ലൈൻ,ഗ്രൗണ്ടിൻെറ കിഴക്കേ ഭാഗം വരേയും ബംഗ്ളാവു റോഡിൽ നിന്ന് ഫോറസ്റ്റ് ക്വാർട്ടേഴ്സ് വരേയും മജ്മ കുന്നിലേക്കും ലൈൻ നീട്ടി പൊതു ടാപ്പുകളും കണക്ഷനുകളും നൽകുക.

വാർഡ് 4

വാർഡിലെ ഉയർന്ന പ്രദേശങ്ങളിൽ പൈപ്പുവെള്ളം എത്താറില്ല. മുമുള്ളി, മാങ്കുത്ത്, മുതീരി പാത്തിപ്പാറ, കുട്ടികുന്ന് എസ്-സി.എസ്ടി കോളനി എന്നിവടിങ്ങളിൽ കുടിവെള്ളള ക്ഷാമം അനുഭവപ്പെടാറുണ്ട്. പരിഹാരമായി വല്ലപ്പുഴ റോഡിലൂടെ പോകുന്ന വിതരണ പൈപ്പിൻെറ വ്യാസം കൂട്ടുകയും ക്ഷാമബാധിതമായ മേൽ കാണിച്ച പ്രദേശങ്ങളിലേക്ക് പുതിയ പൈപ്പ്ലൈൻ എത്തിക്കുകയും അത്യവശ്യസ്ഥലങ്ങളിൽ പൊതു ടുപ്പുകൾ എത്തിക്കുകയും ചെയ്യുക.

വാർഡ് 5

വൃന്ദാവൻ കോളനി,വീട്ടിമലക്കുന്ന്,വെളിയം തോട്, അയ്യാർ പൊയിൽ എന്നിവ കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളാണ്. ഇവിടങ്ങളിലേക്ക് പുതിയ ലൈൻ എത്തിക്കകുകയും വൃന്ദാവൻ കോളനിയിലെ ഉപയോഗശൂന്യമായ കുഴൽകിണർ നന്നാക്കകുയും ചെയ്യുക

വാർഡ് 6

ഇവിടെ പൊതുവായി എല്ലാ സ്ഥലങ്ങളിലും കുടിവെള്ള ക്ഷാമം ഉണ്ടാകാറുണ്ട്. മുതീരിതോട്ടിൽ ഒരു വാട്ടർ സ്റ്റോറേജ് നിർമ്മിക്കുകയും പ്പൈ് ലൈൻ വാർഡിൻെറ എല്ലാ ഭാഗങ്ങളിലും എത്തിക്കുകയും ചെയ്യുക. കൂടാതെ തെക്കുംപാടം,വീട്ടിച്ചാൽ ഇയ്യംമട,മുക്കട്ട,വട്ടപ്പാടം എന്നവിടങ്ങളിൽ പൊതു കിണർ കുഴിക്കുക

വാർഡ് 7

പാടിക്കുന്ന്, പടിഞ്ഞാറെ കര എന്നിവ ക്ഷാമ ബാധിത പ്രദേശങ്ങളാണ്. ഇവിടങ്ങളിൽ ഒരോ പൊതുകിണർ കുഴിക്കുകയും പൈപ്പ് ലൈൻ പടിഞ്ഞാറെ കരയിൽ നിന്ന് തോണിപ്പൊയിൽ വരെ നീട്ടുകയും ചെയ്യുക. കിഴക്കേ കരയിലേക്ക് കൂറ്റംമ്പാറ വഴി പുതിയ ലൈൻ എത്തിക്കുക.

വാർഡ് 8

വാർഡിലെ പല പ്രദേശങ്ങളിലും പ്രത്യേകിച്ചും ഉയർന്നുകിടക്കുന്ന കുന്നിൻ പ്രദേശങ്ങളിൽ കുടിവെള്ളക്ഷമം അനുഭവപെപ്പടാറുണ്ട്. നിലവിലള്ള പൈപ്പ് ലൈനിൽ പുതിയ 10 ടാപ്പുകൾ കൂടി സ്ഥാപിക്കുകയും കോളനി പരിസരത്ത് നിന്ന് താഴെ മുതുകാടുവരേയും അവിടെ നിന്ന് രാമംക്കുത്ത് റോഡ് വഴി രാമംകുത്ത് മുതുകാട് റോഡിലും പുതിയ ലൈനുകളിട്ട് കണക്ഷൻ നൽകുകയും 12 പൊതു ടാപ്പുകൾ ഇടകയും ചെയ്യുക

വാർഡ് 9

ഇവിടെ ഏകദേശം 1.5 കി.മി പുതിയ ലൈൻ സ്ഥാപിച്ചാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം. നെടുമുണ്ടകുന്നിലുള്ള കുഴൽ കിണർ നന്നാക്കുകയും പൊതുകിണർ ആഴം കൂട്ടുക.

വാർഡ് 10

പട്ടരാക്ക ജംഗ്ഷൻ ചക്കാലകുത്തമായി ബന്ധിപ്പിക്കുന്ന റോഡിലും നടവിലക്കളം ജംഗ്ഷൻ വീട്ടിക്കുത്ത്, നിലമ്പൂർ, ആർ.എസ് ലായി ബന്ധിപ്പിക്കുന്ന റോഡിലും പുതിയ ലൈനുകൾ സ്ഥാപിക്കുക. പാടികുന്ന് ഗിരിജൻ കോളനിയിലേക്കും പുതിയ ലൈൻ അനിവാര്യമാണ്. കൂടാതെ ഉയർന്ന പ്രദേശമായ കളരിക്കുന്ന് ഭാഗത്തേക്കുള്ള വിതരണ പൈപ്പിൻെറ വ്യാസംവർദ്ധിപ്പിക്കുക.

വാർഡ് 11

വാർഡിലെ കല്ലേമ്പാടം അരുവാക്കോട് പ്രദേശങ്ങൾ ക്ഷാമ ബാധിത പ്രദേസങ്ങളാണ്. ഇതിന് പരിഹാരമായി അരുവാക്കോടിൽ ഒരു വലിയ വാട്ടർ ടാങ്കും, അതിലേക്കു വേണ്ട പമ്പിംങ്ങ് സിസ്റ്റവും സ്ഥാപിക്കുകയോ വൈ.എം.സി.എ നിർമ്മിച്ച ടാങ്ക് ഉയോഗ യോഗ്യമാക്കുന്നതിന് വൈദ്യുതി കണക്ഷൻ നൽകുയോ ചെയ്യുക. വാർഡിൽ പൂട്ടിയ പൊതു ടാപ്പുകൾ പുനഃസ്ഥിപിക്കകയും ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ടാപ്പുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുക

വാർഡ് 12

അരുവാക്കോടിലെ പഞ്ചായത്ത് കിണർ 2മീറ്റർ കൂടിതാഴ്ത്തി റിംഗ് ഇറക്കി വൈവ.എം.സി.എ നിർമ്മിച്ച ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുക. കുതിരപുഴക്ക് സമീപം മറ്റൊരു ജലവിതരണ പദ്ധതികൂടി ആരംഭിക്കുക.

വാർഡ് 13

വാർഡിലെ ഉയർന്ന പ്രദേശങ്ങളൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു പരിഹാരമായി പാത്തിപാറയിൽ ഒരു പൊതുകിണർ കുഴിക്കുയും വള്ളിയമ്പടത്തേയും ജവഹർ കോളനിയിലേയും പൊതുകിണറുകൾ നന്നാക്കുകയും ചെയ്യുക നിലവിലുള്ള പൈപ്പ് ലൈനിൽ പുതിയ 10 ടാപ്പുകൾ സ്ഥാപിക്കുകയും മുമ്മുള്ളി പുതുമല കോളനിയിലേക്ക് പുതിയ പൈപെപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്യുക. കൂടാതെ കരിമ്പുഴ - വള്ളിയം പാടം റോഡിലും വല്ലപ്പുഴ മുകളിലുള്ള റോഡിലും മുമ്മുള്ളി ഹരിജൻ കോളനി റോഡിൽ നിന്ന് കുട്ടിച്ചാത്തൻ കാവ്

റോഡിലും ചിന്നമല പ്രദേശത്തും പൈപ്പ് ലൈൻ എത്തിക്കുക

ഗ്രാമ സഭാ യോഗങ്ങളിൽ പൊതുവായി ഉയർന്നുവന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ ചെറുകിട ഇടത്തരം പദ്ധതികളും ചില വൻകിട പദ്ധതികളുംഉണ്ട്

### ചെറുകിട ഇടത്തരം പദ്ധതികൾ

നിലവിലുള്ള പൊതു കിണറുകളുമ കുഴൽ കിണറുകളും വർഷത്തിലൊരിക്കൽ അറ്റ കുറ്റ പണികൾ നടത്തി ഉപയോഗയോഗ്യമാക്കുക. ആവശ്യമായ സ്ഥലങ്ങളിൽ സ്ഥലം സ ജന്യമാക്കി നൽകുക. പൊതുകിണറുകൾ കുഴിക്കുക. തുച്ഛവരുമാനക്കാരായ കുടംബങ്ങൾക്ക് കിണർ കുഴിക്കുവാൻ ധനസഹായവും വായ്പയും ലഭ്യമാക്കുക മുതീരിതോട്ടിലും മറ്റ് പ്രധാനപ്പെട്ട തോടുകളിലും ചെറിയ ബണ്ടുകൾ കെട്ടി ജലം സംഭരിച്ചുവെക്കുക പഞ്ചായത്തിൽ പുതിയ രണ്ട് ശുദ്ധജലവതരണ പദ്ധതികൾ കൂടി ആരംഭിക്കണം ഉയർന്ന പ്രദേശങ്ങളിൽ നീർകഴികളും വരമ്പുകളും നിർമ്മിച്ച് മഴവെള്ളം തടഞ്ഞു നിർത്തുക.

### വൻകിട പദ്ധതികൾ

കുതിരപുഴ ചാലിയാർപുഴ, ചാലിയാർ എന്നിവയ്ക്ക്ഉചിതമായ സ്ഥലങ്ങളിൽ അണകൾ (തടയണകൾ) കെട്ടിശുദധജലം സംരഭിക്കുക. ഇതു കുടിക്കന്നതനും കുളിക്കുന്നതിനും മത്സ്യസമ്പത്ത് വികസിപ്പിക്കുന്നതിനും ഉപകരിക്കുന്നതോടൊപ്പം വരൾച്ച അതിജീവിക്കുന്നതിനും സഹായിക്കും

### ആരോഗ്യം

ആരോഗ്യ സമ്പന്നമായൊരു ജനത ഏതൊരു രാഷ്ട്രത്തിൻേറയും മുതൽക്കുട്ടാണ്. അതുകൊണ്ട് രോഗനിവാരണത്തിനും നിർമ്മാർജ്ജനത്തിനും പ്രധാനമായ സ്ഥാനം നൽകിക്കൊണ്ട് പദ്ധതികൾ ആവിഷ്കരച്ച് നടപ്പാക്കേണ്ടതുണ്ട്

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് ഏഴ് പതിറ്റാണ്ടുകൾ മുൻപ് ചികിൽസ സൗകര്യത്തിനായി സമീച്ചിരുന്നത്. പാരമ്പര്യ നാട്ടു വൈദ്യൻമാരെയായിരുന്ന പ്രഗൽഭരായ പല നാട്ടുവൈദ്യൻമാരും അക്കാലത്ത് ഉണ്ടായിരുന്നു കൂടാതെ രോഗശമനത്തിനായി ചരട് ജപിച്ചുകെട്ടുക മന്ത്രവാദം നടത്തുക. ക്ഷേത്രങ്ങൾ പള്ളികൾ തുടങ്ങിയ ആരാധനാലയങ്ങളിൽ വഴിപാടുകളും, നേർച്ചകളും നടത്തുക. ദാനം ധർമ്മം മുതലായ പുണ്യകർമ്മങ്ങൾ നടത്തുക എന്നിവയും പതിവായിരുന്നു. ഇന്ന് പുരോഗമിച്ച ഈ കാലഘട്ടത്തിലും ഇത്തരം അന്ധ വിശ്വസങ്ങൾ പൂർണ്ണാമായും നഷ്ടപ്പെട്ടിട്ടില്ല. നിലമ്പൂരിൽ സർക്കാർ ആശുപത്രിയുടെ സ്ഥാപനത്തോടു കൂടിയാണ് ആധുനിക ചികിൽസാ സൗകര്യം നമുക്ക് ലഭ്യമായി തുടങ്ങിയത്. ഇന്ന് പഞ്ചായത്തിൽ ഈ ആശുപത്രിക്കു പുറമെ 5 സ്വകാര്യ ആശുപത്രികളും (ഇതിൽ ഒന്നിപ്പോൾ അടച്ചരിക്കയാണ്) ഒരു സർക്കാർ ആയുർവേദ ഡിസ്പൻസറിയും, 5പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങളുവും, ഒരു കുഷ്ഠ രോഗ നിവാരണ കേന്ദ്രവും പ്രവർത്തിക്കുന്നു, കൂടാതെ 5 പ്രാഥമികാരോഗ്യ ഉപകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു ഇ.എസ്.ഐ. ഡിസ്ൻസറിയും 9 ഹോമിയോ ക്ളിനിക്കുകൾ , 10 ആര്യവൈദ്യ ശാലകൾ, ഒരു പ്രകൃതി ചികിൽസാ യൂണിറ്റ് എന്നിയുമുണ്ട് ഇത്രയേറെ സ്ഥാനങ്ങളുണ്ടെങ്കിലും വിദഗ്ദ ചികിൽസക്കായി മഞ്ചേരി ജില്ലാ ആശുപത്രിയിലും പെരിന്തൽമണ്ണയിലുള്ള സ്വകാര്യ ആശുപത്രികളിലും പോകുന്നവർ ധാരാളമായുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ പൊതുജനാരോഗ്യം കേന്ദ്രങ്ങൾ-പട്ടിക

| സ്ഥാപനം | എണ്ണം | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾ | 5 | 4,6,8,11,13 | 14 |
| ആയുർവേദ ഡിസ്പൻസറി | 1 | 3 | 3 |
| കുഷ്ഠരോഗ നിവാരണ കേന്ദ്രം | 1 | 1 | 29 |
| ആശുപത്രി | 1 | 1 | 75 |

ഇത്രയും സ്ഥപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ പൊതുവായ ആരോഗ്യ സ്ഥിതിയിൽ കാര്യമായ മുന്നേറ്റം കാണുന്നില്ല. കഴിഞ്ഞ 4 വർഷത്തിൽ ഇവിടെയുള്ള സർക്കാർ ആശുപത്രിയിൽ ചികിൽസക്കായി എത്തിയവരുടെ കണക്കുകൾ ഇത് വ്യക്തമാക്കുന്നു

സർക്കാർ ആശുപത്രിയിൽ ചികിൽസക്കായി എത്തിയവരുടെ പട്ടിക

| വർഷം | ഇൻപേഷൻറ് | ഔട്ട്പേഷൻറ് |
|---|---|---|
| 1992-93 | 10,183 | 44,468 |
| 1993-94 | 12,904 | 45,605 |
| 1994-95 | 14,808 | 49,375 |
| 1995-96 | 13,984 | 48,700 |

ഇതിന് പുറമെ ആയുർവേദ ഡിസ്പൻസറി ഇഎസ്ഐ ഡിസ്പൻസറി, സ്വകാര്യ ആശുപത്രകൾ. ഹോമിയോ ക്ളിനിക്കുകൾ, വൈദ്യശാലകൾ, ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ, എന്നിവിട

ങ്ങളിലും സ്ഥലങ്ങൾ എന്നിവിടങ്ങളും, വിദഗ്ദ ചികിൽസക്കായി ദരരസ്ഥലങ്ങളിൽ പോകന്നവർ എന്നിവരെ കണക്കാക്കിയാൽ ആരോഗ്യ രംഗത്തെ ശോചനീയാവസ്ഥബോദ്ധ്യപ്പെടുന്നതാണ്.ആശുപത്രി യിൽ എത്തുന്നവരിൽ വായു ജന്യ രോഗങ്ങൾ ഉള്ളവർ ജലന്യരോഗങ്ങൾ പ്രാണി ജന്യരോഗങ്ങൾ പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങൾ, മറ്റ് രോഗങ്ങൾ ഉള്ളവർ എന്നിവരാണ്. പകരുന്ന രോഗങ്ങളിൽ വയറിളക്കം, ചിക്കൻ പോക്സ്) എന്നിവയാൽ പ്രധാനമായും കാണുന്നത്. വർഷങ്ങളായി നിർമ്മാർജ്ജനം ചെയ്യപ്പെട്ട മലേറിയ രോഗം 1994-95ൽ 8 പേർക്ക് പിടിപെട്ടതായി കണക്കുകൾ കാണിക്കുന്ന.ു 1985ൽ സഥാപിച്ച കുഷ്ഠരോഗ നിവാരണ കേന്ദ്രത്തിൽ ഈ പഞ്ചായ ത്തിൽ നിന്ന് ഇതുവരേയായി 113പേർ ചികിൽസക്ക് വിധേയരായി. ഇവരിൽ 105 പേർ പൂർണ്ണമായി രോഗവിമുക്താവുകയുും 8പേർ ഇപ്പോഴും ചികിൽസ തുടരുകയും ചെയ്യുന്നു. പഞ്ചായത്തിലെ ജനന രണ നിരക്ക് 1995-96 ലെ കണക്ക് പ്രകാരം 22 ഉം 5.9മാണ്

ജനന മരണ വിവരങ്ങൾ - പട്ടിക

| വർഷം | ജന്നനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993-94 | 3422 | 340 | 68 |
| 1994-95 | 3787 | 382 | 80 |
| 1995-96 | 4000 | 377 | 82 |

## പൊതുവായ പ്രശ്നങ്ങൾ

1. വിദഗ്ദരായ ഡേ ാക്ടർമാരുടെ സേവനവും ചികിൽസാസൗകര്യങ്ങളും പര്യാപ്തമാക്കുക

.2. ജനങ്ങളടെ ആരോഗ്യ നിലവാരം വേണ്ടത്ര ഉയർന്നിട്ടില്ല

3. പോഷകാഹാര കുറവും കായിക പരിപോ ഷണത്തിനുള്ള സൗകര്യങ്ങളുടെ കുറവും.

## പരിഹാര മാർഗ്ഗങ്ങൾ

1. നിലമ്പൂർ താലൂക്കിൻെറ രൂപീകരണത്തോടു കൂടി താലൂക്ക് ആശുപത്രിയുടെ പദവിയിലേക്ക് ഉയർന്ന നിലമ്പൂർ സർക്കാർ ആശുപത്രിയിൽ എല്ലാ വിഭാഗത്തിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക.

2. ഡോക്ടർമാരുടെ സേവനം എല്ലാ ദിവസവും എല്ലാ സമയത്തും ലഭ്യമാക്കുകയും അവരുടേയും മറ്റ് ജീവനക്കാരുടേയും സേവനം കാര്യക്ഷമമാക്കുകയും ചെയ്യുക.

3. ആശുപത്രി കെകട്ടിടം വിപുലീകരിക്കുകയും നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ യഥാ സമയം നടത്തുകയും എല്ലാ വാർഡിലും എല്ലാ സമയത്തും വായു, വെള്ളം, വെളിച്ചം സാനിറ്റേഷൻ എന്നിവ ലഭ്യമാക്കുകയും പുതിയതായി 200 രോഗികളെ കൂടി കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

4. അത്യാവശ്യമരുന്നുകളും ഉപകരണങ്ങളും എല്ലാ സമയത്തും ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം.

5. അത്യാസന്ന നിലയിൽ കിടക്കുന്ന രോഗി കൾക്കായി ഒരു ഇൻെറൻസീവ് കെയർ യൂണിറ്റും ആധുനിക സൗകര്യങ്ങളോടി കൂടിയ ഓപ്പറേഷൻ തീയറ്റർ സ്ഥാപിക്കുകയും ചെയ്യുക.

6. എക്സറെ , സ്കാനിംഗ്, ലാബോറട്ടറി സൗക ര്യങ്ങൾ ബ്ളഡ് ബാങ്ക് എന്നിവ സ്ഥാപിക്കുക കൂടിയ ഓപ്പറേഷൻ തീയറ്ററും സ്ഥാപിക്കുകയും ചെയ്യുക.

7. രോഗികളെ പരിചരിക്കുവാൻ നിൽക്കുന്ന വർക്കും സന്ദർസകർക്കും അത്യാവശ്യ സൗകര്യം ചെയ്തു കൊടുക്കുക.

8. നിലമ്പൂർ താലൂക്കിന് ആകമാനം ഉപയോഗി ക്കാവുന്ന തരത്തിൽ നിലമ്പൂരിൽ ഒരു ആയുർവേദ ആശുപത്രിയും ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക.

9. ഉന്നത നിലവാരമുള്ള സ്വകാര്യ ആശുപ ത്രികൾ ഒന്നും തന്നെ നിലമ്പൂർ താലൂക്കിൽ പ്രവർത്തി ക്കാത്തതിനാൽ സഹകരണമേഖലയിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ആശുപത്രി തുടങ്ങാ വുന്നതാണ്.

9 (എ) കുഷ്ഠരോഗ നിവാരണ കേന്ദ്രത്തിന് വെള്ളം വൈദ്യുതി എന്നിവ എത്തിക്കുക.

10. രോഗ പ്രതിരോധത്തിനും നിർമ്മാർ ജ്ജനത്തിനും ഊന്നൽ നൽകി കൊണ്ട് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഉപയോഗറപദമായ വിധത്തിൽ ചർച്ചാ ക്ളാസുകൾ സെമിനാറുകൾ സിനിമാ പ്രദർശനങ്ങൾ എന്നിവ നടത്തുകയും ഹെൽത്ത് വിസിറ്റർമാരുടെ സേവനം ശരിയായ വിധത്തിൽ വിനിയോഗിക്കുകയും ചെയ്യുക.

11. രോഗങ്ങൾ പരത്തുന്ന ഈച്ച കൊതുക് എന്നി വയെ യുദ്ധകാലാടിസ്ഥാനത്തിൽ നശിപ്പിക്കുകയും അനധികൃതമായി വളർത്തുകയും അലഞ്ഞ് നടക്കു കയും ചെയ്യുന്ന പട്ടികളെ പിടികൂടി കൊല്ലുകയും ചെയ്യുക.11(എ) നിലമ്പൂർ സർക്കാർ ആശുപത്രിയിൽ 1994-95 ൽ മലേറിയ ബാധിച്ച 8പേരേയും വയറിളക്കത്തിന് 93-94 ൽ 532,94-95ൽ 978, 1995-96 ൽ 751 പേരേയും ചികിത്സക്കു് വിധേയമാക്കിയ തായി രേഖകൾ കാണിക്കുന്നു.

12. വിതരണം ചെയ്യുന്ന മായം ചേർത്തതും ഗുണ നിലവാരം കുറഞ്ഞതുമായ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുകയും കുറ്റവാളികളെ

മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുക.

13. വൃദ്ധജനങ്ങൾക്കായി എല്ലാവിധ പരിചരണവും ശുശ്രൂഷയും നൽകുവാൻ ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കുകയിും അവരെ പരിചരിക്കുന്നതിനായി പ്രത്യേകം പരിശീലനം നൽകിയവരെ നിയോഗിക്കുകയും ചെയ്യുക.

14. വിദ്യാലയങ്ങളിൽ മാസത്തിലൊരിക്കൽ വൈദ്യപരിശോധന നടത്തി സൗജന്യമായി മരുന്നും നിർദ്ദേശവും നൽകുക.

15. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ മുഴുവൻ മെഡിക്കൽ വിവരങ്ങളും യഥാസമയം രേഖപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ഓരോ ഹെൽത്ത് ഡയറി നൽകുക. രക്ത പരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ച് രക്ത ഗ്രൂപ്പ് ഡയറക്ടറി ഉണ്ടാക്കുക.

16. കൃഷിവകുപ്പുമായി സഹകരിച്ച് ഔഷധ സസ്യകൃഷിയും പോഷകാഹാര ക്കുറവു പരിഹരിക്കുന്നതിനുള്ള കൃഷിരീതിയും നടപ്പിലാക്കുക.

17. പ്രതിരോധശേഷിയും കായിക ശേഷിയും വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിൽ യോഗാസന കേന്ദ്രം, ജിംനേഷ്യം എന്നിവ സ്ഥാപിക്കുക.

18. പുകവലി, മുറുക്ക്, പൊടിവലി, മദ്യപാനം, മറ്റു മയക്കുമരുന്നുകളുടെ ഉപയോഗം മുതലായവക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുക.

19. നിലമ്പൂർ ഗവ: ആയുർവ്വേദ ആശുപത്രിയിൽ ചുങ്കത്തറ, കരുളായി അമരമ്പലം തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നു കൂടി രോഗികൾ ചികിത്സക്കായി എത്തുന്നു രോഗികളുടെ ബാഹുല്യം കാരണം ഇപ്പോഴത്തെ ഔഷധങ്ങളുടെ ക്വാട്ട വർദ്ധിപ്പിക്കുക.

20. ഡിസ്പൻസറി ചുരുങ്ങിയത് 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക

21. നിലവിലുള്ള കെട്ടിടത്തിൽ വാട്ടർ സപ്ലൈയും വൈദ്യുതിയും ഏർപ്പെടുത്തുക.

22. ചുറ്റുമതിലും ഗെയിറ്റും നിർമ്മിക്കുക

23. കോമ്പൗണ്ടിൽ ഔഷധ ചെടികൾ വെച്ചുപിടിപ്പിക്കാനുള്ള സൗകര്യം ഏർപ്പാടാക്കുക.

### നിർദ്ദേശങ്ങൾ:

1. വാർഡ് 2,3,5,9,10, 4ാം വാർഡിലെ മുതീരി, 5ാം വാർഡിലെ വൃന്ദാവൻ കോളനി, 13ലെ മുമ്മുള്ളി എന്നിവിടങ്ങളിൽ പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

2. 4ാം വാർഡിലെ ഉപകേന്ദ്രത്തിൽ ഒരു ഡോക്ടറുടേയും 13ാം വാർഡിലെ ജവഹർ കോളനിയിൽ ആഴ്ച്ചയിലൊരു ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കുക

3. വാർഡ് 6,8,11,12 എന്നിവിടങ്ങളിൽ ഡിസ്പൻസറികൾ സ്ഥാപിക്കുക. 7,8 വാർഡുകൾക്കായി 8ാം വാർഡിൽ നിർമ്മിച്ചിരിക്കുന്നസബ് സെൻറ്റിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക

### പരിസര ശുചിത്വം

ആരോഗ്യകരമായ ജീവതത്തിന് പരിസര ശുചിത്വം അനിവാര്യമാണ്. ശുദ്ധവായു വെള്ളം എന്നിവ അത്യാവശ്യ ഘടകങ്ങളാണെങ്കിലും ഇവ പല വിധത്തിൽ മലിനികരിക്കപ്പെടുന്നു. നമ്മുടെ ചുറ്റുപാടുകൾ നാം അറിഞ്ഞും അറിയാതെയും അടിഞ്ഞു കൂടുന്ന മാലിന്യങ്ങളിൽ നിന്ന് പല രോഗാണുക്കളും രോഗങ്ങൾ പരത്തുന്ന പ്രാണികളും ഉണ്ടാകുന്നു. അതുകൊണ്ട് ആരോഗ്യപരിപാലന രംഗത്ത് പരിസര ശുചിത്വത്തിന് അതിയായ പ്രാധാന്യമുണ്ട്. നമ്മുടെ വിവിധ ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വന്ന പൊതുവായ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളുമാണ് താഴെ വിവരിക്കുന്നത്.

1. കക്കൂസ്:- നമ്മുടെ പഞ്ചായത്തിൽ 40% ത്തോളം വീടുകളിലും ശരിയായി കകകൂസില്ല. തുറസ്സായ സ്ഥലങ്ങളിൽ വിസർജ്ജനം നടത്തുന്നതുകൊണ്ട് വിര ശല്ല്യം വയറിളക്കം തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുവാൻ ഇടയാകുന്നു. 1993-94 ൽ 532 ഉം 1994-95 ൽ 978 ഉം 1995-96 ൽ 751 പേർക്കും നമ്മുടെ പഞ്ചായത്തിൽ വയറിളക്ക രോഗം ബാധിച്ചതായി നിലമ്പൂർ സർക്കാർ ആശുപത്രി രേഖകൾ കാണിക്കുന്നു. കക്കൂസുകളുടെ അഭാവം ഏറ്റവും കൂടുതൽ അലട്ടുന്നത് കോളനികളെയും പട്ടണ പ്രദേശങ്ങളെയും ആണ്. കക്കൂസുകൾ ഇല്ലാത്തവ പൊതുവെ നിർദ്ധന കുടുംബങ്ങളായതിനാൽ ഇത്തരം കുടുംബങ്ങൾക്ക് അവ നിർമ്മിക്കുന്നതിനുള്ള മതിയായ സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. നഗര പ്രദേശങ്ങളിൽ നിലമ്പൂർ പട്ടണത്തിലും പഞ്ചായത്ത് ബസ്സ്റ്റാൻറിലും 2 മൂത്രപ്പുരകളും കക്കൂസുകളും ഉണ്ടെങ്കിലും നിലമ്പൂര ടൗണിലേത് പൂട്ടി കിടക്കുകയും ചന്തക്കുന്നിലേത് ശരിയായ രീതിയിൽ ഉപയോഗ യോഗ്യവുമല്ല. അതിനാൽ ഇവ ആവശ്യമായ റിപ്പയറിംഗ് നടത്തി ഉപയോഗയോഗ്യമക്കുകയും നിലമ്പൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തും നിലമ്പൂർ ടൗണിൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തും കൂടി കക്കൂസുകൾ പണിയണം. കൂടാതെ നിലമ്പൂർ ടൗണിൽ നാലും ചന്തക്കുന്ന് മുക്കട്ട റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ ഓരോ മൂത്രപ്പുരകളും നിർമ്മിക്കണം .

2. റോഡുകളിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന ആടുമാടുകളെയും കന്നുകാലികളേയും പിടിച്ചു കെട്ടുകയും ഉടമസ്ഥരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യുക.

3. പട്ടണ പ്രദേശത്തും മറ്റു പ്രധാന സ്ഥലങ്ങളിലും കോളനി പ്രദേശങ്ങളിലും വേണ്ടത്ര കുപ്പതൊട്ടികൾ സ്ഥാപിക്കുകയും ഉപയോഗശൂന്യമായ വസ്തുക്കളും ചപ്പു ചവറുകളും അതിൽ നിക്ഷേപിക്കുവാൻ ജനങ്ങളെ ബോധവൽക്കരിക്കുക. കുപ്പത്തൊട്ടികളിൽ നിക്ഷേപിക്കപ്പെടുന്ന വസ്തുക്കൾ യഥാസമയം നീക്കം ചെയ്യുക. ഇവ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കാവുന്നതാണ്.

4. പഞ്ചായത്തിൽ തൂപ്പു ജോലിക്കായി 8 പേരെയാണ് നിയമിച്ചിരിക്കുന്നത്. തൂപ്പു ജോലി പട്ടണ പ്രദേശത്തു മാത്രം കേന്ദ്രീകരിക്കാതെ ആവശ്യമായ മറ്റു പ്രദേശത്തു കൂടി വ്യാപിപ്പിക്കുകയും ആവശ്യമായ ജോലിക്കാരെ നിയമിക്കുകയും ചെയ്യുക.

5. പാതയോരങ്ങളിലെ ഡ്രൈനേജ് സിസ്റ്റം കാര്യക്ഷമമാക്കുക. വർഷകാലാരംഭത്തിൽ തന്നെ ആവശ്യമായ റിപ്പയർ നടത്തുകയും മലിനജലം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ ഡ്രൈനേജ് നിർമ്മിക്കുകയും ചെയ്യുക.

6. പ്രധാന റോഡുവക്കുകളിൽ മത്സ്യം മാംസം മുതലായവ വിൽക്കുന്നത് നിരോധിക്കുകയും അവക്ക് പ്രത്യേക മാർക്കറ്റുകളും അറവുശാലകളും സ്ഥാപിക്കുക.

7. പൊതുസ്ഥലങ്ങളിലെ പുകവലി കർശനമായി നിരോധിക്കുകയും പുകവലിക്കെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

8. പുഴകളിലും പൊതു കുളങ്ങളിലും ഓലകൾ അഴുക്കുന്നത് കർശനമായി തടയുകയും തോട്ട, നഞ്ച്, എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുകയും ചെയ്യുക.

9. പഞ്ചായത്തിലെ രണ്ട് പൊതു ശ്മശാനങ്ങളിലും ദഹിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും മൃതശരീരങ്ങൾ കൊണ്ടു പോകുന്നതിന് വാഹന സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

### വാർഡുതലങ്ങളിൽ പ്രാവർത്തികമാക്കേണ്ടവ.

വാർഡ് - 1

വാർഡിലെ ശുചീകരണ പ്രവർത്തി രാവിലെ 7 മണി മുതൽ 10 മണി വരെയുള്ള സമയങ്ങളിലാക്കുക. ഇത് വാഹനങ്ങൾക്കും കാൽനടക്കാർക്കും അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കും. കോവിലകത്തുമുറി ശ്മശാനം പുറംഭിത്തി കെട്ടി സംരക്ഷിക്കുക. ശവം ദഹിപ്പുക്കുന്നതിനുള്ള കോൺക്രീറ്റ് തറകൾ പണിയുക. ചകിരി, ചിരട്ട, എന്നിവ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

വാർഡ് - 2.

ദേവീ നേഴ്സിംഗ് ഹോമിൽ നിന്ന് പൊതുവഴിയിലേക്ക് മലിനജലം ഒഴുക്കി വിടുന്നത് നിർത്തലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

വാർഡ് 3

ലക്ഷം വീട് കോളനിയിൽ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുക. ആൾമറയില്ലാത്ത കിണറുകൾക്ക് ആൾമറ കെട്ടി കൊടുക്കുക.

വാർഡ് - 4.

വഴിയോരങ്ങളിൽ വെച്ച് ആടുമാടുകളെ കൊല്ലുന്നത് നിരോധിക്കുകയും അറവുശാലകൾ നിർമ്മിക്കുകയും ചെയ്യുക. നിർദ്ദിഷ്ട മുസ്ളീം ശ്മശാനത്തിന് അനുമതി നൽകുക.

വാർഡ് - 5

ചന്തക്കുന്ന് ബസ്സ്റ്റാൻറിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക. വാർഡിൽ അഴുക്കുചാലുകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുക.

വാർഡ് - 6

ഗ്വാളിയോർ റയോൺസ് ഡിപ്പോയിൽ നിന്നു വരുന്ന കൊതുകുകളെ നിർമ്മാർജ്ജനം ചെയ്യാൻ തീവ്രയജ്ഞ പരിപാടി ആവിഷ്കരിക്കുക. ക്ളാസിക് റബ്ബേഴ്സിൽ നിന്നും ഉയരുന്ന പുക കൂടുതൽ ഉയരത്തിൽ വിടുക. ഒരു പൊതു ശ്മശാനം ഉണ്ടാക്കുക. തെക്കും പാടം ശ്മശാനത്തിന് മതിൽ കെട്ടുക.

വാർഡ് - 8

4 സെൻറ് കോളനിയിലെ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കുക.ശ്മശാന പറമ്പിലേക്ക് റോഡ് നിർമ്മിക്കുക.

വാർഡ് - 9.

ഒരു പൊതു ശ്മശാനം ഉണ്ടാക്കുക.

വാർഡ് 10

ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മത്സ്യ-മാംസാദി മാർക്കറ്റുകൾ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റുക. പഞ്ചായത്തു കുളം റിപ്പയർ ചെയ്ത് അലക്കുന്നതിനും കുളിക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

വാർഡ് 11

നിലമ്പൂർ ടൗണിന് പിറകിലൂടെ പോവുന്ന അഴുക്കുചാൽ ഇരുവശവും ഭിത്തികെട്ടി സംരക്ഷിക്കുക. ടൗണിലെ മാലിന്യങ്ങൾ പുറകുവശത്തെ വയലിലേക്ക് തള്ളി വിടുന്നത് അവസാനിപ്പിക്കുക. ഒരു പൊതു ശ്മശാനം ഉണ്ടാക്കുക.

വാർഡ് - 13

മുതലക്കുഴി അക്വേഷ്യ തോട്ടത്തിൽ കന്നുകാലികളെ അറക്കുന്നത് തടയുക.

# ഗതാഗതം,ഊർജ്ജം, മാർക്കറ്റ്

ഒരു നാടിന്റെ വികസനത്തിന്റെ ചോര യോട്ടം നടക്കേണ്ട ധമനികളാണ് റോഡുകൾ. നാടിന്റെ സമ്പത്ത് ജനങ്ങളുടെ ഐക്യബോധത്തിലധിഷ്ഠിതമായ കൂട്ടായ്മയാണ്. നാടിന്റെ വികസനത്തിൽ റോഡുകൾക്കുള്ള പ്രാധാന്യം നമ്മുടെ പൂർവ്വികർ തിരിച്ചറിഞ്ഞിരുന്നു. 1936 ൽ കിഴക്കനേറനാടിന്റെ സിരാകേന്ദ്രമായ നിലമ്പൂർ പഞ്ചായത്ത് രൂപീകൃതമായപ്പോൾ തന്നെ ധാരാളം റോഡുകൾ ഉണ്ടായിരുന്നു വെന്നത് ആയതിന്റെ ഉദാഹരണമാണ്. അന്നത്തെ പഞ്ചായത്തിന്റെ വിസ്തീർണ്ണം 258 സ്കചയർ മൈൽ ആയിരുന്നു.

1979 ൽ വിഭജനം കഴിഞ്ഞപ്പോൾ 36.26 സ്കചയർകി.മീ. സ്കചയർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ താഴെ പറയുന്ന റോഡുകൾ നിലവിലുണ്ടായിരുന്നു. 1. ചന്തക്കുന്ന്-ഹൈസ്കൂൾറോഡ്, 2. കോവിലകത്തുമുറി റോഡ്, 3. വീട്ടിക്കുത്തു റോഡ് ,4. കളത്തിൻ കടവ് റോഡ്, 5. കോവിലകം റോഡ്, 6. രാമൻകുത്ത് റോഡ്, 7. ചക്കാലകുത്ത് മണലൊടി പോസ്റ്റ് ഓഫീസ് റോഡ് 8തൃക്കൈക്കുത്ത് റോഡ് 9. കളത്തിൻകടവ് ഹൈസ്കൂൾ റോഡ് 10. ആർ.ആർ.സി റോഡ് 11. ചന്തക്കുന്ന്-അറവുശാല-ഹൈസ്കൂൾ റോഡ്, 12. ബംഗ്ളാവുകുന്ന് - മൈലാടി റോഡ്, 13. മയ്യന്താനി-ചന്തക്കുന്നു റോഡ് 14. ചന്തക്കുന്നു-മുക്കട്ട റോഡ് 15. മുക്കട്ട പള്ളി റോഡിൽ നിന്നും തുടങ്ങി സി.എൻ.ജി. റോഡിൽ അവസാനിക്കുന്ന റോഡ് 16 നെടുമുണ്ടക്കുന്നു റോഡ് 17. സി.എൻ.ജി-പൂളമില്ല് റോഡ് 18. പൂളമിൽ - മണലോടി റോഡ് 19. സി.എൻ.ജി. - പാടിക്കുന്നുറോഡ് 20. ചക്കാലക്കുത്ത് -മുതുകാട് റോഡ് 21. വീട്ടിക്കുത്ത് - അരുവാക്കോട്ഗിരിജൻ കോളനി റോഡ് 22. അരുവാക്കോട് - വീട്ടിക്കുത്ത് - കല്ലേംപാടം റോഡ് . 23കൊയപ്പാൻ വളവ് - ഏനാന്തി-പാത്തിപ്പാറ റോഡ്24 കൊയപ്പാൻകുന്ന് - സി.എൻ.ജി. റോഡ് 25. സി.എൻ.ജി.- കൊളക്കണ്ടം റോഡ്

ഈ റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒട്ടനവധി റോഡുകൾ പല കാലഘട്ടങ്ങളായി ഉണ്ടായിട്ടുണ്ട്.

1921 ലെ മലബാർ കലാപത്തിൽ റോഡിലെ കലുങ്കുകളും പാലങ്ങളും തകർക്കപ്പെട്ടപ്പോൾ ബ്രിട്ടീഷ് സൈന്യത്തിന് മലബാറിലേക്കുള്ള മുന്നേറ്റം തടസ്സമായി വന്നു. ഒളിപ്പോരരാളികളെ തേടിയെത്തുന്നതിനും തുടർന്ന് വനസമ്പത്ത് കൊള്ളയടിക്കുന്നതിനും ഭാവിയിൽ മൈസൂരിലെ ചാമരാജ് നഗർ , കേരളത്തിലെ ഫറൂക്ക് വരെ ബന്ധിപ്പിക്കുന്നതിനു വേണ്ടി 1927 ൽ ബ്രിട്ടീഷ് ഭരണകൂടം ഏർപ്പെടുത്തിയ ഷൊർണ്ണൂർ - നിലമ്പൂർ ബ്രോഡ്ഗേജ് റെയിൽവെലൈൻ അടുത്ത വർഷം സപ്തതിയിലെത്തുന്നു. 1940 ൽ രണ്ടാം ലോക മഹായുദ്ധകാലത്ത് ഉരുക്കിനു ക്ഷാമമുണ്ടായപ്പോൾ വെടിക്കോപ്പുകൾ നിർമ്മിക്കുന്നതിനു വേണ്ടി, ബ്രിട്ടീഷുകാർ പൊളിച്ചുകൊണ്ടു പോയ പാത സ്വാതന്ത്ര്യാനന്തരം, 1954 ൽ സർക്കാർ പുനസ്ഥാപിച്ചു. വളരെ വർഷങ്ങൾക്കു മുമ്പു തന്നെ വിദേശശക്തികൾ പോലും നമ്മുടെ പ്രദേശത്ത് റയിൽവേയുടെ പ്രാധാന്യം തിരിച്ചറിഞ്ഞതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് നിലമ്പൂർ റയിൽപാത..

മുൻകാലങ്ങളിൽ നിലമ്പൂർ റയിൽവേ സ്റ്റേഷൻ വരെ ഗുഡ്സ് വാഗൺ സംവിധാനം ഉണ്ടായിരുന്നു. ഇതുപയോഗിച്ച് നിലമ്പൂരിലും സമീപ പ്രദേശങ്ങളിലും ആവശ്യമായ ഭക്ഷ്യധാന്യങ്ങളും രാസവളങ്ങളും ചുരുങ്ങിയ ചിലവിൽ ഇറക്കുമതി ചെയ്യുവാനും അതുപോലെ തന്നെ നമ്മുടെ വന വിഭവങ്ങളുടേയും കാർഷിക ഉൽപന്നങ്ങളുടേയും കയറ്റുമതിയും സാധ്യമായിരുന്നു. ഇതിനാൽ 200 ൽ പരം കുടുംബങ്ങൾക്ക് തൊഴിലും റയിൽവേ സ്റ്റേഷനോടനുബന്ധിച്ച് സജീവമായ വ്യാപാര സാഹചര്യവും ഈ കാലഘട്ടത്തിൽ നിലനിന്നിരുന്നു. സമീപകാലത്ത് വാഗൺ സംവിധാനം എടുത്തു കളഞ്ഞതിന്റെ ഫലമായി തൊഴിൽ വ്യാപാര മേഖലകളിലും കാർഷിക മേഖലയിലും കാര്യമായ നഷ്ടം സംഭവിച്ചിട്ടുണ്ട്.

റോഡ് /റയിൽ ഗതാഗതത്തിനു പുറമെ നമ്മുടെ വാണിജ്യ മേഖലയിൽ ജലഗതാഗതത്തിനും പ്രാധാന്യമുള്ള ഒരു കാലഘട്ടമുണ്ടായിരുന്നു നമ്മുടെ വനവിഭവങ്ങളും മറ്റും കോഴിക്കോട്ടേക്കും അവിടെ നിന്ന് ഭക്ഷ്യവിഭവങ്ങളും മറ്റും നിലമ്പൂരിലേക്കും എത്തിയ്ക്കുന്നതിനുവേണ്ടി ജലഗതാഗതം ഉപയോഗിച്ചിരുന്നു. പഞ്ചായത്തിൽ വാഹന ഗതാഗതയോഗ്യമായ ആകെ റോഡ് 112 കി.മീ ആണ്. ഇതിനും പുറമെ വനം വകുപ്പിന്റെ കീഴിലുള്ള റോഡുകളുമുണ്ട്. ഇതിൽ 13 കിമീ ഓളം പി ഡബ്ളിയു.ഡി വകയും 39 കി.മീ ഓളം പഞ്ചായത്ത് വക ടാർ ചെയ്ത റോഡുകളുമാണ്.

പഞ്ചായത്തിൽ ഒരു ബസ്റ്റാൻറും 15 ബസ് സ്റ്റോപ്പുകളുമുണ്ട്. പഞ്ചായത്തിൽ 40 ഓളം ടാക്സി കാറുകളും 50 ഓളം ടാക്സി ജീപ്പുകളും , 100 ഓളം ഗുഡ്സ് ഓട്ടോകളും, 100 ഓളം മിനി ലോറികളും 500 ൽ പരം പാസഞ്ചർ ഓട്ടോകളും 50 ഓളം ഹെവി

ലോറികളും 300 ൽ പരം ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. ഇതിനും പുറമെ ദിനം പ്രതി വർദ്ധിച്ചു വരുന്ന സ്വകാര്യ വാഹനങ്ങളും ഇരുചക്ര വാഹനങ്ങളും ഉണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ ഉടമസ്ഥത ദൂരം എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

| നമ്പർ റോഡിൻെറ പേര് | ഉടമസ്ഥത | ദൂരം | റിമാർക്സ് |
|---|---|---|---|
| 1. സി.എൻ.ജി റോഡ | പി.ഡബ്ളിയു.ഡി. | 7 കി.മീ | തൃപ്തികരം |
| 2. ചന്തക്കുന്ന്- കാളികാവ് റോഡ് | പി.ഡബ്ളിയു.ഡി | 3കി.മീ | തൃപ്തികരം |
| 3. മുക്കട്ട - കരുളായി റോഡ് | പി.ഡബ്ളിയു.ഡി. | 3.കിമീ | തൃപ്തികരം |
| 4. ഹൈസ്ക്കുൾറോഡ് | പിഡബ്ളിയുഡി | 500മീ | തൃപ്തികരമല്ല |
| 5. സി.എൻ.ജി-വാളതോട് റോഡ് | പി.ഡബ്ളിയു.ഡി | 750മീ | തൃപ്തികരം |
| 6.പാലസ്റോഡ് മുതൽ കോവിലകത്തുമുറി | പഞ്ചായത്ത് | 1.5കി.മീ | തൃപ്തികരം |
| 7.ആശുപത്രി റോഡ് | പഞ്ചായത്ത് | 200 മീ | തൃപ്തികരം |
| 8കളത്തിൻ കടവ് റോഡ് | പഞ്ചായത്ത് | 500മീ | തൃപ്തികരം |
| 9. കളത്തിൻകടവ്-എച്ച്.എസ് .റോഡ്. | പഞ്ചായത്ത് | 800 മീ | തൃപ്തികരമല്ല |
| 10. പാടിക്കുന്ന് റോഡ് | പഞ്ചായത്ത് | 750 മീ | തൃപ്തികരമല്ല |
| 11.സി.എൻ.ജി. എച്ച്.എസ് റോഡ് | പഞ്ചായത്ത് | 300മീ | തൃപ്തികരമല്ല |
| 12. നല്ലംതണ്ണി പാത്തിപ്പാറ ചർച്ച് റോഡ് | പഞ്ചായത്ത് | 1.5കമീ | തൃപ്തികരം |
| 13. വല്ലപ്പുഴ മുമ്മുള്ളി റോഡ് | പഞ്ചായത്ത് | 250 മീ | തൃപ്തികരം |
| 14 ഫാത്തിമഗിരിറോഡ് | പഞ്ചായത്ത് | 800 മീ | തൃപ്തികരം |
| 15. ചന്തക്കുന്ന്-മയ്യംന്തണി റോഡ് | പഞ്ചായത്ത് | 800 മീ | തൃപ്തികരം |
| 16. ഡിപ്പോ-പാലേങ്കര റോഡ് | പഞ്ചായത്ത് | 750 മീ | തൃപ്തികരം |
| 17 കാളികാവ് റോഡിൽനിന്നും വരമ്പൻ പൊട്ടിയിലേക്കുള്ള റോഡ് | പഞ്ചായത്ത് | 750 മീ | തൃപ്തികരം |
| 18. ആർ.എസ്. രാമങ്കുത്ത് റോഡ് | പഞ്ചായത്ത് | 2കി മീ | തൃപ്തികരം |
| 19. മുതുകാട് റോഡ് | പഞ്ചായത്ത് | 1കി മീ | തൃപ്തികരം |
| 20 നെടുമുണ്ടക്കുന്ന് - മിനർവ്വ-ലക്ഷം വീടുകോളനി | പഞ്ചായത്ത് | 1കി മീ | തൃപ്തികരമല്ല |
| 21എന്നാന്തി-കുട്ടിക്കുന്ന് റൗണ്ട് റോഡ് | പഞ്ചായത്ത് | 500 മീ | തൃപ്തികരമല്ല |
| 22. കീർത്തിറോഡ് | പഞ്ചായത്ത് | 400 മീ | തൃപ്തികരമല്ല |
| 23. മണലൊടി റോഡ് | പഞ്ചായത്ത് | 3 കി മീ | തൃപ്തികരം |
| 24. മണലൊടി - ചക്കാലക്കുത്ത് ലിങ്ക് റോഡ് | പഞ്ചായത്ത് | 350 മീ | തൃപ്തികരം |
| 25. കീർത്തി ജംഗ്കഷൻ-മണലൊടി റോഡ് | പഞ്ചായത്ത് | 100 മീ | തൃപ്തികരം |
| 26. വീട്ടിക്കുത്ത് -ചക്കാലക്കുത്ത് റോഡ് | പഞ്ചായത്ത് | 750 മീ | തൃപ്തികരം |
| 27. കീർത്തിപ്പടി-ആർ എസ് റോഡ് തൃപ്തികരമല്ല | പഞ്ചായത്ത് | 2കി മീ | |
| 28. വീട്ടിക്കുത്ത്-തക്കൈക്കുത്ത് കടവ് റോഡ് തൃപ്തികരമല്ല | പഞ്ചായത്ത് | 2.5കി മീ | |
| 29. വീട്ടിക്കുത്ത് -മണലൊടി റോഡ് | പഞ്ചായത്ത് | 800മീ | തൃപ്തികരം |
| 30. കളരിക്കുന്ന് -ചക്കാലക്കുത്ത് റോഡ് | പഞ്ചായത്ത് | 600മീ | തൃപ്തികരം |
| 31, കോടതിപ്പടി- അരുവാക്കോട് | പഞ്ചായത്ത് | 1കി മീ | തൃപ്തികരം |

റോഡു ശൃംഘല സാമാന്യം മെച്ചപ്പെട്ട താണെങ്കിലും റോഡുകളുടെ അവസ്ഥ ശോച നീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല.ഓവുചാലുകളുടേയുംകലിംങ്കുകളുടേയും അപര്യാപ്തതമൂലം വർഷക്കാലത്ത് വെള്ളം റോഡിലൂടെ ഒഴുകുന്നതു കാരണം റോഡുകൾ നശിക്കപ്പെടുന്നു.

## പ്രശ്നങ്ങൾ:-

1) ടാർ റോഡുകളുടെപ്രശ്നങ്ങൾ:-. ഭൂരിഭാഗം ടാർ റോഡുകളുടെ ഇരു ഭാഗങ്ങളിലും വേണ്ടത്ര ഓവുചാലുകൾ ഇല്ലാത്തതു കൊണ്ടും വാട്ടർ അതോറിറ്റി, ടെലികോം വകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങളിൽ വേണ്ടത്ര ആസൂത്രണം ഇല്ലാത്തതിനാലും ടാറിങ്ങ് ചേയ്ത റേഡുകൾ അനാവശ്യമായി വെട്ടിപ്പൊളിക്കുന്നത്റോഡുകളുടെ നശീകരികരണത്തിന് വഴി ഒരുക്കുന്നു റോഡിൻെറ വീതിക്കുറവും പ്രധാന റോഡുകിളിലെ പാർശപങ്ങളിൽ നടപ്പാത ഇല്ലായ്മയും പ്രധാന പ്രശ്നങ്ങളാണ്.

പുതി യറോഡുകൾ:-

അസിസ്റ്റൻറ്, എഞ്ചിനീയർ പൊതുമരാമ ത്തുവകുപ്പ്ു് നിലമ്പൂർ 9ാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കീമുകളാണ്. താഴെകൊടുത്തിരിക്കുന്നത്.

1. നിലമ്പൂർ ബൈപാസ് നിർമ്മാണം
നീളം =1 കി.മി
എസ്റ്റിമേറ്റ് തുക = 65.50 ലക്ഷം ( ആർ,സി. എസ്റ്റിമേറ്റ്)
ഭൂമി ഏറ്റെടുക്കൽ = 94.50 ലക്ഷം ( ആർ,സി. എസ്റ്റിമേറ്റ)
മൊത്തം =160 ലക്ഷം

പ്രസ്തുത റോഡ് കോഴിക്കോട് - നിലമ്പൂർ ഗൂഡല്ലൂർ റോഡിൽ 71/5 കി.മി തുടങ്ങി ഇതേ റോഡിൽ 72/400 കിമിയിൽ അവസാനിക്കുന്ന മേപ്പടിറോഡിന് ഭരണാനുമതി ലഭിക്കുകയും എൽ.എ. പ്രപ്പോസൽ അയക്കുകയും ചെയ്തിട്ടുണ്ട്.

.2. നിലമ്പൂർ വടക്കുപാടം- നടുവത്ത് റോഡ്

നീളം= .2.600 കി.മി

എസ്റ്റിമേറ്റ് തുക=8 ലക്ഷം( ആർ,സി. എസ്റ്റിമേറ്റ്)

ഭരണാനുമതതിക്കുവേണ്ടി അയച്ചിട്ടുണ്ട്.

കാലങ്ങൾക്കു മുമ്പ് സംവിധാനം ചെയ്ത നിലമ്പൂർ അങ്ങാടിയിലെ രാജപാതക്ക് ഈ കാല ഘട്ടത്തിൻെറ ഗതാഗത തിരക്കിനെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. അനുദിനം വർദ്ധിച്ചവരുന്ന ഗതാഗത തടസ്സങ്ങൾ ജനങ്ങൾക്ക് ഏറെ പ്രയാസകരമാകുന്നു. ഈ ദുഃസ്ഥിക്ക് പരിഹാരം അടിയന്തിരമായ നടപ്പിലാക്കേണ്ടതാണ്. തിരക്കുള്ള നിലമ്പൂർ ഊട്ടി റോഡിലെ ടൗൺ മേഖലയിൽ ചുരുങ്ങിയത് 7 കി.മി ദൈർഘ്യത്തിലുള്ള സമാന്തര റോഡ് നിർമ്മിച്ചേ മതിയാകൂ. വെളിയം തോട് സബ്സ്റ്റേഷൻ- വല്ലപ്പുഴ-പയ്യംമ്പള്ളി-നെടുമുണ്ടകുന്ന് -കളരികുന്ന് വീട്ടിക്കുത്ത്-കുളക്കണ്ടം, കോടതിപ്പടി എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി പ്രസ്തുത സമാന്തര റോഡ് നിർമ്മിക്കാവുന്നതാണ്.

നിലവിൽ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്ന ബൈപാസ്റോഡ് ഫോറസ്റ്റ് ഓഫീസ് നിൽക്കുന്ന സ്ഥലത്തേക്ക് പ്രവേശിക്കുന്ന സ്ഥലത്തുനിന്നും കീർത്തിറോഡുമായി ബന്ധിപ്പിച്ചാൽ കൂടുതൽ സൗകര്യപ്രദമായിരിക്കും

മുക്കട്ടയിൽ നിന്നും പോസ്റ്റാഫീസുവഴി കളരിക്കുന്ന്, ചക്കാലക്കുത്ത്, വീട്ടിക്കുത്ത്, എൽഐ.സി റോഡുമായി ബന്ധിപ്പിച്ച് ഉദ്ദേശം 5 കി.മി നീളത്തിൽ ഒരു മിനി ബൈപാസാക്കി സി.എൻ.ജി റോഡുമായി ബന്ധിപ്പിക്കാവുന്നതാണ്.

ജ്യോതി തീയറ്ററിൻെറ അടുത്തുനിന്നും തുടങ്ങി ആശുപത്രി റോഡുവഴി കോവിലകംറോഡ്, വിരാടൂർകുന്ന്, കളത്തിൻകടവ്, ആർ.ആർ..സി. റോഡ് ഹൈസ്ക്കൂൾ റോഡുവഴിഎൻ.സി.സി മാർഗ്ഗിൽ അവസാനിക്കുന്ന സി.എൻ.ജി റോഡിലേക്ക് ബന്ധിപ്പിക്കുക.

എച്ച്.എസ്റോഡിൽ നിന്നും തുടങ്ങി അറവുശാല റോഡിൽ കൂടി യു.പി.സ്ക്കൂളിനു പുറകിലൂടെ ബംഗ്ളാവുറോഡിൽ പ്രവേശിച്ച് ചന്തക്കുന്ന് ബസ്റ്റാൻറിലേക്ക് പ്രവേശിക്കുന്ന റോഡ്.

## മെറ്റൽ റോഡുകളും മൺറോഡുകളും

ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന നിർദ്ദേശങ്ങളിൽ മെറ്റൽ റോഡുകളുടേയും മൺറോഡുകളുടേയും അവസ്ഥ കാണാം. മെറ്റൽ റോഡ് ടാർ ചെയ്യുന്നതിനും മൺറോഡുകൾ മെറ്റൽ ചെയ്ത് ടാർ ചെയ്യുനതിനുമുള്ള നിർദ്ദേശങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്. കൂടാതെ പുതിയ മൺറോഡുകള നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നതും പട്ടികയിൽ പെടുത്തിയിട്ടുണ്ട്.

## 2. റെയിൽവെ:

ഏത് നിമിഷവും അപകടം വരുത്തി വയ്ക്കാവുന്ന രീതിയിൽ ദുർബ്ബലമായ പാതയി ലൂടെയാണ് നിലമ്പൂർ ഷൊർണ്ണൂർ ട്രെയിൻ ഓടി ക്കൊണ്ടിരിക്കുന്നത്. അനുദിനം വർദ്ധിച്ചുവരുന്ന റയിൽവേയാത്രക്കാരുടെ ആവശ്യങ്ങൾക്കനുസൃത മായിട്ടുള്ള വികസനം ഈ മേമേഖലയമേഖലയിൽ അധികൃതർ നടപ്പിലാക്കാൻ ശ്രമിക്കുന്നില്ല എന്നുള്ളത് ദു:ഖകരമായ അവസ്ഥയാണ്.

## സാദ്ധ്യതകൾ:

റോഡുഗതാഗതം:- ടക്സി, ഓട്ടോ, ലോറി തുടങ്ങിയ നൂറുകണക്കിന് വാഹനങ്ങൾ പാർക്കിംഗ് സ്റ്റാൻറ് ഇല്ലാത്തതിനാൽ ഇടുങ്ങിയ റോഡിൻെറ ഓരങ്ങളിൽ പാർക്കുചെയ്തുവരുന്നു. ഈ വാഹനങ്ങൾക്ക്സ്ഥിരമായ ഓരോ സ്റ്റാൻറ് നിർമ്മിച്ചാൽ മാത്രമെ റോഡിനുള്ള സൗകര്യങ്ങൾ വീണ്ടെടുക്കുവാൻ കഴിയൂ. തിരക്കുള്ള നിലമ്പൂർ ടൗണിൻെറ പ്രധാന റോഡിനോടു ചേർന്ന് തെക്കു ഭാഗത്ത് മിൽമയുടെ ഉടമസ്ഥതയിലുള്ള സ്ഥലമടക്കമുള്ള പാടം അക്വയർ ചെയ്താൽ ഈ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കും. കൂടാതെ ഊട്ടി - കോഴിക്കോട് ഭാഗത്തേക്കുള്ള യാത്രാ ബസ്സുകളുടെ വെയിറ്റിംഗ് സംവിധാനവും ഈ ഭാഗത്ത് നടത്താൻ കഴിയും . മനോഹരമായ ഒരു ഷോപ്പിംഗ് കോംപ്ളക്സും ഈ ഭാഗത്ത് നിർമ്മിച്ച് ടൗൺ വികസിപ്പിക്കുവാനും സാദ്ധ്യതയുണ്ട്.

മെയിൻ റോഡിൽ പോലീസ് സ്റ്റേഷൻ മുതൽ ഗവ: യു.പി. സ്കൂൾ വരെ റോഡരുകിൽ കൈവരി സ്ഥാപിച്ച്കാൽനടയാത്രക്കാർക്ക്സൗകര്യം ഉണ്ടാക്കാവുന്നതാണ്. ഈ പദ്ധതി വ്യാപാരികളുടെ സഹായസഹകരണത്തോടെ നടപ്പിലാക്കാവുന്ന/താണ്.

വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കപ്പെടേണ്ടതാണ്. സി.എൻ.ജി. റോഡ്, എൻ. എച്ച് ആയി പ്രഖ്യാപിക്കണം. ഗതാഗത കുരുക്ക് ഉണ്ടാക്കുന്ന വിധത്തിൽ റോഡിലൂടെ കന്നുകാലി കൂട്ടങ്ങളെ കൊണ്ടുപോകുന്നത് തടയുകയും വേണം.

## കെ.എസ്.ആർ.ടി.സി.:

പൊതുമേഖലാസ്ഥാപനമായ കെ.എസ്. ആർ.ടിസി മലപ്പുറം ജില്ലയിൽ വ്യാപിപ്പിക്കുന്നതിനും ജനോപകാരപ്രദമായ രീതിയിൽ സർവ്വീസുകൾ നടത്തുന്നതിനും വേണ്ടി നിലമ്പൂരിൽ ഒരു സബ്-ഡിപ്പോ ആരംഭിക്കുന്നതിന് വർഷങ്ങൾക്കുമുമ്പ് ശ്രമം തുടങ്ങിയിരുന്നു. അതിൻെറ ഭാഗമായി 1983 ൽ ഇന്നാട്ടുകാർ 3 ഏക്കർ സ്ഥലം സംഭാവനയായി കെ.എസ്.ആർ.ടി.സി.ക്ക് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെയായി സംസ്ഥാനം ഭരിച്ച സർക്കാറുകളൊന്നും ഈ കാര്യത്തിൽ ക്രിയാത്മകമായ ഒരു സമീപനം കൈക്കൊണ്ടിട്ടില്ല എന്നത് ഒരു ഖേദകരമായ വസ്തുത മാത്രം. അതെന്തായാലും അരുവാക്കോട് പ്രദേശത്തുള്ള കെ.എസ്. ആർ.ടി.സി. യുടെ 3 ഏക്കർ സ്ഥലത്ത് ഉടനെ തന്നെ ഒരു സബ്-ഡിപ്പോ ആരംഭിക്കണം.

ഇതുമൂലം ഉണ്ടാവുന്ന ഗുണപരമായ സാധ്യതകൾ നിരവധിയാണ്. ഇന്ന് നിലമ്പൂകിൽ നിന്നും അന്തർ സംസ്ഥാനങ്ങളിലേക്ക് വിശിഷ്യാ ഗൂഡല്ലൂരിലേക്കും ഊട്ടിയിലേക്കും ഉള്ള യാത്ര അങ്ങേയറ്റം ക്ളേശകരമാണ്. വഴിക്കടവുവരെ സ്വകാര്യ ബസ്സിൽ പോയി അവിടെ നിന്നും ജീപ്പുകളിൽ ഇരട്ടി ചാർജ്ജും നൽകി തിങ്ങി ഞെരുങ്ങി പോകേണ്ട സ്ഥിതിയാണുള്ളത്. സ്ത്രീകളേയും കുട്ടികളേയും കൊണ്ട് ഊട്ടി, ഗൂഡല്ലൂർ, മൈസൂർ, ബാംഗ്ളൂർ തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് ഉല്ലാസയാത്രക്കും മറ്റും പോകുന്നത് ഒരുതരം ഭഗീരഥ പ്രയത്നമായിരിക്കുന്നു. അതുകൊണ്ടുതന്നെ നിലമ്പൂർ ഡിപ്പോയിൽ നിന്നും മേൽ പറഞ്ഞ സ്ഥലങ്ങളിലേക്ക് അന്തർ സസ്ഥാന സർവ്വീസുകളും തിരുവനന്തപുരം, കൊയമ്പത്തൂർ,,പഴനി, കണ്ണൂർ, പറശ്ശിനിക്കടവ്, കാസർകോട് തുടങ്ങിയ വിദൂരസ്ഥങ്ങളായ വ്യാപാര പധാനവും തീർത്ഥാടനപ്രധാനവുമായ സ്ഥലങ്ങളിലേക്ക് സർവ്വീസുകൾ തുടങ്ങണം മേൽ പറഞ്ഞ സ്ഥലങ്ങളിലേക്കുള്ള നിലമ്പൂർ നിവാസികളുടെ യാത്രാ ക്ളേശം ഒരു പരിധിവരെ ഇല്ലാതാക്കാൻ ഇത് ഉപകരിക്കും .

തൻമൂലം കെ.എസ്.ആർ.ടി.സി.ക്ക് പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തുവാൻ കഴിയും. മാത്രമല്ല പഞ്ചായത്തിലാകെ പ്രത്യേകിച്ചും അരുവാക്കോടൻ പ്രദേശമാകെ ചെറിയ ഹോട്ടലുകളും സ്റ്റാളുകളും ലോഡ്ജുകളും ഉയർന്നുവരുവാനും പഞ്ചായത്തിലുൾപ്പെട്ട ആ പ്രദേശത്തിൻെറ മുഖച്ഛായ മാറ്റുവാനും കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വരവ് ഉപകരിക്കും. അതിൻെറ പ്രാരംഭ പ്രവർത്തനത്തിന് മറ്റു പല സ്ഥലങ്ങളിലും ചെയ്തതുപോലെ പഞ്ചായത്തുമായി സഹകരിച്ച് ഉചിതമായ ഒരു പരിഹാരമാർഗ്ഗം കാണേണ്ടതാണ്.

## റയിൽഗതാഗതം:

ട്രെയിനിൻെറ വേഗത കൂട്ടാൻ ഉതകുന്ന തരത്തിൽ റെയിൽവേ ലൈനിൻെറ അറ്റകുറ്റ പണികൾ അടിയന്തിരമായി ചെയ്തുതീർക്കണം. നിലമ്പൂരിൽ നിന്നും രാവിലെ കൊയമ്പത്തൂരിലേക്ക് ഒരു ട്രെയിൻ സർവ്വീസ് ആരംഭിച്ചാൽ ഈ പ്രദേശങ്ങളിലെ ബിസിനസ്സുകാർ , ദീർഘദൂര യാത്രക്കാർ എന്നിവർക്ക് വളരെയധികം പ്രയോജനപ്പെടും. അതുപോലെ വൈകുന്നേരത്തെ നിലമ്പൂർ ഷൊർണ്ണൂർ ട്രെയിൻ എറണാകുളത്തേക്ക് നീട്ടിയാൽ തെക്കോട്ടുള്ള യാത്രക്കാർക്ക് വളരെ ഉപകാരപ്രദമാവും ഉച്ചക്ക് 12.15 ന് ഷൊർണ്ണൂരിലെത്തി 2.30 ന് പിറപ്പെടുന്ന വേണാട് എക്സ്പ്രസ്സ് നിലമ്പൂർ വരെ നീട്ടുക. വ്യാപാര സാധ്യതകൾ കണക്കിലെടുത്ത് ചരക്കുവണ്ടികൾ അനുവദിക്കുക. റെയിൽവേ സ്റ്റേഷനിൽ കംഫർട്ട് സ്റ്റേഷൻ , എസ്.ടി.ഡി. ബൂത്ത് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക.കൂടുതൽ ജനങ്ങൾക്ക് സൗകര്യപ്രദമാകുന്ന രീതിയിൽ നിലവിലുള്ള റയിൽവേസ്റ്റേഷൻ സി.എൻ.ജി

റോഡിൽ തേക്ക് മ്യൂസിയത്തിന് സമീപത്തേക്ക് നീട്ടുക. ഗുജറാത്ത്, ഹൈദരാബാദ്, ബിലാസ്പൂർ, ഭാഗത്തേക്ക് റിസർവ്വേഷൻ ക്വാട്ട ഏർപ്പെടുത്തുക.

നിർദ്ദിഷ്ട നിലമ്പൂർ - ഫറൂഖ് ലൈൻ പണി ആരംഭിക്കുക. നാടുകാണിവഴി നഞ്ചൻകോഡ് മൈസൂർ ഭാഗത്തേക്കും ഊട്ടിയിലേക്കും ഉള്ള ലൈനുകളുടെ സർവ്വേ നടത്തുക.

ടാർ ചെയ്യേണ്ടുന്ന റോഡുകൾ (മെറ്റൽ ചെയ്ത റോഡുകളുടെ മുൻഗണനാ പട്ടിക)

| നമ്പർ | കോഡ് | വാർഡ് | റോഡിൻെറ പേര് | ദൂരം |
|---|---|---|---|---|
| 1 | 0101 | 1 | ആശുപത്രിക്കുന്ന് മൊടവണ്ണക്കടവ് റോഡ് | 1കി.മീ |
| 2 | 02012 | 2 | ഗിരിജൻ കോളനി -പാടിക്കുന്ന് | 600മീ |
| 3 | 0301 | 3 | ബംഗ്ളാവ് ഫോറസ്റ്റ് കിണർ റോഡ് | 200 മീ |
| 4 | 0401 | 4 | പാത്തിപ്പാറ-വല്ലപ്പുഴ റോഡ് | 3കിമി |
| 5 | 0501 | 5 | മുക്കട്ട-അയ്യാർപൊയിൽ റോഡ് | 400മീ |
| 6 | 0601 | 6 | പയ്യംപള്ളി ഹരിജൻ കോളനി | 500മീ |
| 7. | 0801 | 8 | തെക്കുംപാടം -രാമൻകുത്ത് റോഡ് | 1.300 കിമീ |
| 8. | 0901 | 9 | കീർത്തിപ്പടി-ആർ.എസ്.റോഡ് | 750മീ |
| 9. | 1001 | 10 | വി.കെ.എസ്തോട്ടം മുതൽ ആർ.എസ് വരെയുള്ള ഭാഗം | 700മീ |
| 10. | 1101 | 11 | വീട്ടിക്കുത്ത്-അരുവാക്കോട് | 1കി.മീ |
| 11. | 1201 | 12 | കുളക്കണ്ടം റോഡ് | 750മീ |
| 12. | 1301 | 13 | മുക്കട്ട ഫാത്തിമഗിരി റോഡ് | 1.കി.മീ |
| 13. | 1302 | 13 | കരിമ്പുഴ ചാലിയാർറോഡ് (വനംവകുപ്പ് റോഡ്) | 1.5 കി.മീ |

കോഡിലെ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡിനേയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിൽ ഡോഡിനുള്ള മുൻഗണനയും സൂചിപ്പിക്കുന്നു)

മൺ റോഡുകൾ:

പഞ്ചായത്തിൽ അടിയന്തിര പ്രാധാന്യത്തോടെ തന്നെ മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടുന്ന റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.പട്ടിക 3

| | | | | |
|---|---|---|---|---|
| 1 | 0101 | 1 | വട്ടപൊയിൽ റോഡ് | 100മീ |
| 2 | 0102 | 1 | ദേവിവിലാസ് -കളത്തിൻകടവ് റോഡ് | 1കി.മീ |
| 3. | 0103 | 1 | ആശുപത്രി - വേങ്ങാപൊയിൽ റോഡ് | 100മീ -200മീ |
| 4. | 0104 | 1 | ബാങ്ക് റോഡ് | 100 മീ |
| 5 | 0105 | 1 | കോവികത്തുമുറി സുകുമാരൻ പടിമുതൽ ഫോറസ്റ്റ് ബേൽട്ട് വരേയുള്ള റോഡ് | 100 മീ |
| 6. | 0106 | 1 | പാറാവ് മുതൽ ഏലങ്കുളം ഹോസ്പിറ്റൽ വരേയുള്ള റോഡ് | 100മീ |
| 7 | 0107 | 1 | സി.എൻ..ജി റോഡിൽ നിന്നും പ്രസാദ് ഫോറസ്റ്ററുടെ വീടു വരെ , | 200മീ |
| 8. | 0108 | 1 | കോവികത്തുമുറി റോഡിൽ നിന്നും പടിഞ്ഞാറേക്കളം വീടുതൊട്ട് ഫോറസ്ററുറോഡുമായി ബന്ധിപ്പിക്കുന്ന റോഡ് | 100 മീ |
| 9 | 0109 | 1 | മാമ്പറ്റ പൊയിൽ റോഡ് | 75 മീ |
| 10 | 0110 | 1 | മഹിളാസമാജം റോഡ് | 75 മീ |

| | | | | |
|---|---|---|---|---|
| 11 | 0201 | 2 | കളത്തിൻകടവ്- ഹൈസ്ക്കൂൾ റോഡും സി.എൻ.ജി-എച്ച്.എസ് റോഡും ബന്ധിപ്പിക്കുന്ന റോഡ് | 300മീ |
| 12. | 0202 | 2 | മുജാഹിദ് പള്ളി-ഗിരിജൻ കോളനി | 1 കി.മീ |
| 13 | 0203 | 2 | എൻ.സി.സി. മാർഗ്ഗ് റോഡ് | 400 മീ |
| 14 | 0204 | 2 | ആർ.ആർ.സി റോഡ് | 300 മീ |
| 15 | 0205 | 2 | മൈത്രി റോഡ് | 250 മീ |
| 16 | 0206 | 2 | മദ്രസ റോഡ് | 250 മീ |
| 17 | 0207 | 2 | കളത്തിൻ കടവ് റോഡ് സൈഡുകെട്ടി ടാർചെയ്യുക | 1.കിമീ |
| 18 | 0208 | 2 | പാടിക്കുന്ന് ഗിരിജൻ കോളനി റോഡ് | 500 മീ |
| 19 | 0301 | 3 | ചാരംകുളം റോഡ് | 2.5കി. മീ |
| 20 | 0302 | 3 | ആസാദ് ഗ്രൗണ്ട് റോഡ് | 750. മീ |
| 21 | 0303 | 3 | പഴയ മൈലാടി റോഡ് | 1കി. മീ |
| 22 | 0304 | 3 | ബീരാൻ കോളനി റോഡ് | 1കി. മീ |
| 23 | 0401 | 4 | മദ്രസ - ഓട്ടുകമ്പനി-വല്ലപ്പുഴ U റോഡ് | 1.25കി. മീ |
| 24 | 0402 | 4 | വല്ലപ്പുഴ ഹരിജൻ കോളനി- വഹാബ് കോളനിയുമായി ബന്ധിപ്പിക്കുന്ന റോഡ് | 1.5കി. മീ |
| 25 | 0403 | 4 | കരുവൻകുഴി റോഡ് | 2കി. മീ |
| 26 | 0404 | 4 | പാത്തിപ്പാറ -കൊങ്ങംപാടം ക്രോസ് റോഡ് | 2കി. മീ |
| 27 | 0405 | 4 | മുമ്മള്ളി ഹരിജൻ കോളനി റോഡ് | 1.7 കി. മീ |
| 28 | 0406 | 4 | ഏനാന്തിറോഡിനേയും പാല്ലഞ്ചേരി റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ് (ഖാഴത്തോപ്പ്) | 750. മീ |
| 29 | 0407 | 4 | മുമ്മുള്ള-മയ്യന്താനി റോഡ് | 750. മീ |
| 30 | 0408 | 4 | മുതീരി - മദ്രസ - കൃപാലയം-വളവ്-ഏനാന്തി റോഡ് | 1.7കി. മീ |
| 31 | 0501 | 5 | മയ്യന്താനി - അയ്യാർപൊയിൽ- വൃന്ദാവനം കോളനി റോഡ് | 500 . മീ |
| 32 | 0502 | 5 | വീട്ടിമലക്കുന്ന് റോഡ് | 1.കി. മീ |
| 33 | 0503 | 5 | മയ്യന്താനി - റോഡിൽ നിന്നും വെളിയം ഭാഗത്തേക്ക് പോകുന്ന റോഡ് | 250 മീ |
| 34. | 0504 | 5 | വൃന്ദാവൻ കോളനിറോഡ് | 400 മീ |
| 35 | 0505 | 5 | ഫാത്തിമ ഗിരി റോഡിൽ നിന്നും തുടങ്ങി സി.എൻ.ജിയുമായി ബന്ധപ്പിക്കുന്ന റോഡ് | 200 മീ |
| 36 | 0506 | 5 | മുക്കട്ട സ്ക്കൂൾ കുന്ന് റോഡ് | 1.5കിമീ |
| 37 | 0507 | 5 | സ്വാക്ക് റോഡ് | 200 മീ |
| 38 | 0601 | 6 | പയ്യമ്പള്ളി സിടിറോഡ് (വളവ്-ഏനാന്തി) | 3.കി മീ |
| 39 | 0602 | 6 | ഇയ്യംമട കോളനി റോഡ് | 1.കി മീ |
| 40 | 0603 | 6 | പയ്യം മ്പള്ളി -ഇയ്യം മട - റെയിൽവെ റോഡ് | .കി മീ |
| 41 | 0604 | 6 | പയ്യം മ്പള്ളി - റെയിവേ ക്രോസ് റേഡ് | 1.കി മീ |
| 42 | 0605 | 6 | മുതീരി പയ്യംമ്പള്ളി റോഡ് | 2കീമി |
| 43 | 0606 | 6 | മുതീരി-പാലാങ്കര റോഡ് | 1കി.മി |
| 44 | 0607 | 6 | വല്ലപ്പുഴ പയ്യംമ്പള്ളി - ഗാന്ധിറോഡ് | 1.5 കിമി |
| 45 | 0608 | 6 | വരമ്പം പൊട്ടി പലേങ്കര | 1കി മീ |
| 46 | 0701 | 7 | ഷൊർണ്ണൂർ നിലമ്പൂർ റെയിൽവെ ലൈനിൽ രാമംകുത്ത് റയിൽവെ ക്രോസ് | 1.കി മീ<br>1കി.മി |
| 47. | 0702 | 7 | തൊണ്ടി പാടിക്കുന്ന് റോഡ് | 1കിമി |
| 48 | 0703 | 7 | രാമംകുത്ത് എ.യു.പിഎസ് | 1കിമി |

| | | | | |
|---|---|---|---|---|
| 49 | 0704 | 7 | കുളുക്കടവ് ഹരിജൻശ്മശാനം വരെ ഷിബുറോഡ് | 750 മീ |
| 50 | 0705 | 7 | യു.പിസ്ക്കൂൾ റോഡ് ‹ | 200. മീ |
| 51 | 0801 | 8 | മുതകാട് എൻ..എസ്..എസ് റോഡ് | 50 |
| 52 | 0802 | 8 | മുതുകാട് വായനശാലക്കു വടക്ക മുതൽ ശ്മശാനറേഡ് | 400‌ി മീ |
| 53. | 0803 | 8 | തെക്കാപാടം -മുതുകാട്റോഡ് | 500 മീ |
| 54. | 0804 | 8 | ചക്കാലക്കുത്ത് - മുതുകാട് റോഡ് | 1.5 കി.മി |
| 55 | 0805 | 8 | മുതുകാട് -തെക്കുപാടം-രാമംകുത്ത് | 1.3.കി മി |
| 56 | 0807 | 8 | മണ്ണുപാടം രാമക്കുത്ത് റൊഡ് | 1.5.കി മീ |
| 57 | 0808 | 8 | വീട്ടിച്ചാൽ മുതുകാട് സ്ക്കൂൾ | 500 മീ |
| 58 | 0809 | 8 | തെക്കുംപാടം -മണ്ണുപാടം ലിങ്ക് റൊഡ് (രാമങ്കുത്ത് -മുത്തുകാട് റോഡുമായി ബന്ധിക്കുന്നത് | 750 മീ |
| 59 | 0810 | 8 | ചക്കാലക്കുത്ത്-മണ്ണുപാടം-രാമക്കുത്ത് | 2കി.മീ |
| 60 | 0811 | 8 | കുതിരപുഴയിൽ കുണ്ടൻ കടവിൻെറ കളി ക്കടവ് നിർമ്മാണം | ? |
| 62 | 0901 | 9 | നെടുമുണ്ടകുന്ന് സി.എൻ.ജി റോഡ് | 1കി.മി |
| 63 | 0902 | 9 | ചീപ്പനാകുഡി മുക്കട റോഡ് | 1.5കി.മി |
| 64 | 0903 | 9 | പട്ട്രാക്ക എൻ.എസ്.എസ്. റോഡ് | 750മീ |
| 65 | 01001 | 10 | പൊട്ടി പാഗ പട്ട്രാക്ക റോഡ് | 1കി.മീ |
| 67 | 01002 | 10 | മണലൊടി പൊട്ടിപാറ റോഡ് | 800.മീ |
| 68 | 01003 | 10 | മണലൊടി തെങ്ങും തോട്ടം റോഡ് | 1കി.മി |
| 69 | 01101 | 11 | കാളിമുത്തൻ റോഡ് | 1കി.മി |
| 70 | 01102 | 11 | ചക്കാലക്കുത്ത് കൊച്ചിലാർ കടവ് റോഡ് | 1കി.മി |
| 71 | 01103 | 11 | ചേലശ്ശേരി കുന്ന് റോഡ് | 1കി.മി |
| 72 | 01104 | 11 | പാടുകാണി | 500.മീ |
| 73 | 01105 | 11 | ചക്കാലക്കുത്ത് -മുതുകാട് ലിങ്ക് റോഡ് | 500.മീ |
| 74 | 01106 | 11 | താമരകുളം റോഡ് | 300.മീ |
| 75. | 01107 | 11 | ചക്കാലക്കുത്ത് റോഡ് റീടാറിങ്ങ് | ? |
| 76 | 01108 | 11 | ചക്കാലക്കുത്ത് ചേലശ്ശേരികുന്ന് കുളക്കണ്ടം | 1.5കി.മീ |
| 77 | 01109 | 11 | ടൗൺ ൗൺ പള്ളി കല്ലേമ്പാടം റോഡ് | 1കി.മീ |
| 78 | 01110 | 11 | ടൗൺ പളി-ഐശവര്യ-വീട്ടിക്കുത്ത് | 1കി.മീ |
| 79 | 01112 | 11 | ജോതിപ്പടി മുതൽ അരുവാക്കോട് വീട്ടിക്കുത്ത് റോഡ് വരെ | 2കി.മീ |
| 80 | 01201 | 12 | വീട്ടിക്കുത്ത് അരുവാക്കോട്ഗിരിജൻകോളനി | 1കി.മീ |
| 81 | 01202 | 12 | വരടേംപാടം കുളക്കണ്ടം റോഡ് | 1കി.മീ |
| 82 | 01203 | 12 | ഫോറസ്റ്റ് കപാർട്ടേഡഴസ് അരുവാ ക്കോട്റോഡ് | 1കി.മീ |
| 83 | 01204 | 12 | ഒ.സി.കെ ഓഡിറ്റോറിയം അരുവാക്കോട് | 700.മീ |
| 84 | 01205 | 12 | ടി.ഡിസി. അരുവാക്കോട് റോഡ് | 1കി.മീ |
| 85 | 01206 | 12 | അരുവാക്കോട് ഗ്ലാസ് ഗിരി കുതിരപുഴ | 500.മീ |
| 87 | 01207 | 12 | അരുവാകേകാട്-വരടേംപാടം റോഡ് | 500.മീ |
| 88 | 01208 | 12 | കുളക്കണ്ടം തണ്ടൻ കടവ് റോഡ് | 500 മീ |
| 89 | 01301 | 13 | കരമ്പുഴ കുറിന്തോട്ടി മണ്ണ് പാത്തിപ്പാറ റോഡ് | 2കി.മീ |
| 90 | 01302 | 13 | കുറിന്തോട്ടിമണ്ണ-വെളിയംമ്പാടം മുമ്മുള്ളി ഗ്രോഡേ | 1.5 കി.മീ |
| 91 | 01303 | 13 | മയ്യന്താനി മുമ്മുള്ളി ലക്ഷം വീടു കോളനി | 1.25കി.മീ |
| 82 | 01304 | 13 | അച്ചാർ പൊയിൽ ചിന്നമല റോഡ് | 1.5 കി.മീ |
| 93 | 01305 | 13 | ജവഹർ ഹരിജൻ കോളനി റോഡ് | 1കി.മീ |

## പുതിയതായി നിർമ്മിക്കേണ്ട മൺ റോഡുകൾ

വാർഡ് 1

1.സിഎൻ.ജി റോഡിൽ അബ്രഹാം മാസ്റ്ററുടെ പടിമുതൽ സതീഷ് കുമാറിൻെറ വീടു വരേയുള്ള റോഡ് നിർമ്മിച്ച് കോൺ ക്രീറ്റ് ചെയ്യുക.

2. വായനശാല പരിസരത്തു നിന്നും പാലം വരെ

3. കോവിലകത്തുമാറി റോഡിൽ സരോജിനി ടീച്ചറുടെ മുൻവശത്തുള്ള വഴി വീതകൂട്ടി ഫുട്പാത്ത് നിർമ്മാണം

വാർഡ്2

.1ചെറുവത്ത് കുന്ന് റോഡ്

വാർഡ്3

1. ബംഗ്ളാവ് റോഡിൽ നിന്നും ലക്ഷം വീടു കോളനി വരെയുള്ള റോഡ്.

2.വെളിയം തോട്ടിൽ നിന്നും ഹൈസ്ക്കൂളിലേക്കുള്ള ഊടുവഴി കൂട്ടി കോൺക്രീറ്റ് ചെയ്യുക.

3. ഫോറസ്റ്റ് ക്വാർട്ടേഴ്സ് റോഡിൽ നിന്നും

4. ചാരംകുളം റോഡ്-ലക്ഷം വീട് റോഡ് -ലിങ്ക് റോഡ്

5. കോളനിയിലേക്ക് പ്രവേശിക്കുന്ന പാലം

വാർഡ് 4

1. ചക്കപാലി മുതൽ പാത്തിപാറ വരെ
2.കൊണ്ടപാടം-ചക്കപാലി വരെ
3. കൊണ്ടപാടം വഴി മുതീരി
വാർഡ്5

1. ഫാത്തിമഗിരി റോഡിൽ നിന്നും തുടങ്ങി മയ്യമന്താനി റോഡുമായി ബന്ധിപ്പിക്കുന്ന വി
വാർഡ്6മുതീരി നടുവിലെ പാലം മുതൽ കൂളിക്കുന്ന് വരെ സി.ടി റോഡ്

വാർഡ്7

1. രാമങ്കുത്ത് പടിഞ്ഞാറെ കരയിൽ നിന്നും വയൽ വരെയും കിക്കെകരയിൽ റെയിൽ കട്ടിങ്ങഞ് ഭാഗത്തു നിന്ന് വയൽ വരെ തോണിപൊയില ഇടവഴി

3. രാമങ്കത്ത് കുട്ടികുന്ന് റോഡ്

4. പാടികുന്ന് പോക്കറ്റ് റോഡ്
5. പാടികുന്ന് പൊട്ടിപാററോഡ്
6.കൂറ്റമ്പാറ വേനെമ്പാടം റോഡ്
7. ഉറവം കുഴി ഡിപ്പോ ചോല പൊയിൽ റോഡ്

8. പാടികുന്ന് രാമങ്കുതത് റോഡ്

വാർഡ് 8

1.മുതകാട് - എൻ.എസ് എസ് റോഡ് റെയിൽവേ സ്റ്റേഷൻ വരെ മുട്ടണം

2 മുതുകാട് ശ്മശാനംറോഡ് റെയിൽവെസറ്റേഷനി ലേക്ക് മുട്ടിക്കണം

3. മുതുകാട് താഴെ -തെക്കുപാടം കുരിക്ൾ വീട് വരെ
വാർഡ് 9

1. നെടുമുണ്ടകുന്ന് - ചന്തകുന്ന് പെട്രോൾ പമ്പ്

2.ചിപ്പനാം കുഴി - മുക്കട്ട റോഡ്

3 മണലൊടി ചക്കാലകുത്ത് റോഡിൽ നിന്നും എൻ.എസ് .എസിലേക്കുള്ള റോഡ്

വാർഡ് 10

1. പാടിക്കുന്ന് -ഗിരിജൻ കോളനി താഴെ റോഡ്
2. പഞ്ചായത്ത് കിണർ സമീപം എൻ.എസ് എസ് ഹൈസ്ക്കൂൾ റോഡ്

3. മണലൊടി -ഫോറസ്റ്റ് കോട്ടേസ് വി വീട്ടിക്കുത്ത്
4. കീർത്തി റോഡിൽ നിന്നും നടുവിലക്കളം പാടം ക്രോസ് ചെയ്ത് ഗിരിജൻ കോളനിമെയിൻ റോഡ്-പൂളമിൽ റോഡ്

5. മണലൊടി പൊട്ടിപ്പാറ റോഡ്

വാർഡ് 13

1.വല്ലപ്പുഴ മുമ്മുള്ളി റോഡിൽ നിന്നും പാലപാടത്തേ ക്കുള്ള പോക്കറ്റ് റോഡ്

2. വല്ലപ്പുഴ - മുമ്മുള്ളി റോഡിൽ നിന്നും കുട്ടിച്ചാത്തൻ കാവ് വരെയുള്ള റോഡ്

3. പുതുമല കോളനി - പെരുമ്പെയിൽ കോളനി റോഡ്

4. മയ്യന്താനി ലക്ഷം വീട് കോളനിയിൽ നിന്നും പാടം വരെ

5. പാത്തിപാറ-നായർമുക്ക് പുഴ വരെ
6.കുറുന്തോട്ടി മണ്ണ വഴികരിമ്പുഴയിലേക്ക്

## പൊതു നിർദ്ദേശം

പഞ്ചായത്തിലെ പ്രധാനമപ്പട്ട എല്ലാ റോഡുകളുടേയും പ്രധാന പ്രശ്നം വേണ്ടത്ര ഓവു ചാലുകളോ ഡ്രൈനേജുകളൊ ഇല്ല എന്നതാണ്. അതുപോലെ തന്നെ മിക്ക റോഡുകളിലും കൾവർട്ട് എന്ന സംവിധാനം ഇല്ലെന്നു തന്നെ പറയാം. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും ഈ പ്രശ്നം ഉയർന്നു വന്നിട്ടുണ്ട്. ആയതിനാൽ റോഡുകൾ ശരിയായ രീതിയിൽ നിലനിൽക്കണമെങ്കിൽ ഡ്രൈനേജുകളും ഓവുചാലുകളും നിർമ്മിക്കുകയും അവയുടെ അറ്റകുറ്റ പണികൾ യഥാസമയം നിർവ്വഹിക്കുകയും വേണം. അതോടൊപ്പം ഓവുചാലുകളിലേക്ക് ചപ്പുചവറുകൾ വലിച്ചെറിയാനുള്ള പ്രവണത ക്കെതിരെ നിരന്തരം ശരിയായ ബോധവൽക്കരണവും ആവശ്യമാണ്. വർഷാരംഭം തുടങ്ങുന്നതിനുമുമ്പ് അരിച്ചാലുകൾ വൃത്തിയാക്കാനുള്ള സ്ഥിര

സംവിധാനംഏർപ്പെടത്തേണ്ടതാണ്.

## ഊർജ്ജം, വൈദ്യുതി::-

1952 ൽ ജൂലായ് മാസത്തിൽ ഒരു സായം സന്ധ്യയിലാണ് നിലമ്പൂരിലേക്ക് വൈദ്യുതി വന്നെത്തുന്നത്. നിലമ്പൂർ കോവിലകത്തിൻെറ വകയായിരുന്ന നിലമ്പൂർ കാടുകളിൽ നിന്നും തേക്കുതടികൾ വെട്ടി തമിഴ്നാട്ടിലുള്ളപൈക്കാറയിൽ കൊണ്ടുപോയി തയ്യാറാക്കിയാണ് ഇവിടെ ഇലക്ട്രിക്പോസ്റ്റുകൾ നാട്ടിയത്. പൈക്കാറയിലുള്ള ജനറേറ്റിംഗ് സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി എത്തിയിരുന്നത്.

മലപ്പുറത്തെ 110 കെ വി. സബ്സ്റ്റേഷനിൽ നിന്നും നിലമ്പൂരിലെ 66 കെ.വി. സബ്സ്റ്റേഷൻ വഴിയാണ് ഇപ്പോൾ ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നത്. നിലമ്പൂർ ഇലക്ട്രിക്കൽ മേജർ സെക്ഷൻെറ കീഴിൽ ഏതാണ്ട് എട്ടോളം പഞ്ചായത്തുകളിലായി പതിനാറായിരത്തിലധികം വരുന്ന ഉപഭോക്താക്കൾക്കാണ് ഇപ്പോൾ വൈദ്യുതി വിതരണം ചെയ്തു കൊണ്ടിരിക്കുന്നത്.

നിലമ്പൂർ പഞ്ചായത്തിൽ വരുന്ന മൊത്തം ഉപഭോക്താക്കളിൽ 79% ഗാർഹിക ആവശ്യത്തിനായി ഉപയോഗിക്കുന്നവരും 16% വ്യാപാര ആവശ്യത്തിനായി ഉപയോഗിക്കുന്നവരും 3% കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്നവരും 2% വ്യാവസായ ആവശ്യത്തിനായി ഉപയോഗിക്കുന്നവരുമാണ്.

ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നവരാണ്. മിക്ക ഗ്രാമ സഭകളിലും വോൾട്ടേജ് കൂട്ടുന്നതിനുവേണ്ടി 21 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

വൈദ്യുതി വന്നെത്തി നാലുപതിറ്റാണ്ടു കഴിഞ്ഞിട്ടും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ അനവധിയുണ്ട്. നിലമ്പൂർ പഞ്ചായത്തു പരിധിയിൽ മുപ്പത്തിമൂന്ന് ട്രാൻസ്ഫോർമറുകൾ ആണ് ഉള്ളത്. അവയുടെ വിവരണം താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. വെളിയം തോട് | 63 കെ വി.എ |
| 2. കരിമ്പുഴ | 63 |
| 3. കരിമ്പുഴ നമ്പർ 1 | 63 |
| 4. കരിമ്പുഴ ന.2 | 63 |
| 5.ചന്തക്കുന്ന് | 100 |
| 6.പാടിക്കുന്ന് ന.1 | 100 |
| 7.പാടിക്കുന്ന് ന.2 | 100 |
| 8.നിലമ്പൂർ (പോലീസ്റ്റേഷൻ) | 100 |
| 9.നിലമ്പൂർ (ടെലി. എക്ചേഞ്ച്) | 100 |
| 10. ചെട്ടിയങ്ങാടി | 160 |
| 11.ജ്യോതിപ്പടി | 160 |
| 12. അരുവാക്കോട് | 63 |
| 13.ചില്ലിങ്ങ് പ്ലാൻറ് | 63 |
| 14. കുറുകുറ്റി | |
| 15.മണലൊടി | 100 |
| 16.കൊളക്കണ്ടം ന.1 | 100 |
| 17.കൊളക്കണ്ടം ന.2. | 100 |
| 18.കോ-ആക്സിയൽ ചക്കാരക്കുത്ത് | 63 |
| 19. ചക്കാലക്കുത്ത് | 100 |
| 20. വീട്ടിക്കുത്ത് | 100 |
| 21.മുതുകാട് | 63 |
| 22.രാമങ്കുത്ത് | 100 |
| 23. പൂളമില്ല് | 63 |
| 24.മുക്കട്ട ന.1 | 160 |
| 25. മുക്കട്ട ന 2 | 100 |
| 26. അൻസാരി (അയ്യാർ പൊയിൽ) | 63 |
| 27. വല്ലപ്പുഴ | 160 |
| 28.പാത്തിപ്പാറ | 100 |
| 29. പുല്ലഞ്ചേരി ന1 | 100 |
| 30.പുല്ലഞ്ചേരി ന2 | 163 |
| 31. കുറുന്തോട്ടിമണ്ണ | 163 |
| 32. പയ്യംപള്ളി ന1 | 63 |
| 33. പയ്യംപള്ളി ന2 | 63 |

പഞ്ചായത്ത് പ്രദേശത്ത് ആകെ 142 കെ.എം. ത്രീ ഫേസ് ലൈനുകളും 95 കെ.എം സിംഗിൾ ഫേസ് ലൈനുകളുമുണ്ട്. പഞ്ചായത്തിൽ 29 ട്യൂബുകളും 32 സോഡിയം വേപ്പർ ലാംപുകളും അടക്കം ഏകദേശം 497 ഓളം സ്ട്രീറ്റ് ലൈറ്റുകളാണുള്ളത്. ഇതിൽ പകുതിയിലധികം സ്ട്രീറ്റ് ലൈറ്റുകളും പ്രവർത്തനക്ഷമമല്ല.

### പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

2. പഞ്ചായത്തിലെ മിക്ക കോളനികളിലും (ഹരിജൻ, ലക്ഷം വീട് കോളനികൾ ഉൾപ്പെടെ) ഇനിയും വൈദ്യുതി എത്തിയിട്ടില്ല

3. പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും ത്രീഫേസ് ലൈൻ എത്തിയിട്ടില്ല.

4. നിലവിലുള്ള മീറ്ററുകളിൽ പകുതിയിലധികവും പ്രവർത്തനക്ഷമമല്ല.

5. പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

6. ആവശ്യങ്ങൾക്കനുസരിച്ച് മുൻഗണനാക്രമത്തിൽ വൈദ്യുതി വിതരണം നടത്തുന്നില്ല.

7. സമയാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നില്ല.

8. വൈദ്യുതി വിതരണ രംഗത്തെ ബോർഡിൻെറ

ശ്രദ്ധക്കുറവ്. (പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത്) ഒരുസ്ഥിരം പ്രശ്നമായിരിക്കുന്നു.

## നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും:

1. നിലമ്പൂരിൽ ഇപ്പോൾ പരിഗണനയിലിരിക്കുന്ന ഡീസൽ സ്റ്റേഷൻ ഉടനടി സ്ഥാപിക്കുക.

2. കോഴിക്കോട് നല്ലളം സബ് സ്റ്റേഷനിൽ സ്ഥാപിച്ച പോലെ വോൾട്ടത കൂടിയ ലൈനുകളിൽ കപ്പാസിറ്ററുകൾ സ്ഥാപിക്കുക.

3. നിലവിലുള്ള 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആയി ഉയർത്തുക.

4. ആവശ്യമായ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

5, നിലവിലുള്ള മേജർ സെക്ഷൻ ഓഫീസ് ഒന്നൊ അതിലധികമൊ സെക്ഷനുകളാക്കി. വിഭജിക്കുക .

6.കെ.എസ്.ഇ.ബി. പ്രവർത്തനം ജനകീയപരിശോധനയ്ക്കു വിധേയമാക്കുന്നതിനുള്ള സംവിധാനം ചെയ്യുക.

7. ചെറുകിട വൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുക.

8. കൂടുതൽ പ്രസരണ നഷ്ടം ഒഴുവാക്കുന്നതിനായി അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തുതീർക്കുക.

9. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുക.

10. ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ വന്ന സ്ഥലങ്ങളിൽ പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക

11. 95 കെ.എം. ഓളംവരുന്ന സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കുകയും പുതിയതായി വലിക്കുന്ന ലൈനുകൾ ത്രീഫേസായിതന്നെ വലിക്കുക.

12. 20 എം ഡബ്ളിയു ശേഷിയുള്ള പ്ളാൻറ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നടപ്പാക്കുക.

വൈദ്യുതി എത്താത്ത വളരെയധികം എത്താത്തവ വളരേയധികം പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഒരോ വാർഡിലേയും പ്രദേശങ്ങൾ താഴെ ചേർക്കുന്നു.

വാർഡ്-1

എ. വട്ടപ്പൊയിൽഭാഗം

വാർഡ് 2

എ.. പാടിക്കുന്ന് ഗിരിജൻ കോളനിയുമായി ബന്ധിപ്പിക്കുന്ന പ്രദേശം

ബി. ചെറുവത്തുകുണ്ടിൽ ദേവി നേഴ്സി ഹേമിന് താഴ് ഭാഗം

സി. ലിറ്റിൽ ഫ്ളവർ റോഡ്

ഡി.. പാടിക്കുന്ന് ഗിരിജൻ കോളനി

വാർഡ് 3

എ. ലക്ഷം വീട് കോളനി

വാർഡ് 4

എ. വല്ലപ്പുഴ-മുതിരി ഹരിജൻ ഗിരിജൻകോളനി
ബി. മമ്മുള്ളി ഹരിജൻ കോളനി
സി കുട്ടിക്കുന്ന് - കൊങ്ങംപാടം ഭാഗം
ഡി.മുതിരി പാലം
ഇ. ചക്കപ്പാലി
എഫ്. പാത്തിപ്പാറ-മുമ്മുള്ളി
ജി. കാഞ്ഞിരകടവ്

വാർഡ് 5
എ. വൃന്ദാവൻ കോളനി
ബീ. വീട്ടിലേക്കുന്ന്
വാർഡ 6
എ. പയ്യംമ്പള്ളി
ബി.പാലേങ്കര
സി. തെക്കും പാടം
വാർഡ് 7
എ.രാമംകുത്ത് കിഴക്കേക്കര
ബീ. പാടിക്കുന്ന്
സി.ഒറുവൻകുഴി
വാർഡ് 8
എ.മുതുകാട് കോളനി
ബി.മുതുകാട് വടക്കും ഭാഗം
സി. മുതുകാട് തെക്കുംഭാഗം
വാർഡ് 9
ചീപ്പനാം കുഴി-നെടുമുണ്ടക്കുന്ന് കോളനി

വാർഡ് 11
എ. ചക്കാലക്കുത്ത് ചേലശ്ശേരി കുന്ന് റോഡിൻെറ ഒരു ഭാഗം
ബി. കല്ലേമ്പാടം, ചേലശ്ശേരികുന്ന്
സി. വീട്ടിക്കുത്ത് കോളനി.

വാർഡ് 12
വാർഡ് 13
എ. വള്ളിയം പാടം ( കുറുന്തോട്ടി മണ്ണിനോട് ചേർന്നുള്ള ഭാഗം)

ബി. പനയം കോട്
സി. മുമ്മുള്ളി ലക്ഷം വീട് കോളനി
ഡി പെരുംപൊയിൽ കോളനി(4,13 വാർഡുകൾ)
ഇ. പുതുമല ഹരിജൻ കോളനി
എഫ്. മുതലക്കുഴി
ജി. പാത്തിപ്പാറ മുതൽ മുമ്മുള്ളിവരെ (4,12 വാർഡുകൾ)

എഛ്. വല്ലപ്പുഴ ഗിരിജൻ കോളനി

പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ വാർഡ് അടിസ്ഥാനത്തിൽ

വാർഡ് 1

മഹിളാസമാജം പടി, വായനാശാല പരിസരവും,സിഎൻ,ജി റോഡ്-പാറാവ് ജംഗ്ഷൻ, ഫോറസ്റ്റ് റോഡ് ജംഗ്ഷൻ വിരാടൂർ ക്ഷേത്ര പരിസരം, പാലം റോഡ് പാറക്കടവ് ഇത്രയും സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക

വാർഡ് 2

ഹൈസ്ക്കൂൾ റോഡ്, പാടിക്കുന്ന്, ഗിരിജന കോളനി പാടിക്കുന്ന് ജംഗ്ഷൻ, കളത്തിൻ കടവ്, എം.റ ലോഡ്ജിന്സമീപം ഈ ഭാഗങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം (സോഡിയം വേപ്പർ ലാമ്പുകൾ)

വാർഡ് 3

ഹൈസ്ക്കൂൾ റോഡ്, ഹൈസ്ക്കൂൾ റോഡിൽ നിന്നും തുടങ്ങി ബംഗ്ളാവ് റൊഡുവരെ സിഎൻ.ജി റോഡിൽ നിന്നും തുടങ്ങി ബംഗ്ളാവ് റോഡ് വെര, ആസാദ് ഗ്രൗണ്ട് യോഡ്, ചാരം കുളം റോഡ്, പഴയ മൈലാടി റോഡിൽ നിന്നും തുടങ്ങി ചാരംകുളം റോഡ് ജംഗ്ഷൻ വരെ ബീരാൻ കോളനി റോഡ് മുലായവ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം

വാർഡ് 4

വല്ലപ്പുഴ കുയപ്പാൻ വളവ് മുതൽ ഏനാന്തി വരെ, ഏനാന്തി പുഴകടവ് കൂടാതെ വാർഡിൻെറ വിവിധ ഭാഗങ്ങളിലേക്കായി 10 നിയോൺലാമ്പുകളും സ്ഥാപിക്കണം

വാർഡ് 5

വാർഡിലെ എല്ലാ പ്രധാന എല്ലാ പ്രധാന റോഡുകളിലും സോഡിയം വേപ്പർ ലാമ്പ്, മയ്യന്താനി റോഡ്, ചീമ്പിമലക്കുന്ന് റോഡ് ഫാത്തിമഗിരി റോഡ്, അയ്യർ ലൈൻ

വാർഡ്6

വാർഡിലെ എല്ലാ പ്രധാന റോഡുകളിലും ഡിപേപ്പ്, വരമ്പും, ഈൗംമട, വീട്ടച്ചാൽ, വരമ്പുംപൊട്ടി, രാമംകുത്ത് വാഴപ്പാടം ഭാഗത്ത് സോഡിയം ലാമ്പ്

വാർഡ് 7

റെയിൽ, രാമങ്കുത്ത് റോഡിലുള്ള 12 പോസ്റ്റുകളിലും ലക്ഷം വീട് കൊളനയിലേക്കും തെരുവുവിളക്കുകൾ സ്ഥാപിക്കണം

വാർഡ് 8

മുതുകാട് മെയിൻ റോഡ്, രാമങ്കുത്ത്, മണ്ണുപാടം,ചങ്കാലക്കുത്ത് റോഡ് ഈ ഭാഗങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം

വാർഡ് 9

നെടുമുണ്ടക്കുന്ന് കോളനി, ചിപ്പനാം കുഴി, പാട്ടരാക്ക എൻ.എസ്.എസ് ഹൈസ്ക്കൂൾ ജംഗ്ഷൻ നെടമുണ്ടക്കുന്ന് ജംഗ്ഷൻ എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം

വാർഡ് 10

എല്ലാ പ്രധാനപ്പെട്ട റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം (കീർത്തിപടി പാട്ടരാക്ക) സോഡിയം വേപ്പർ ലാമ്പ്, നടുവിലക്കളം ജംഗ്ഷൻ ശങ്കരൻ കുട്ടിനായർ പടി, ആർ.കെ. മലയത്ത് ഗേറ്റ്, കളരിക്കുന്ന് പട്ടരാക്ക

വാർഡ് 11

താമരക്കുളത്തേക്കുള്ള റോഡ്, ടൗണിൽ പള്ളിവഴിമുതൽ കല്ലേമ്പാടത്തേക്കള്ള് റോഡ് കല്ലേമ്അടം ഐശവര്യ വഡിയുള്ള റോഡ്, കുശവൻ കുന്ന്, ജ്യോതി പടി റോഡ് വടക്കുംപാടം കടവ് റോഴ് കുൾവൻകുന്ന്, ജ്യോതി പടി കോളനി, വടക്കുംപാടം കടവ്റോഡ്, മുതലായവ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം

വാർഡ് 12

തൃക്കെക്കുത്ത് കടവ് റോഡ്, കൊളക്കണ്ടം പള്ളിറോഡ് വരേടേംപാടം ഗിരിജൻ കോളനി റോഡ്

വാർഡ്13

കരിമ്പുഴയിൽ ഒരു മെർക്കുറിലാമ്പ്, കോളനിപ്പടിയിലും ചാലിയിലും തെരുവവിളക്ക് സ്ഥാപിക്കണം.നിലവിലുള്ളവ എല്ലാ വാർഡുകളിലും പ്രവർത്തനക്ഷമമാക്കുകയും വേണം

പഞ്ചായത്തിൽ പുതുതായി സ്ഥാപിക്കേണ്ടുന്ന ട്രാൻസ്ഫോർമറുകൾ വാർഡ് അടിസ്ഥാനത്തിൽ

വാർഡ് 1
പുറാവ് പടിക്കടുത്ത്

വാർഡ്2

ചെറുവത്തുകുണ്ട്, പാടിക്കുന്ന്

വാർഡ്4

ചാരംകുളം

വാർഡ് മാങ്കുത്ത്, ഷനാന്തി മുമ്പുള്ള റോഡിൽ വല്ലപ്പുഴ

വാർഡ് 5

ചന്തക്കുന്ന് - മയ്യന്താനി റോഡിൽ ഫാത്തിമഗിരിക്ക സമീപം

വാർഡ്6

വീട്ടിച്ചാൽ, പയ്യംമ്പള്ളി

വാർഡ്7

പട്ടൂരാക്ക

വാർഡ്9

ചിപ്പനാംകുഴി, പട്ടര്ക്ക

വാർഡ് 11

കല്ലേമ്പാടം, ചക്കാലക്കുത്ത്

വാർഡ്13

മുമ്മുള്ളി, അയ്യാമർപൊയിൽ

വാർഡ്12

വരേടംപാടം, കൊളക്കണ്ടം

മറ്റ് ഊർജ്ജ സ്രോതസ്സുകൾ

മഹത്തായ ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന ഈ കാല ഘട്ടത്തിലും വൈദ്യുതി ഉൽപ്പാദനത്തിനായി ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിച്ചാണ് പോരുന്നത്. വർദ്ധിച്ചുവരുന്ന ഉപഭേക്ക്ളുടെ ആവശ്യകതയും കാലാവസ്ഥയിലുള്ള വ്യതിയാനങ്ങളും ഇന്നുള്ള ഉൽപാദനം കൊണ്ട് തികയാത്ത ഒരു സ്ഥിവിശേഷമാണ് സംജാതമായിട്ടുള്ളത്. ഈ നിലപാടിൽ നിന്നും മാറി നാം ഒത്തൊരുമിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള മറ്റ് മാർഗ്ഗങ്ങൾ സസ്വീകരിക്കേണ്ടിയിരിക്കുന്ന. ആയതിനായി സൂര്യപ്രകാശം കാറ്റ്, തിരമാല ഗോബർഗ്യാസ് പ്ളാൻറ് ബയോഗ്യാസ്പ്ളാൻറ് മുതലായ പാരമ്പരേത്രര ഊർജ്ജ സ്രോതസ്സുകളെ നാം പരമാവധി ചൂഷണം ചെയ്യേണ്ടതുണ്ട് അതുകൊണ്ട് പഞ്ചായത്തിൽ ഇവ ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്ള്ള ശ്രമം സർക്കാനും - പഞ്ചായത്തും സംയുക്തമായോ,സ്വകാര്യമേഖലയിലോകൊണ്ടുവരുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാണിജ്യ അടിസ്ഥനത്തിലുള്ള ഒരു പ്രൊജക്റ്റ് തയ്യറാക്കി ഈ പ്രദേശങ്ങളിലേയും ആവശ്യത്തിനുള്ള വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്നതാണ്

കേരളത്തിലെ വനസമ്പത്തിൻെറ സിരാകേന്ദ്രവും ലോകം മുഴുവൻ പഞ്ചായത്തിൻെയ പ്രശസ്തി വിളിച്ചറിച്ചതും നിലമ്പൂർ കാടുകളാണ്. അതുകൊണ്ട തന്നെ ഈ സ്രോതസ്സിനെ നാട്ടിലെ ജനങ്ങൾ വളരെയധികം ചൂഷണം ചെയ്തു നാട്ടിലെ ജനങ്ങൾ വളരെയധികം ചുഷണം ചെയ്തു പോന്നതായി കാണാൻ കഴിയും കാലാകലങ്ങളിൽ ഭക്ഷണം പാചകം ചെയ്യുവാനും ഹേഅട്ടലുകളുടെ ആവശ്യങ്ങൾക്കും വനസമ്പത്തിനെയാണ് ആശ്രയിച്ചുവരുന്നത്. തുടർന്ന് ഘട്ടം ഘട്ടമായി വനത്തിൻെറ വിസതൃതി കുറയുകയും വിറക് മുൻകാലങ്ങളിലേതുപോലെ ശേഖരിക്കുവാൻ കഴിയാത്ത സാഹചര്യവും ഉണ്ടായി. അതുകൊണ്ട തന്നെ ഈ മേഖലയിൽ ഇപ്പോൾ ആശ്രയിച്ചുവരുന്ന മണ്ണെണ്ണ,ഗ്യാസ് എന്നിവയുടെ പെർമിറ്റ് നടപടികൾ സുതാര്യമാക്കി ജനങ്ങളിലേക്ക് എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്

പൊതു നിർദ്ദേശങ്ങൾ

1. സോളാർ ഉപയോഗിച്ചുള്ള വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം കൂടുതൽ പ്രചരിപ്പിക്കുക

2.അനർട്ടിൻെറ ഏജൻസി നിലമ്പൂരിൽ സ്ഥാപിക്കുക

3. ഭാവിയിൽ സ്ട്രീറ്റ് ലൈറ്റുകൾ സോളാർ ഉപയോഗിച്ച് പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഒരുക്കുക

4. കാറ്റിൽ നിന്ന് വൈദ്യതി ഉൽപ്പാദിപപ്ിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക

5. വൈദ്യതി എത്തിപ്പെടാൻ സാഹചര്യമില്ലാത്ത പ്രദേശങ്ങളിൽ ഗോബർ ഗ്യാസ് പ്ളാൻറ് സ്ഥാപിക്കാനുള്ള നടപടികൾ അടിയന്തിരിമായ സ്വീകരിക്കുക.

6. ഗോബർഗ്യാസ് പ്ളാൻറ് ഉപയോഗിച്ച് വെള്ളം നീരാവിയാക്കി ടർബൈൻ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കുക

7. ബയോഗ്യാസ് പ്ളാൻറ് സ്ഥാപിക്കുക

8. സാമൂഹ്യ വനവൽക്കര (വിറകിനായി) പദ്ധതി നടപ്പാക്കുകക

9 ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുമായി സഹകരിച്ച് ഒരു ജോയിൻൻറ് ഫോറസ്ട്രി മാനേജ്മെൻറ് പദ്ധതി നടപ്പാക്കുക

10. വിറകിൻെറ ഉപയോഗം കുറക്കുന്നതിനായി ( ഉൽപ്പാദന നഷ്ടം) പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക

## മാർക്കറ്റ്

നിലമ്പൂർ ടൗണിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മാർക്കറ്റ് നിർമ്മിക്കേണ്ടതുണ്ട്. ഇപ്പോൾ ടൗണിൽ ഏറ്റവും ജനത്തിരക്കുള്ളവി.കെ റോഡിലാണ്. മൽസ്യവും പച്ചക്കറികളും വിൽപ്പന നടത്തുന്നത് ഈ സ്ഥിതി മാറ്റം ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ഒരു പൊതുമാർക്കറ്റ് നിലവിൽ വന്നാൽ വി.കെ റോഡിലുള്ള ജനത്തിരക്ക് കുറയുവാനും സാധ്യമായി വരും അതിനായി വി.കെ റോഡിൻെറ പടിഞ്ഞാറു ഭാഗത്തുള്ള 50 സെൻറുസ്ഥലം സ്വകാര്യവ്യക്തിയിൽ നിന്നതാണ്. ഈ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയകരച്ചാൽ മാത്രമേ ടൗണിന് ശുചിത്വവും സ്വകര്യവും വർദ്ധിപ്പക്കാൻ കഴിയളം

കാർഷിക ഉൽപ്പന്നങ്ങളും അവയുടെ മാർക്കറ്റിങ്ങ് പ്രശ്നങ്ങളും നിവാരണ സൗകര്യവും ഗ്രാമസഭകളിൽ ഉയർന്നനിർദ്ദേശങ്ങൾ

1 നാളികേരത്തിന് പൊതുമാർക്കറ്റോ ആഴ്ചചന്തയോ

ഇല്ല. ഇതിന് പൊതു മാർക്കറ്റ് ആവശയമാണ്

2.പൊതുമൽസ്യ മാർക്കറ്റ് ആവശ്യമാണ്

3. നേന്ത്രകായ, അടക്ക കശുവണ്ടി പൊതു മാർക്കറ്റും ആവശ്യമാണ്

4. മരച്ചീനി, നെല്ല് പച്ചക്കറി മാർക്കറ്റും അവശ്യമാണ്

5 സഹകരണ മേഘലയിൽ ഒരു പൊതു മാർക്കറ്റ് ഉടങ്ങണം

6 ചന്തക്കുന്നിലെ മാർക്കറ്റ് ആധുനിക വൽക്കരിക്കണം.

വളരെ വലിയ ഉത്തര വാദതപമാണ്
തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്. ചെയ്തു ശീലമില്ലാത്ത കാര്യമാണ് നമ്മൾ ചെയ്യുന്നത്. മാമൂൽ വിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തയ്യാറാകണം. അതിവിപുലമായതോതിൽ ജനങ്ങളെ അണിനിരത്തികൊണ്ടു വേണം ഈ കടമ നിർവ്വഹിക്കാൻ

- ഡോ.ടി..എം തോമസ് ഐസക്ക്

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

മലബാർ പ്രദേശത്തെ ഏറ്റവും വലിയ കുടിയേറ്റ മേഖലയെ ഉൾക്കൊള്ളുന്ന നിലമ്പൂർ താലൂക്കിൻെറ ആസ്ഥാനമാണ് നിലമ്പൂർ ഗ്രാമപഞ്ചായത്ത് പതിമൂന്ന് വാർഡുകളുള്ളപ്രസ്തുത പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും കൃഷിയെ ആശ്രയിച്ചുജീവിക്കുന്നവരും കൂലിപ്പണി ചെയ്ത് ഉപജീവനം കഴിക്കുന്നവരുമാണ്. കുടിയേറ്റ കർഷകരുടെ ശമഫലമായുണ്ടായ കാർഷിക പുരോഗതിയും ഗൾഫ് പണത്തിൻെറ ആഗമനവും ഈ പഞ്ചായത്തിൻെറ സാമ്പത്തിക സാമൂഹിക മേഖലകളിൽ ചടുലമായ മാറ്റങ്ങൾക്ക് വഴിതെളിച്ചിട്ടുണ്ട് . എന്നാൽ ഇപ്രകാരമുണ്ടായപുരോഗതിക്കും മാറ്റങ്ങൾക്കും സമഗ്രതയുണ്ടായിരുന്നില്ല. അതായത്സാധാരണക്കാരൻെറ ജീവിതത്തിൽ നിർണ്ണായകമായ മാറ്റങ്ങളുണ്ടാക്കാൻ ഈ മാറിയ പരിതസ്ഥിതികൾക്ക് കഴിഞ്ഞിട്ടില്ലെന്ന് ഈ പഞ്ചായത്തിൻെറ വളർച്ചയുടെ ഗണിതരേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. അതുപോലെ സാമ്പത്തിക പുരോഗതി കൈവരിച്ചവരാകട്ടെ ഭൂരിപക്ഷത്തിനും തങ്ങളുടെ സാമ്പത്തിക നേട്ടങ്ങളെ ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള സൃഷ്ടിപരമായ പദ്ധതികളിലേക്ക് വിന്യസിപ്പിക്കുവാൻ കഴഴിയാതെ പോയി.. ചുരുക്കത്തിൽ നമ്മുടെ ജീവിത പദ്ധതികളിൽ ആസൂത്രണത്തിൻെറ അഭാവവും അതുമൂലമുണ്ടാകുന്ന ദുർവ്യയവും നിലനിൽക്കുന്നു.

മുകളിൽ സൂചിപ്പിച്ച ദുർവ്യയം ഏറ്റവും കൂടുതൽ പ്രകടമായി കാണുന്നത് നമ്മുടെ പാർപ്പിട നിർമ്മാണ മേഖലയിലാണ്. ഈ പഞ്ചായത്തിലെ പാർപ്പിട നിർമ്മാണ താൽപര്യങ്ങളെയും അവയുടെ സ്വഭാവത്തെയും പഠന സൗകര്യത്തിനായി നാലായി തരം തിരിക്കാം .

1. പാർപ്പിടം ഒരു വാസസ്ഥലം എന്നതിലുപരി ആർഭാടത്തിൻെറയും പ്രതാപത്തിൻെറയുംചിഹ്നമായി കണ്ടു കൊണ്ട് ലക്ഷങ്ങൾ ദുർവ്യയം ചെയ്തു കൊണ്ട് നിർമ്മിക്കുന്ന ബഹുനില കെട്ടിടങ്ങൾ. ലഭ്യമായ കണക്കുകൾ അനുസരിച്ച് ഇത്തരത്തിലുള്ള 233 പാർപ്പിടങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇതേ സ്വഭാവത്തിലുള്ള ഒട്ടേറെ പാർപ്പിടങ്ങളുടെ നിർമ്മാണം നടന്നുവരികയുമാണ്.

2. മതിയായ താമസ സൗകര്യ താൽപര്യത്തോടൊപ്പം ആർഭാടവും മോടിയും നിലനിർത്തുകയും വേണം. എന്ന ഉദ്ദേശത്തോടെ നിർമ്മിക്കുന്ന ടെറസുകൾ - ഈ ഇനത്തിൽ പെട്ട 656 പാർപ്പിടങ്ങൾ നിലമ്പൂർ പഞ്ചായത്തിൽ ഉണ്ട്.

3. ആവാസയോഗ്യമായവയും സ്ഥല സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന യാഥാർത്ഥ്യ ബോധത്തോടെയും ദുർവ്യയം ഇല്ലാതെയും നിർമ്മിച്ച 6541 പാർപ്പിടങ്ങൾ നിലമ്പൂർ പഞ്ചായത്തിൽ നിലവിലുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

4. ആവശ്യത്തിന് കെട്ടുറപ്പോ സൗകര്യങ്ങളോ ഇല്ലാത്തവയും , യഥാകാലം പരിരക്ഷിക്കാത്തവയുമായ 443 പാർപ്പിടങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

ഇപ്രകാരം കണക്കുകൾ കൊണ്ട് പരിശോധിക്കുമ്പോൾ ആകെയുള്ള 7869 വീടുകളിൽ ഭൂരിപക്ഷവും ആവാസയോഗ്യമാണെന്ന് കാണുവാൻ കഴിയുന്നുണ്ടെങ്കിലും ആദ്യം പ്രസ്താവിച്ച ഒന്നും രണ്ടും പട്ടികയിൽ പെട്ട പാർപ്പിടങ്ങളുടെ നിർമ്മാണത്തിലൂടെ ധനം ദുർവ്യയം ചെയ്യുന്ന രീതി ആരോഗ്യകരമല്ലാത്ത ഒരു പ്രവണതയാണെന്ന് കാണേണ്ടതുണ്ട്. ഇങ്ങനെ പ്രതിവർഷം കോടികണക്കിനു രൂപ വെറും ആർഭാടത്തിനും നിരർത്ഥകമായ സാമൂഹ്യ അംഗമികാരത്തിനും വേണ്ടി നാം വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യുൽപാദനക്ഷമമല്ലാതെ മാർബിളിലും ഗ്രാനേറ്റിലും കളിമൺ ടൈൽസിലും വുഡൻ പാനലിങ്ങിലും

വീടുകളുടെതരംതിരിവുപട്ടിക

| വാർഡ് നമ്പർ | ആകെ | ബഹുനില | ടെറസ് | ഓട് | ഓല |
|---|---|---|---|---|---|
| 1 | 1036 | 120 | 77 | 817 | 22 |
| 2 | 575 | 26 | 73 | 458 | 18 |
| 3 | 565 | 2 | 45 | 500 | 18 |
| 4 | 617 | 4 | 45 | 514 | 54 |
| 5 | 474 | 9 | 160 | 274 | 31 |
| 6 | 610 | 2 | 43 | 546 | 19 |
| 7 | 341 | 0 | 7 | 297 | 37 |
| 8 | 409 | 5 | 20 | 319 | 65 |
| 9 | 358 | 8 | 18 | 292 | 40 |
| 10 | 670 | 18 | 104 | 528 | 20 |
| 11 | 1116 | 31 | 30 | 1006 | 49 |
| 12 | 445 | 6 | 18 | 391 | 30 |
| 13 | 657 | 2 | 16 | 599 | 40 |
| ആകെ | 7873 | 233 | 656 | 6541 | 443 |

കൊട്ടാരകെട്ടുകൾക്ക് സമാനമായ കോൺക്രീറ്റ് മതിലുകൾക്കുമായി പാർപ്പിടത്തിൻെറ പേരിൽ ലക്ഷങ്ങൾ ചെലവഴിക്കുന്ന പ്രവണത ഈ പഞ്ചായത്തിൽ കൂടി വരികയാണ്. പ്രഥമ ദൃഷ്ടിയിൽ ഒരു വ്യക്തിയുടെയാ കുടുംബത്തി ൻെറയൊ സാമ്പത്തിക ദുർവ്യയമായി തോന്നുന്ന ഈ പ്രക്രിയ ഫലത്തിൽ ഒരു പഞ്ചായത്തിൻെറ തന്നെ സാമ്പത്തിക മേഖലയെയാണ് ബാധി ക്കുകയെന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളേണ്ട സമയമായിരിക്കുന്നു

## ഭവനരഹിതർ :-

ലഭ്യമായ കണക്കുകളുടെ അടിസ്ഥാന ത്തിൽ നിലമ്പൂർ പഞ്ചായത്തിൽ 2830 ഭവനരഹിതർ ഉണ്ടെന്ന് കാണുവാൻ കഴിയും . പാർപ്പിട മേഖലയിൽ നിലമ്പൂർ പഞ്ചായത്ത് വളരെയേറെ മുന്നോട്ടു പോകേണ്ടതിൻെറ അനിവാര്യതയാണ് ഈ കണക്ക് കാണിക്കുന്നത്. നിത്യവൃത്തിക്കു പോലവം വകയില്ലാത്തവരും വീടുവെയ്ക്കുവാ ൻ സ്വന്തമായി ഭൂമിയില്ലാത്തവരും ഈ കൂട്ടത്തിലുണ്ട്. സ്വന്തമായൊരു വീട് എന്നത് ഇവരെ സംബന്ധിച്ച് അവരുടെ ചിന്തകൾക്കും സ്വപ്നങ്ങ ൾക്കും അപ്പുറത്ത് നിൽക്കുന്ന കാര്യമാണ്. സാമൂഹ്യ സമത്വം എന്ന ആശയത്തിൻെറ പരമപ്രധാനമായ ലക്ഷ്യങ്ങളിലൊന്ന് എല്ലാ പേർക്കും പാർപ്പിട സൗകര്യം ലഭ്യമാക്കുകയെന്നതാണ് . നിലമ്പൂർ പഞ്ചായത്തിനെ സംബന്ധിച്ച് ക്രിയാത്മ കമായ പദ്ധതികളിലൂടെയും ശാസ്ത്രീയമായ ആസൂത്രണത്തിലൂടെയും മാത്രമെ ഈ ലക്ഷ്യം കൈവരിക്കാനാവൂ.

### ഭവനരഹിതരുടെ പട്ടിക വാർഡ്തലത്തിൽ

| വർഡ്നമ്പർ | എണ്ണം |
|---|---|
| 1 | 250 |
| 2 | 150 |
| 3 | 222 |
| 4 | 215 |
| 5 | 300 |
| 6 | 202 |
| 7 | 200 |
| 8 | 125 |
| 9 | 146 |
| 10 | 150 |
| 11 | 320 |
| 12 | 300 |
| 13. | 250 |
| ആകെ | 2830 |

സ്വദേശികളായ ഭവന രഹിതർക്കു പുറമെ ഇക്കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ കേരളത്തിനു പുറത്ത് നിന്ന് പ്രത്യേകിച്ച് തമിഴ്നാട്ടിൽ നിന്ന് വിവിധ ജോലികൾക്കായി നൂറുകണക്കിന് ആളുകൾ ഈ പഞ്ചായത്തിൽ എത്തിയിട്ടുണ്ട്. പക്ഷെ അവരിൽ ഒരു ചെറിയ വിഭാഗം മാത്രമെ സ്ഥിരമായി ഈ പഞ്ചായത്തിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന വരുള്ളു. അവരിൽ 20% ത്തോളം ആളുകൾ ഇവിടെ സ്വന്തമായി പാർപ്പിട സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മറ്റുള്ളവർ കുറഞ്ഞ വാടകയ്ക്ക് ലഭിക്കുന്ന മതിയായ സൗകര്യങ്ങളില്ലാത്ത വീട്ടുകളിൽ താമസിക്കുന്നവരാണ്.

## പാർപ്പിട നിർമ്മാണം- പരിണാമത്തിൻെറ വിവിധ ഘട്ടങ്ങൾ

ഈ പഞ്ചായത്തിൻേറത് മാത്രമെന്ന് പറ യാവുന്നദും സാർവത്രികമായതുമായ ഒരു വാസ്തു ശിൽപരീതി ഇവിടെ ഉണ്ടായിരുന്നില്ല. മലബാറിൽ പൊതുവേയുണ്ടായിരുന്ന നാല്കെട്ടിൻെറ മാതൃക യിലുള്ള പാർപ്പിടങ്ങളായിരുന്നു അംഗീകരിച്ചിരുന്ന അടിസ്ഥാന കെട്ടിട പനിർമ്മാണ മാതൃകയെങ്കിലും ഉവയുടെ എണ്ണം ഈ പഞ്ചായത്തിൽ വളരെ കുറവാ യിരുന്നു. ഒഴുക്കൻ മാതൃകയിലുള്ള തളങ്ങളോടും അവയോടു ചേർന്ന പൂമുഖത്തോടും കൂടിയഇരുനിലകളിലൊ മച്ചോടുകൂടിയ എടുപ്പുക ളൊ ആയിരുന്നു. സാമ്പത്തികമായി മുൻപന്തിയിൽ നിന്നിരുന്നവർ നിർമ്മിച്ചിരുന്ന വീടുകളിൽ കൂടതലും. വെട്ടുകല്ല്ചെത്തിമിനുക്കി പടുത്ത ഭിത്തികളിൽ വമ്പൻ മരം കൊണ്ടുള്ള ഉത്തരങ്ങളിൽ തീർത്ത ആരൂഢങ്ങളും ഓടുപാകിയമേൽകൂരയുമാ യിരുന്നു.ഇത്തരം പാർപ്പിടങ്ങൾക്കുണ്ടായിരുന്നത്.

എന്നാൽ ഇടത്തരക്കാരുടേയും സാധാര ണക്കാരുടേയും വീടുകൾ മൺഭിത്തിയോടുകൂടി യവയും പുല്ലുകൊണ്ടോ വൈക്കോൽ കൊണ്ടൊ മേഞ്ഞമുളകൊണ്ടുണ്ടാക്കിയ മേൽക്കൂരയോടു കൂടിയവയായിരുന്നു.

കാലാന്തരത്തിൽ മദ്ധ്യ തിരുവിതാംകൂർ മാതൃക യിലുള്ള വീടുകളും കുടിയേറ്റക്കാരുടെ വരവോടു കൂടി ഇവിടെ നിർമ്മിക്കപ്പെട്ടു. മാതൃക ഏതായാലും അക്കാലത്തുണ്ടായിരുന്ന വീടുകൾ ലളിതവും ചിലവുകുറഞ്ഞവയും അനാർഭാടവു മായിരുന്നു.. അവർക്ക് എത്ര ഉയർന്ന സാമ്പത്തിക

നിലവാരമുണ്ടായിരുന്നാലും വീട് എന്നത് അതിവാസയോഗ്യവും സുരക്ഷിതവുമായ സംങ്കത ങ്ങൾമാത്രമായിരുന്നു. മറിച്ച് ഒരിക്കലും ഒരാഢം ബരമായിരുന്നില്ല. കാലത്തിന്റെ മാറ്റത്തിന നനുസരലിച്ച് തനത് മാതൃകകൾ അന്യം നിന്നു പോവുകയും ആ സ്ഥാനത്ത് ദിവസേന രൂപത്തിനും ഭാവത്തിനും മാറ്റം വന്നുകൊണ്ടി രിക്കുന്ന കോൺക്രീറ്റ് മാതകകളിലേക്ക് പരിണമിക്കുകയും ചെയ്തു. മാത്രമല്ല നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്ന പരമ്പരാഗത വാസ്തുശിൽപമാതൃകകൾ ഈ പരിണാമവേഗ തയിൽ നമുക്ക് സംരക്ഷിക്കാൻ കഴിയാതെ പോയി. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മലബാറിലെ വാസ്തുശിൽപത്തിന്റെ ഉദാത്ത മാതൃകയായിരുന്ന നിലമ്പൂർ കോവിലകത്തെ വലിയ കോവിലകത്തിന്റെ ചിലഭാഗങ്ങളടക്കം പല കെട്ടിടങ്ങളും സംരക്ഷിക്കപ്പെടാതെ പോയ കാര്യം. ഭാവിയിലെങ്കിലും ഈ പഞ്ചാ യത്തിന്റെ വിവിധ ഭാഗങ്ങളിൽ നാമമാത്രമാ യെങ്കിലും നിലനിൽക്കുന്ന വാസ്തുശിൽപ മാതൃകകൾ പരിരക്ഷിക്കുന്നതിനുള്ള പരിപാടി കൾക്ക് പഞ്ചായത്തുതലത്തിൽ നേതൃത്വം കൊടു ക്കേണ്ടതുണ്ട്.

## കെട്ടിട നിർമ്മാണ സാമഗ്രികളും - പ്രശ്നങ്ങളും:

കുറഞ്ഞ ചിലവിൽ കൂടുതൽ സൗകര്യപ്രദവും മനോഹരമായ വീടുകൾ നിർമ്മിക്കാനുള്ള നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുകയെന്നതാണ് ഈ മേഖലയിലെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനഭി കാമ്യമായ കാര്യം. ഇത്തരം നിർമ്മാണ സാമഗ്രികളെ കുറിച്ചുള്ള അജ്ഞതയും അവയുടെ ലഭ്യതക്കുറവും നമ്മുടെ പഞ്ചായത്തിൽ ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് വിഘാതമായി നിൽക്കുന്ന വസ്തുതകളാണ്. ലാഭേച്ഛ കൂടിയ ഏജൻസികളും കച്ചവട സ്ഥാപനങ്ങളും അവരുടെ സാമ്പത്തിക താൽ പര്യങ്ങൾ സംരക്ഷിക്കപ്പെടത്തക്ക തരത്തിലുള്ള നിർമ്മാണ സാമഗ്രികളാണ് പൊതുവെ മാർക്കറ്റിൽ എ ത്ത ി ച്ചു കൊ ാ ണ്ട ി ര ി ക്കു ന്ന ത് . ഗു ണ ന ി ല വാ ന ത്തെ പ റ്റ ി യെ ാ വിലനിലവാരത്തെപറ്റിയൊ സാധാരണക്കാരന് മനസ്സിലാക്കാൻ പറ്റാത്ത തരത്തിലുള്ള ഗ്രാനേറ്റും മാർബിളും , കളിമൺ ടൈൽസും സാനിറ്ററി ഫിറ്റിം ഗ്സും കമ്പോളത്തിലെത്തിക്കാൻ തിടുക്കം കാണിക്കുന്ന വ്യാപാരികൾ സാധാരണക്കാകരന്റെ അജ്ഞതയെ പരമാവധി ചൂഷണം ചെയ്ത് ലക്ഷങ്ങൾ കൊയ്തുവാരുകയാണ്. ചുരുക്കത്തിൽ ഗൃഹനിർമ്മാണ സ;ാമഗ്രികളുടെ വിൽപണയിൽ കിട്ടുന്ന ലാഭം വ്യാപാരികൾക്ക് മറ്റൊരു തരം ഇടപാടിൽ നിന്നും ലഭിക്കുന്നുല്ലെന്നത് യാഥാർഥ്യമാണ്.

ചിലവ് കുറഞ്ഞ നിർമ്മാണ സാമഗ്രികളെ പറ്റി ഉപഭോക്താവിൽ അവബോധ മുണ്ടാക്കുവാനും നിർമ്മാണ സമഗ്രികളുടെ സുഗമമായ ലഭ്യതയും വിലയുടെ ഏകീകരണവും ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു സമഗ്രമായ പരിപാടിക്ക് പഞ്ചായത്ത് രൂപം കൊടു ക്കേണ്ടതുണ്ട്.

## നിർമ്മാണ തൊഴിലാളികളുടെ ലഭ്യതകുറവും വേതന വർദ്ധനവും:-

ഈ മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം നിർമ്മാണ തൊഴിലാളികളുടെ ലഭ്യതക്കുറവാണ്. പാർപ്പിട നിർമ്മാണം ഉണ്ടാകുന്ന കാലതാമസം വരുത്തുന്ന സാമ്പത്തിക നഷ്ടം ഭാരിച്ചതാണ്. നിർമ്മാണം സമയ ബന്ധിതമാ കണമെങ്കിൽ സാമഗ്രികളുടെ ലഭ്യതയ്ക്കൊപ്പം സാങ്കേതിക പരിജ്ഞാനമുള്ളവരുടേയും നിർമ്മാണ തൊഴിലാളികളുടേയും ലഭ്യത ഉറപ്പുവരു ത്തേണ്ടതുണ്ട്. നിലമ്പൂർ പഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്വദേശികളെ ലഭിക്കാത്ത ഒരവസ്ഥയാണ് നിലവിലുള്ളത്. അന്യദേശ ങ്ങളിൽ നിന്നും ആയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ആളുകളാണ് ഇന്ന് ഈ പഞ്ചായത്തിലെ നിർമ്മാണജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഭൂരിപക്ഷവും . വേതനത്തിന്റെന ക്കാര്യത്തില ും സാധാരണക്കാർക്ക താങ്ങാനാവാത്ത വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുനനത്. 1972-73 വർഷങ്ങ ളിൽ പുരുഷൻമാർക്ക് 6 രൂപ മുതൽ 8 രുപ വരെ ആയിരുന്നു കൂലി. എങ്കിൽ 1995-96 വർഷത്തിൽ അത് 90 രൂപ മുതൽ 150 രൂപ വരെ ആയി ഉയർന്നു. സ്ത്രീ തൊഴിലാളികൾക്കും 1995-96 ആയപ്പോ ഴെക്കും 80 മുതൽ 90 രൂപ വരെ വർദ്ധനവുണ്ടായി.

## ഭവന നിർമ്മാണ ലഭ്യത:

1992 മുതൽ 95 വരെയുള്ള കാലയളവ് പരിശോധിവച്ചാൽ വിവിധഭവന പദ്ധതികളനു സരിച്ച് പഞ്ചായത്തു തലത്തിലും ബ്ളോക്ക് തലത്തിലുമായി നിലമ്പൂർ പഞ്ചായത്തിനു ലഭിച്ച ആകെ വീടുകളുടെ എണ്ണം നമ്മുടെ നിലവിലുള്ള ഭവന നിർമ്മാണ ആവശ്യവുമായി തട്ടിച്ചുനോ ക്കുമ്പോൾ വളരെ കുറവാണെന്ന് കാണുവാൻകഴിയും.

1. 1992 ൽ ജെ.ആർ.വൈ പദ്ധതിയ നുസരിച്ച് 5 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

2. 1993 ൽ ജെ.ആൻ.വൈ പദ്ധതിപ്രകാരം ലഭിച്ച 7 വീടുകളുടെ പണി നടന്നുകൊ ണ്ടിരിക്കുന്നു.

3. 1994 ൽ വീടുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

4. 1995 ൽ ആകെ അനുവദിച്ചത് 4 വീടുകളാണ്. അവയുടെ പണി പൂർത്തിയാക്കിയിട്ടില്ല.

## അൺ ടൈഡ് പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ

1. 1993ൽ 6 വീടുകൾ അനുവദിച്ചു. 2 വീടുകൾ പണി പൂർത്തിയായി. 4 വീടുകളുടെ പണി നടക്കുന്നു.

2. 1994ൽ 5 വീടുകൾ അനുവദിച്ചു. 2 വീടുകൾ പണി പൂർത്തിയായി

3. 1994 ൽ 6 വീടുകൾ അനുവദിച്ചതിൽ 4 വീടുകളുടെ പണി നടക്കുന്നു.

## ബ്ളോക്ക് മുഖേന അനുവദിച്ച വീടുകൾ

1992 ൽ അനുവദിച്ച 33 വീടുകളിൽ 24 എണ്ണം പൂർത്തിയായി 9 എണ്ണത്തിൻെറ പണി നടന്നുകൊണ്ടിരിക്കുന്നു.

ഇതിനുപുറമെ രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി പ്രകാരം 68 വീടുകൾ പഞ്ചായത്തിൽനിർമ്മിച്ചിട്ടുണ്ട്..

നിലമ്പൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റൂറൽ കോ- ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയും നിലമ്പൂർ അർബ്ബൻ സഹകരണ ബാങ്കും, കാനറാ ബാങ്ക് , എൽ.ഐ.സി തുടങ്ങിയ വായ്പാ വിതരണ ഏജൻസികൾ മുഖാന്തിരം ഭവന നിർമ്മാണ വായ്പകൾ ഈ പഞ്ചായത്തിലെ നിവാസികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു. ഇപ്രകാരം ഏറ്റവും കൂടുതൽ സേവനം നൽകികൊണ്ടിരിക്കുന്നത് റൂറൽ കോ-ഓപ്പറേറ്റിംഗ് ഹൗസിംങ്ങ് സൊസൈറ്റിയാണ്. 1992 മുതൽ 1996 വരെയുള്ള കാലയളവിൽ ഏകദേശം 152 ഇടത്തരം വീടുകൾക്ക് സൊസൈറ്റി വായ്പ അനുവദിച്ചു കഴിഞ്ഞു.

ഇപ്രകാരം പരിശോധിക്കുമ്പോൾ ഈ പഞ്ചായത്തിലെ പാർപ്പിട നിർമ്മാണ രംഗത്തെ ആവശ്യങ്ങൾ നിറവേറ്റുവാൻ പര്യാപ്തമായ പദ്ധതികളോ വായ്പാ രീതികളൊ നമുക്കില്ലെന്ന വസ്തുതയിലാണെത്തിച്ചേരുക. സർക്കാരിൻെറ പദ്ധതികളനുസരിച്ച് ലഭിക്കുന്ന വീടുകളാകട്ടെ പണി പൂർത്തിയാക്കുവാൻ വർഷങ്ങളെടുക്കുമെന്നുമാത്രമല്ല നിർമ്മാണത്തിൽ ഒട്ടേറെ പാളിച്ചകൾ നിലനിൽക്കുകയും ചെയ്യുന്നു. മറ്റ് ഏജൻസികൾ അനുവദിക്കുന്ന വായ്പകൾ ലഭ്യമാകുവാൻ സങ്കേതികകളുടെ ഒട്ടേറെ കടമ്പകൾ കടക്കേണ്ടതുള്ളതും വായ്പകൾക്കീടാക്കുന്ന പലിശയുടെ ശതമാനത്തിൻെറ ക്രമം തെറ്റിയ വർദ്ധനവും സാധാരണകകാരെ ഏറെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

## പാർപ്പിട നിർമ്മാണ വ;ായ്പാ പലിശ നിരക്ക് പട്ടിക

| സ്ഥാപനത്തിൻെറ പേര് | 25000 രൂപ വരെ പലിശ നിരക്ക് | 25000 രൂപക്കു മുകളിൽ പലിശ |
|---|---|---|
| 1. ദേശസാൽകൃത ബാങ്കുകൾ | 12.5 ശതമാനം | 14 % |
| 2. കോ-ഓപ്പറേറ്റീവ് ബാങ്ക് | 18 ശതമാനം | 19.5 % |
| 3. റൂറൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി | 15.7 ശതമാനം | 15.7 % |

ഇപ്രകാരം ആകെ ജനസംഖ്യയിൽ 2349 ആളുകൾ ദാരിദ്ര്യ രേഖയ്ക്കു താഴെ നിലകൊള്ളുന്ന നിലമ്പൂർ പഞ്ചായത്തിലെ പാർപ്പിട നിർമ്മാണ മേഖല അഭിമുഖീകരിക്കുന്ന സങ്കീർണ്ണായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സർക്കാരിൻെറ പദ്ധതികൾക്കായുള്ള നീണ്ട കാത്തിരിപ്പ് അവസാനിപ്പിച്ച് വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള സമഗ്രവും പ്രായോഗികവുമായ പദ്ധതികൾ ആവിഷ്കരിച്ച് പൊതുജനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സഹായത്തോടുകൂടിയും ഉദാരമായ നടപടി ക്രമങ്ങളിലൂടെയും പലിശനിരക്കിലൂടെയും വായ്പ ലഭ്യത ഉറപ്പുവരുത്തുവാൻ കഴിയുന്ന സഹകരണ സംരംഭങ്ങളുടെ പിന്തുണയോടുകൂടിയും പാർപ്പിട നിർമ്മാണ മേഖലയെ കൂടുതൽ സൃഷ്ടിപരമാക്കാനുള്ള നടപടികളാണ് നമുക്കീയവസരത്തിൽ ആവശ്യം.

പാർപ്പിട നിർമ്മാണ രംഗത്തെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

## പാർപ്പിട നിർമ്മാണ രംഗത്തെ ദുർവ്യയം:

എ) .ലക്ഷങ്ങൾ ദുർവ്യയം ചെയ്തഖ് നിർമ്മിക്കുന്ന കൊട്ടാര സദൃശ്യമായ കെട്ടിടങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

ബി) താമസസൗകര്യത്തിനപ്പുറത്തേക്കു പോകുന്ന നിർമ്മാണ താൽപര്യങ്ങളെ ബോധവൽക്കരണത്തിലൂടെ കടിഞ്ഞാണിടുവാനും ഇത്തരം ദുർവ്യയം സാമ്പത്തിക രംഗത്ത് ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ഉപകരിക്കുന്ന സെമിനാറുകളും ബോധവൽക്കരണ പരിപാടികളും വാർഡ് തലങ്ങളിൽ സംഘടിപ്പിക്കുക.

സി.) പാർപ്പിട നിർമ്മാണ ചിലവിന് പരിധി നിർണ്ണയിക്കുക.

## ചിലവു കുറഞ്ഞ പാർപ്പിട നിർമ്മാണം:

1. ചിലവു കുറഞ്ഞ പാർപ്പിട നിർമ്മാണത്തിൻെറ സാങ്കേതിക വശങ്ങളെ പറ്റിയും ഗുണങ്ങളെ പറ്റിയും പൊതു ജനങ്ങളെ ബോധവൽക്കരിക്കുവാൻ ഈ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടുകൂടിയ ശിൽപശാലകൾ സംഘടിപ്പിക്കുക.

2. ചിലവ് കുറഞ്ഞ വീടുകൾക്കുള്ള നിർമ്മാണ സാമഗ്രികൾ കമ്പോളത്തിൽ ല.ഭ്യമാക്കുവാനും വില നിയന്ത്രിച്ചുനിർത്തുവാനും പഞ്ചായത്താസ്ഥാനമാക്കി ഭവന നിർമ്മാണ സഹകരണ സംഘങ്ങളും കൺസ്യൂമർ സെൻററുകളും ആരംഭിക്കാവുന്നതാണ്.

3. ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണ സാമങ്കതിക വിദ്യ തൊഴിലാളികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന വിധത്തിലുള്ള പരിശീലനക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.

## വായ്പാ പദ്ധതികൾ:

1. ഭവന നിർമ്മാണത്തിനാവശ്യമായ വായ്പകൾ നൽകുന്ന ഏജൻസികളെപറ്റിയും സർക്കാർ തലത്തിലുള്ള പദ്ധതികളെപറ്റിയും സാധാരണക്കാരെ ബോധ്യപ്പെടുത്തുക.

2. സർക്കാരും വായ്പാ ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികളിലെ സാമ്പത്തിക സാംങ്കതിക സങ്കീർണ്ണതകൾ ഇല്ലാതാക്കുക.

3. വ്യത്യസ്ത ഏജൻസികളെ കൊണ്ട് കൂടുതൽ ക്രിയാത്മകവും ഉദാരമായ പലിശ നിരക്കിലുമുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതികളുടെ രൂപീകരണത്തിന് പ്രേരിപ്പിക്കുക.

4. സർക്കാർ പദ്ധതികളിൽ അനുവദിക്കുന്ന തുകയിൽ 30% വർദ്ധനവ് അനുവദിക്കുക.

5) പലിശരഹിത വായ്പകൾ അനുവദിക്കുക

## തൊഴിലാളികളുടെ ലഭ്യത-വേതനം:

1. നിർമ്മാണ മേഖലയിൽ വിദഗ്ദ്ധ തൊഴിലാളികളെ സൃഷ്ടിക്കുന്നതിനായി പരിശീലന കേന്ദ്രങ്ങൾ തുറക്കുക. ഈ തൊഴിലിൻെറ മാന്യതയിൽ വിശ്വാസമർപ്പിക്കുവാൻ അവരെ പ്രേരിപ്പിക്കുക. ഇത്തരം ട്രൈയിനികൾക്ക് പരിശീലനകാലത്ത് ചുരുങ്ങിയ സാമ്പത്തിക സഹായം നൽകാനുള്ള സ്കീമുകൾക്ക് രൂപം കൊടുക്കാം. ഇത്തരംകേന്ദ്രങ്ങളിൽ ചിലവു കുറഞ്ഞ വീടുകൾ നിലർമ്മിക്കുന്നതിനാവശ്യമായ ഗ്രാനൈറ്റ്ചിപ്സ് കൊണ്ടുള്ള ഹോളോ ബ്രിക്സ് പോലുള്ള ചിലവുകുറഞ്ഞ നിർമ്മാണ സാമഗ്രികൾ നിർമ്മാണകേന്ദ്രമായും പ്രവർത്തിപ്പിക്കാം.

2. ഒരേ തൊഴിലിന് ഒരേ കൂലി എന്ന പ്രമാണത്തിൻെറ അടിസ്ഥാനത്തിൽ നിർമ്മാണ തൊഴിലാളികളുടെ വേതന നിരക്ക് ഏകീകരിക്കുക.

## ഭവനരഹിതർക്കായി പ്രത്യേക പദ്ധതി.:

1. നമ്മുടെ പഞ്ചായത്തിലെ ഭവന രഹിതരിൽ ഭൂരിഭാഗപക്ഷത്തിനും വരുന്ന 5 വർഷ കാലയളവിനുള്ളിൽ സ്വന്തമായൊരു വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാനുതകുന്ന വിധത്തിലുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകാ2. ഇവരിൽ ഭൂരഹിതർക്ക് പഞ്ചായത്തിൻെറ അധീനതയിലുള്ളതും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലുള്ളതുമായ സർക്കാർ പുറമ്പോക്ക് ഭൂമിയായി കിടക്കുന്ന ഭൂമികളും തിട്ടപ്പെടുത്തി അതാത് പ്രദേശത്തിൻെറ സാധ്യതകൾക്കനുസരിച്ച് ചിലവു കുറഞ്ഞതും ഒരേ മാതൃകയിലുള്ളതുമായ ഹൗസിംഗ് കോളനികൾ നിർമ്മിക്കാവുന്നതാണ്. ഇതിലേക്ക് തെരെഞ്ഞെടുത്ത ആളുകൾക്ക് 5 സെൻെറ് വീതം ഭൂമി പതിച്ചു കൊടുത്ത് ഭവന നിർമ്മൊണ വായ്പ ലഭ്യമാക്കാവുന്നതാണ്.

3. ഇത്തരം കോളനികളുടെ നിർമ്മാണം പൂർണ്ണമായും പഞ്ചായത്ത് നേരിട്ട് നിർവ്വഹിക്കേണ്ടതും വിദഗ്ദ്ധരുടെ മേൽനോട്ടത്തിലും സഹായത്തോടുകൂടിയും ചേയ്യേണ്ടതാണ്. നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസികളുടെ സഹായം ഇക്കാര്യത്തിൽ ലഭ്യമാക്കാവുന്നതാണ്.

## നിലവിലുള്ള കോളനികളുടെ നവീകരണം:

1. നിലമ്പൂർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്ന 16 പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളും 3ാം വാർഡിലുള്ള ലക്ഷം വീടു കോളനിയിലുമുള്ള വീടുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കും പരിസരശുചീകരണ പ്രവർത്തനങ്ങൾക്കും ആയി ഒരു സമയ ബന്ധിത പരിപാടിക്ക് രൂപം നൽകാവുന്നതാണ്.. ഇതിന് പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടേയും പൊതുജനങ്ങളുടേയും സാമ്പത്തിക കായിക സഹായങ്ങളും പങ്കാളിത്തവും ഉറപ്പുവരുത്താവുന്നതാണ് എൽ..ഐ..സി തുടങ്ങിയ പൊതു സ്ഥാപനങ്ങളുടെ സഹായവും ഇക്കാര്യത്തിൽ തേടാവുന്നതാണ്. 5 സെൻെറിൽ താഴെ സ്ഥലമുള്ള പാവപ്പെട്ടവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാകരുത്.

എല്ലാ പേർക്കും മിനിമം സൗകര്യങ്ങളോടു കൂടിയ പാർപ്പിടം എന്നതാണ് നനമ്മുടെ ലക്ഷ്യം. ചെറുതാണ് സുന്ദരം (Small is Beatiful) എന്ന പഴമൊഴി പാർപ്പിട നിർമ്മാണ കാര്യത്തിൽ നമ്മുടെ മുദ്രാവാക്യമാക്കണം ചെറുതും ചിലവുകുറ ഞ്ഞതും സുന്ദരവുമായ പാർപ്പിടങ്ങളിലൂടെ ഈ മേഖലയിൽ സാമൂഹ്യ സമത്വമുണ്ടാക്കുവാൻ ശ്രമിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും നമുക്ക് പങ്കാളികളാകാം.

# സാമൂഹ്യക്ഷേമം

നിലമ്പൂരിൻെറ സാമൂഹ്യ ജീവിത രംഗം സമ്മിശ്ര സ്വഭാവ വൈജാത്യമുള്ള വ്യത്യസ്ത ജനവി ഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ്. സാമൂഹ്യ ജീവിത ത്തിൽ അടിസ്ഥാന പ്രശ്നങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയുടെ സൗകര്യങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിലും കുടിവെള്ളം, ആരോഗ്യം,വിദ്യാഭ്യാസം തുടങ്ങിയ രംഗത്ത് ഒട്ടേറെ ക്ഷേമ പരിപാടികളും പഞ്ചായത്തിൽ കാലാകാല ങ്ങളായി വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്നുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാർ ക്ഷേമ പദ്ധതികൾ , തൊഴിലുടമ-തൊഴിലാളി ക്ഷേമ പദ്ധതികൾ, വ്യാപാര വ്യവസായ രംഗത്തുള്ളവരുടെ സാമൂഹ്യ പ്രതിബദ്ധാത്മകമായ സേവനങ്ങൾ സർക്കാരിതര സംഘടനളായ സി..എ..ആർ..ഡി.( ക്രിസ്റ്റ്യൻ ഏജൻസി ഫോർ റൂറൽ ഡെവലപ്മെ ൻറ്), വൈ.എം.സി.എ , സ്ത്രീകളുടെ ഉന്നമനത്തി നായി പ്രവർത്തിക്കുന്ന സി.ബി.എൻ.പി. മുതലായവയുടെ ക്ഷേമപരമായ പ്രവർത്തന ങ്ങൾ എന്നിവ പഞ്ചായത്തിൽ വീത്യസ്ത തലങ്ങളിലായി നടക്കുന്നുണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സംഘടിതവും അസംഘടിത വുമായ വ്യത്യസ്ത തലങ്ങളിലെ ഈ പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ പ്രത്യക്ഷവും പരോക്ഷവും ആയ ഒട്ടേറെ ക്ഷേമാശ്വാസങ്ങൾ നൽകിയതായി കാണുന്നു.

വികസന ബ്ളോക്കും സാമൂഹ്യ ക്ഷേമ വകുപ്പും മുഖേനയുാണ് പ്രധാനമായും ഇപ്പോൾ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത്. നിലമ്പൂർ പഞ്ചായത്തിൽ 2 വില്ലേജ് എക്സ്റ്റൻഷൻ സർക്കിളു കളും ഐ.സി..ഡി..എസ് . ഓഫീസും മുഖേനയും ആണ്, പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തു ന്നതും ക്ഷേമാശ്വാസനടപടികൾ സ്വീകരിക്കു ന്നതും .ഈ ക്ഷേമ പദ്ധതികൾക്കു പുറമേ പട്ടിക ജാതി-വർഗ്ഗ വികസന കോർപ്പറേഷൻ , വനിതാ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ വഴി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ വേണ്ടത്ര നിലമ്പൂർ പഞ്ചായത്തിൽ ഇല്ല.

ഒട്ടനവധി ദരിദ്ര്യ ജന വിഭാഗങ്ങൾ തിങ്ങി പ്പാർക്കുന്ന ഒരു പ്രദേശമാണ് നിലമ്പൂർ. വനമേഖ ലയോട് ഒട്ടി നിൽക്കുന്ന ഇവിടെ സ്വന്തമായി പാർപ്പിട സൗകര്യം പോലുമില്ലാത്ത നിരവധി കുടുംബങ്ങൾ ഉണ്ട്. ധനികരും അധികാരികളും ഒരു ഭാഗത്തും ദരിദ്രരും ചൂഷിതരും മറുഭാഗത്തും ഉള്ള സാമൂഹ്യ വിഭജനം ഇന്നും തടുരുകയാണ്. പട്ടിണിയും തൊ;ാഴിലില്ലായ്മയും ഒരു പരിധിവരെ ആനുപാതികമായി നിയന്ത്രിതമാണെങ്കിലും പൂർണ്ണമായ മോചനം ഇപ്പോഴുമായിട്ടില്ല. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ചൂഷണ നിവാരണത്തിനും ജീവിതം സംതൃപ്തമാക്കുന്നതിനുമുള്ള സാദ്ധ്യത നമ്മുടെ മുമ്പിലുണ്ട്.. അതിനായി കഠിനാദ്ധ്വാനം ചെയ്യണം, ബുദ്ധിമുട്ടണം.

. വൃത്തിഹീനമായ കൂരകളിൽ താമസിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം വേണ്ടത്ര ഭക്ഷണം ലഭിക്കാതെ അവരിൽ പലരുംകഷ്ടതയനുഭ വിക്കുന്നു. പകലന്തിയോളം കൂലിപ്പണി ചെയ്ത് വൈകീട്ട് കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നു. മൺ പാത്രങ്ങൾ നിർമ്മിക്കുന്ന കുംഭാര സമുദായത്തിൽ പെട്ടവരാണ് ഭൂരിഭാഗവും ദാരിദ്ര്യമനുഭവിക്കുന്നവർ. ഈ പരമ്പരാഗത വ്യവസായം ഒരു വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പുതിയ ലോഹ പാത്രങ്ങളുടെ കടന്നുകയറ്റം ഈ വിഭാഗങ്ങളെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു കൊണ്ടിരിക്കുന്നു.

ശിൽപചാരുതയാർന്ന പ്രതിമകൾ, ഗൃഹാലങ്കാര വസ്തുക്കൾ തുടങ്ങിയവയിലേക്ക് ഈ കരവിരുതിനെ മാറ്റികൊണ്ടുവരുമ്പോൾ അതിനൊരു പദ്ധതിയുണ്ടാക്കി സഹായ - ക്ഷേമ - വിപണന സാദ്ധ്യതകൾ കണ്ടെത്തണമെന്ന് ഗ്രാമസഭകൾ ചൂണ്ടിക്കാട്ടുന്നു.

നിലമ്പൂർ പഞ്ചായത്തിൽ ബാങ്കിംങ് മേഖലയിൽ ദേശസാൽകൃതബാങ്കുകൾ , സഹകരണ ബാങ്കകുകൾ സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് എന്നിവ മുഖേന വ്യത്യസ്തപദ്ധതികൾനടപ്പിലാക്കു ന്നുണ്ട് സാാങ്കതികമായി ഐ.ആർ.ഡി.പി., പി.എം,ആർ.വൈ, തുടങ്ങിയ പദ്ധതികൾക്ക് ബാങ്കുകൾ തടസ്സവാദങ്ങൾ നിരത്തി ഗുണഭോക്താ ക്കൾക്ക് മാർഗ്ഗ തടസ്സമായി നിൽ ക്കുന്നുവെന്നും ചൂണ്ടിക്കാണിക്കുന്നു.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കേരള വ്യാപാരി വ്യവസായി വികസന സൊസൈറ്റി, നിലമ്പൂർ ഗ്രാമീണ കാർഷിക വ്യാപാര വികസന സൊസൈറ്റി തുടങ്ങിയവ നിലമ്പൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്ഐ.ആർ.ഡിസർവ്വേകളുടെ ഗുണഭോ

ക്താക്കൾ എന്ന നിലയിൽ ഇന്ന് ആശ്വാസവും സഹായവും ലഭിക്കുന്നവരുടെ സ്ഥിതിനിലവാരം കാണിക്കുന്നത് മൂല്യത്തകർച്ച വന്ന രൂപയുടെ ഇന്നത്തെ അനുപാതത്തിലുള്ള ഐ.ആർ.ഡി.പി. പുനവിതരണ ക്രമീകരണാടിത്തറയാണ്.

സംയോജിത ഗ്രാമവികസന പദ്ധതിയുടെ ഗുണഭോക്താക്കളുടെ ഗുണമേൻമയുടെ ദാരിദ്ര്യ രേഖാ ചിത്രം ഇത് സൂചിപ്പിക്കുന്നുണ്ട്.

നിലമ്പൂർ പഞ്ചായത്ത് - വാർഡുതല ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെ യുള്ളവരുടെ വിവരം - 93-94

| വാർഡ നമ്പർ | സർവ്വേയിൽ കണ്ടെത്തിയ ആകെ കുടുംഹങ്ങളുടെ എണ്ണം | ഇതിൽ എസി. എസ്ടി കുടുംബങ്ങൾ | ഇതിൽ സാമ്പത്തിക സഹായംലഭിച്ച കുടുംബങ്ങൾ | ഇതിൽ എസി. എസ്ടി | സഹായം വഴി ദാരിദ്ര രേഖക്കു മുകളിലാവർ | ദാരിദ്രരേഖക്ക്താഴെയുള്ള കുടുംബസഹായംലഭിച്ചവർഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 | 39 | 1 | 17 | 1 | 11 | |
| 2 | 137 | 4 | 30 | 4 | 19 | 137 |
| 3 | 173 | - | 6 | - | 4 | 173 |
| 4 | 341 | 12 | 39 | 12 | 20 | 341 |
| 5 | 344 | 1 | 6 | - | 4 | 344 |
| 6 | 318 | 26 | 10 | 3 | 6 | 318 |
| 7 | 183 | 15 | 7 | 3 | 5 | 183 |
| 8 | 239 | 11 | 12 | 3 | 8 | 239 |
| 9. | 98 | 9 | 26 | 10 | 18 | 98 |
| 10 | 113 | 3 | 22 | 5 | 13 | 113 |
| 11 | 166 | 2 | 16 | 1 | 9 | 166 |
| 12 | 177 | 2 | 27 | 4 | 20 | 177 |
| 13 | 21 | - | - | - | 21 | 21 |

സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി) പട്ടിക

| വർഷം | ഗുണഭേക്ത കുടുംബത്തിന്റെ എണ്ണം | എസ്.സി.-എസ്.ടി | തുക | സബ്സിഡി | അടങ്കൽ തുക |
|---|---|---|---|---|---|
| 9-93 | 72 | 5 | 374165 | 00617 | 574780 |
| 93-94 | 39 | 6 | 264090 | 134544 | 398634 |
| 94-95 | 38 | 10 | 326391 | 130949 | 4555734 |
| 95-96 | 27 | 5 | 405086 | 129460 | 534450 |
| ആകെ | 176 | 26 | 136932 | 595570 | 1961598 |

ഐ.ആർ.ഡി.പി. സഹായം വഴി നിലമ്പൂർ പഞ്ചായത്തിൽ നടപ്പിലാക്കിയ ക്ഷേമ പദ്ധതിയുടെ 8ാം പദ്ധതിക്കാലത്തെ വകയിരുത്തൽ തുക ആകെ 1963598 രൂപയാണ്

സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് ജനകീയ പങ്കാളിത്തമുള്ള സമിതികൾ ഉണ്ടായിരിക്കണം ഐ.ആർ.ഡിപി. സഹായ ലഭ്യതാ കണക്കുകൾ സൂചിപ്പിക്കുന്നത് നാം ഇത്തരം ക്ഷേമ പദ്ധതികളുടെ രംഗത്ത് ബഹുദൂരം മുന്നേറേണ്ടതുണ്ട്. എന്നതാണ്. ആയതിന് പ്രത്യേക പദ്ധതികൾ തന്നെ ആവിഷ്കരിക്കേണ്ടതുണ്ട്.

ഡി.ഡബ്ളിയു..സി..ആർ..എ. പ്രവർത്തനത്തെപറ്റി:

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടിയുള്ള തൊഴിൽ സംരംഭമാണ് ഡി.ഡബ്ളിയു.സി.ആർ..എ. പത്തോ അതിലധികമൊ ഉള്ള സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന ഇത്തരം സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇന്നും ബലാരിഷ്ടതയിലാണ്.

ചന്തക്കുന്നിൽ 5ാം വാർഡ് പ്രദേശത്ത് ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റും 6ാം വാർഡി ൽ ഒരു നേഴ്സറിയും , 8ാം വാർഡിൽ ഒരു പ്ളാസ്റ്റിക് ബാഗ് സോഫാസെറ്റ് ഹൗസ് ഫർണിച്ചർ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. വീട്ടിക്കുത്തു റോഡിലെ അന്നപൂർണ്ണാ വനിതാ റസ്റ്റോറൻെറ് വളരെ നല്ലനിലയിൽ പ്രവർത്തിച്ചുവന്നെങ്കിലും പിന്നീട് പൂട്ടേണ്ട സ്ഥിതിയാണുണ്ടായത്

1991-92 ൽ 12ാം വാർഡിൽ ഒരു ആട്വളർത്തൽ കേന്ദ്രം 12 അംഗങ്ങൾക്കിടയിൽ ആരംഭിച്ചതായി ബ്ളോക്ക് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

സ്ത്രീകളുടെ കർമ്മശേഷി നേരാംവണ്ണം ഉപയോഗിക്കുന്നതിനുള്ള സംവിധാനവും അതിശക്തമായി ബോധവൽക്കരണപ്രവർത്തനവും ഈ രംഗത്ത് ഇനിയും തുടരേണ്ടതുണ്ട്.

## ട്രൈസം-തൊഴിൽ പരിശീലനം:

തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി. നാം നടപ്പിലാക്കിയത് ഫലപ്രദമായില്ല എന്ന് വിശകലന റിപ്പോർട്ടുകൾ കാണിക്കുന്നു.

നിലമ്പുരിനെപ്പോലെയുള്ള ഒരു പ്രദേശത്തിൻെറ സാദ്ധ്യതകൾ കണക്കിലെടുത്തുകൊണ്ടുള്ള തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കിയില്ല എന്നുള്ളത് അപാകതയായി കാണുന്നു.. പരിശീലനം സിദ്ധിച്ചവർക്ക് തൊഴിൽ

| | | | | | |
|---|---|---|---|---|---|
| 1 | - | - | - | - | - |
| 2 | - | - | - | - | - |
| 3 | തയ്യൽ | 1 | 1 | - | - |
| 4 | ആശാരി കെയിൻ വർകസ് ഇലക്ട്രോണിക്സ് | 6 | 5 | - | 1 |
| 5 | - | - | - | - | - |
| 6 | കെയിൻ ഇലക്ട്രോണിക്സ് | 5 | 3 | 1 | 1 |
| 7 | ഇലക്ട്രോണിക്സ് | 1 | 1 | - | - |
| 8 | ടി.വി കെയിൻ വർക്സ് | 2 | 2 | - | - |
| 9. | - | - | - | - | - |
| 10. | ടെയിലറിങ്ങ് ഇലക്ട്രോണിക്സ് | 3 | 2 | 1 | - |
| 11. | റേഡിയോ, ടി.വി ഇലക്ട്രോണിക്സ് | 4 | 2 | - | 2 |
| 12. | ഇലക്റ്റോണിക്സ് | 1 | 1 | - | - |
| 13 | - | - | - | - | - |

പട്ടിക 3

മേഖലയിൽ പിടിച്ചുനിൽക്കാൻ കഴിയാതെ മറ്റു മേഖലകൾ തേടിപ്പോകുന്ന സ്ഥിതിവിശേഷം ഈ രംഗത്തുണ്ട് എന്നതാണ് വസ്തുത.

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പട്ടിക കാണുക

## സി.ആർ.എസ്.പി കക്കൂസുകൾ

ദരിദ്രവിഭാഗങ്ങൾക്ക് ആരോഗ്യപരമായ സാഹചര്യത്തിൽ ജിവിക്കുന്നതിന് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന കക്കൂസുകൾ വളരെ കുറച്ചുമാത്രമെ ഉപയോഗപ്പെട്ടിട്ടുള്ളു. 1992 ന് ശേഷം 119 വീടുകൾക്ക് മാത്രമെ ഇത് അനുവദിച്ചിട്ടുള്ളു. ആയതിൽ 86 എണ്ണം മാത്രമാണ് യഥാർത്ഥത്തിൽ പൂർത്തീകരിക്കപ്പെട്ടത്. സി.ആർ.എസ്.പി പദ്ധതി പ്രകാരം കക്കൂസുകൾ അനുവദിക്കപ്പെടേണ്ടതായി പഞ്ചായത്തിൽ നിരവധികുടുംബങ്ങൾ ഉണ്ട്. ഈ പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ ലക്ഷ്യ പ്രാപ്തിക്കായി തെരെഞ്ഞെടുക്കേണ്ടതാണ്.

## ദശലക്ഷം കിണർ പദ്ധതി (എം.ഡബ്ളിയു.എസ്)

ഈ പദ്ധതി പ്രകാരം 8ാം പഞ്ചവൽസര പദ്ധതികാലത്ത് ഈ പഞ്ചായത്തിൽ 20 കിണറുകൾ അനുദിച്ചതിൽ 13 എണ്ണം പൂർത്തീകരിക്കപ്പെട്ടു. ഏഴു കിണറുകൾ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ശുദ്ധജല വിതരണരംഗത്ത് വരൾച്ചക്കാലത്ത് ദുരിതപൂർണ്ണമായ അവസ്ഥയാണു് ഇന്നും ഉയർന്ന പ്രദേശങ്ങളിലുള്ളത്. ആയതിനുവേണ്ടി വൃന്ദാവൻ കോളനി, ചന്തക്കുന്ന് വീരാൻകോളനി, അരുവാക്കോട്, കല്ലേം പാടം, ചേലശ്ശേരികുന്ന്, പാടികുന്ന്, നെടുമുണ്ടകുന്ന് ചെറുവത്തുകുന്ന്, കോവിലകത്തുമുറി ഏനാന്തി കുട്ടികുന്ന്, മുമ്മുള്ളി, വല്ലപ്പുഴ, പയ്യമ്പള്ളി, രാമൻകുത്ത്, മുതുകാട്, മണലൊടി പട്ടരാക്ക, മജ്മഅ് ഹൈസ്ക്കൂൾ കുന്ന് ഭാഗങ്ങളിൽ കൂടുതൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തേണ്ടതുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജല സംവിധാനം രണ്ട് മേഖലകളിലായി തിരിക്കുകയും 12ാം വാർഡിൽ കുതിരപ്പുഴക്ക് സമീപം ടാങ്കും പമ്പ് ഹൗസും നിർമ്മിച്ച് കൂടുതൽ ഫലപ്രദമായി പൊതു ടാപ്പുകൾ നൽകുകയും ശാസ്ത്രീയമായി കിണർ കുഴിച്ച് ആധുനിക യന്ത്രങ്ങളടെ സഹായത്തോടെ ശുദധജലം വിതരണം ഏർപ്പെടുത്തണമെന്നുള്ളതാണ് ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ളത്. സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ,വരൾച്ചാദുരിതാശ്വാസപദ്ധതികൾ എന്നിവ തികച്ചും നാമമാത്രമായിരുന്നവെന്ന് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു പട്ടിക കാണുക

(പട്ടിക 4എ )

## ജവഹർ റോസ്ഗാർ യോജന

| വർഷം | പ്രവർത്തിയുടെ പേര് | പദ്ധതിഅടങ്കൽതുക |
|---|---|---|
| 92-93 | ചക്കച്ചീനിറോഡ്പാർശ്വഭിത്തി നിർമ്മാണം | 2ലക്ഷം |
| | പാത്തിപ്പാറ കനാൽ നിർമ്മാണം | 2.5 ലക്ഷം |
| 93-94 | പാത്തിപാറ റോഡിന് ഡ്രൈനേജ് നിർമ്മാണം | 50,000 |
| | കിണർ നിർമ്മാണം (തെക്കുംപാടം | 35000 |
| | പയ്യംപള്ളി കോളനി (1വീട് നിർമ്മാണം) | 11200 |
| | പാലേങ്കര കോളനി 1 വീട് നിർമ്മാണം | 11,2200 |

താഴ്ന്ന പ്രദേശങ്ങളിൽ വർഷക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്ക കെടുതികളും അതിശക്തമായ മലവെള്ളപാച്ചിലും നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാക്കാറുണ്ട്. ഇതിൻെറ ഫലമായി ഉണ്ടാകാറുള്ള ദുരിതാശ്വാസ പദ്ധതി പലപ്പോഴും ലക്ഷ്യ പ്രാപ്തി യിലേക്ക് എത്തിപ്പെടാറില്ലെന്നതാണ് വസ്തുത

പട്ടിക

വരൾച്ചാദുരിതാശ്വാസ ഫണ്ട്

| വർഷം | പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ തുക |
|---|---|---|
| 92-93 | നിലമ്പൂർ വില്ല് ഓഫീസ് റിപ്പയർ | 2500 |
| | മുമ്മുള്ളി കിണർ റിപ്പയർ | 3000 |
| 93-94 | - | - |
| 94-95 | പഴയ ചന്തക്കുന്നിൽ കിണർ റിപ്പയർ | 3000 |
| | ആസാദ് റോഡ് റിപ്പയർ | 3000 |
| | മുമ്മുള്ള ഹരിജൻ കോളനി റോഡ് റിപ്പയർ | 6000 |

പട്ടിക 4സി

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

| വർഷം | പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ തുക |
|---|---|---|
| 92-93 | വീട്ടിക്കുത്ത് റയിൽവേ സ്റ്റേഷൻ റോഡ് റിപ്പയർ | 1.5ലക്ഷം |
| 93-94 | വീട്ടിക്കുത്ത് അണലൊടി റോഡ് മെറ്റിലിങ്ങ് ടാറ് 2ാം ഘട്ടം | 1.5 ലക്ഷം |
| | കൊളക്കണ്ടം പള്ളിപ്പടി റോഡ് റിപ്പയറും അരുവാക്കോട് കൊളക്കണ്ടം റോഡ് റിപ്പയറും | 1.5 ലക്ഷം |
| 94-95 | വീട്ടിക്കുത്ത് പി.വീസ്. സ്ക്കൂൾ പിവീസ് റോഡ് രണ്ടാം ഘട്ടം | 2.5 ലക്ഷം |
| | അരവാക്കോട് | 1.90 ലക്ഷം |
| | കൊളക്കണ്ടം റോഡ് | 2.5 ലക്ഷം |
| | ജനതിപ്പടി പാടിക്കുന്ന് റോഡ് നിർമ്മാണം | 60000 |
| | ചെട്ടിങ്ങാടി തൂക്കെക്കുത്ത് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 1.90 ലക്ഷം |
| 95-96 | ചാരംകുളം ബംഗ്ളാവ് റോഡ് | 1 ലക്ഷം |
| | ജനതപ്പടി പാടിക്കുന്ന് റോഡ് | 1 ലക്ഷം |
| | 2ാം ഘട്ടം | |
| | നിലമ്പൂർ ആർ.എസ് പയ്യമ്പള്ളി റോഡ് | 1 ലക്ഷം |
| | വല്ലപ്പുഴ മുമ്മുള്ളി റോഡ് | 4 ലക്ഷം |
| | വല്ലപ്പുഴ ഗരിജൻ കോളനി | 1.50 ലക്ഷം |
| | എൻ.സി.സി. മാർഗ്ഗ് റോഡ് | 4 ലക്ഷം |

## വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതി

സാമൂഹ്യ ക്ഷേമരംഗത്ത് വില്ലേജ് ഓഫീസുകളിലൂടെ അപേക്ഷകൾ സ്വീകരിച്ച് നൽകുന്ന വിവിധ പെൻഷൻപദ്ധതികളും നിർദ്ധനരായ വിധവകളുടെ പെൺമക്കളെ കല്യാണം ചെയ്തുകൊടുക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

അർഹരായ ഒട്ടനവധി ആളുകൾക്ക് ഈ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അനർഹരായവർ ഇതിൻെറ ഗുണഫലം അനുഭവിക്കുന്നുണ്ട്. ഇപ്പോൾ ഉദ്യോഗസ്ഥതലത്തിൽ കൈകാര്യം ചെയ്യുന്ന ഈ വക കാര്യങ്ങൾ ഗ്രാമപഞ്ചതയതത്തുകൾക്ക് കൈമാറുമ്പോൾ തന്നെ ഒട്ടനവധി ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് വിശ്വസിക്കാം.

ഏപ്രിൽ, മെയ് മാസങ്ങളാണ് അഗതി-വാർദ്ധക്യ-വിധവാ പെൻഷനുകൾക്ക് അപേക്ഷിക്കുകവാൻ സർക്കാർ നിശ്ചയിച്ച സമയം. ഈ അവസ്ഥ മാറ്റി ഇതിൻെറ ഗുണഭോക്താവിന് എപ്പോഴും അപേക്ഷിക്കാനുള്ള അവസരം ഉണ്ടാക്കുകയും പരിശോധനയും തെളിവെടുപ്പുമെല്ലാം ഗ്രാമപഞ്ചായത്തുകൾ മുഖാന്തരമാകുമ്പോൾ തന്നെ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ഗ്രാമപഞ്ചായത്തു തലത്തിലേക്ക് പെൻഷൻ സംവിധാനം മാറ്റപ്പെടുകയും പഞ്ചായത്ത് തലത്തിൽ പ്രത്യേക സെൽ ഏർപ്പെടത്തണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിക്കുന്നു.

### കർഷക തൊഴിലാളി പെൻഷൻ

തൊഴിൽ വകുപ്പു മുഖേന നടത്തിവരുന്ന ഒരു സാമൂഹ്യക്ഷേമ പദ്ധതിയാണ് ഇത്. ഈ പഞ്ചായത്തിൽ വളരെ കുറച്ചാളുകൾക്കാണ് ഇതിൻെറ ഗുണഫലം ലഭിക്കുന്നത്. ഇതിൻെറ വാർഷിക വരുമാന പരിധി 10,000 രൂപയാക്കി ഉയർത്തണമെന്നും പെൻഷൻ തുക 250 രൂപയാക്കുകയും പ്രായപരിധി 55 വയസ്സാക്കി ചുരുക്കുകയും ചെയ്യേണ്ടതാണ്.ഒട്ടേറെ അനർഹർ ഈ മേഖലയിൽ ആനുകൂല്യം പറ്റുന്നു. അർഹരായ ആളുകളെ ഒഴിവാക്കി അനഹർ നേടുന്ന ഈ പ്രക്രിയക്ക് പരിഹാരം ഉണ്ടാകണമെങ്കിൽ സുതാര്യമായ ഒരു പരിശോധന ഈ രംഗത്ത് ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഉണ്ടാവേണ്ടതാണ്

## വിധവാ പെൻഷൻ.

നിലമ്പൂർ പഞ്ചായത്തിൽ 248 ആളുകൾക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. ഒട്ടേറെ വിധവകൾ ഈ പദ്ധതിയിൽ ഉൾപ്പെടാനായി പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ ഇനിയും ഉണ്ട്. വരുമാന പരിധി 11,000 രൂപയാക്കി വർദ്ധിപ്പിക്കുകയും പെൻഷൻ തുക 200 രൂപയാക്കുകയും ചെയ്യേണ്ടതാണ്.

## വാർദ്ധക്യകാല പെൻഷൻ

ഈ പെൻഷൻ ലഭിക്കുന്ന 79 ആളുകൾ പഞ്ചായത്തിലുണ്ട്. വരുമാന പരിധി ഉയർത്തുകയും സാമ്പത്തിക സഹായ സംഖ്യ ക്രമാനുഗതമായി കൂട്ടുകയും വേണം.

## അഗതി പെൻഷൻ

ഈ പെൻഷൻ ലഭിക്കേണ്ട വളരേയധികം ആളുകൾ പഞ്ചായത്തിലുണ്ട്. വരുമാന പരിധി ഉയർത്തുകയും സാമ്പത്തിക സഹായ സംഖ്യ കൂട്ടുകയും ചെയ്യണം.

## വികലാംഗ പെൻഷൻ

നൂറോളം വികലാംഗർ പഞ്ചായത്തിൽ ഉള്ളതിൽ 76 പേർക്ക് മാത്രമാണ് ആനകൂല്യം ലഭിക്കുന്നത്. വികലാംഗർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഇപ്പോൾ ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ബോർഡിനേയാണ് സമീപിക്കേണ്ടത് ഇത് മാറ്റി നിലമ്പൂർ താലൂക്ക് ആശുപത്രിയലെ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്.

## ക്ഷയരോഗ പെൻഷൻ

അർഹതപ്പെട്ട അനേകം ആളുകൾ ഈ ആനുകൂല്യങ്ങളെക്കുറിച്ച്ബോധവാൻമാരല്ല.ഇപ്പോൾ ഈ പെൻഷൻ വാങ്ങുന്ന 15ഓളം പേർ പഞ്ചായത്തിലുണ്ട്. ക്ഷയരോഗനിവാരണ സെൽ താലൂക്ക് ആശുപത്രിൽ ആരംഭിക്കുകയും ഇവർക്കുവേണ്ട സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം സെല്ലിന് നൽകുകയും വേണം.

## കുഷ്ഠരോഗ പെൻഷൻ

കുഷ്ഠ രോഗ പെൻഷൻ ഈ പഞ്ചായത്തിൽ ആർക്കും ലഭിക്കുന്നില്ല. കുഷ്ഠ രൊഗനിർമ്മാജ്ജന രംഗത്ത് ലെപ്രസി കൺട്രോൾ യുണിറ്റ് നിലമ്പൂർ താലൂക്ക് ആശുപത്രിയിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നതു കാരണം ഈ മേഖലയിൽ സഹായ ധനം ആവശ്യമില്ലാതെ വരുന്നു. അതാണ് പട്ടിക ) സൂചിപ്പിക്കുന്നത്

| | | |
|---|---|---|
| പെൻഷൻ | ഗുണഭേക്തുക്കളുടെമറ്റുവിവരം എണ്ണം | |
| വാർദ്ധക്യകാല്യ പെൻഷൻ | 79 | 80 അപേക്ഷ പരിഗണനയിൽ |
| മെറ്റേനിറ്റി ബെനിഫിറ്റ് സ്കിം | പഞ്ചാതത്തിൽ 96ൽ പാസ്സാക്കിയത് | |
| അഗതി പെൻഷൻ | | അപേക്ഷകരുണ്ട |
| വിധവാപെൻഷൻ | 248 | അപേക്ഷകർ ഇനിയുമുണ്ട് |
| വകലാംഗ പെൻഷൻ | 76 | അപേക്ഷകർ ഇനിയുമുണ്ട് |
| അവശകായിക താരങ്ങ്ളുടെ പെൻഷൻ | കണക്കുകൾലഭ്യമല്ല | അപേക്ഷകർ ഉണ്ട് |
| അവശകലാകാരൻമാർക്കുള്ള പെൻഷൻ | കണക്കുകൾലഭ്യമല്ല | അപേക്ഷകർ ഉണ്ട് |
| കർഷക തൊഴിലാളി പെൻഷൻ | കണക്കുകൾലഭ്യമല്ല | അപേക്ഷകർ ഉണ്ട് |
| ക്ഷയരോഗപെൻഷൻ | 15 | അപേക്ഷകർ ഉണ്ട് |
| കുഷ്ഠരോഗ പെൻഷൻ | ഇല്ല | ഇല്ല |
| ക്യാൻസർ | കണക്കുകൾലഭ്യമല്ല | അപേക്ഷകർ ഉണ്ട് |

## അവശകലാകായികതാരങ്ങൾക്കുള്ള പെൻഷൻ

കലാപരമായും കായികപരമായും മുൻപന്തിയിൽ നിൽക്കുന്ന പ്രദേശമാണ് നിലമ്പൂർ. അതുകൊണ്ടു തന്നെ അവശത അനുഭവിക്കുന്ന ഒട്ടേറെ പേർ ഈ മേഖലയിൽ ഉണ്ടായിട്ടും പെൻഷൻ ലഭിക്കുന്നവർ വിരലിലെണ്ണാവുന്നവരാണ്. ആയതിനാൽ പദ്ധതിയുടെ വിപുലീകരണം ആവശ്യമാണ്.

## സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ

അർഹതപെട്ടവർ ഉള്ള ഒരു മേഖലയാണ് ഇത് എങ്കിലും ഒരാൾക്കുപോലും ഈ പെൻഷൻ ലഭിക്കുന്നില്ല എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്

## തൊഴിലില്ലായ്മാവേതനം

തൊഴിലില്ലായ്മാവേതനവും ഒട്ടേറെ അനർഹർ കൈപറ്റി വരുന്നുണ്ട്. നിലമ്പൂര പഞ്ചായത്തിൽ 191 ആളുകൾക്ക് 12,415 രൂപ തൊഴിലില്ലായ്മാവേതനാമായി നൽകി വരുന്നു. എംപ്ളോയ്മെൻറ് എക്സേഞ്ചിൽ റജിസ്റ്റർ ചെയ്തു എന്ന ഒറ്റ കാരണത്താൽ ജീവിതവരുമാനമുള്ള ഒട്ടേറെ ആളുകൾ ഈ ആനുകൂല്യം പറ്റുന്നു. കൃതപമായും സീനിയോററ്റി

അടിസ്ഥാനമാക്കി നൽകുന്ന ഈ ക്ഷേമപദ്ധതിയിൽ അർഹതയുള്ളവർ പിൻതള്ളപ്പെട്ടുപോകുന്ന സാഹചര്യമുണ്ടാവുകയും ഈ ഇനത്തിൽ മാസംതോറും നൽകുന്ന തുക പ്രത്യുൽപ്പാദനമേഖലയിൽ മുടക്കിയാൽ കുറച്ച്ആളുകൾക്കെങ്കിലുംസഹായകരമാവുകയും മെച്ചപ്പെട്ട രീതിയിൽ വരുമാനം ലഭിക്കുന്ന തൊഴില ദയകയുണിറ്റിതുകൾ ആരംഭിച്ചാൽ രാജ്യത്തിൻെറ ഉത്തമ താൽപ്പര്യത്തിനും നമ്മുടെ യുവാക്കളിൽ കാണുന്ന അലസതാ മനോഭാവം മാറ്റിയെടുക്കുവാനും സാധിക്കും. അതുമല്ലെങ്കിൽ തൊഴിലില്ലായമായ വേതനം പറ്റുന്നവർ സേവനപരമായ രംഗത്ത് ആഴ്ചയിൽ ഒരു ദിവസമെങ്കിലും തങ്ങളുടെ കർമ്മശേഷി രാഷ്ട്ര നൻമക്കായി ഉപയോഗിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കണമെന്നും നിർദ്ദേശിക്കുന്നു.

നിലമ്പൂർ പഞ്ചാത്തിൽ തൊഴിലില്ലായ്മാ വേതനം വാങ്ങുന്നവരുടെ വിവരം

| വർഷം | അപേക്ഷകർ | പാസ്സായത് |
|---|---|---|
| 1990-91 | 67 | 38 |
| 91-92 | 88 | 62 |
| 92-93 | ഇല്ല | ഇല്ല |
| 93-94 | 68 | 42 |
| 94-95 | 69 | 49 |
| ആകെ | 292 | 191 |

## ക്ഷേമാശ്വാസ പദ്ധതികളെപറ്റി

വിവിധ സർക്കാർ ഏജൻസികൾ നൽകുന്ന പെൻഷനുകൾക്കുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും യഥഅർത്ഥത്തിൽ ആശ്വാസം ലഭിക്കുന്ന സാഹചര്യം ഇന്ന് നിലവിലില്ല എന്നാണ് സ്ഥിതി വിവരകണക്കുകൾ കാണിക്കുന്നത്. വിവിധ ക്ഷേമനിധി പദ്ധതികളിൽ വേണ്ടത്ര ഗുണഭോക്താക്കൾ പങ്കുചേരാതിരിക്കുന്നു എന്ന സ്ഥിതിവിശേഷം ഇന്നുണ്ട്. പട്ടി 6(സി)ൽകാണിച്ച കണക്കുകൾ ഈ വസ്തുതകൾ സൂചിപ്പിക്കുന്നു.

## തൊഴിലാളികളും ക്ഷേമനിധിയും

കെട്ടിടനിർമ്മാണം: 2875 തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കന്നു ഇതിൽ 1516 പേർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി വിപലീകരിക്കേണ്ടതാണ്.

## ചുമട്ട് തൊഴിലാളി:-

ഒട്ടേറെ തൊഴിലാളികൾ തൊഴിലെടുക്കുന്ന മേഖലയാണിത് എന്നാൽ വളരെ കുറച്ചുപേർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായുള്ളൂ

## ആഭരണതൊഴിലാളി:-

സംഘടിത തൊഴിൽമേഖലായാണ് ഇത് എങ്കിലും ആഭരണതൊഴിലാളികളുടെ ക്ഷേമനിധി പ്രവർത്തനം പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.. ഇതിനെല്ലാം പുറമേ മോട്ടോർ തൊഴിലാളി, തയ്യൽ തൊഴിലാളി, ബാർബർ തൊഴിലാളികൾ കൂടാതെ പരമ്പരരാഗതകൈതൊഴിലുകൾ, ചെത്ത് തെങ്ങ്കയറ്റ് ബീഡി, കുടിൽവ്യവസായ രംഗത്ത് തൊഴിലെടുക്കുന്നവരുടെ ഇടയിലും ക്ഷേമനിധിയുടെ പ്രവർത്തനം എത്തിയിട്ടില്ല. ഇനിയും കൂടുതൽ ജനപങ്കാളിത്തത്തോടെ ഇത് നടപ്പാക്കേണ്ടതുണ്ട്.

വിവിധ തൊഴിലാളി ക്ഷേമനിധികളും തൊഴിലാളി അംഗങ്ങളും

| തൊഴിൽ മേഖല | തൊഴിലാളികളുടെ എണ്ണം | ക്ഷേമനിധി അംഗങ്ങൾ |
|---|---|---|
| കെട്ടിട നിർമ്മാണം | 2875 | 1516 |
| ആഭരണതൊഴാലാളി | 166 | 166 |
| ആർടിസാൻസ് | 518 | 166 |
| ചെത്ത് തൊഴിലാളി | 12 | ലഭ്യമല്ല |
| തയ്യൽ തൊഴിലാളി | 158 | ലഭ്യമല്ല |
| വകലാംഗരായ തൊഴിലാളി | 69 | ലഭ്യമല്ല |
| മോട്ടോർ തൊഴിലാളി | 800 | ലഭ്യമല്ല |
| തെങ്ങുകയറ്റ തൊഴിലാളി | 40 | ലഭ്യമല്ല |
| കർഷക തൊഴിലാളി | - | ലഭ്യമല്ല |
| അദ്ധ്യപകർ | 259 | 140 വിരമിച്ചവർ ഉൾപ്പടെ |
| ബീഡിതൊഴിലാളി | 90 | ലഭ്യമല്ല |
| ബാരബർ | 30 | ലഭ്യമല്ല |

## പൊതുവിതരണം

ഈ പഞ്ചായത്തിൽ ചന്തക്കുന്നിൽ ഒരു മാവേലിസ്റ്റോർ പ്രവർത്തിക്കുന്നതിനു പുറമേ 16 പൊതുവിതരണ കേന്ദ്രവും പ്രവർത്തിക്കുന്നു. ഈ പൊതുവിതരണ കേന്ദ്രത്തിലുള്ള മൊത്തം 10.430 കാർഡുടമകൾ ഇതിൻെറ ഗുണഫലം അനുഭവിക്കുന്നു നിലമ്പൂർ ടൗൺ കേന്ദ്രീകരിച്ച് ഒരു മാവേലിസ്റ്റോർകൂടി അനുവദിച്ച് അവിടെ പച്ചക്കറി വിപണന സൗകര്യം കൂടി ഏർപ്പെടു

ത്തുകയും വിതരണ ശൃംഖല കാര്യക്ഷമമാക്കുകയും പൊതുവിതരണ കേന്ദ്രങ്ങളുടെ നിരീക്ഷണം റ്റെു ഭരണപരമായ സൗകര്യങ്ങൾ എന്നിവ ജനകീയ സമിതികളുമായി ബന്ധപ്പെടുതത്തണം. സിവിൽ സപ്ളൈ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഒരു പ്രത്യേക സെൽ പഞ്ചായത്തിൽ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

## അംഗനവാടി

സാമൂഹ്യക്ഷേമരംഗത്തെ അടിസ്ഥാനപരമായ സേവനം കാഴ്ചവെക്കുന്ന അംഗനവാടികൾ സാമൂഹ്യ വകുപ്പിൻെറകീഴിൽ ഈ പഞ്ചായത്തിൽ 25 എണ്ണം കിഞ്ഞ 3 വർഷക്കാലമായി പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതി ഇത്രയും എണ്ണം അനുവദിച്ചപ്പോൾ ഇതിൻെറ ഗുണഭോക്താക്കളായി കുറേകുട്ടികളും മുലയൂട്ടുന്ന അമ്മമാരും രംഗത്തു വന്നപ്പോഴും സ്ഥലത്തിൻെറയും കെട്ടിടത്തിൻേറയും അപര്യാപ്തത മൂലം പല സെൻററുകളുടേയും പ്രവർത്തനങ്ങൾ മുരടിച്ചുനിൽക്കുന്ന സാഹചര്യമുണ്ട്. ചുരുക്കം ചില പ്രദേശത്ത് ബഹുജന പങ്കാളിത്തത്തോടെ കെട്ടിടം നിർമ്മിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു

പട്ടിക

| ആകെ അദ്ധ്യാപികമാർ | ആകെ ആയമാർ | അകെ കുട്ടികൾ |
|---|---|---|
| 25 | 25 | - |

അംഗനവാടികെട്ടിട നിർമ്മാണം - സാധന സാമഗ്രികളുടേയും സർക്കാർ ഫണ്ടിൻേറയും അപര്യാപ്തമൂലം തടസ്സം നേരിട്ടുകൊണ്ടിരിക്കയാണ്. മിക്ക പ്രദേശത്തും സ്ഥലം ലഭ്യമല്ല എന്നതാണ് കെട്ടിട നിർമ്മാണത്തിനുള്ള തടസ്സം. അംഗനവാടികൾക്കാവശ്യമായ പോഷകാഹാര പദ്ധതി, ഫർണ്ണീച്ചറുകൾ. കുട്ടികളുടെ കളിപ്പാട്ടങ്ങൾ,കക്കൂസുകൾ, ശുദ്ധജല ലഭ്യത എന്നിവ ഉറപ്പാക്കേണടതാണ്.

8-11-12-13 വാർഡു് ഗ്രാമ സഭായോഗങ്ങൾ ഇത് ചൂണ്ടിക്കാണിക്കുകയുണ്ടായി.

പട്ടിക 5ബീ

ശിശു വികസന പദ്ധതി പ്രകാരമുള്ള അംഗനവാടികളുടെ സ്ഥിവവരക്കണക്കുകൾ

| അനുവദിച്ചത് അനുമതി ആരംഭിച്ചത് | പ്രവത്തനം ടമുള്ളത് | കെട്ടി ക്കുന്നത് | പണിനട ലഭിച്ചത് | |
|---|---|---|---|---|
| 27 | 25 | 5 | 4 | 2 |
| | | ചന്തക്കുന്ന് | മുതീരി | |
| ചാരംകുളം | | | | |
| | | വരമ്പുംപൊട്ടി | പാതതിപ്പാറ | |
| രാമങ്കുത്ത് | | | | |
| | | മുതുകാട് | തെക്കുംപാടം | - |
| | | പാടിക്കുന്ന് | പയ്യംമ്പള്ളി | - |
| | | മണലൊടി | - | - |

## ആരോഗ്യ പരിപാലനരംഗം

നിലമ്പൂർ താലൂക്ക് ഹെഡ് ക്വാർട്ടേസ് ആശുപത്രി ഈ പഞ്ചായത്തിലാണ്. വിവിധ തരത്തിലുള്ള ആരോഗ്യ പരിപാലന സംവിധാനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സർക്കാർ ആയുർവേദ ഡിസ്പൻസറി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു ചുങ്കത്തറ പി.എച്ച്..സി മുഖേന 5 വയസ്സിനു തഴേയുള്ള നിലമ്പൂർ പഞ്ചായത്തിലെ 75% കുട്ടികൾക്കും വിവിധ രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ നടത്തിയിട്ടുണ്ട്.

ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടി, വന്ധ്യംകരണ ശസ്ത്രക്രിയ, റിവൈസ്ഡ് നാഷനൽ ടി.ബി കൺട്രോൾ പ്രോഗ്രാം, കുഷ്ഠരോഗ നിവാരണ പദ്ധതി എന്നിവ പഞ്ചായത്തിൽ നടത്തിവരുന്നു.

പൊതുജനാനോഗ്യ പരിപാലനത്തിന് പകർച്ച വ്യാധീ തടയാൻ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതികൾ വേണമെന്ന് ഗ്രാമ സഭകൾ നിർദ്ദേശിക്കുന്നു. പൊതുക്കക്കുസുകളും മുത്രപുരകുളും സ്ഥാപിക്കുകയും ഡ്രൈനേജ് വൃത്തിയാക്കി സോക്ക് പിറ്റുകൾ സ്ഥാപിച്ച് പകർച്ചവ്യാധിനിർമ്മാർജ്ജനം ചെയ്യാൻ ജനകീയ പദ്ധതി വേണമെന്ന് വിവിധ തലങ്ങളിൽ നിന്ന് ആവശ്യം ഉയർന്നിട്ടുണ്ട്.

നിലമ്പൂർ ആശുപത്രിയിലേക്ക് രോഗികളേയും വഹിച്ചെത്തുന്നപൊതുനിരത്തിലുള്ള ടാക്സിസ്റ്റാൻഡിന് പ്രത്യേക സ്ഥലം കണ്ടെത്തി വഴി സൗകര്യം മെച്ചപ്പെടുത്തണമെന്നും മൽസ്യമാംസ മാർക്കറ്റുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള പദ്ധതികൾ വേണമെന്നും ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്.

## മഹിളാസമാജങ്ങൾ

മഹിളകളുടെ സാംസ്കാരിവും തൊഴിൽപരവുമായ ഉന്നമനത്തിനായിപ്രവർതത്തിക്കുന്ന 23 മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ തയ്യൽ ക്ളാസുകൾ, ബോധവൽക്കരണ ക്ളാസുകൾ, കലാസാസ്കാരിക പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനം എന്നിവ നടപ്പിലാക്കിവരുന്നു. ഇവയ്ക്കു പുറമേ യൂത്ത് ക്ളമ്പുകൾ ബാലജനസഖ്യം എന്നിവയും പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇങ്ങിനെ

യൊക്കെയാണെങ്കിലും പഞ്ചായത്തിൽ വനിതകളുടെ ക്ഷേമ പ്രവർത്തനങ്ങളുടെസ്ഥതി പുറകോട്ടാണ്. ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

## സാമൂഹ്യ ക്ഷേമത്തിനായി ചില നിർദ്ദേശങ്ങൾ

1)ദുർബല ജനവിഭാഗങ്ങൾക്കു നൽകുന്ന സാമ്പത്തിക സഹായത്തിനുള്ള വരുമാന പരിധി 11,100 രൂപയായി ഏകീകരിക്കുക.

2)പ്രകൃതി ക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്കും തീപിടിച്ച് വീട് നശിച്ചതിനുമുള്ള സാമ്പത്തിക സഹായം നൽകി വരുന്നത് നഷ്ടത്തിന് തുല്യമായി അനുവദിക്കുക.

3) അപകടമരണ ഇൻഷൂറൻസ് 10,000 രൂപയാക്കുക

4)പെൻഷനിലൂടെ ഇപ്പോൾ നൽകിവരുന്ന സാമ്പത്തിക സഹായ സംഖ്യ ക്രമാതീതമായ ഉയർത്തുക.

5) 30,000 രൂപക്ക് താഴെ വാർഷികവരുമാനമുള്ള 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവർക്ക് പഞ്ചായത്തും സംസ്ഥാനസർക്കാറും പ്രീമിയം അടച്ചുകൊണ്ടുള്ള ഗ്രൂപ്പ് ഇൻഷൂറൻസ് ഏർപ്പെടുത്തുക.

6)നിലമ്പൂർ ഗ്രാമ പഞ്ചായത്തിനു കീഴിൽ ക്രഷ് (Ceresh)സംവിധാനം ഏർപ്പെടുത്തുക .

7) കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫാമലി കൗൺസിലിങ്ങ് സെൻററുകൾ സ്ഥാപിക്കുകയും, പഞ്ചായത്ത് ശിശു മന്ദിരങ്ങളിൽ ഉച്ച ഭക്ഷണം ഏർപ്പെടുത്തുകയും ഈ മേഖലയിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുക്യും ചെയ്യുക.

8) വൃദ്ധകൾക്കും അബലകൾക്കും പ്രത്യേക മന്ദിരങ്ങൾ സ്ഥാപിക്കുകയും വികലാഗരും അന്ധ-ബധിരമൂകരായവർക്കും മന്ദബുദ്ധികൾക്കും വേണ്ടി പഞ്ചായത്ത് തലത്തിൽ പ്രത്യേക അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പഠന യാത്രാ സ്വകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം

9)നിലമ്പൂർ പഞ്ചായത്ത് സമ്പൂർണ്ണ മദ്യനിരോധന മേഘലയാക്കുകയും കള്ള വാറ്റു തടയുന്നതിനുള്ള നടപടി ഉണ്ടാവുകയും സൗജന്യ നിയമസഹായത്തിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തുകയും ചെയ്യണം

10) ഉപഭോക്തൃ സമിതികൾ വാർഡുതലത്തിൽ രൂപീകരിക്കുകയും അപകടനിരയിൽ പെട്ടെവരേയും മറ്റു പാവപ്പെട്ട രോഗികളേയും സഹായിക്കുന്നതിന് ഒരു ക്യാഷ്പാലിറ്റി ഫണ്ട് രൂപീകരിക്കുകയും വേണം

11)നിലമ്പൂർ പഞ്ചായത്തിലെ ജനങ്ങൾക്കായി ഒരു പാർക്കും ടി.വി., റേഡിയോ എന്നിവ സ്ഥാപിക്കുകയും പത്ര മാധ്യമങ്ങൾ ലഭ്യമാക്കുന്നതിനുള്ള പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം

12)മിശ്രവിവാഹിതർക്കുള്ള സാമ്പത്തിക സഹായം 5000 രൂപയാക്കുകയും അസ്വഭാവിക, സ്വാഭാവിക മരണങ്ങളിൽ ആശ്രിതർക്കു നൽകുന്ന സഹായത്തുക വർദ്ധിപ്പീക്കുകയും വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തയക്കുന്നതിനുള്ള സഹായ ധനം 10.000 രൂപയാക്കി വർദ്ധിപ്പിക്കുകയും വേണം.

13) യൂത്ത് ക്ളബുകളുൾപ്പെട്ട ഒരു സർവ്വീസ് സ്ക്വാഡ് പഞ്ചായത്ത് തലത്തിൽരൂപീകരിക്കുകയുംപഞ്ചായത്തോഫീസിനോടനുബന്ധിച്ച് ഒരു ഇൻഫോർമേഷൻ സെൻററും എപ്ളോയ്മെൻറ് ഗൈഡൻസ് സംവിധാനവും ഏർപ്പെടുത്തണം.

14)വിവാഹമോചനവർദ്ധനവിനെതിരേയും സ്ത്രീധനത്തിനെതിരേയും ബോധവൽക്കരണം നടത്തുകയും അശ്ളീല പോസ്റ്ററുകളും പരസ്യങ്ങളും നിരോധിക്കുകയും ചെയ്യുക.

15)ഗ്രാമ പഞ്ചായത്ത് യോഗനടപടികൾ പൊതുജനങ്ങൾക്ക് വീക്ഷിക്കാൻ സന്ദർശന ഗാലറി ഏർപ്പെടുത്തുക

16) 12ാം വാർഡിലെപൊതു ശ്മശാനം നന്നാക്കുകയും 8ാം വാർഡിൽ ശ്മശാനത്തിനുവേണ്ടി വാങ്ങിയ സ്ഥലം തുറന്നുകൊടുക്കുകയും, 9ാം വാർഡിൽ പൊതു ശ്മശാനം നിർമ്മിക്കുകയും 1ാം വാർഡിൽ ശ്മശാനം നശിച്ചുപോകുന്നത് തടയുകയും വേണം.

17)പുരകെട്ടി മേയാൻ പഞ്ചായത്ത് അനുവദിക്കുന്ന തുക 1000 രൂപയാക്കി വർദ്ധിപ്പിക്കുകയും കമ്യൂണിനിറ്റി ഹാളിനോട് അനുബന്ധിച്ച് പാചകശാല സ്ഥാപിച്ച് നവീകരിക്കുകയും ചെയ്യുക

18) വ്യാപാരികളിൽനിന്നും ചുമത്തുന്ന പഞ്ചായത്തു തല നികുതികൾ ജനകീയ സമിതകൾ രൂപീകരിച്ച് നിശ്ചയിക്കുകയും മായം ചേർക്കൽ തടയുകയും ആയതിന് പഞ്ചായത്ത് തലത്തിൽ വിജിലൻസ് സെൽ രൂപീകരിക്കണം.

19) ദുർബല ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ നൽകുന്ന സൗജന്യ സഹായ സംഖ്യ 4000 രൂപയാക്കി വർദ്ധിപ്പിക്കണം

20) സാക്ഷരതാ പരിപാടി തുർന്നു നടത്തുകയും

പഞ്ചായത്ത് ഓഫീസിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുകയും ക്ഷേമാശ്വാസ പദ്ധതികൾക്കായി മാത്രം പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്യുക.

21)ചെറുകിടക്കാരുടെവീടുകൾക്ക് പഞ്ചായത്ത് തന്നെ പ്ളാനുണ്ടാക്കി നമ്പറുകൾ അനുവദിക്കുകയും 5 സെൻറിനു താഴെ സ്ഥലമുള്ള താഴ്ന്ന വരുമാനക്കാർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അയവു വരുത്തുകയും ചെയ്യണം

അച്ചടിയുടെ കണ്ടു പിടുത്തം സമൂഹത്തെ വിദ്യാഭ്യാസ വിപ്ളവത്തിലേക്ക് നയിക്കുകയും വാർത്താ വിനിമയ രംഗത്ത് ധൃതഗതിയിലുള്ള മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തപ്പോൾ മനുഷ്യ ജീവിതത്തിൽ നാനാ തുറകളിൽ മാറ്റമുണ്ടായി ഭക്ഷണരീതിയും വസ്ത്രധാരണ രീതിയും മാറി. സാമൂഹ്യ ക്ഷേമ രംഗത്ത് നമുക്ക് ഇനിയും ഒട്ടേറെ പടവുകൾ കേറേണ്ടതായിട്ടുണ്ട്. അതിനു നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം.

പട്ടിണിമാറ്റാൻ പാർപ്പിടമേകാൻ
റോഡും സ്കൂളും മാത്രം പോരാ
കാർഷിക രംഗം മെച്ചപ്പെടേണം
വ്യവസായങ്ങൾ വളരേണം

# സംസ്കാരം

കിഴക്കൻ ഏറനാട്ടിൽ ചാലിയാർ കരിമ്പുഴ, കുതിരപ്പുഴ എന്നിവയാൽ ചുറ്റപ്പെട്ടു കിടക്കുന്ന നിലമ്പൂർ ഗ്രാമം നിലമ്പൂർ താലൂക്കിൻെറ സാംസ്ക്കാരിക കേന്ദ്രമാണ്. ഈ ഗ്രാമത്തിൻെറ പ്രാധാന്യം ആരംഭിക്കുന്നത് കോവിലകം ഇവിടെ വരുന്നതോടു കൂടിയാണ്.ആദിവാസികളായമലമുത്തൻമാരും,പാതിനായക്കൻമാരും, ചോലനായക്കൻമാരും, പണിയൻമാരുമായിരുന്നു ഇവിടത്തെ ജനവിഭാഗങ്ങൾ 13ാം നൂറ്റാണ്ടിൽ നെടിയിരുപ്പിൽ നിന്നും വന്ന തച്ചറക്കാവിൽ ഏറാടിമാരാണ് കോവിലകം സ്ഥാപിച്ചത് എന്ന് പറയപ്പെടുന്നു. തമ്പാൻ, രാജ, തിരമുൽപ്പാട് എന്നൊക്കെ അവർ വിശേഷിപ്പിക്കപ്പെട്ടു വരുന്നു. കൃഷി കച്ചവടം തൊഴിൽ, എന്നിവ വികസിപ്പിക്കുവാനും കോവിലകാവശ്യങ്ങൾക്കുമായി നായൻമാർ, ചെട്ടിമാർ,കുമ്പാരൻമാർ, മുതലായവരെ കൂട്ടിക്കൊണ്ട് വന്ന് കോവിലകത്തിനുചുറ്റുമായി താമസിപ്പിച്ചു. മറ്റുള്ളവർ പല കാലങ്ങളിലായി നിലമ്പൂരിൻെറ വനസമ്പത്തും ഫലഭൂയിഷ്ഠമായ മണ്ണും കണ്ട് കൃഷിചെയ്തും തൊഴിലെടുത്തും ജീവിക്കാനായി ഇവിടെ കുടിയേറിപ്പാർത്തു. കേവിലകക്കാർ അവർക്കു ചില സൗകര്യങ്ങൾ ചെയ്തുകൊടുത്തു

ഈ നൂറ്റാണ്ടിൻെറ ആരംഭത്തോടുകൂടിയാണ് ഇവിടെ ഔപചാരിക വിദ്യാഭ്യാസം നടപ്പിലാകുന്നത്. അതിനുമുമ്പ് മേൽജാതിക്കാരുടെ മക്കൾക്ക് പഠിക്കാനായി ചില എഴുത്തു പള്ളികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. താഴ്ന്ന ജാതിക്കാർക്ക് അവരുടെ കുലതൊഴിലിൽ പരിശീലനമല്ലാതെ ഔപചാരിക വിദ്യഭ്യാസം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഉയർച്ചയുണ്ടാകുവാൻ പരിശ്രമിച്ച ഒരു വിദ്വാൻ തമ്പാനെ കുറിച്ച് കോവിലകം പഴമകളിൽ പറയുന്നുണ്ട്. ക്ഷേത്രങ്ങളേയും, കോവിലകങ്ങളേയും കേന്ദ്രമാക്കി നടത്തിയിരുന്ന കഥകളി, കൂടിയാട്ടം, കൂത്ത്, തുള്ളൽ തുടങ്ങിയ കലാപ്രവർത്തനങ്ങൾ സവർണ്ണരായ ഒരു ചെറിയ വിഃഭാഗത്തിൻെറ ഉയർച്ചക്ക് സഹായിച്ചിട്ടുണ്ട്. എന്നാൽ സാധാരണക്കാരെ ഇത് ഒരിക്കലും ആകർഷിച്ചിട്ടില്ല. അവർ അവരുടേതായ നാടൻ പാട്ടുകളിലും, കലകളിലുമാണ് മുഴുകിയത്. ഉന്നത നിലവാരമുള്ള സാഹിത്യാദി കലകൾ സാധാരക്കാർക്ക് അന്യമായിരുന്നു. കാരണം കഥകളിയും ശാസ്ത്രീയ സംഗീതവും ക്ളാസിക് ചിത്ര ശിൽപ്പവും ആസ്വദിക്കാനുള്ള സാസ്ക്കാരിക ഉന്നതി അവർക്കുണ്ടായിരുന്നില്ല.

ഈ നൂറ്റാണ്ടിൻെറ മദ്ധ്യ ദശകങ്ങളിലായി ഇവിടെ രൂപം കൊണ്ട നിലമ്പൂർ യുവജന വായനശാലയും നിലമ്പൂർ യുവജനകലാസമിതിയും ഏറനാടിൻെറയും, മലബറിൻെറയും സാസ്കാരിക മുന്നേറ്റത്തിന് വഹിച്ച പങ്ക് നിസ്തുലമാണ്. ഇ.കെ. അയമു, ഡോക്ടർ. എം.ഉസ്മാൻ തുടങ്ങിയ നാടക കൃത്തുകളും, നടനും സംവിധായകനമായിരുന്ന നിലമ്പൂർ ബാലനും, നിമിഷ കവിയായിരുന്ന കെ.ജി ഉണ്ണീനെപോലുള്ള ഗാനരചയിതാക്കളും, യാഥാസ്ഥിതിക സമൂഹത്തിൻെറ കടുത്ത എതിർപ്പുകളെ നേരിട്ട് നാടകരംഗത്ത് എത്തിയ ആദ്യത്തെ വനിതയായ നിലമ്പൂർ ആയിഷയും, നാടകനടൻമാരായ മാനുമുഹമ്മദ്, കുഞ്ഞാലൻ, തുടങ്ങികലാകാരൻമാർ നാടകങ്ങളിലൂടെ ജനങ്ങളെ സാംസ്കാരികമായി ഉണർത്തുവാനും, ഉത്തേജിപ്പിക്കുവാനും ഉള്ള ഊർജ്ജിത ശ്രമം തന്നെ നടത്തിയവരാണ്. വടക്കെ ഇന്ത്യയിലടക്കം ആയിരക്കണക്കിന് വേദികളിലരങ്ങേറിയ ഇ.കെ. അയമുവിൻെറ ''ഇജ്ജെജാരു നല്ല മനുസനാകാൻ നോക്ക് '' '' മതിലുകൾ '' എന്നീ നാടകങ്ങളും ഡോക്ടർ എം ഉസ്മാൻെറ '' ''ഈ ദുനിയാവിൽ ഞാനൊറ്റക്കാണ്'' കെ.ടി മുഹമ്മദിൻെറ ''ഇത് ഭൂമിയാണ് ''' എന്നീ നാടകങ്ങൾ നിലമ്പൂർ കലാ സമിതിയുടെ സംഭാവനകളിൽ അതിപ്രധാനങ്ങളാണ് കലാസമിതിയുടെ പ്രധാന സംഘാടകരായിരുന്ന ടി.എം മുഹമ്മദ്, രമണൻ എമ്പ്രാന്തിരി എന്നിവരെ പ്രത്യേകം സ്മരിക്കട്ടെ.

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ നിലവിൽവന്ന ആധുനിക വിദ്യഭ്യാസത്തിൻെറ പ്രചാരം ജനങ്ങളെ വളരെയധികം മുന്നോട്ട് നയിച്ചു. തൽഫ

ലമായി സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയ പ്രസ്ഥാനങ്ങളും സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളും ഇന്ത്യയിൽ ഉടലെടുത്തു. ദേശീയ പ്രസ്ഥാനത്തിനകത്തുതെന്ന കർഷകരേയും കർഷക തൊഴിലാളികളേയും പങ്കെടുപ്പിച്ചുകൊണ്ടു് ഇടതു പക്ഷ ചിന്തഗതിക്കാർ സ്വതന്ത്ര്യ സമരത്തിനു കരുത്തു കൂട്ടി. സാമ്രജ്യത്വത്തോടൊപ്പം തന്നെ ഇന്ത്യയിൽ നിന്നും ജൻമി നാടവാഴിത്തവ്യവസ്ഥയും തുടച്ചു നീക്കണമെന്ന ചിന്താഗതി വളർന്നു. മലബാറിൻെറ മറ്റു ഭാഗങ്ങളിലെന്ന പോലെ നിലമ്പൂരിലും കർഷക സമരങ്ങളും, കർഷകതൊഴിലാളി സമരങ്ങളും ശക്തി പ്രാപിച്ചു. ഏറനാട്ടിൽ കർഷക സംഘം ആരംഭിച്ച തരിശു ഭൂമി സമരത്തിൽ നിലമ്പൂരിൽ നിന്നും ടി.കെ മാധവൻ, കുഞ്ഞുണ്ണി, കുഞ്ഞികൃഷ്ണൻ കുഞ്ഞാലി തുടങ്ങിയവർ സജീവമായി പങ്കുകൊണ്ടു. രാഷ്ട്രീയ സമരത്തോടൊപ്പം തന്നെ ജാതി , അയിത്തം തുടങ്ങിയ സാമാഹ്യ അനാചാരങ്ങൾക്കെതിരെയുള്ള സമരങ്ങളും ഇവടെ നടന്നു. സാമുദായിക ഐക്യത്തിനായി ജന മദ്ധ്യത്തിലേക്കു വന്ന കോവിലത്തെ അംഗങ്ങളിൽ ഒരു പ്രധാനിയായിരുന്ന കുഞ്ഞികുട്ടൻ തമ്പാൻ.

ഹിന്ദു,മുസ്ളിം, കൃസ്ത്യൻ എന്നീ മതങ്ങൾക്ക് ഒരു പോലെ പ്രാതിനിധ്യമുള്ള ഒരു സമൂഹമാണ് നിലമ്പൂരിലുള്ളത്. ഹിന്ദു ക്ഷേത്രങ്ങളും മുസ്ളിം പള്ളികളും , കൃസ്ത്യൻ ദേവാലയങ്ങളും ഇവിടെ അടുത്തടുത്ത് സ്ഥിതി ചെയ്യുന്നു. ഇത് സാമുദായിക സൗഹാർദ്ദം അംഭുഗരം നിലനിർത്തുന്ന കാര്യത്തിൽ അഭിമാനകരമായ പങ്ക് വഹിച്ചിട്ടുണ്ട്. ജില്ലയലെ മറ്റു ഭാഗങ്ങളിൽ ചില്ലറ വർഗ്ഗീയ ലഹളകൾപൊട്ടിപ്പുറപ്പെടുമ്പോഴും ഇവിടെ ശാന്തി ഭഞ്ജിക്കപ്പെടാറില്ല.1921ൽ ചില അനിഷ്ട സംഭവങ്ങൾ ഇവിടേയുമുണ്ടായി എന്നത് വിസ്മരിക്കുന്നില്ല. അതിനുപിന്നിൽ പ്രവർത്തിച്ചത് പുറമേനിന്നും വന്ന കലാപകാരികളുടെ കൈകളായിരുന്നു. സ്ഥലത്തെ മുസ്ളിം സമൂഹം ഹിന്ദു സഹോദരൻമാരുടെ രക്ഷക്കായി കലാപകാരികൾക്കെതിരെ പോരാടുക കൂടിചെയ്ത കഥ പലരും മനസ്സിലാക്കിയിട്ടില്ല.. കലാപകാലത്തു പല സ്ഥലത്തും മുസ്ളിം കുടിയാൻമാർ ഹിന്ദുജൻമികളെക്കെതിരായി തിരിഞ്ഞപ്പോൾ നിലമ്പൂരിൽ കോവിലകക്കാരെ രക്ഷാസങ്കേതങ്ങളിലേക്ക് ഒളിപ്പിച്ചു കടത്തിയത് മുസ്ളിം കുടിയാൻമാരായിരുന്നു. അക്കാലത്തും അതിനും മുമ്പും ഒരു സാംസ്കാരിക നിലയം എന്ന അർത്ഥത്തിൽ ചന്തക്കുന്ന് ജുമാഅത്ത് പള്ളിക്കുള്ള സ്ഥാനം വിസ്മരിക്കാൻ ആകാത്തതാണ്. 25 വർഷം മുമ്പ് സ്ഥലത്തെ എം.എൽ..എ ആയിരുന്ന കുഞ്ഞാലിയുടെ മരണത്തിനിട വരുത്തിയ രാഷ്ട്രീയ കൊലപാതകം പോലും പടർന്ന് പന്തലിച്ച് നിത്യ കലാപമായി മാറാതിരുന്നത് ഈ നാട്ടിൽ നിലനിൽക്കുന്ന സാംസ്കാരിക പ്രബുദ്ധതയുടെ ഫലമായിട്ടാണ്.

ഈ നൂറ്റാണ്ടിൻെറ മദ്ധ്യദശകത്തിൽ വലിയ തോതിൽ ഇവിടെ കുടിയേറിപ്പാർത്ത കൃസ്ത്യാനികൾ ഈ പ്രദേശത്തിൻെറ വികസനത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.. അദ്ധ്വാനശീലരായ അവർ അലസരായ നാട്ടുകാർക്ക് മണ്ണിനെ പൊന്നാക്കുന്നതെങ്ങനെയെന്ന മാതൃക കാണിച്ചുകൊടുത്തു. വിദ്യാഭ്യാസ വൈദ്യശുശ്രൂഷാദി രംഗങ്ങളിലും അവർ മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്.

മാനവേദൻ തിരുമുൽപ്പാട് അര നൂറ്റാണ്ടു മുമ്പ് സ്ഥാപിച്ച നിലമ്പൂർ മാനവേദൻ ഹൈസ്ക്കൂളും 1903ൽ സ്ഥാപിതമായ നിലമ്പൂർ ഗവ യു.പി.സ്ക്കൂളും 1914 ൽ സ്ഥാപിതമായചന്തക്കുന്നിലെ ജി.എം എൽ.പി. സ്കൂളും ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ഇന്ന് നേഴ്സറി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള വിദ്യാലയങ്ങളും സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രമായ ഐ.ടി.ഐ ഉൾപ്പടെ 69ളം സ്ഥപനങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ വിവിധ മതസ്ഥർക്കായി മൊത്തം 73 ആരാധനാലയങ്ങളാണുള്ളത്. ഇതിൽ 30 അമ്പലങ്ങളും24 മുസ്ളിം പള്ളികളും 19 കൃസ്ത്യൻ ദേവാലയങ്ങളും ഉൾപ്പെടുന്നു. പട്ടിക താഴെ ചേർക്കുന്നു

പട്ടിക ഒന്ന്

വാർഡുതിരിച്ച്
ആരാധനാലയങ്ങളുടെ വിവരം

| നമ്പർ | വാർഡ് | മുസ്ളിം | കൃസ്ത്യൻ | ഹിന്ദു | ആകെ |
|---|---|---|---|---|---|
| 1 | 1 | - | - | 4 | 4 |
| 2 | 2 | 5 | 1 | 1 | 7 |
| 3. | 3 | 3 | - | - | 3 |
| 4. | 4 | 3 | 3 | 2 | 8 |
| 5. | 5 | 6 | 2 | 1 | 9 |
| 6 | 6 | 1 | 2 | 3 | 6 |
| 7 | 7 | 2 | 1 | 1 | 4 |
| 8. | 8 | - | - | 1 | 1 |
| 9. | 9 | - | 2 | 2 | 4 |
| 10 | 10 | 1 | - | 1 | 2 |
| 11. | 11. | 1 | 4 | 8 | 13 |
| 12. | 12 | - | 2 | 3 | 5 |
| 13. | 13 | 2 | 2 | 3 | 7 |
| ആകെ | | 24 | 19 | 30 | 73 |

## കലാരംഗം

ഒട്ടേറെ കലാസാംസ്കാരിക പ്രതിഭകൾക്ക് ജൻമം കൊടുത്ത ഗ്രാമമാണ്. ഇത് നൃത്ത കലാരംഗത്ത് ചുവടുറപ്പിച്ച ജ്യോതി നൃത്തകലാകേന്ദ്രം, സംഗീത നാട്യഭവൻ ഇതുപോലെ സാംസ്കാരിക നവോത്ഥാനത്തിന് വീഥിയൊരുക്കുന്ന മറ്റ് കലാ സസാംസ്കാരിക സ്ഥാപനങ്ങളും നിലവിലുണ്ട്. ചലച്ചിത്ര

പിന്നണി ഗാന രംഗത്ത് പ്രശസ്തരായ കൃഷ്ണ ചന്ദ്രൻ, എസ്. എ ജമീൽ, നിലമ്പൂർ ഷാജി നാടകരംഗത്തെ പ്രശസ്തനായ നിലമ്പൂർ മണി, സിനിമാരംഗത്ത് പ്രശസ്തനടി സീനത്ത്, എന്നിവരെ എടുത്തു പറയേണ്ടതാണ്. മാജിക്ക് രംഗത്ത് ഇന്ത്യയിലെ ആദ്യത്തെ വനിതയായ നിർമ്മലാ മലയത്ത് പ്രശസ്ത മജീഷ്യൻ ആർ. കെ മലയത്ത്, പി. പ്രദീപ് കുമാർ എന്നിവരുടെ കളിത്തൊട്ടിൽ നിലമ്പൂർ ആണ്. ചിത്രകലാകാരനും അതുപോലെ സംഗീതനിപുണനുമായ ശ്രീ.രാഘവവർമ്മയും നിലമ്പൂരിൻെറ പ്രശസ്ത വ്യക്തിത്വമായിരുന്നു

### കായികരംഗം

കായികരംഗത്ത് കുറെയേറെ സംഭാവനകൾ നൽകാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മലബാർ പ്രദേശത്തെ ഫുട്ബോൾ കളിക്കളങ്ങളിൽ ഈ ഗ്രാമ പഞ്ചായത്തിലെ നിരവധി കളിക്കാർ പങ്കെടുക്കുന്നു. അതുപോലെ യൂണിവേഴ്സിറ്റി തലത്തിലേക്കും സംസ്ഥാനത്തെ പ്രമുഖ ക്ളബ്ബുകളിലേക്കും ദേശീയ തലം വരെ ഫുട്ബോൾ, കിക്കറ്റ് പ്രതിഭകളെ സംഭാവന ചെയ്തിട്ടുണ്ട്. കബഡി മത്സരങ്ങളിൽ ശ്രദ്ധ നേടിയവരും കുറവല്ല. എന്നിരുന്നാലും നിലമ്പൂരിൻെറ സാധ്യത വെച്ചു നോക്കുമ്പോൾ മുൻകാലങ്ങളെ അപേക്ഷിച്ച് കായിക രംഗത്ത് നേട്ടമുണ്ടാക്കാൻ പറയത്തക്കതായി ഒന്നുമില്ലെന്ന വസ്തുത ഗൗരവ പൂർവ്വം കണക്കിലെടുക്കേണ്ടതും പരിഹാരം കാണേണ്ടതുമാണ്. വോളീബോൾ , ബാസ്കറ്റ് ബോൾ, ക്രിക്കറ്റ് തുടങ്ങിയ മേഖലകളിൽ യാതൊരു ചലനവുമില്ലാത്ത അവസ്ഥയാണ്. സ്കൂൾ തലത്തിലും കലാകായിക രംഗം വളരെ മോശമാണ്. കരാട്ടെ മേഖലയിൽ ബുഡോക്കാൻ , തൈക്കോണ്ഡൊ തുടങ്ങി നിരവധി ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. നല്ലൊരു കളിക്കളത്തിൻെറയും പ്രോത്സാഹനമില്ലായ്മയുടെയും ഫലമായാണ് ഈ രംഗം മോശമായ അവസ്ഥയിൽ നിൽക്കുന്നത്.

ഇന്ത്യയിലെ എല്ലാ പ്രമുഖ രാഷ്ട്രീയ പാർട്ടികളും അവയുടെ പോഷക സംഘടനകളും വിവിധ മതസംഘടനകളും സാമൂഹ്യ സാംസ്കാരിക മാറ്റങ്ങൾക്കായി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. രണ്ട് തവണ കേരളത്തിൽ മന്ത്രിയും 4 തവണ നിലമ്പൂരിനെ പ്രതിനിധീകരിച്ച എം.എൽ.എ യുമായ ശ്രീ. ആര്യാടൻ മുഹമ്മദ് ഈ പഞ്ചായത്തിലെ സ്ഥിര താമസക്കാരനാണ്.

### പത്രമാധ്യമം.

ഈ പഞ്ചായത്തു പരിധിയിൽ 3381 ദിനപ്പത്രങ്ങളും 5390 ആഴ്ചപ്പതിപ്പുകളും ഠ മാസികകളും 3700 കുട്ടിളുടെ പ്രസിദ്ധീകരണങ്ങളും പ്രചാരത്തിലുണ്ട്.

ഈ സാമൂഹ്യ സാംസ്കാരിക പശ്ചാതലത്തിൽ ജനങ്ങളുടെ സാംസ്കാരിക പുരോഗതിക്കായി നിലമ്പൂർ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ട ചില നടപടികൾ നിർദ്ദേശിക്കുന്നു.

### 1,. ഗ്രന്ഥാലയം:

നിലമ്പൂർ താലൂക്ക് ആസ്ഥാനമായി ഉയർന്നിട്ടും ഒരു നല്ല ഗ്രന്ഥ ശേഖരമില്ല എന്നത് ഒരു വലിയ ന്യൂനത തന്നെയാണ്. രണ്ട് കോളേജുകൾ സമീപത്ത് കാൽനൂറ്റാണ്ടായി പ്രവർത്തിച്ചു വരുന്നതിനാൽ ഉന്നത വിദ്യാഭ്യാസം നേടിയ ധാരാളം ചേറുപ്പക്കാർ ഇവിടെ ഉണ്ട് അവരുടെ ആവശ്യത്തിനായി ഗൗരവമായ വായനക്ക് പറ്റിയ നല്ല പുസ്തകങ്ങൾ ധാരാളമുള്ള ഒരു നല്ല ഗ്രന്ഥാലയം സൗകര്യമുള്ള സ്ഥലത്ത് ആരംഭിക്കണം. കൂടാതെ ഓരോ വാർഡിലും ചുരുങ്ങിയത് ഒരു വായന ശാലയെങ്കിലും ഉണ്ടാകണം പഞ്ചായത്തുതന്നെ, മുൻകൈയ്യെടുത്ത് അത്തരം വായന ശാലകൾ ഏർപ്പെടുത്തുകയും അവയക്ക് ആവശ്യമായ പത്രമാസികകൾ എത്തിച്ചുകൊടുക്കുകയും വേണം.

### . സാംസ്കാരിക നിലയം:

പലപഞ്ചായത്തുകളിലും പതിനൊന്നിന പരിപാടികളിൽ ഉൾപ്പെടുത്തി സാംസ്കാരിക നിലയങ്ങൾ പണി തീർത്തിട്ടുണ്ട്. നിലമ്പൂരിനെ പോലുള്ള ഒരു മേജർ പഞ്ചായത്ത് അത് ചെയ്യാത്തത് കഷ്ടമായി. അങ്ങാടിയിൽ നിന്നും വളരെ അകലെ അല്ലാത്ത ഒരു സാംസ്കാരിക നിലയം ഉണ്ടായിരുന്നെങ്കിൽ സാമൂഹ്യ സാംസ്കാരിക സംഘടനകൾക്ക് ഒരു ഇൻഡോർ മീറ്റിംഗ് നടത്താൻ സൗകര്യം ലഭ്യമാകുമായിരുന്നു. പഞ്ചായത്ത് നടത്തുന്ന സാക്ഷരത, ജനകീയ ആസൂത്രണം മുതലായ പ്രവർത്തനങ്ങൾക്ക് ഒരു കേന്ദ്രമായും ഇത് ഉപയോഗപ്പെടുത്താം. ചെറിയ ഒരു ടൗൺഹാളിൻെറ ആവശ്യവും ഇതുവഴി നിറവേറ്റാം. ഇന്നത്തെ കമ്മ്യൂണിറ്റി ഹാൾ ടൗണിൽ നിന്നും അധികം വിട്ട് നിൽക്കുന്നതിനാൽ ഈ ആവശ്യങ്ങൾ ഒന്നും നടക്കുന്നില്ല. ഗ്രന്ഥാലയവും സാംസ്കാരിക നിലയവും യോജിപ്പച്ചെടുക്കുന്നത് അവയുടെ പ്രയാജനം ബഹുമടങ്ങ് വർദ്ധിപ്പിക്കും.

### 3, പൊതുയോഗ സ്ഥലം:

നല്ലൊരു പൊതുയോഗം നടത്താൻ നിലമ്പൂരിൽ സൗകര്യമായ സ്ഥലമില്ല. ബസ്സ്റ്റാൻറും റോഡരികും ഒന്നും യോഗം നടത്താൻ പറ്റിയ സ്ഥലമല്ലല്ലൊ. അതിനു പറ്റിയ 2 ഏക്കർ സ്ഥലം ടൗൺ ഏരിയയിൽ തന്നെ കണ്ടെത്തി. അതിനോടു ചേർന്ന് ഒരു സ്ഥിരം സ്റ്റേജും കെട്ടിയിടുന്നത് തുറന്ന വേദിയിൽ നാടകങ്ങളും മറ്റ് കലാ പരിപാടികളും അവതരിപ്പിക്കാൻ കൂടി സഹായകമായിരിക്കും.

### നാടക ശാലകൾ

നിലമ്പൂരിൻെറ നാടക പാരമ്പര്യം പരിശോധി

LIBRARY
4300

ക്കുമ്പോൾ ഒരു നല്ല നാടക ശാല ഇവിടെ ആവശ്യമാണ്. അമേച്വർ നാടക സംഘങ്ങൾക്ക് തുറന്ന വേദിയിലോ തീയേറ്ററിനകത്തോ ആവശ്യവും സൗകര്യവും അനുസരിച്ച് നാടകങ്ങൾ അവതരിപ്പിക്കാമല്ലോ. ഈ തീയേറ്ററും സാംസ്കാരിക നിലയവും ഗ്രന്ഥശാലയും ഏകോപിപ്പിക്കുകയാണെങ്കിൽ ചിലവ് കുറയുകയും സൗകര്യം ഏറുകയും ചെയ്യും .

### 5.സ്റ്റേഡിയം:

യുവാക്കളുടെ കായിക പരിശീലനത്തിനായി ഇന്ന് പഞ്ചായത്തിൽ ഒരു സ്റ്റേഡിയം ഉണ്ട്. ആത് വികസിപ്പിക്കാൻ സൗകര്യമില്ലെങ്കിൽ നന്നായിസംരക്ഷിക്കാനെങ്കിലും ശ്രദ്ധിക്കണം. സൗകര്യമുള്ള സ്ഥലം കണ്ടെത്തുകയാണെങ്കിൽ മെച്ചപ്പെട്ട ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതും നല്ലതാണ്. വാർഡുകളിൽ രൂപീകരിക്കുന്ന വായനശാലകളോടു ചേർന്നൊ അല്ലാതെയൊ സ്പോർട്സ് ക്ലബ്ബുകളും കലാസമിതികളും രൂപീകരിച്ച് പ്രവർത്തിക്കാൻ ചെറുപ്പക്കാർക്ക് സാമ്പത്തിക സഹായമടകകം പ്രോത്സാഹനം നൽകണം .

### 6. ചിൽഡ്രൻസ് പാർക്ക്:

കുട്ടികൾക്ക് സുരക്ഷിതമായി ഓടി നടന്നു കളിക്കാൻ പറ്റിയ ഒരു പാർക്ക് നഗരമായി വികസിച്ചു കൊണ്ടിരിക്കുന്ന നിലമ്പൂരിന് ഇന്ന് അത്യാവശ്യമാണ്. രണ്ടോ മൂന്നൊ വാർഡുകൾക്ക് ഓരോ പാർക്കെന്ന കണക്കിൽ പഞ്ചായത്തിൽകൂടുതൽ പാർക്കുകൾ സ്ഥാപിക്കണം.

### 7. സാമുദായിക സൗഹാർദ്ദം:

ഇന്ന് പുലരുന്ന സാമുദായിക സൗഹാർദ്ദം കൂടുതൽ അർത്ഥവത്താക്കി തീർക്കാൻ നാമെല്ലാം ബാധ്യസ്ഥരാണ്.

### 8. പാട്ടുത്സവം:

നിലമ്പൂരിൻെറ ദേശീയ ഉത്സവമായ പാട്ടുത്സവം ക്ഷേത്രത്തെ കേന്ദ്രീകരിച്ചാണല്ലൊ നടക്കുന്നത്. ഇതര മതസ്ഥർക്കും ഹിന്ദുക്കളിൽ തന്നെ അവർണ്ണർക്കും ക്ഷേത്രത്തിനകത്തു കടന്ന് പാട്ടിൻെറ ചടങ്ങുകൾ കാണാൻ ഇന്ന് സൗകര്യമില്ല. അത് ടി.വി യുടെ സഹായത്തോടെ പുറത്തു നിൽക്കുന്നവർക്ക് കാണാൻ സൗരകര്യപ്പെടുത്താവുന്നതാണ് മാത്രമല്ല ഒരൊ ചടങ്ങിൻെറയും അർത്ഥവും പ്രാധാന്യവും എന്താണെന്ന് അതാതു സമയത്തു തന്നെ വിശദീകരിച്ചു കൊടുക്കാനുള്ള സൗകര്യവും സംവിധാനവും ഉണ്ടാക്കണം. ഓരോ മതക്കാരും അവരുടെ പ്രത്യേകമായ വിശ്വാസങ്ങളും ആചാരങ്ങളും അവയുടെ അർത്ഥവും ഇതര മതസ്ഥർക്ക് വിവരിച്ചു കൊടുക്കുവാൻ ഇതുപോലെ സംവിധാനമുണ്ടാക്കുന്നത് പരസ്പര ധാരണ വളർത്താൻ സഹായിക്കും .

വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും വന്ന അഭിപ്രായങ്ങളും ആവശ്യങ്ങളും നിർദ്ദേശങ്ങളും :-

1. പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യത്തോടെ ഒരു ഇൻഫർമേഷൻ സെൻെറർ സ്ഥാപിക്കുക.

2. കുടുംബങ്ങൾക്കായി സഞ്ചരിക്കുന്ന വായന ശാലകൾ ആരംഭിക്കുക.

3. ബോധവൽക്കരണ്ത്തിന് ഫിലിം ഷോ നടത്തുക

4. പബ്ളിക് റിലേഷൻസിൻെറ ന്യൂസ് റീലുകൾ സിനിമാശാലകളിൽ നിർബന്ധമാക്കുക

5.സാംസ്കാരിക അധ:പതനത്തിന് കാരണമാകുന്ന അശ്ലീല പോസ്റ്ററുകളുടെയു സിനിമകളുടേയും നിരോധനം ശക്തമായി നടപ്പിലാക്കുക.

6. അന്തർസംസ്ഥാന റൂട്ട് കടന്നുപോകുന്ന നിലമ്പൂർ പഞ്ചായത്തിൽ യാത്രി നിവാസ് ആരംഭിക്കുന്നതിനു വേണ്ട സഹായം പഞ്ചായത്തു തലത്തിൽ ചെയ്യുക.

7. പാട്ടുത്സവത്തോടനുബന്ധിച്ച് പഞ്ചായത്തിൻെറ നേതൃത്ത്വത്തിൽ കർഷക-ആരോഗ്യ-വ്യവസായ-വിദ്യാഭ്യാസ പ്രദർശനം നടത്തുക

8. കേരള സർക്കാരിൻെറ അധീനതയിൽ നിലമമ്പൂരിൽ ഒരു സിനിമാശാല സ്ഥാപിക്കാൻ പ്രേരണ ചെലുത്തുക.

9. ശൈശവ വിവാഹ വിരുദ്ധ നിയമം പഞ്ചായത്ത് കർശനമായി നടപ്പാക്കുക

10. പഞ്ചായത്ത് തല ബോർഡു യോഗത്തിൽ പത്ര പ്രതിനിധികൾക്കും പൊതു ജനങ്ങൾക്കും പ്രവേശനം അനുവദനീയമാണെന്ന കാര്യം ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുക.

11. സന്നദ്ധ സംഘടനകൾക്കും സ്കൂളുകൾക്കും വാർഷിക ആഘോഷം നടത്താൻ സാമ്പത്തികസഹായം അനുവദിക്കുക.

12. എല്ലാ വാർഡിലും റേഡിയോയും ടിവി.യും, ടിവി ഷെഡ്ഡും അനുവദിക്കുക.

13. സ്കൂളുകളിൽ വാർഷികാഘോഷം നിർബന്ധമാക്കുക

14. വാർഡിലെ വികസന പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളെ പങ്കാളികളാക്കുക

15. പഞ്ചായത്താഭിമുഖ്യത്തിൽ കുട്ടികളുടെ കലാ കായിക മത്സരങ്ങൾ നടത്തുക

16. വൃദ്ധ മന്ദിരവും അബല മന്ദിരവും സ്ഥാപിക്കുക

17. ചന്തക്കുന്നു ആസാദ്, കല്ല്യാണി , മയ്യന്താണി എന്നീ ഗ്രൗണ്ടുകൾ സ്റ്റേഡിയങ്ങളാക്കിമാറ്റുക.

### സ്പേർട്സ് ക്ളബ്ബുകളുടെ കണക്ക്

| നമ്പർ | വാർഡ് | പേരുകൾ |
|---|---|---|
| 1 | | വൈ.എം.സി.എ. |
| 2. | | ലയൺസ് ക്ളബ്ബ് |
| 3. | | മലബാർക്ളബ്ബ് |
| 4. | | ഓഫീസേഴ്സ് ക്ളബ്ബ് |
| 5. | | ജൂണിയർ ചേംബർ ക്ളബ്ബ് |
| 6. | 2 | യുവവേദി ക്ളബ്ബ് |
| 7. | 1 | യുണൈറ്റഡ് ക്ളബ്ബ് |
| 8. | 2 | സർഗ്ഗധാര ക്ളബ്ബ് |
| 9. | 2 | ആർ.ആർ.സി. ക്ളബ്ബ് |
| 10. | 4 | മാസ് ക്ളബ്ബ് |
| 11. | 4 | യാസ് ക്ളബ്ബ് |
| 12. | 6 | യുവധാര ക്ളബ്ബ് |
| 13. | 11 | ശില്പി ആർട്സ് ക്ളബ്ബ് |
| 14 | 11 | സാർക്ക് ക്ളബ്ബ് |

## ലൈബ്രറികൾ

| | | |
|---|---|---|
| 1 | 1 | യാണൈറ്റഡ് ലൈബ്രറി |
| 2. | 3 | പബ്ളിക് ലൈബ്രറി |
| 3, | 11 | സാർക്ക് ലൈബ്രറി |
| 4. | 12 | നിലമ്പൂർ ലൈബ്രറി |

## വായനശാലകൾ

| | | |
|---|---|---|
| 1 | 1 | യുണൈറ്റഡ് ക്ളബ്ബ് |
| 2. | 3 | ആർ.ആർ.സി. ക്ളബ്ബ് |
| 3. | 4 | നല്ലംതണ്ണി വായനശാല |
| 4 | 5 | യുവധാര |
| 5 | 6 | യുവതരംഗം |
| 6 | 7 | ചൈതന്യ വായനശാല |
| 7. | 10 | ശ്രീധർ മെമ്മോറിയൽ വായനശാല |
| 8. | 11 | ശില്പി |



ഇൻഡ്യക്ക് സ്വരാജ് മാത്രം പോര
ഗ്രാമസ്വരാജും വേണം
ഗാന്ധിജി

# വനിത

ലോകത്തെമ്പാടും ഇന്ന് ശാസ്ത്ര സാങ്കേതിക സാമൂഹ്യ രാഷ്ട്രീയ തുറകളിൽ നാഗരികതയുടെ നാഴികക്കല്ലുകൾ താണ്ടി വനിതകൾ മുന്നേറുമ്പോൾ, നിലമ്പൂർ പഞ്ചായത്തിലെ ഒട്ടുമിക്ക സ്ത്രീകളും അന്തർമുഖത്വം അതിർവരമ്പുകളിട്ട ഒരുതരം മാനസികാവസ്ഥയിലാണ്. വർഷാവർഷം നമ്മുടെ ധാരണകളും അറിവുകളും തിരുത്തലുകൾക്ക് വിധേയമാകുന്ന, വിസ്മയങ്ങളുടേതായ ഈ ലോകത്തിൽ മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, സങ്കീർണവും നൂതനവുമായ ബഹുമുഖ വികസന ശാസ്ത്രത്തിൻെറ മുമ്പിൽ അന്തിച്ചു നിൽക്കുന്ന ഒരു കുട്ടിയുടെ അവസ്ഥയിലാണവർ. ഈ സ്ഥിതിക്കൊരുമാറ്റം വരേണ്ടതല്ലേ? നിലമ്പൂർ പഞ്ചായത്തിൻെറ സർവ്വതോൻമുഖമായ വികസന ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാൻ പഞ്ചായത്തിലെ വനിതാ പ്രസ്ഥാനങ്ങൾക്കു കഴിയണം.

ആറു പതിറ്റാണ്ടുകൾക്കു മുമ്പെ ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ തീരെ ഇല്ലായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നന്നെ കുറവായിരുന്നു എന്നതു തന്നെ ആയിരുന്നു കാരണം. അതുകൊണ്ടു തന്നെ സാമൂഹ്യ പ്രവർത്തന മേഖലകളിൽ സ്ത്രീകളുടെ സംഭാവനയും തുലോം കുറവായിരുന്നു. 1928ൽ ആയിരുന്നു നിലമ്പൂരിൽ ഒരു ഗേൾസ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. അന്ന് കേവലം 15 വയസ്സ് മാത്രം ഉണ്ടായിരുന്ന ശ്രീമതി ലക്ഷമിക്കുട്ടി അമ്മ ഈ സ്കൂളിൽ ഒരു അൺട്രെയിൻഡ ടീച്ചറായി പഠിപ്പിച്ചിരുന്നു. പിന്നീടവർ പാലക്കാടു പോയി എച്ച്..ഇ..ടി..ടി..സി. പാസ്സായി തിരിച്ചുവരികയും 1969 വരെ പ്രസ്തുത സ്കൂളിൽ ജോലി ചെയ്യുകയും ചെയ്തു. 1935 കളിൽ എലിമെൻററി സ്കൂളിൽ അദ്ധ്യാപികമാരായിരുന്ന കോവിലകത്തുമുറിയിലെ അമ്മുട്ടി ടീച്ചർ എന്ന നാരായണി ടീച്ചർ, കെ.ടി കല്ല്യാണിയമ്മ ടീച്ചർ, കല്ലേംപാടത്തെ സി. കല്ല്യാണികുട്ടി ടീച്ചർ തുടങ്ങിയവർ അക്കാലങ്ങളിലെ ജനപ്രീതിയാർജ്ജിച്ച അദ്ധ്യാപികമാരായിരുന്നു. അതുപോലെ 1948-50 കളിൽ എച്ച്. ഇ.ടി.ടി.സി. കഴിഞ്ഞ് 1951 നിലമ്പൂരിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ഇ. പാത്തുമ്മ ടീച്ചറാണ് പഞ്ചായത്തിലെ ആദ്യത്തെ മുസ്ളീം അദ്ധ്യാപിക.

നിലമ്പൂർ നിവസികളുടെ പ്രിയങ്കരനും മലപ്പുറം ജില്ലയിൽ ആകെ തന്നെ സുപരിചിതനുമായ ഡോക്ടർ ഉസ്മാൻെറ സഹോദരിയായ ഡോ. അഫ്സത്ത് ആണ് വൈദ്യ ശുശ്രൂഷാ രംഗത്തെ നിലമ്പൂരിൻെറ ആദ്യത്തെ മുസ്ളീം വനിത. 1976-77 വർഷങ്ങളിൽ മഞ്ചേരിയിൽ നടന്ന സ്ത്രീധന വിരുദ്ധ പ്രക്ഷോഭത്തിൽ പങ്കെടുത്ത പാടിക്കുന്നു പ്രദേശത്തെ അയിസുമ്മ അന്നത്തെ സാമൂഹ്യ സേവനത്തിൻെറ ഒരു ഉദാത്ത മാതൃകയായിരുന്നു. അതുപോലെ നിലമ്പൂർ നിവാസിയായിരുന്നയായിരുന്ന ശ്രീമതി ചിന്ന മാളു അമ്മയായിരുന്നു ഇവിടുത്തെ ആദ്യത്തെ സാമൂഹ്യ പ്രവർത്തക. നിലമ്പൂർ ആശുപത്രിക്കുന്നിൽ ഇന്നും നല്ല നിലയിൽ പ്രവർത്തിക്കുന്ന മഹിളാ സമാജമാണ് ആദ്യത്തെ മഹിളാ സമാജം. അതിൻെറ ആദ്യത്തെ പ്രസിഡൻറായിരുന്നു ശ്രീമതി ശാരദ അമ്മ. പതിറ്റാണ്ടുകൾക്കു മുമ്പെ മലയാളസിനിമയിൽ നാടൻ കഥാപാത്രങ്ങളെ കരളലിയിപ്പിക്കുന്ന ഭാവങ്ങളാൽ അവതരിപ്പിച്ച് പ്രേക്ഷകൻെറ അന്തരാളങ്ങളിലേക്ക് വിന്യസിപ്പിച്ച നിലമ്പൂർ ബാലേട്ടൻെറ കൂടെ നിലമ്പൂർ ആയിഷയും, സുപ്രഭയും ഉണ്ടായിരുന്നു. അഭ്രലോകത്തെ സ്ത്രീ കഥാപാത്രങ്ങൾക്കുള്ള ഈ മണ്ണിൻെറ സംഭാവനകളായിരുന്നു നിലമ്പൂർ ആയിഷയും സുപ്രഭയും, പിന്നീടു വന്ന സീനത്തുമെല്ലാം.

പഞ്ചായത്തിലെ ഗവ. മാനവേദൻ വൊക്കേഷണൽ ഹൈയർ സെക്കറ്റി സ്കൂൾ 1940-41ൽ കളത്തിൻകടവിലുള്ള റീഡിങ്ങ് & റിക്രിയേഷൻ ക്ളബ്ബിലാണ് ആരംഭിച്ചത്. ഇന്നത്തെ പത്താം ക്ളാസിൻെറ രൂപമായ ഫോർത്ത് ഫോമിൽ അന്ന് 7 പെൺകുട്ടികളാണ് ഉണ്ടായിരുന്നത്. അവരിൽ പുത്തൻപുരയിൽ വേലായുധൻ ചെട്ടിയാരുടെ മകൾ ലക്ഷ്മിക്കുട്ടി ഫോർത്ത് ഫോം കഴിഞ്ഞ് ഡൽഹയിൽ മിലിറ്ററി സർവ്വീസിൽ നേഴ്സായി ചേരുകയും, പിന്നീട് 1949ൽ ടെലിഫോൺ ഓപ്പറേറ്ററായി ജോലി ലഭിച്ചു. അന്നത്തെ കാലഘട്ടത്തിൽ ഉയർന്ന ജോലി ലഭിച്ച അപൂർവ്വം വനിതകളിലൊരാളാണ് ഇന്നും ജീവിച്ചിരിക്കുന്ന ശ്രീമതി ലക്ഷ്മിക്കുട്ടി.

നമ്മുടെ പഞ്ചായത്ത് മെമ്പറും സ്റ്റൻറിങ്ങ് കമ്മറ്റി ചെയർമാനുമായ ശ്രീമതി നിർമ്മലാ മലയത്ത് അഖിലേന്ത്യ പ്രശസ്തയാർജിച്ച ജാലവിദ്യക്കാരിയാണ് സ്ത്രീകൾക്ക് പൊതുവെ അപ്രാപ്യമെന്നു കരുതുന്ന മാജിക് വിദ്യയുമായി അവർ വിദേശങ്ങളിലടക്കം പരിപാടികൾ അവതരിപ്പിച്ച് നിലമ്പൂരിൻെറ യശസ്സ് വർദ്ധിപ്പിച്ചിട്ടുണ്ട്

സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ വനിതകളുടെ പോരാട്ടം കുറവായിരുന്നെങ്കിലും സ്വാതന്ത്ര്യ സമരത്തിൻെറയും ഖിലാഫത്ത് പ്രസ്ഥാനത്തിൻെറയും ഓർമ്മകളും കേട്ടറിവും വെച്ചു പുലർത്തുന്ന ഏതാനും മുത്തശ്ശിമാർ പഞ്ചായത്തിൽ അങ്ങിങ്ങായി

ഉണ്ട്. വിദ്യാഭ്യാസം ആ കാലഘട്ടങ്ങളിൽ ഉന്നതവർഗ്ഗങ്ങളിൽ മാത്രം ഒതുങ്ങി നിന്നതിനാലാവാം മേൽ പറഞ്ഞ പ്രക്ഷോഭസമരങ്ങളെ കുറിച്ച് വ്യാപകമായ ഒരവഗാഹം പലരിലും ഇല്ലാതായത്.

ജനാധിപത്യ മഹിളാ അസോസിയേഷൻെറ ഒരു പഞ്ചായത്ത് കമ്മറ്റി പ്രവർത്തിക്കുന്നുണ്ട്. സ്ത്രീധന വിരുദ്ധ സമരം, സ്ത്രീ പീഡനത്തിനും അശ്ലീല സാഹിത്യങ്ങൾക്കും എതിരെയുള്ള പോരാട്ടം സ്ത്രീകളുടെ മറ്റു വർത്തമാനകാല പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ എന്നിവയിൽ അത് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കൂടാതെ ഒരു മഹിളാ കോൺഗ്രസ് ബ്ളോക്ക് കമ്മിറ്റിയും പഞ്ചായത്തിലുണ്ട് സ്ത്രീകൾക്കുള്ള നിയമ സഹായം ചാരായ നിരോധനത്തിനുവേണ്ടി പ്രവർത്തനം മറ്റു സാമൂഹ്യാധിഷ്ഠിത പ്രശ്നങ്ങൾ എന്നിവയിൽ അത് ഇടപെടുന്നുഅതുപോലെ മഹിളാ മോർച്ചയുടെ ഒരു പഞ്ചായത്ത് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസത്തിൻെറ പിന്നോക്കാവസ്ഥയെ കുറിച്ച് സൂചിപ്പിച്ചുവല്ലോ. എന്നാൽ 1989-90 കാലങ്ങളിൽ '' സാക്ഷര കേരളം സുന്ദര കേരളം'' എന്ന മുദ്രാവാക്യവുമായി സാക്ഷരതാ പ്രവർത്തകർ നടത്തിയ കൂട്ടായ്മ ഈ പഞ്ചായത്തിലും അനുപമമായ ഫലം ഉളവാക്കിയിട്ടുണ്ട്. സ്ത്രീകളുടെ ഇടയിൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിനും ഒരു പുതിയ ഉൾക്കാഴ്ചക്കും സാക്ഷരതാ പ്രസ്ഥാനം വഴിവിളക്കായിട്ടുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ ആകെ ഇരുപത്തിമൂന്ന് മഹിളാ സമാജങ്ങൾ ഉണ്ട്. അതുപോമല ഇരുപത്തി അഞ്ച് അംഗണവാടികളും പ്രവർത്തിക്കുന്നു . ഡി.ഡബളിയു.സി.ആർ. ഏ യുടെ ആറു യൂണിറ്റുകൾ ഉണ്ടെങ്കിലും രണ്ടെണ്ണം മാത്രമെ പ്രവർത്തിക്കുന്നുള്ളു. വ്യത്യസ്ത കാരണങ്ങളാൽ നാലെണ്ണം ഇപ്പോൾ നിർജ്ജീവമാണ്. 50 പേർക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകുന്ന കമ്യൂണിറ്റി പോളിടെക്നിക്, പെരിണ്തൽമണ്ണയുടെ ഒരു എക്സ്റ്റൻഷൻ സെൻെറർ പഞ്ചായത്തിലുണ്ട്. അതിൽ എമ്പ്രോയിഡറി നിറ്റിംഗ് , പ്ളാസ്റ്റിക് കെയിൻ വർക്സ് എന്നിവയ്ക്ക് പരിശീലനം നൽകുന്നു. നിലമ്പൂർ മഹിളാ ഗ്രാമ വ്യവസായ സഹകരണ സംഘം, വാസു മെമ്മോറിയൽ വനിതാ ഗാർമെൻറ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി, സിസ്റ്റർ കാറ്റ്ലീനയുടെ നേതൃതത്തിൽ ഒരു മാനവി ബുക്ക് ബൈൻെറിംഗം യൂണിറ്റും ലെതർ യൂണിറ്റും ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലുള്ള അഭയ പോട്ടറി യൂണിറ്റ് എന്നിവയും വനിതകൾക്കുള്ള സംരംഭങ്ങളായി പഞ്ചായത്തിൽ ഉണ്ട്. സി.ബി.എൻ.പി.യുടെ പ്രവർത്തനങ്ങളും പഞ്ചായത്തിൽ വളരെ നല്ല രീതിയൽ നടക്കുന്നുണ്ട് ആകെ രണ്ട് വായനശാലകൾ മാത്രമെ പഞ്ചായത്തിലുള്ളു. കോവിലകത്തുമുറിയിലുള്ള യുണൈറ്റഡ് ക്ളബ്ബ് 1952 ൽ സ്ഥാപിതമായതാണ്. ഇവിടെഒരു ടി.വി സെൻെറർ ഉണ്ട്. 1979-80 ൽ അവിടെ സാമാന്യം നല്ലരീതിയിൽ സാമൂഹ്യ പ്രവർത്തനം നടത്തിയിരുന്ന ഒരു മഹിളാ സമാജം ഉണ്ടായിരുന്നു. വളം, തൈകൾ എന്നിവയും പണിയായുധങ്ങളും വിതരണം ചെയ്യൽ തുടങ്ങി പല ക്രിയാത്മക പരിപാടികളും നടപ്പാക്കിയിരുന്നു. ആ മഹിളാ സമാജത്തിൻെറ കീഴിൽ ഒരു ബാലവാടിയും ഉണ്ടായിരുന്നു. എന്നാൽ പ്രവർത്തകരുടെ അഭാവം മൂലം പിന്നീടത് നിർജ്ജീവമാവുകയാണുണ്ടായത്. ഡി.ഡബ്ളിയു.സി.ആർഇയുടെ കീഴിൽ നിലമ്പൂരിൽ 15 വനിതാ മെംമ്പർമാർ കൂടി ഉണ്ടാക്കിയ ഒന്നായിരുന്നു ക്യൂൻസ് റസ്റ്റാറൻെറ് എന്ന വനിതാ ഹോട്ടൽ. 5.9.89 ൽ 60,000/- രൂപ ലോണും 30,000/- രൂപ സബ്സിഡിയോടും കൂടി ആരംഭിച്ച പ്രസ്തുത ഹോട്ടൽ ആദ്യമൊക്കെ നല്ല നിലയിൽ പ്രവർത്തിച്ചുവെങ്കിലും പിന്നീട് മെമ്പർമാർ തമ്മിലുള്ള അഭിപ്രായ വ്യത്യാസവും നഷ്ടം മൂലവും പൂട്ടേണ്ടി വന്നു. ഇന്ത്യൻ ബാങ്കിൽ അടക്കാനുള്ള കട ബാക്കി ഓരോരുത്തരും ജോലി ചെയ്ത് തിരിച്ചടച്ചുകൊണ്ടിരിക്കുകയാണ്.നിലമ്പൂരിലെ പയ്യംപള്ളിയിലുള്ള നിലമ്പൂർ അഗ്രികൾച്ചറൽ നേഴ്സറി സാമാന്യം നല്ലനിലയിൽ പ്രവർത്തിച്ചു പോകുന്ന ഒരു സ്ഥാപനമാണ്. 20 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നിലമ്പൂർ ഫെഡറൽ ബാങ്ക് മുഖേന 98,000 രൂപ ലോണും 60,000 രൂപ സബ്സിഡിയും ആയി 21.7.89 ൽ ഡി.ഡബ്ളിയു.സി.ആർഇ യൂണിറ്റായി അനുവദിച്ചതാണീ സ്ഥാപനം. തെങ്ങ്, കമുങ്ങ്, റബ്ബർ, കുരുമുളക് മുതലായവ ഉൽപാദിപ്പിച്ച് കുറ്റമറ്റ രീതിയിൽ വിപണനം നടത്തി വരുന്നു. നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്നുണ്ടെങ്കിലും യൂണിറ്റംഗങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ വെറും 20/രൂപ മാത്രമാണ് ഇവിടെ കിട്ടുന്നത്.

നിലമ്പൂർ പഞ്ചായത്തിലാകെ 130 വനിതകൾ വിവിധ സർക്കാരാഫീസുകളിലായി ജോലി നോക്കുന്നുണ്ട്. കേന്ദ്രസർക്കാർ ജീസ്ഥാപനങ്ങളിൽ വെറും 7 വനിതകൾ മാത്രമാണുള്ളത്. ബങ്കിങ്ങ് മേഖലയിൽ 33 വനിതകളും സംഘടിത വ്യവസായ മേഘയിലും മറ്റുമായി 44 വനിതകളും ജോലിക്കരായുണ്ട്

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 34,966 ആണ്. അതിൽ 17,838 പേർ വനിതകളത്രെ. ആറു വയസ്സുവരെയുള്ള പെൺകുട്ടികൾ 2604 ഉം .ആൺ കുട്ടികൾ 2838 ഉം ആണ്. 1301 പട്ടികജാതിയിൽ പെട്ട സ്ത്രീകളും 223 പട്ടിക വർഗ്ഗ സ്ത്രീകളുമായിരുന്നു അന്നത്തെ കണക്കനുസരിച്ച് പഞ്ചായത്തിലുണ്ടായിരുന്നത്.

## പ്രശ്നങ്ങൾ

തങ്ങളുടെ അവകാശങ്ങളെയും അധികാരങ്ങളെയും സംബന്ധിച്ച് തങ്ങളിൽ തന്നെ അന്തർലീനമായിക്കിടക്കുന്ന കഴിവുകളെ കുറിച്ച് മിക്ക സ്ത്രീകളും അജ്ഞരാണ് ഏതൊരു രംഗത്തും പുരുഷൻ

മാരോളമൊ ഒരു വേള അവരിൽ കവിഞ്ഞൊ ഏറ്റെടുത്ത കടമകളും ജോലികളും ഉത്തരവാദിത്വ ബോധത്തോടെ നിർവ്വഹിക്കാൻ തങ്ങൾ പ്രാപ്തരാണെന്ന അവബോധം അവർക്കില്ല. ഒരുതരം സങ്കോചവും ആത്മവിശ്വാസരാഹിത്യവുമാണവരെ നയിക്കുന്നത്. മറ്റു പല സ്ഥലങ്ങളിലെന്ന പോലെ സ്ത്രീക്കിടയിലുള്ള വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും പുരുഷൻമാരുടെ ഇടയിലുള്ള മേധാവിത്തപരമായ ചിന്താഗതിയും സർവ്വോപരി രൂക്ഷമായ തൊഴിലില്ലായ്മയും ഈ പഞ്ചായത്തിലെ വനിതകളുടെ മുഖ്യപ്രശ്നം തന്നെ. വനിതകൾ ഇന്ന നുഭവിക്കുന്ന മുഖ്യ പ്രശ്നങ്ങളിൽ ചിലത് താഴെ ചേർക്കുന്നു.

1.പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നിലനിൽക്കുന്ന സ്ത്രീധന സമ്പ്രദായം പാവപ്പെട്ടവരും കൂലിപണിക്കാരുമായ സ്ത്രീകളെ വളരെയധികം അലട്ടുന്ന പ്രശ്നമാണ്.

2.വിവാഹപ്രായമായിട്ടും കുടുംബത്തിലെ സാമ്പത്തിക പരാധീനത കാരണം വിവാഹത്തിനു തയ്യാറാകാതെയൊ,വിവാഹിതരാകാൻ നിവർത്തിയില്ലാതേയൊ തങ്ങളുടെ വീടുകൾക്കുള്ളിൽ വീർപ്പുമുട്ടി കഴിയുന്ന കുറെയെങ്കിലും സ്ത്രീകൾ പഞ്ചായത്തിലങ്ങിങ്ങായുണ്ട്.

3.അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളുടെ ഇടയിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. അതുകൊണ്ടു തന്നെ അവർ ക്രൂരമായ ചൂഷണത്തിനും അക്രമങ്ങൾക്കും വിധേയരാകുന്നുമുണ്ട്. 21ാം നൂറ്റാണ്ടിലേക്ക് കാലം എത്തിനിൽക്കുമ്പോഴും മാനസികരോഗം പോലെയുള്ള പല അസുഖങ്ങൾക്കും ആധുനിക വൈദ്യോപദേശം തേടാതെ മന്ത്രമുഴിച്ചിലും നൂലുകെട്ടലുമായി കഴിയുന്ന സ്ത്രീകളുള്ള ചില പ്രദേശങ്ങളുമുണ്ട് ഈ പഞ്ചായത്തിൽ.

4.ചാരായം നിരോധിച്ചെങ്കിലും നാടൻ വാറ്റു മദ്യം, വിദേശമദ്യം തുടങ്ങിയവയുടെ സുലഭ്യത കാരണം നിർധനരും കൂലിപണിക്കാരുമായ സ്ത്രീകളുടെ സമാധാനമരമായ കുടുംബാന്തരീക്ഷത്തെ ഇത് എന്നും പ്രതികൂലമായി ബാധിക്കുന്നു.

5. പഞ്ചായത്തിലെ വളരെ ഉൾപ്രദേശമായ രാമൻകുത്തിലെ പെൺകുട്ടികൾ വിദ്യാഭ്യാസത്തിൻെറകാര്യത്തിൽ വളരെയധികം വിഷമതകൾ അനുഭവിക്കുകയാണ്. മിക്ക പെൺകുട്ടികളും 7ാം ക്ളാസ് കഴിഞ്ഞാൽ പഠിത്തം നിർത്തുകയാണ്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി അവർക്ക് ഏഴെട്ടുകിലോമീറ്റർ ദൂരം നടന്നു പോകണം. സഞ്ചാരയോഗ്യമായ റോഡുകളൊ ബസ്സ് സർവ്വീസൊ ഇല്ലാത്തതിനാൽ യാത്രാസൗകര്യമൊട്ടില്ലതാനും.

6.തൊഴിൽ മേഖലയിൽ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ത്രീകൾക്കെതിരായ അവഗണനയും പുരുഷമേധാവിത്വവും നിലനിൽക്കുന്നു. കൂലി നിരക്കിലുള്ള വിവേചനം എടുത്തുകാണിക്കുന്ന പട്ടിക ഒന്ന് ശ്രദ്ധിക്കുക.

| തൊഴിൽ മേഘല | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷക തൊഴിലാളി | 75-80 രൂപ | 45-50രൂപ |
| നിർമ്മാണ തൊഴിലാളി | 150-175 " | 80-90 " |
| കൂലിപ്പണി | 125-140 " | 75-90 " |

7, കൂലിയുടെ കാര്യത്തിലെന്ന പോലെ എണ്ണത്തിൻെറ കാര്യത്തിലും തൊഴിൽ രംഗത്ത് പുരുഷ മേധാവിത്വം നിലനിൽക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടിക രണ്ട് ശ്രദ്ധിക്കുക.

പട്ടിക 2

(ഈ പട്ടിക 1991 ലെ സെൻസസ് അനുസരിച്ച് തയ്യാറാക്കിയതാണ്.)

| തൊഴിൽ | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| കർഷകതൊഴിലാളികൾ | 1975 | 985 |
| മൃഗസംരക്ഷണം, തോട്ടം, വനം തുടങ്ങിയവ | 342 | 41 |
| ക്വാറി, മൈനിങ്ങ് തൊഴിലാളികൾ | 21 | 4 |
| നിർമ്മാണ തൊഴിലാളികൾ | 281 | 14 |
| വ്യാപാരം മുതലായവ | 1452 | 11 |
| ഗതാഗതം, വാർത്താവിനിമയം | 658 | 11 |
| ചെറുകിട വ്യവസായം | 801 | 86 |
| മറ്റു സേവന മേഖല | 1042 | 559 |

ഇതിനൊരപവാദം അദ്ധ്യാപന രംഗം മാത്രമാണ് നിലമ്പൂരിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപകരേക്കാൾകൂടുതൽ അദ്ധ്യാപികമാരാണ്.. നിലമ്പൂർപഞ്ചായത്തിലുള്ള 13 വിദ്യാലയങ്ങളിൽ ആകെ 260 പേരുള്ളതിൽ അദ്ധ്യാപകരും പേർ അദ്ധ്യാപികമാരുമാണ്.

8. നിലമ്പൂരിലേത് ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി മാറിയിട്ടുണ്ടെങ്കിലും കേവലം ഒരു ലേഡി ഡോക്ർ മാത്രമാണിവിടെ ഉള്ളത്. കൂടുതൽ പ്രഗൽഭരായ വനിതാ ഡോക്ടർമാരുടെ അഭാവം സ്ത്രീകൾക്ക് ഇന്നുള്ള ഒരു വലിയ പ്രശ്നമാണ്.

9. സാമ്പത്തിക പ്രയാസങ്ങൾ തൊഴിൽ നിയമങ്ങളെ കുറിച്ച് അജ്ഞത, സർക്കാരിൻെറ സഹായ പദ്ധതികളെ കുറിച്ച് ധാരണയില്ലായ്മ , തൊഴിൽ പരിശീലനത്തിനുള്ള പരിമിതി കളും സൗകര്യമില്ലായ്മയും ഇവയൊക്കെ ഈ പഞ്ചായത്തിലെ വനിതകളഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

10.അതുപോലെ തന്നെ തങ്ങളുടെ ജീവിത ഭാരത്തിനൊരറുതി വരുത്താനായി എന്തെങ്കിലും കുടിൽ വ്യവസായങ്ങളൊ ചെറുകിട വനിതാ സംരംഭങ്ങളൊ ആരംഭിക്കുന്നതിന് ജില്ലാവ്യവ സായകേന്ദ്രം ഖാദി ഗ്രാമ വ്യവസായകേന്ദ്രം തുടങ്ങിയ സർക്കാർ വകുപ്പുകളിൽ രജിസ്ട്രേഷനൊ ലൈസൻ സിനൊ മറ്റു സാങ്കേതികാവശ്യങ്ങൾക്കോ സമീപി ച്ചാൽ ഒട്ടനവധി സാങ്കേതിക തടസ്സങ്ങളുടെ നൂലാമാലകളിൽ കുരുക്കി അവയെല്ലാം പരിഗണിക്ക പ്പെടാതെ പോകുന്നതും സ്ത്രീകളുടെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിക്കുന്ന പ്രശ്നങ്ങളാണ്.

11.പഞ്ചായത്തിലെ അംഗൺവാടികളുടെ സ്ഥിതിയും ആവയിലെ ജീവനക്കാരായ വർക്കർ - ഹെൽപ്പർമാരുടെ നിലയുംപരിതാപകരമാണ് . പല അംഗൺവാടികൾക്കുംസ്വന്തമായി കെട്ടിടങ്ങളില്ല. തുച്ഛമായ ഹോണോറേറിയമാണ് വേതനത്തിനു പകരമായി നൽകുന്നത്.അദ്ധ്വാനഭാരമാണെങ്കിൽ താങ്ങനാവാത്തതാണ്. ഏതൊരു പദ്ധതിയും പരിപാടികളും നടപ്പിലാക്കാൻ അംഗൺവാടി ജീവന ക്കാരെ നിരന്തരം വിളിക്കപ്പെടുന്നു. മറ്റൊരു ഭാഷയി ൽ പറയുകയാണെങ്കിൽ നാടുവാഴി വ്യവസ്ഥയിലെ പ്രാകൃതകൂലി സമ്പ്രദായമാണ് ഇന്നും അംഗൺ വാടികളെ ഭരിക്കുന്നത്.

12.കലാ-കായിക സാംസ്കാരിക രംഗങ്ങളിൽ പങ്കെടുക്കുന്ന കാര്യത്തിൽ പഞ്ചായത്തിലെ വനിതകൾ ഇന്നും എത്രയോ പുറകിലാണ്. ഇക്കാര്യത്തിൽ അവരുടെ വിമുഖത ഇല്ലാതക്കാൻ ഉള്ള പരിപാടികൾ ആസൂത്രണം ചെയ്യണം

### പരിഹാരസാധ്യതകൾ

1.സ്ത്രീധനം വാങ്ങുന്നതിനും കൊടുക്കുന്ന തിനുമെതിരെ അതിവിപുലമായ ബോധവൽക്ക രണക്യാമ്പയിനുകൾ ഒരനുഷ്ടാനം എന്നതിലുപരി നിരന്തരം നടത്തണം. സ്ത്രീധന സമ്പ്രദായത്തി നെതിരെ കർശനമായ നിയമനടപടികൾ കൈ ക്കൊള്ളാൻ പഞ്ചായത്തിന് തനതായ അധികാരങ്ങൾ വേണം. അവ പ്രയോഗിക്കണം.

2. വിധവകളും, ഭർത്താക്കൻമാർ ഉപേക്ഷിക്ക പ്പെട്ടവരുമായ വനിതകൾക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പഞ്ചായത്തു തലത്തിൽ സൗജന്യ സഹായം ചെയ്യണം. അനാഥരായ കുട്ടികളുടെയും വിദ്യാഭ്യാസത്തിനു വേണ്ട സാമ്പത്തിക സഹായം പഞ്ചായത്ത് വഹിക്കണം.

3. വിവാഹപ്രായമെത്തിയിട്ടും സാമ്പത്തിക പരാധീനതയാൽ അവിവാഹിതയായി കഴിയുന്ന പെൺകുട്ടികളേയും അവരുടെ കുടുംബത്തെകുറി ച്ചും സർവ്വേ നടത്തി അത്തരം കുട്ടികളുടെ വിവാഹം നടത്താനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് ചെയ്തുകൊടുക്കണം.

4. സ്ത്രീ പീഢന കേസുകൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്തു തലത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു വനിതാ നിയമ സഹായ വേദി ഉണ്ടാക്കണം.

5. വാർദ്ധക്യകാല പെൻഷനിൽ ഉചിതമായ മാറ്റം വരുത്തണം. ആൺമക്കളുണ്ടായിട്ടും അവരുടെ സംരക്ഷണം ലഭിക്കാത്ത വനിതകളെ പറ്റി ഒരു സർവ്വേ നടത്തുക; അത്തരക്കാർക്ക് ആൺമക്കളുണ്ടെന്ന പേരിൽ ഇന്ന് നിഷേധിക്കപ്പെടുന്ന വാർദ്ധക്യകാല പെൻഷൻ നൽകാനുള്ള നടപടികൾ പഞ്ചായത്തു തലത്തിൽ ആവിഷ്കരിച്ചു നടപ്പാക്കണം.

6. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലൂടെ ഒഴികുന്ന ചാലിയാർ പുഴയുടെ തീരങ്ങളിൽ സ്ത്രീ കൾക്കായി പ്രത്യേക കുളിക്കടവു നിർമ്മിക്കുക

7.സാമൂഹ്യ വിരുദ്ധ-അനാശാസ്യ പ്രവർത്തികൾ നടക്കുന്ന പ്രത്യേക സ്ഥലങ്ങളെ നിരീക്ഷിച്ച് അവിടങ്ങളിൽ സ്റ്റാറ്റ്യൂട്ടറി അധികാരങ്ങങ്ങളുള്ള ടാസ്ക് ഫോഴ്സുകൾ സ്ത്രീകളുടെ നേതൃത്വത്തിൽ പുരുഷൻമാരുടെ സഹായത്തോടെ രൂപീകരി ക്കുകയും സാമൂഹ്യ വിരുദ്ധരെ പിടികൂടി ശിക്ഷി ക്കുകയും ചെയ്യുക.

8. തൊഴിലുകളടക്കം എല്ലാ മേഖലകളിലും രാഷ് ട്രീയ പാർട്ടികൾ സാമൂഹ്യ സാംസ്കാരിക സംഘട നകൾ ബഹുജന പ്രസ്ഥാനങ്ങൾ തുടങ്ങിയവയിലും മൂന്നിലൊന്ന് സ്ത്രീ സംവരണം ഏർപ്പെടുത്തുക.

10. ചാരായ നിരോധനം ഫലപ്രദമായി നടപ്പിൽ വരുത്തിന്നതിൻെറ . ഭാഗമായി വ്യാജചാരായവാറ്റും മറ്റും തടയാനും പരിശോധിക്കാനും വനിതകൾകൂടി ഉൾപ്പെട്ട ജനകീയ സമിതികളെ വിപുലമായ അധികാരങ്ങളോടുകൂടി നിയോഗിക്കുക.

11. പഞ്ചായത്തിൽ ഒരു അനാഥമന്ദിരവും അബ ലമന്ദിരവും പണിയുക.

12. വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തുകൊടുക്കാൻ നൽകുന്ന സഹായധന ത്തിൻെയും വിവിധ പെൻഷനുകളുടേയും പരിധി കാലോചിതമായി ഉയർത്തണം

13. വനിത വികസന കോർപ്പറേഷൻ സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡ് എന്നിവയുടെ സിറ്റങ്ങ് പഞ്ചായത്തിലും ആവശ്യമാണ്

14.മഹിളാ സമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ അവർക്ക് ഗ്രാൻറ് നൽകാനുള്ള പരിപാടകളും വേണം

15.ഒരു വ്യക്തിക്ക് രണ്ടാം വിവാഹം ആവശ്യമാണോ എന്നു തീരുമാനിക്കാനുള്ള അധികാ രം പഞ്ചായത്തുകൾക്കോ അത് നിയോഗിക്കുന്ന വിദഗ്ധ സമിതിക്കോ നൽകുന്നതിനെ കുറിച്ച്

ആലേചിക്കണം. അനുവാദം ഇല്ലാതെ വിവാഹം നടത്തികൊടുക്കരുത്. ഇതനെ മറികടന്ന് വിവാഹം നടത്തുന്നവർക്ക് നിയമത്തിൻെറ ആനുകൂല്യം നിഷേധിക്കപ്പെടണം -തുങ്ങിയ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്

**സാം സ്കാരിക രംഗത്ത്..........**

1. അന്ധ വിശ്വാസങ്ങളുടേയും അനാചാരങ്ങളേടേയും വനിതകൾക്കിടയിലുള്ള നീരാളി പിടുത്തം ഇല്ലായ്മ ചെയ്യാൻ ബോധപൂർവ്വമായ പ്രചരണം നടത്താണം അതിനായി അവരുടെ വായനാശീലം വർദ്ധിപ്പിക്കാനുമുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം. വിപുലമായ തോതിൽ വായനശാലകളും മഹിളാ സമാജങ്ങളും മറ്റു സാംസ്കാരിക വേദികളും ഇതിനായി സജ്ജമാക്കാൻ പഞ്ചായത്ത് ഇഛാശക്തിയോടെയുള്ള പ്രവർത്തനങ്ങൾ നടത്തണം. വാർഡുകൾ തോറും വായനശാലകൾ സ്ഥാപിക്കണം.

2.പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രണ്ടിൽ കൂടുതൽ പ്രധാനസ്ഥലങ്ങളിൽ ടെലിവിഷൻ സെൻെററുകൾ സ്ഥാപിക്കണം. ടി.വി യിലെ ഗുണമേൻമയുള്ള സാംസ്കാരിക പരിപാടികൾ എപ്പോഴൊക്കെയാണെന്നുനോക്കി സ്ത്രീകളേയും കുട്ടികളേയും അവ കാണാൻ പ്രോത്സാഹിപ്പിക്കണം.

3. പൈങ്കിളി സാഹിത്യങ്ങൾക്കെതിരെ സ്ത്രീകളെ ബോധവതികളാക്കണം. അത്തരം ആഴ്ച പതിപ്പുകളും അശ്ളീല സാഹിത്യങ്ങളും വിൽക്കുന്ന കടയുടമകളെ വിലക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുക. കർക്കശമായ നടപടികൾ ഇതിനെതിരെ പഞ്ചായതത് നടപ്പിൽ വരുത്തണം.

**വിദ്യാഭ്യാസരംഗത്ത്**

1. നിർദ്ധനരായ വീടുകളിലെ പെൺകുട്ടികൾക്ക് പത്താം ക്ളാസുവരെ സൗജന്യമായി പുസ്തകങ്ങളും മറ്റും നൽകി നിർബന്ധമായും വിദ്യാഭ്യാസം നൽകാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം.

2.കിലോമീറ്ററുകളോളം നടന്ന് ഹൈസ്കൂൾവിദ്യാഭ്യാസത്തിന് പോകേണ്ട സ്ഥലങ്ങളിൽ യാത്രാ സൗകര്യം ഏർപ്പെടുത്തണം.അല്ലെങ്കിൽ അത്തരം പ്രദേശങ്ങളിൽ (ഉദാ: രാമൻകുത്ത്) നിലവിലുള്ള അപ്പർ പ്രൈമറി സ്കൂൾ ഹൈസ്കൂളായി ഉയർത്തുക

3.നിലമ്പൂരിൽ ഒരു വനിതാ കോളേജ് ആരംഭിക്കുക.

**തൊഴിൽരംഗത്ത്**

1. ചെറുകിട വ്യവസായ സംരംഭങ്ങൾ, കുടിൽ വ്യവസായങ്ങൾ പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയവിലൂടെ തൊഴിൽ മേഖലകളിലേക്കുവരുന്ന വനിതാ പ്രസ്ഥാനങ്ങൾക്കും വനിതകൾക്കും ബന്ധപ്പെട്ട വകുപ്പുകളുടെ സാങ്കേതികവും ഔദ്യോഗികവുമായ നടപടി ക്രമങ്ങൾ വേഗതയാർന്നതും സുതാര്യവുമാക്കണം. ഇത്തരം കാര്യങ്ങളിൽ പഞ്ചായത്തിന് പരമാധികാരം ലഭ്യമാക്കണം.

2. പഞ്ചായത്തിലെ കണ്ണായ പ്രദേശങ്ങളിൽ ഒരു വാർഡിൽ ഒന്നുവീതമെങ്കിലും തുന്നൽ പരിശീലന ക്ളാസുകൾ ആരംഭിക്കുക. അതിൻെറ തന്നെ ഭാഗമായി ഒരു റെഡിമെയഡ് വസ്ത്രനിർമ്മാണ യൂണിറ്റും യൂണിറ്റിൻെറ ഭാഗമായി ഒരു വിൽപന ഹാളും ആരംഭിക്കാനുള്ള സാമ്പത്തുക സഹായം പഞ്ചായത്ത് നൽകുക.

3. വനിതകൾക്കായുള്ള തീപ്പെട്ടി കമ്പനികളും , അച്ചാർ, ജാം, മസാലപ്പൊടികൾ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകളും ലെതർ വർക്സ്, ബുക്ക് ബൈൻററിംഗ്, കരകൗശലവസ്തുനിർമ്മാണ യൂണിറ്റ്, സോപ്പ് ഫാക്ടറി തുടങ്ങിയവയും ഒു വനിതാ സഹായ സഹകരണ സംഘവുംആരംഭിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

4.അടുക്കളതോട്ടത്തെക്കുറിച്ചും കൈതൊഴിലുകളെ കുറിച്ചും വീട്ടമ്മമാരെ ബോധവൽക്കരിക്കുക. ഇവയെ സംബന്ധിച്ചുള്ള വിവധ നിയമാവലികളും സഹായ പദ്ധതികളും ഏതൊക്കെ ആണെന്ന് അവരെപഠിപ്പിക്കുക. സാമ്പത്തികസഹായമടക്കമുള്ള കാര്യങ്ങൾ പഞ്ചായത്ത് ചെയ്തുകൊടുക്കണം

5. അംഗൻവാടികളുടെ ഇപ്പോഴത്തെ സന്ധിതിയിലും അതിൻെറ ഇന്നത്തെ രീതിയിലുള്ള നടത്തിപ്പിലും ഘടനയിലും ഉചിതമായ മാറ്റം വരുത്തുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. തുഛമായ വരുമാനം പറ്റികൊണ്ട് കഠിനമായ അദ്ധ്വാനമാണ് അംഗൻവാടിയിലെ ജീവനക്കാർ ഇന്ന് ചെയ്യുന്നത്. അവരെ പഞ്ചായത്തുതല ജീവനക്കാരായി അംഗീകരിച്ചുകൊണ്ട് സേവന വേതന പരിഷ്കാരങ്ങൾ നടപ്പിലാക്ണം. സർക്കാർ ജീവനക്കാർ അനുഭവിക്കുന്ന എല്ലാവിധ ആനുകൂല്ല്യങ്ങളും -പെൻഷ്യൻ ആനുകൂല്യമടക്കം അവർക്ക് ലഭ്യമാക്കണം. അംഗൺവാടികൾക്കാവശ്യമായ കിണർ കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ പണിയാൻ പഞ്ചായത്ത് ധനസഹായം നൽകണം. സർവ്വീസ് സീനിയോറിറ്റി അനുസരിച്ച് വർക്കർമാരെ സൂപ്പർവൈസർമാനായി നിയമിക്കണം. ചുരുക്കത്തിൽ ഒട്ടേറെ നവീകരണങ്ങളും പുന:സംഘടനയും ആവശ്യപ്പെടുന്ന ഒരു മേഖലയാണ് അംഗൺവാടികൾ. പഞ്ചായത്ത് ഈ കാര്യത്തിൽ സജീവവും ശക്തവുമായ ഇടപെടലുകൾ നടത്തണം.

6. അവസാനമായി, അതേസമയം പ്രധാനമായും സൂചിപ്പിക്കാനുള്ളത് കലാകായിക രംഗത്തെ കുറിച്ചാണ്. ഈ രംഗങ്ങളിൽ പങ്കെടുക്കാൻ അറച്ചു നിൽക്കുന്ന പെൺകുട്ടികളേയും യുവതികളേയും ആകർഷിക്കാൻ സമഗ്രമായ പദ്ധതികൾ പഞ്ചായത്ത് വിഭാവനം ചെയ്തുകൊണ്ടുവരണം . സ്ത്രീകൾക്കായി പ്രത്യേകം സ്പോർട്സ് മേളകളും സംഗീത നാടകപരിശീലന കളരികളും പഞ്ചായത്ത്നടപ്പാക്കണം.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കേരള സർക്കാറിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള രണ്ട് മാതൃകാ പട്ടിക ജാതി കോളനികളിലൊന്നായ ജവഹർ കോളനി ഉൾക്കൊള്ളുന്ന പ്രദേശമാണ് നിലമ്പൂർ ഗ്രാമ പഞ്ചായത്ത്. പട്ടിക ജാതി വിഭാഗത്തിലും പട്ടിക വർഗ്ഗ വിഭാഗത്തിലുമായി 2941 പേർ ഇവിടെ ജീവിച്ചുവരുന്നു. ഇത് ആകെ ജനസംഖ്യയുടെ8.41% ആണ്. പട്ടികജാതി വിഭാഗത്തിൽ 12 അംഗീകരിച്ച കോളനികളിലായി 412 കുടുംബങ്ങളും അംഗീകാരത്തിന് സമർപ്പിച്ച കോളനികളിലായി 50 കുടും ബങ്ങളും, ഇടകലർന്ന് 78 കുടുംബങ്ങളും ഇവിടെ താമസിക്കുന്നു. പട്ടിക വർഗഗ വിഭാഗത്തിൽ 9 കോളനികളിലായി 100 കുടുംബങ്ങളും ഇടകലർന്ന് 8 കുടുംബങ്ങളുമാണ് ഇവിടെ ഉള്ളത്.

സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ഒട്ടേറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും ചൂഷണത്തിൽ നിന്ന് പൂർണ്ണമായും മോചനം നേടാൻ ഈ വിഭാഗത്തിന് സാധിച്ചിട്ടില്ല. പൊതുരംഗത്ത് അർഹമായ സ്ഥാനവും ഉച്ചനീചത്വങ്ങളിൽ നിന്ന് മോചനവും നേടാൻ ഇവർക്ക് കഴിഞ്ഞുവെന്നത് ആശ്വാസകരമാണ്.

സർക്കാർ തലത്തിലും വിവിധ ഏജൻസികൾ മുഖേനയും ഈ വിഭാഗത്തിൻെറ ഉന്നമനത്തിനായി ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഇവയുടെ ഗുണങ്ങൾ വേണ്ടത്ര ഇവരിൽ പ്രതിഫലിച്ചു കാണുന്നില്ല. ക്ഷേമ പ്രവർത്തനങ്ങളിൽ ഇവരുടെ പങ്കാളിത്തമില്ലായ്മയും, പദ്ധതിയെ കുറിച്ചുള്ള അജ്ഞതയും, നടപ്പിലാക്കുന്നവരുടെ പിടുപ്പുകേടുമായിരിക്കാം ഇത്തരമൊരവസ്ഥ സംജാതമാക്കിയത്. ശക്തമായ ബോധവൽക്കരണ പ്രവർത്തനത്തിലൂടെയും, വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗത്തിൻെറ മുന്നേറ്റത്തിലൂടെയും, ജനകീയ ഇടപെടലിലൂടെയും മാത്രമെ ഈ അവസ്ഥ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളു.

കോളനി വൽക്കരണം അനവധി സൗകര്യങ്ങൾ ഈ വിഭാഗത്തിന് പ്രദാനം ചെയ്യുകയുണ്ടായിട്ടുണ്ട്. എന്നാൽ ഇതിൻെറ ഗുണങ്ങൾ ഇവരുടെ സാമൂഹ്യ, സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വേണ്ടത്ര സ്വാധീനം ചെലുത്തിയതായി കാണുന്നില്ല. അതേ സമയത്ത് ഇടകലർന്നു ജീവിക്കുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടതായി കാണുന്നു. കോളനി നിവാസികളെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തിക്കൊണ്ടുവരാനുള്ള തീവ്ര ശ്രമങ്ങൾ ഇനിയും തുടരേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ മറ്റു കോളനികളുടെ പൊതു ചിത്രത്തിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന കോളനിയാണ് ജവഹർ പട്ടിക ജാതി കോളനി. 1976 ൽ കേരള സർക്കാർ മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത 75 കുടുംബങ്ങളെ പാർപ്പിച്ചുകൊണ്ട് നിർമ്മിച്ചതാണിത്. 233 ഏക്ര ഭൂമി ഉൾപ്പെടുന്നതാണ് ഈ കോളനി. ഓരോ കുടുംബത്തിനും 50 സ്ൻെറ് സ്ഥലത്തോടുകൂടിയ പുരയിടവും 2 ഏക്ര കൃഷിഭൂമിയും അനുവദിച്ചിട്ടുണ്ട്. കൂടാതെ വിവിധ സാംസ്കാരിക ആവശ്യങ്ങൾക്കായി 37.5 ഏക്ര ഭൂമിയും നീക്കി വെച്ചിരിക്കുന്നു. സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയാണ് ഇതിൻെറ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. എന്നാൽ രണ്ട് ദശാബ്ദം പിന്നിടുമ്പോൾ തീരാക്കടത്തിൻെറ കഥ മാത്രമാണ് ഈ കോളനിക്ക് പറയാനുള്ളത്.

## ആരോഗ്യം:

ആരോഗ്യ രംഗത്ത് ആശാവഹമായ പുരോഗതി ഈ വിഭാഗങ്ങളിൽ ദൃശ്യമാണെങ്കിലും ഏതാനും പട്ടിക വർഗ്ഗ കോളനികളും ചില പട്ടിക ജാതി കോളനികളും ഇതിന് അപവാദമായി നിലനിൽക്കുന്നു. പരിസര ശുചിത്വത്തിൻെറ അഭാവമാണ് ഇതിന് പ്രധാനകാരണമായി കാണുന്നത്. ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ടും പ്രാഥമിക സൗകര്യങ്ങൾ പ്രദാനം ചെയ്തു കൊണ്ടും ഇത് പരിഹരിക്കേണ്ടിയിരിക്കുന്നു.

## വിദ്യാഭ്യാസം:

പൊതുവെ വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ ഇക്കൂട്ടർക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കോളനി നിവാസികളിൽ ഇതിൻെറ തോത് നന്നെ കുറവാണ്. പഠന പ്രവർത്തനങ്ങളിൽ പൊതുവെ താൽപര്യമില്ലായ്മ കോളനി നിവാസികളിൽ പ്രകടമാണ് . കുട്ടികൾ ചെറുപ്പത്തിൽ തന്നെ തൊഴിലിൽ ഏർപ്പെടുന്നത് പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതിലുപരി മാതാപിതാക്കളുടെ ഇച്ഛാശക്തിയില്ലായ്മയും, വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ കുറിച്ചുള്ള അജ്ഞതയും കുട്ടികളുടെ വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്താൻ കാരണമായി കാണുന്നു മാതാപിതാക്കൾക്ക് ഈ രംഗത്ത് തീവ്ര ബോധവൽക്കരണം അനിവാര്യമാണ്. പഞ്ചായത്തിലെ വിവിധ വദ്യാലയങ്ങളിലായി 713 പേർ പഠനം

നടത്തുന്നുണ്ട്. എസ്.എസ്.എൽ..സി. പഠനം നടത്തുന്ന 53 വിദ്യാർത്ഥികളിൽ 32 പേർ പെൺകുട്ടികളാണ്. എസ്. എസ്.എൽ.സി.ക്ക് മുകളിലും സാങ്കേതിക വദ്യാഭ്യാസം നേടിയവരും നന്നെ കുറവാണ്.

1995-1996 വർഷത്തിൽ പഠനം നടത്തുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം:-

| വിഭാഗം | ആൺ | പെൺ | ആകെ |
|---|---|---|---|
| എൽ..പി | 147 | 141 | 288 |
| യു.പി. | 88 | 120 | 208 |
| ഹൈസ്ക്കൂൾ | 101 | 116 | 217 |
| ആകെ | 336 | 377 | 713 |

-അവലംബം:-സെക്കൻററി ഡാറ്റ

തൊഴിൽ:

ഭൂരിഭാഗം ആളുകളും കൃഷിമേഖലയിൽ ജോലി ചെയ്തിരുന്നവരായിരുന്നു. എന്നാൽ കാർഷിക മേഖലയുടെ തകർച്ചയും കൂലിക്കുറവും ഇവരെ മറ്റ് തൊഴിൽ മേഖലകളിലേക്ക് ചേക്കേറാൻ നിർബന്ധിതരാക്കി. ഇന്ന് പ്രധാനമായും നിർമ്മാണ പ്രവൃത്തിയിലും കൂലിപ്പണിയിലുമാണിവർ കേന്ദ്രീകരിച്ചിരിക്കുന്നത്. മഴക്കാലങ്ങളിൽ തൊഴിലില്ലായ്മയുടെ രൂക്ഷത ഏറെ അനുഭവിക്കുന്നവരാണിവർ. ഈ വിഭാഗത്തിലെ ആളുകൾക്ക് വൈദഗ്ധ്യം ആവശ്യമുള്ള ജോലികളിൽ (ആശാരിപ്പണി, കൽപ്പണി....) ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് തൊഴിലില്ലായ്മയുടെ രൂക്ഷത പരിഹരിക്കേിയിരിക്കുന്നു. ഇതോടൊപ്പം തന്നെ പുതിയ സാങ്കേതിക വിദ്യയുടെ പിൻബലത്തോടുകൂടിയുള്ള കാർഷിക വൃത്തിയിലേക്ക് ഇവരെ ആകർഷിക്കാനുള്ള നൂതന പദ്ധതികൾക്കും ഇനി കാലതാമസം വന്നുകൂടാ.

പാർപ്പിടം:

പഞ്ചായത്തിൽ ഈ വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും വീടോ വിടുവെക്കുവാൻ സ്ഥലമൊ ഇല്ലാത്ത നിരവധി കുടുംബങ്ങൾ നിലനിൽക്കുന്നു. അതേ സമയത്ത് ഉള്ള വീടുകൾ അറ്റകുറ്റ പണികൾക്ക് കാതോർത്തിരിക്കുന്നു. വീടില്ലാത്ത കുടുംബങ്ങൾക്ക് വീടുവെച്ചുകൊടുക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം . അതോമെടാപ്പം തന്നെ വീടുകളുടെനിർമ്മാണ സമയത്തുള്ള ക്രമക്കേടുകൾക്കെതിരെ നിതാന്ത ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.

കലാ-സാംസ്കാരം:

ഇക്കൂട്ടർ ഏറെ പരമ്പരാഗത കലാരൂപങ്ങളുടെയും നാടൻ പാട്ടുകളുടേയും നാടോടി കഥകളുടേയും സൂക്ഷിപ്പുകാരാണ് ഇവയൊക്കെ തന്നെ ഇന്ന് നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണ്. ഇവയെല്ലാം നമ്മുടെ സംസ്കാരത്തിൻെറ ഭാഗമാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഇവയെ നിലനിർത്താനും പരിപോഷിപ്പിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടിയിരിക്കുന്നു.

പട്ടിക വർഗ്ഗ കോളനികൾ - വിശാദാംശങ്ങൾ

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 4 | മുതീരി | 8 |
| 2 | 4 | നല്ലംതണ്ണി | 21 |
| 3 | 4 | മുക്കർശ്ശി | 4 |
| 4 | 10 | പാടിക്കുന്ന് | 14 |
| 5 | 11 | കല്ലേമ്പാടം | 10 |
| 6 | 11 | ചേലശ്ശേരിക്കുന്ന് | 5 |
| 7 | 12 | വരേടം പാടം | 14 |
| 8 | 13 | വല്ലപ്പുഴ | 24 |

| | |
|---|---|
| ആകെ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ എണ്ണം | 110 |
| പട്ടിവർഗ്ഗഅംഗങ്ങളുടെ എണ്ണം | 426 |
| പുതുതായി നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം | 14 |
| അറ്റകുറ്റ പണികൾ നടത്തേണ്ട വീടുകളടെ എണ്ണം | 27 |
| റീവയറിങ് നടത്തേണ്ട വീടുകളുടെ എണ്ണം | 65 |
| കക്കൂസുകൾ നിർമ്മിച്ചു നൽകേണ്ടവയുടെ എണ്ണം | 72 |
| വിദ്യാർത്ഥികളുടെ എണ്ണം | 69 |
| പഠനം നിർത്തിയ കുട്ടികളുടെ എണ്ണം | 31 |
| ഭൂരഹിതരായ പട്ടിക വർഗ്ഗ ക്കാരുടെ എണ്ണം | 6 |
| സർക്കാർ , അർദ്ധസർക്കാർ സ്ഥാപന ങ്ങളിലുള്ളവർ | |

-അവലംബം:-സെക്കൻററി ഡാറ്റ

## വിവിധഗ്രാമ സഭകളിൽ നിന്ന് ഉരുത്തിരിഞ്ഞ പ്രശ്നങ്ങളും സാധ്യതകളും

പ്രശ്നങ്ങൾ:

1. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവയ്ക്കുവാൻ സ്ഥലവുമില്ല.

2.കോളനികളിലെ മിക്ക വീടുകളും നിലംപൊത്താറായിരിക്കുന്നു.

3. കോളനികളിൽ കുടിവെള്ള ക്ഷാമം നേരിടുന്നു

4. ഭൂരിഭാഗം കോളനികളിലും വൈദ്യുതി ഇല്ല.

5. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

6. നവസാക്ഷരർ നിരക്ഷരതയിലേക്ക് നിങ്ങുന്നു.

7. കോളനികളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം വളരെ കുറവാണ്.

8. എസ്.എസ്.എൽ.സി. തോറ്റ കുട്ടികൾ തുടർന്നു പഠിക്കാൻ താൽപര്യം കാണിക്കുന്നില്ല.

9. സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞു

പോക്ക്.

10. സാങ്കേതിക വിദ്യാഭ്യാസത്തിൻെറ അപര്യാപ്തത

11. പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിമിതി.

12. കോളനികളിലെ കുട്ടികളുടെയും അമ്മമാരുടേയും ആരോഗ്യകരമായ പിന്നോക്കാവസ്ഥ.

13. റേഷൻ കാർഡിൽ പേരുൾപ്പെടുന്നില്ല.

14. തൊഴിൽ ചെയ്യാൻ ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ ദൗർല്ലഭ്യം

15. അർഹരായവർക്ക് ക്ഷേമ പെൻഷൻ നൽകുന്നില്ല.

16. വിവിധ ക്ഷേമ പദ്ധതികൾക്കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

17 വിവിധ ക്ഷേമ പദ്ധത.ികളിൽ ഇവരുടെ പങ്കളിത്തം ഇല്ലായ്മ.

18. വിവിധ പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടെ അലംഭാവം

19. കരാറുകാരുടെ ചൂഷണം

20 കൈവശ ഭൂമിക്ക് പട്ടയം ലഭിക്കാത്ത അവസ്ഥ

21. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത

23. രൂക്ഷമായ തൊഴിലില്ലായ്മ ഈ വിഭാഗത്തിലെ യുവാക്കൾക്ക് സ്വയം തൊഴിൽ വായ്പയും ധനസഹായവും ലഭിക്കാൻ ഏറെ കാലതമസം നേരിടുന്നു.

## സാധ്യതകൾ:-

### പാർപ്പിടം

പഞ്ചായത്തിലെ വിവിധ പട്ടിക ജാതി കോളനികളിയിലായി 93 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽ 14 കുടംബങ്ങൾക്കും പാർപ്പിടം ഇല്ല. അറ്റകുറ്റ പണികൾ നടത്തേണ്ട 27 പട്ടിക വർഗ്ഗ വീടുകളും 128 പട്ടികജാതി വീടുകളും നിലനിൽക്കുന്നു. വീടില്ലാത്ത എല്ലാ കുടംബങ്ങൾക്കും വീടുകൾ വെച്ചു കൊടുക്കുന്നതിനും അറ്റ കുറ്റ പണികൾ ചെയ്യുന്നതിനുമാവശ്യമായ പദ്ധതികൾ അവരുടെ പങ്കാളിത്തതോടെ നടപ്പിലാക്കുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം.

### കുടിവെള്ളം

കോളനികളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ് നിലവിലുള്ള പൊതുകിണറുകൾ അപര്യാപ്തമാണ്. മിക്ക കോളനികളിലും പൊതു വെള്ള ടാപ്പ് എത്തിയിട്ടില്ല. ഇതെത്തിക്കാനുള്ള നടപടി ഉടനെ വേണം.

കുട്ടിക്കുന്ന് മുമ്മുള്ളി വരടേംപാടം, എന്നീ കോളനികളിൽ ഉപയോഗ ശൂന്യമായികിടക്കുന്ന കിണറുകൾ ഉപയുക്തമാക്കി ഈ കോളനികളിലെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിഹാരമുണ്ടാക്കുക.

നല്ലന്തണ്ണി പട്ടിക വർഗ്ഗ കോളനിയിൽ കുടിവെള്ളാവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്ന കിണറും പമ്പ് ഹൗസും ഉപയോഗ ശൂന്യമായികിടക്കുന്നു. ഇത് ഉപയോഗ പ്രദമാക്കാനുള്ള അടിയന്തരനടപടികൈകൊക്കെള്ളുക.പഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടക്കുന്ന 3 കുഴൽ കിണറുകൾ എത്രയും പെട്ടെന്ന് ഉപയോഗ പ്രദമാക്കേണ്ടിയിരിക്കുന്നു. കല്ലേമ്പാടം കുട്ടിക്കുന്ന് എന്നീ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായി കിണർ നിർമ്മിക്കുക.

### വൈദ്യുതി

പഞ്ചായത്തിലെ കല്ലേമ്പാടം, ജവഹർ, മുമ്മുള്ളി, നെടുമുണ്ടകുന്ന്,വരേടം പാടം എന്നീ കോളനികളിലെ 137 വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെ മറ്റെല്ലാ കോളനികളും വൈദ്യുതീകരിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം..വോൾട്ടേജ് ക്ഷാമം പിഹരിക്കാനുള്ള സത്വര നടപടികളും ആവശ്യമാണ്.

### ആരോഗ്യം

പഞ്ചായത്തിലെ പട്ടിക വർഗ്ഗ കോളനികളിലേയും ചില പട്ടികജാതി കോളനികളിലേയും അംഗങ്ങളുടെ ആരോഗ്യ നില തൃപ്തികരമല്ല. പകർച്ച വ്യാധികൾ ദൃശ്യമാണ്. മണലൊടി,മുക്കർശ്ശി വല്ലപ്പുഴ എന്നീ കോളനികളിലും ചക്കപ്പാലി പ്രദേശത്തെ പട്ടികവർഗ്ഗ കുടംബങ്ങളിലും ആരോഗ്യ അധികൃരുടെ അടിയന്തിര ശ്രദ്ധ ലഭ്യമാക്കണം.

ഈ വിഭാഗത്തിലെ 258 കുടംബങ്ങൾക്ക് കക്കൂസ് ഇല്ല. ഇത് നിർമ്മിച്ച് കൊടുക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതികൾ രൂപപ്പെടുത്തുക. വീട് നിർമ്മാണ ധനസഹായവും കക്കൂസ് നിർമ്മാണ ധന സഹായവും വർദ്ധിപ്പിക്കുക

പട്ടിക വർഗ്ഗ വിഭാഗത്തിനു നൽകുന്ന പലിശ രഹിത ഭവനനിർമ്മാണ വായ്പ 2500 രൂപയാക്കി വർദ്ധിപ്പിക്കുക.

എല്ലാ കോളനികളിലും അംഗൺ വാടികൾ ആരംഭിക്കുക

പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ( മുള,ചൂരൽ,....) ലഭ്യമാക്കുക

പായ നെയ്ത് കൊട്ട പരമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥനത്തിൽ സംഘടിപ്പിക്കുക.

വിവിധ കോളനികളിലെ പെൺ കുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാവിധ സഹായങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുക.

ആശാരിപ്പണി, കൽപ്പണി തുടങ്ങിയ തൊഴിലിൽ ഈ വിഭാഗത്തിന് പരിശീലനം നൽകുന്നതിന് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

വിവിധ ചെറുകിട തൊഴിൽ യൂണിറ്റുകൾ എല്ലാ കോളനികളിലും ആരംഭിക്കുന്നതിന് പദ്ധതികൾ ഉണ്ടാക്കുക.

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പട്ടിക വർഗ്ഗ വിഭാഗത്തിനു നൽകുന്ന സ്വയം തൊഴിൽ പലിശ രഹിത വായ്പ 25,000 രൂപയായി വർദ്ധിപ്പിക്കണം

അഭ്യസ്ഥയുവതീയുവാക്കൾക്ക് സർക്കാർ നൽകുന്ന വായ്പകളും ധനസഹായങ്ങളും പഞ്ചായത്തുവഴി ലഭ്യമാക്കുക.

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് മാത്രമായി ഒരു മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. ഇതിനാവശ്യമായ സ്ഥലം ജവഹർ കോളനിയിൽ നിന്ന് ലഭ്യമാക്കണം.

പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കുള്ള സഹകരണ സംഘങ്ങൾ രൂപീകരിച്ച് എല്ലാ ക്ഷേമ നിർമ്മാണ പ്രവർത്തനങ്ങളും ഇതിൻെറ പരിധിയിൽ കൊണ്ടു വരിക.

കോളനികളിൽ തുടർ സാക്ഷരതാ പ്രവർത്തനം ശക്തിപ്പെടുത്താൻ എല്ലാ കോളനികളിലും വിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുക. കോളനികളിൽ ശിശു മന്ദിരവും വായനശാലയും ആരംഭിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകുക.

പ്രൈമറി ക്ളാസുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ മുടക്കം കൂടാതെ സ്ക്കൂളിൽ അയക്കുന്നതിന് രക്ഷിതാക്കൾക്ക് നൽകുന്ന പ്രോൽസാഹന ധനം 500 രൂപയായി (പ്രതി വർഷം)വർദ്ധിപ്പിക്കണം

പഞ്ചായത്തിലെ ആൺകുട്ടികൾക്കായി പട്ടിക വർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക

നിർത്തലാക്കിയ ജവഹർ കോളനിയിലെ ട്യൂഷൻ സമ്പ്രദായം പുനഃസ്ഥാപിക്കുക

എസ്.എസ്.എൽ.എസി പരീക്ഷയിൽ വിജയിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോൽസാഹന സമ്മനമായി 1000 രൂപ നൽകുക.

കോളനികളിൽ ശിശു മന്ദിരവും വായനശാലയും ആരംഭിക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തുക.

അർഹരായവർക്ക് വിവിധ ക്ഷേമ പെൻഷനുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക. വിവിധകാരണങ്ങളാൽ റേഷൻ കാർഡിൽ പേരുൾപ്പെടാത്തവരെ കാർഡിൽ ഉൾപ്പെടുത്താൻ പഞ്ചായത്ത് തലത്തിൽ റേഷൻ അദാലത്ത് നടത്തുക.

കോളനികളിൽ ബോധവൽക്കരണ ക്ളാസുകൾ നടത്തുവാൻ സന്നദ്ധ സംഘനകളുടെ സഹായം തേടുക

അംഗീകരത്തിന് അർഹതയുള്ള കോളനികളെ ഉടനെ അംഗീകരിക്കുന്നതിന് നടപപടിയുണ്ടാവുക.

ജവഹർ കോളനയിൽ 1976ലെ പ്രൊജക്റ്റ് നടപ്പിലാക്കുക

കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുക

സർക്കാർ റസിഡനഷ്യൽ സ്ക്കൂൾ ജവഹർ കോളനിയിൽ സ്ഥാപിക്കുക.

ജവഹർ കോളനിയിൽ സർക്കാർ മൃഗാശുപത്രിയും ആയുർവേദാശുപത്രിയും ആരംഭിക്കുക.

രാമംക്കുത്ത് കുട്ടിക്കുന്ന് പയ്യംമ്പള്ളി- പാലേങ്കര എന്നീ പട്ടിക ജാതി കോളനികളും മണലൊടി വല്ലപ്പുഴ എന്നീ പട്ടിക വർഗ്ഗ കോളനികളും ഐ.എച്ച്.ഡി.പി കോളനിയായി അംഗീകരിക്കുക.

നെടുമുണ്ടകുന്ന് കോളനിയിൽ ഹോമിയോ ഡിസ്പൻസറി ആരംഭിക്കുക.

രാമംകുത്ത് കോളനി റോഡിലൂടെ ഒഴുകിവരുന്ന വെള്ളം കോളനിയലേക്ക് ഒഴുകി വീടുകൾ തകരാൻ ഇടയാക്കുന്നു. കരിങ്കൽ ഭിത്തി പണിതുകൊണ്ട് കോളനി വീടുകളെ അപകടത്തിൽ നിന്ന് സംരക്ഷിക്കാനുള്ള സത്വര നടപടികൾ കൈകൊള്ളുക.

ജവഹർ കോളനിയിൽ പ്രവർത്തിക്കുന്ന ക്ളബ്ബിന് സ്ഥലം നൽകാനുള്ള നടപടി ഉണ്ടാവുക.

ബോധവൽക്കരണത്തിൻെറ ഭാഗമായി എല്ലാ കോളനികളിലും ടി.വി സ്ഥാപിക്കുക

എല്ലാ കോളനികളിലും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക

ജവഹർ കോളനിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെൻററിൽ ആഴ്ച്ചയിൽ ഒരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുക

മൺമറഞ്ഞുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിൻെറ പരമ്പരാഗത കലാ രൂപങ്ങൾക്കും നാടൻകലകൾക്കും വേണ്ട പ്രോൽസാഹനം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ കലാ മേളകൾ സംഘടിപ്പിക്കുക.

കോളനികൾക്ക് സമീപമുള്ള കന്നുകാലി അറവു കേന്ദ്രങ്ങൾ നിർത്തലാക്കുക.

ജവഹർ കോളനിയിൽ മിനിസ്റ്റേഡിയം, പൊതുസ്റ്റേജ് എന്നിവ നിർമ്മിക്കുക.

അശാസ്ത്രീയമായ പദ്ധതികൾ ആവിഷ്ക്കരിക്കയും നടപ്പിലാക്കുകയും ചെയ്ക വഴിയുണ്ടയിട്ടുള്ള ജവഹർ കോളനിയുടെ കടം സർക്കാർ നികത്തുക.

പട്ടിക വർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായംലഭിക്കുന്നതിനുള്ള വരുമാന പരിധി 12000 രൂപയാക്കി ഉയർത്തുക.

വർഷത്തിൽ രണ്ടു തവണ എല്ലാ പട്ടിക വർഗ്ഗ കോളനികളിലും പ്രയോജനാധിഷ്ഠിത ക്യാമ്പ് സംഘടിപ്പിക്കണം

ബ്ളോക്ക് പഞ്ചായത്ത് മുഖേന പട്ടിക വർഗ്ഗ കോളനി വീടുകൾ വൈദ്യുതീകരിക്കാൻ നൽകുന്ന ധനസഹായം 1500 രൂപയാക്കി ഉയർത്തുക

നിലമ്പൂർ താലൂക്ക് പട്ടി ജാതി വികസന ആഫീസ് നിലമ്പൂരിൽ ഉടനെ ആരംഭിക്കുക

കേളനികളിലേക്കുള്ള എല്ലം റോഡുകളും ടാറുചെയ്യുക

## പട്ടികജാതി കോളനികളുടെ വിശദാംശങ്ങൾ

| ക്രമനമ്പർ | വാരഡ് | കോളനിയുടെ പേര് | കുടംബങ്ങൾ | അംഗങ്ങൾ | സ്ത്രീകൾ | വികലാഗംർ |
|---|---|---|---|---|---|---|
| 1. | 4 | മുതീരി | 21 | 63 | 32 | 2 |
| 2. | 4 | കുട്ടിക്കുന്നു | 28 | 120 | 68 | - |
| 3. | 6 | ഈയംമഠ | 14 | 64 | 34 | - |
| 4 | 6 | പയ്യംപള്ളി | 13 | 62 | 36 | 1 |
| 5 | 6 | പാലേങ്ങര | 19 | 100 | 59 | - |
| 6 | 7 | രാമംകുത്ത് | 31 | 119 | 68 | 1 |
| 7 | 9 | നെടുമുണ്ടക്കുന്നു | 71 | 269 | 148 | 2 |
| 8 | 10 | മണലോടി | 12 | 47 | 27 | 1 |
| 9 | 11 | വീട്ടിക്കുത്ത് | 12 | 47 | 26 | 1 |
| 10 | 11 | കല്ലേംപാടം | 37 | 149 | 80 | 1 |
| 11 | 13 | മുമ്മുള്ളി | 49 | 185 | 95 | 2 |
| | | (ഐ.എച്ച്.ഡി.പി) | | | | |
| 12 | 13 | ജവഹർ | 105 | 446 | 244 | 1 |

## അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ

| | | | | | | |
|---|---|---|---|---|---|---|
| 1 | 8 | തെക്കും പാടം | 18 | 58 | 7 | 3 |
| 2. | 11 | ചക്കാലക്കുത്ത് | 12 | 40 | 24 | - |
| 3 | 12 | അരുവാക്കോട് | 20 | 68 | 39 | 1 |
| | | ആകെ | 462 | 1337 | 1007 | 16 |

-അവലംബം:-കെ.എസ്.കെ.ടി.യു.,സർവ്വേ96

# പട്ടിക ജാതികോളനികൾ -വിവരങ്ങൾ

| നമ്പർ | കോളനിയുടെ പേര് | വീടിൻെറ സ്വഭാവം | | | റേഷൻ കാർഡിൽ പേരില്ലാവരുടെഎണ്ണം | കക്കൂസ് ഇല്ലാത്ത കുടംബങ്ങൾ | വീട് ഇല്ലാത്ത കുടംബങ്ങൾ |
|---|---|---|---|---|---|---|---|
| | | ഓട് | ഓല | കോൺക്രീറ്റ് | | | |
| 1 | മുതീരി | 12 | 1 | - | 5 | 8 | 8 |
| 2 | കുട്ടിക്കന്ന് | 21 | 1 | - | 2 | 11 | 6 |
| 3 | ഈയ്യംമഠ | 10 | 3 | - | 3 | 10 | 1 |
| 4 | പയ്യംപള്ളി | 8 | 3 | - | 4 | 9 | 2 |
| 5 | പാലേങ്ങര | 13 | - | 1 | 7 | 5 | 5 |
| 6. | രാമംകുത്ത് | 15 | 5 | - | 7 | 18 | 11 |
| 7 | നെടുമുണ്ടക്കുന്ന് | 49 | 9 | 3 | 4 | 38 | 10 |
| 8 | മണലോടി | 10 | - | - | 1 | 3 | 2 |
| 9 | വീട്ടിക്കുത്ത് | 8 | 2 | - | 2 | 5 | 2 |
| 10 | കല്ലേംപാടം | 31 | - | - | 11 | 18 | 6 |
| 11 | മുമ്മുള്ളി | 34 | 4 | - | 4 | 30 | 11 |
| 12 | ജവഹർ | 75 | 15 | - | 10 | 15 | 15 |
| 13 | തെക്കും പാടം | 8 | 5 | - | 4 | 6 | 5 |
| | തെക്കുംപാടം | | | | | | |
| 14 | ചക്കാലക്കുത്ത് | 5 | 3 | - | 2 | 4 | 4 |
| 15 | അരുവാക്കോട് | 10 | 5 | - | 4 | 6 | 5 |
| | ആകെ | 309 | 56 | 4 | 70 | 186 | 93 |

-അവലംബം:-കെ.എസ്.കെ.ടി.യു.,സർവ്വേ96

# സഹകരണം

നിലമ്പൂർ എന്നാൽ ദേവഭൂമി എന്നാണർത്ഥം . കേരളത്തിൻെറ ചരിത്രത്തിൽ നിലമ്പൂരിന് പ്രത്യേകമായൊരു സ്ഥാനമുണ്ട്. ഈ നാടിൻെറ വിഭവ സമൃദ്ധിയും വനസമ്പത്തും പ്രകൃതി ശോഭയും വിദേശികളടക്കം പലരേയും ഈ മണ്ണിലേക്ക് ആകർഷിച്ചിട്ടണ്ട്. ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണത്തിന് മലബാർ പ്രദേശത്ത് ഏറ്റവും കൂടുതൽ വിധേയമായ പ്രദേശമാണ് നിലമ്പൂർ.

ഇന്ന് 9 പഞ്ചായത്തുകളിലായി നിരന്നു കിടക്കുന്ന നിലമ്പൂർ നിയോജക മണ്ഡലത്തിൻെറയും നിലമ്പൂർ താലൂക്കിൻെറയും ആസ്ഥാനമാണ് നിലമ്പൂർ പഞ്ചായത്ത്. 13 വാർഡുകൾ ഉൾക്കൊള്ളുന്ന നിലമ്പൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യ 34,966 ആണ്. കൃഷിയും കച്ചവടവുമാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. നിലമ്പൂർ നിവാസികളിൽ ഭൂരിഭാഗവും കൂലിപണിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്.

ആദ്യകാലത്ത് നെൽകൃഷിയിൽ ഊന്നൽ നൽകിയിരുന്ന ഈ പഞ്ചായത്തിലെ കാർഷിക മേഖല കുടിയേറ്റ കർഷകരുടെ ആഗമനത്തോടുകൂടി കൂടുതൽ സജീവമാവുകയും ഈ മണ്ണിൻെറ ഫലപുഷ്ഠിയും പ്രകൃതിപരമായ അനുഗ്രഹങ്ങളും കൈമുതലാക്കി മറ്റു കാർഷിക വിളകൾക്കുകൂടി പ്രാധാന്യം നൽകികൊണ്ടുള്ള ശാസ്ത്രീയമായ കാർഷിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

അതുപോലെ വനമേഖലയായ നിലമ്പൂർ അന്നും ഇന്നും മരവ്യവസായത്തിൽ പേരുകേട്ട പ്രദേശമാണ്. ഒരുകാലത്ത് നിലമ്പൂർ നിവാസികളുടെ പ്രധാന ജീവിതമാർഗ്ഗങ്ങളിലൊന്ന് മരവ്യവസായത്തിൽ നിന്നു ലഭിക്കുന്ന വരുമാനമായിരുന്നു. പിൽക്കാലത്ത് കച്ചവടം മറ്റു മേഖലകളിലേക്കുകൂടി വ്യാപിക്കുകയും കൃഷിയുൽപന്നങ്ങളുടെയും മലഞ്ചരക്ക് (സുഗന്ധവ്യഞ്ജനങ്ങൾ) വസ്തുക്കളുടേയും ശേഖരണ വിപണന മേഖല പുരോഗതി കൈവരിക്കുകയും ചെയ്തു. സാമ്പത്തികമായ വളർച്ചയോടൊപ്പം തന്നെ വളർന്നുവന്ന പുതിയ ജീവിത വീക്ഷണങ്ങൾക്കനുസരിച്ചുള്ള ജനങ്ങളുടെ ജിവിതാവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ എല്ലാ സാമഗ്രികളും ലഭ്യമാക്കാൻ കഴിയുന്ന സമഗ്രമായ ഒരു കച്ചവട ശൃംഖല തന്നെ നിലമ്പൂരിൽ ഇന്ന് വളർന്നുവന്നിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ടു മേഖലകളിലുമുണ്ടായ ശ്രദ്ധേയമായ നേട്ടങ്ങൾക്ക് വഴി തെളിച്ചത് നിലമ്പൂർ പഞ്ചായത്തിൽ പല കാലങ്ങളിലായി വളർന്നു വന്നിട്ടുള്ള സഹകരണ സ്ഥാപനങ്ങളുടെ സമഗ്രമായ പ്രവർത്ഥരന്ധന ഫലമാണെന്ന വസ്തുത ഒരു നിഷേധിക്കാനാവാത്ത യാഥാർത്ഥ്യമാണ്.

ഒരു കാലത്ത് കാർഷികാവശ്യങ്ങൾക്കും കച്ചവടാവശ്യങ്ങൾക്കും കൊള്ള പലിശക്ക് പണം കടം കൊടുക്കുന്ന വ്യക്തിഗത വായ്പാ സംവിധാനങ്ങളെ ആശ്രയിച്ചിരുന്ന ഈ പ്രദേശത്തെ സാധാരണക്കാരുടെ ജീവിതം കടക്കെണിയിൽ നിന്നും കടക്കെണിയിലേക്കുള്ള പ്രതീക്ഷയറ്റ യാത്രയായിരുന്നു. എന്നാൽ സഹകരണ പ്രസ്ഥാനങ്ങളുടെ വളർച്ചയോടു കൂടി ആ ദുരവസ്ഥയിൽ നിന്ന് ഈ പ്രദേശത്തെ ജനങ്ങൾ മോചിപ്പിക്കപ്പെടുകയും പ്രതീക്ഷാ നിർഭരമായ ഭാവിയെ സ്വപ്നം കണ്ടുകൊണ്ട് ജീവിത പ്രവർത്തനങ്ങൾ കൂടുതൽ ആർജ്ജവത്തോടെ കരുപ്പിടിപ്പിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു.

ഈ പഞ്ചായത്തിലെ ജനജീവിതത്തിൻെറ സമസ്തമേഖലയിലും സഹകരണ പ്രസ്ഥാനങ്ങൾ ഇന്ന് ചെലുത്തിക്കൊണ്ടിരിക്കുന്ന സ്വാധീനം വളരെ നിർണ്ണായകമാണ്. ഈ പഞ്ചായത്തിൻേറതായി ഇന്ന് നാം കാണുന്ന കരുത്തുറ്റ സാമ്പത്തിക അടിത്തറ ഇവിടെ വളർന്നുവന്നിട്ടുള്ള സഹകരണ പ്രസ്ഥാനങ്ങൾ നൽകിയിട്ടുള്ള സംഭാവനയാണ്.

കേരളത്തിൻെറ തന്നെ സഹകരണമേഖലക്ക് മാതൃകയായി വളർന്നു നിൽക്കുന്ന നിലമ്പൂർ സഹകരണ അർബ്ബൻ ബാങ്ക്, ജില്ലയിലെ പ്രമുഖ സഹകരണ ബാങ്കുകളിലൊന്നായ നിലമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ ഇന്ന് ഈ പഞ്ചായത്തിൻെറ സാമ്പത്തിക നാഡീമിടുപ്പുകളെ നിയന്ത്രിക്കുന്ന ശക്തി സ്രോതസ്സുകളാണ്. ഇതിനു പുറമെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ 22 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നത് സബകരണ മേഖലക്ക് ഈ പ്രദേശത്തുണ്ടായ വളർച്ചയുടെ ശുഭദായകമായ സൂചനയാണ്.

## നിലമ്പൂർ പഞ്ചായത്ത് സഹകരണ പ്രസ്ഥാനങ്ങളുടെ ആരംഭ ചരിത്രം

സ്വാതന്ത്ര്യത്തിനു മുമ്പ് തന്നെ സഹകരണ പ്രസ്ഥാനത്തിൻെറ ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കിയവരായിരുന്നു നിലമ്പൂർ ജനത. മാത്രമല്ല പരീക്ഷണാർത്ഥം അക്കാലത്തു തന്നെ സഹകരണ സംഘങ്ങൾ ഈ പ്രദേശത്ത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട് . അപ്രകാരം 1939ൽ നിലമ്പൂർ കോവിലകത്തെ ശ്രീമാൻ മാനവേദൻ തിരുമുൽപ്പാടിൻെറ നേതൃത്വത്തിൽ ആരംഭിച്ച നിലമ്പൂർ ഐക്യനാണയ സംഘമാണ് പിൽക്കാലത്ത് നിലമ്പൂർ സഹകരണ അർബ്ബൻ ബാങ്കായി രൂപം കൊണ്ടത്. അതുപോലെ

തന്നെ 1946ൽ മേജർ കരുണാകരമേനോൻ (ചിന്ന മേനോൻ) മുൻകൈയ്യെടുത്ത് നിലമ്പൂർ റെയിൽവേ സ്റ്റേഷനു സമീപം സ്ഥാപിച്ച നിലമ്പൂർ സഹകരണ മാർക്കറ്റിംഗ് സൊസൈറ്റിയാണ് പിൽക്കാലത്ത് നിലമ്പൂർ സഹകരണ കാർഷിക വിപണന സംസ്കരണ സംഘമായി രൂപം കൊണ്ടത്. ഇപ്രകാരം മലബാർ പ്രദേശത്ത് സഹകരണപ്രസ്ഥാനം സാർവത്രികമാകുന്നതിനു മുമ്പ് തന്നെ നിലമ്പൂരിൽ അതിനുള്ള പ്രാരംഭം കുറിച്ചുവെന്നത് നിലമ്പൂർ നിവാസികൾക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

ഇപ്രകാരം ഇന്ന് വളർന്ന് പന്തലിച്ച് വിപുലമായതും കെട്ടുറപ്പുള്ളതും ആയ സഹകരണ ശൃംഖല ഈ പ്രദേശത്ത് ഉണ്ടെങ്കിലും നിലവിലുള്ള വിപുലമായ സാധ്യതകളെ അടിസ്ഥാനമാക്കി ഈ മേഖലയിൽ നമുക്കിനിയും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനാവും . അതിനുള്ള ക്രിയാത്മകമായ ഒരന്വേഷണമാണ് ഈ വികസന റിപ്പോർട്ട് ലക്ഷ്യം വയ്ക്കുന്നത്.

## നിലമ്പൂർ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ

നിലമ്പൂർ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി വ്യത്യസ്ത ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന 24 സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ട്. അവയുടെ ചരിത്രവും പ്രവർത്തന പദ്ധതികളും ഗുണഫലങ്ങളും താഴെ വിശദമാക്കുന്നു.

### കാർഷിക വായ്പാ സഹകരണ സംഘങ്ങൾ

1. നിലമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്

നിലമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ സ്ത്യുത്യർഹമായ സേവനങ്ങൾ കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്ഥാപനമാണ് നിലമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്.

1967 ൽ 321 മെമ്പർമാരുടെ 500 /- രൂപയുടെ ഓഹരി തുകയുമായി ആരംഭിച്ച ബാങ്ക് ഇന്ന് 5447 മെമ്പർമാരും 27,17,383/- രൂപയുടെ ഓഹരി മൂലധനവും 3,57,85,446രപ നിക്ഷേപവും 3,67,85,344 രുപയുടെ നിൽപുവായ്പയുമായി പ്രസ്തുത സ്ഥപനം നിലമ്പൂർ ചന്തക്കുന്നിൽ പ്രവർത്തിച്ചു വരുന്നു. കാർഷിക വായ്പക്കുപുറമെ സ്വയം തൊഴിലിനുള്ള വായ്പ ഭൂസ്വത്ത് വാങ്ങുവാനുള്ള വായ്പ വീട്ടുപകരണങ്ങൾക്കുള്ള കൺസ്യൂമർ വായ്പ, സ്വർണ്ണ പണ്ടപണയവായ്പ, ചെറുകിട വ്യവസായ-വ്യാപാരങ്ങൾക്കുള്ള വായ്പ, റമ്പർ, കശു വണ്ടി, കൊപ്ര തുടങ്ങിയ നാണ്യവിളകളുടെ സംഭരണവിതരണ സംവിധാനങ്ങൾ തുടങ്ങി വളരെ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടാണ് പ്രസ്തുത സ്ഥാപനം മുൻപോട്ടു പോകുന്നത്.

പൊതു ജനങ്ങളുടെസൗകര്യത്തിനായി പ്രസ്തുത ബാങ്കിന്റെ ഒരു പ്രഭാത സായാഹ്ന ശാഖ നിലമ്പൂർ ചെട്ടിയങ്ങാടിയിൽ പ്രവർത്തിച്ചു വരുന്നു. മാത്രമല്ല നടപ്പ് സാമ്പത്തിക വർഷത്തിൽ കൂടുതൽ വായ്പാ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്രിയാത്മകമായ ഒരു പദ്ധതിക്ക് ബാങ്ക് രൂപം നൽകി വരികയുമാണ്

2. ഏറനാട് താലൂക്ക് സഹകരണ കാർഷിക വികസന ബാങ്ക്

മഞ്ചേരി ആസ്ഥാനമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഏറനാട് കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖ 1986ൽ നിലമ്പൂരിൽ പ്രവർത്തനം ആരംഭിച്ചു. കർഷകർക്ക് ദീർഘകാല കാർഷിക വായ്പകളും, കാർഷികോപകരണങ്ങളും, പമ്പ് സെറ്റ്, ട്രാക്ടർ, മുതലായവ വാങ്ങുന്നതിനുള്ള വായ്പകളും നൽകുന്നതിൽ ഗണ്യമായ സേവനമാണ് പ്രസ്തുത ബാങ്ക് നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്.

പട്ടിക 1

### വായ്പേതര കാർഷിക സഹകരണ സംഘങ്ങൾ

1. മലപ്പുറം ജില്ലാ റബ്ബർ ഗ്രോവേഴ്സ് സഹകരണ സംഘം

നിലമ്പൂർ പഞ്ചായത്തിന്റെ കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന പ്രസ്തുത സംഘം റബ്ബർ കൃഷിയുടെ സമസ്ത മേഖലകളിലും ആസൂത്രിത പരിചരണവും പരിപോഷണവും ഉപകരണ സാമഗ്രികളുടെ വിതരണവും അടക്കമുള്ള മെച്ചപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1966ൽ പ്രവർത്തനം ആരംഭിച്ച സംഘം ഇന്ന് 1787 അംഗങ്ങളും 17 ലക്ഷത്തോളം രൂപയുടെ പ്രവർത്തന മൂലധനവുമുള്ള സംഘമായി വളർന്ന് വലിയ ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു.

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ ഒഴിച്ചുള്ള പ്രദേശങ്ങൾ പ്രവർത്തന പരിധിയായി നിശ്ചയിച്ച് പ്രവർത്തിക്കുന്ന ഈ സംഘം ഒരു റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റ് നിലമ്പൂരിൽ ആരംഭിക്കാനുള്ള പരിപാടിയിലാണിപ്പോൾ. ഈ പദ്ധതി നടപ്പിലായാൽ നിശ്ചിത എണ്ണം ആളുകകൾക്ക് തൊഴിൽ ലഭ്യമാവുകയും ചെയ്യും .

2. നിലമ്പൂർ കാർഷിക വിപണന സംസ്കരണ സഹകരണസംഘം

1946ൽ നിലമ്പൂർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി എന്ന പേരിൽ നിലമ്പൂർ റെയിൽവേ സ്റ്റേഷനു സമീപം മേജർ കരുണാകര മേനോൻ (ചിന്ന മേനോൻ) നേതൃത്വം നൽകി പ്രവർത്തനമാരംഭിച്ച പ്രസ്തുത സംഘം കിഴക്കനേറനാട്ടിലെ കാർഷികോൽപന്നങ്ങളുടെ വിപണന രംഗത്ത്

മികച്ച സേവനം നടത്തിയിരുന്നു. എന്നാൽ കാർഷി കോൽപന്നവിപണനരംഗത്ത് കരിഞ്ചന്തക്കാരുടേയും പൂഴ്ത്തിവെപ്പുകാരുടേയും ആവിർഭാവവും കാർഷികോൽപന്നങ്ങളുടെ ലഭ്യതക്കുറവും സ്വകാര്യ റൈസ് മില്ലുകളുടെ ആവിർഭാവവും ഈ സംഘത്തിൻെറ പ്രവർത്തനത്തെ സാരമായി ബാധിച്ചു.

കേരള പിറവിക്കുസേഷം (1958) ശ്രീ പൂളക്കൽ കുട്ടികൃഷ്ണൻ നായരുമെട നേതൃത്ത്വത്തിൽ കിഴക്കേറനാടിൻെറ കുടിയറ്റ കർഷകരുടെ പ്രധാനപ്പെട്ട കാർഷികോൽപ്പന്നമായ കപ്പ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് മതിയായ സാമ്പത്തിക സംരക്ഷണം നൽകുവാനും വേണ്ടി നിലമ്പൂർ കോ ഓപറേറ്റീവ് ടാപ്പിയോക്ക മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിച്ചു.

കപ്പ സംഭരിച്ചു സ്റ്റാർച്ചാക്കി മാറ്റി അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുകയായിരുന്നു ഈ സംഘത്തിൻെറ പ്രധാന ലക്ഷ്യം. ഇതിനു പുറമെ ബൈപ്രോഡക്റ്റ് ഉപയോഗിച്ച് ഒരു കാലിത്തീറ്റയും ഈ സംഘം ഉൽപാദിപ്പിച്ച് വിതരണം നടത്തിയിരുന്നു.

എന്നാൽ ഇതര സംസ്ഥാനങ്ങളിൽ സ്റ്റാർച്ചിനുണ്ടായ വിലയിടിവും അസംസ്കൃത വസ്തുവായ കപ്പക്കുണ്ടായ ദൗർലഭ്യവും ഈ സംഘത്തിൻെറ തകർച്ചക്ക് ആക്കം കൂട്ടി. മുകളിൽ പറഞ്ഞ ഈ രണ്ട് സംഘങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തി ഈ മേഖലയിലെ കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം 1982 ൽ നിലമ്പൂർ മാർക്കറ്റിംഗ് സൊസൈറ്റിയും ടോപ്പിയോക്ക മാർക്കറ്റിഗ് സൊസൈറ്റിയും സംയോജിപ്പിച്ച് നിലമ്പൂർ സഹകരണ കാർഷിക വിപണന സംസ്കരണ സംഘം എന്ന പേരിൽ ഇന്ന് പ്രവർത്തിക്കുന്ന സംഘത്തിന് രൂപം നൽകി.

റബ്ബർ, അടക്ക, കുരുമുളക്, എന്നിവയുടെ സംഭരണവും റേഷൻ വിതരണവും മാത്രമായിരുന്നു കഴിഞ്ഞ കാലങ്ങളിൽ സംഘത്തിൻെറ പ്രവർത്തനം. എന്നാൽ സംഘത്തിൻെറ സംയോജനത്തിൻെറ ഭാഗമായി വന്ന ഭീമമായ ബാധ്യത കാരണം സംഘം ഇന്ന് മേൽകാര്യങ്ങൾ കൂടി നിർവ്വഹിക്കുവാൻ കഴിയാത്ത സ്ഥിതിയിലാണ് ഉള്ളത്. ഇന്ന് സംഘത്തിനി കീഴിൽ 8 റേഷൻ ഷാപ്പുകളും 35 എച്ച്.പി. ഉള്ള ഒരു റൈസ് മില്ലുമാണ് ഉള്ളത്. സംയോജിപ്പിച്ച ടേപ്പിയാക്കോ സഹകരണ സംഘത്തിൻെറ സ്ഥലം വിറ്റ് ബാദ്ധ്യതകൾ തീർത്ത് പ്രവർത്തനം മെച്ചപെപടുത്തുവാനുമുള്ളശമത്തിലാണിപ്പോഴത്തെ ഭരണ സമിതി.

തേങ്ങ സംഭരിച്ച് വെളിച്ചെണ്ണയാക്കി വിതരണം ചെയ്യുക, തൊണ്ടുപയോഗിച്ച് ഫൈബർ ഉൽപാദിപ്പിക്കകുന്ന യൂണിറ്റ് സ്ഥാപിക്കുക, അടക്ക സംഭരിച്ച് വിപണനം നടത്തുക എന്നീ പദ്ധതികൾക്കാണ് സംഘം ഇപ്പോൾ രൂപം നൽകിക്കൊണ്ടിരിക്കുന്നത്.

3. കേരളാ സ്റ്റേ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (നിലമ്പൂർ ബ്രാഞ്ച്)

കേരളാ സ്റ്റേറ്റ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻെറ ഒരു ബ്രാഞ്ച് നിലമ്പൂരിൽ പ്രവർത്തിക്കുന്നു. റബ്ബറിൻെറ സംഭരണത്തിലും വിപണനത്തിലും ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത സംഘം ഈ മേഖലയിലെ റബ്ബർ കർഷകർക്ക് വലിയ ഒരു ആശ്വാസമാണ്

പട്ടിക രണ്ട്

## കാർഷികേതര വായപാ സംഘങ്ങൾ

1. നിലമ്പൂര് കോ ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക്

നിലമ്പൂർ -വണ്ടൂർ വികസന ബേ്ളാക്ക് പ്രവർത്തന പരിധിയായി 1939 ൽ ശ്രീ. റ്റി,. എൻ. മാനവേദൻ തിരുമുൽപ്പാടിൻെറ നേതൃത്വത്തിൽ നിലമ്പൂർ ആസ്ഥാനമായി ഐക്യ നാണയ സംഘമെന്ന പേരില പ്രവർത്തനമാരംഭിച്ച നിലമ്പൂർ കോ ഓപ്പറേറ്റീവ് അർബ്ബ.ൻ ബാങ്ക് ഇന്ന് കേരളത്തിലെ അർബ്ബൻ ബാങ്കുകളിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നു. 17 പഞ്ചായത്തുകളിൽ സേവനം നടത്തുന്ന ഈ ബാങ്ക് അതിൻെറ പ്രവർത്തനത്തിൽ ഗണ്യമായ സേവനം ഈ പഞ്ചായത്തിലെ കാർഷികേതര വായ്പാ രംഗത്ത് നടത്തി വരുന്നു.

വിദേശത്തു ജോലി നോക്കുന്ന ഇന്ത്യക്കാർക്ക് നോൺ റസിഡൻെറ് അക്കൗണ്ട് തുടങ്ങുന്നതിുള്ള് ആർ.ബി.ഐ യുടെ അനുമതി ലഭിച്ച ഈ ബാങ്കിന് 8 ബ്രാഞ്ചുകൾ ഇന്ന് നിലവിലുണ്ട്.

2. ക്രഡിറ്റ് മേഖലയിലെ മറ്റ് സംഘങ്ങളും ബ്രാഞ്ചുകളും

നിലമ്പൂരിലെ സഹകരണ ജീവനക്കാർക്കു വേണ്ടി 1986 ൽ പരേതനായ ശ്രീ. കെ.പി. രാഘവൻനായർ പ്രഥമ പ്രസിഡൻറ് ആയി രൂപീകരിച്ച് നിലമ്പൂർ കോ ഓപ്പറേറ്റീവ് എംപേ്ളായീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. നിലമ്പൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ജീവനക്കാർക്ക് ആവശ്യമായ സാമ്പത്തിക വായ്പ നൽകുക, ഗൃഹോപകരണങ്ങൾ തവണ വ്യവസ്ഥകളിൽ നൽകുക തുടങ്ങിയ സേവന പ്രവർത്തനങ്ങൾ പ്രസ്തുത സംഘം നടത്തി വരുന്നു.

3. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് (ബ്രാഞ്ച്)

മലപ്പുറം ജില്ലാ സംകരണ ബാങ്കിൻെറ ഒരു ശാഖ നിലമ്പൂരിൽ പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും നേരിട്ടും പ്രസ്തുത ബാങ്ക് വിവിധ ആവശ്യങ്ങൾക്കുള്ള വായ്പകൾ ലഭ്യമാക്കുന്നു.

## ഭവന നിർമ്മാണ വായ്പാ സംഘങ്ങൾ

1. നിലമ്പൂർ റൂറൽ ഹൗസിംഗ് സഹകരണ സംഘം.

നിലമ്പൂർ ചന്തക്കുന്നിൽ വണ്ടൂർ നിലമ്പൂർ എൻ.ഇ.എസ്. ബ്ലോക്ക് പ്രവർത്തന പരിധിയായി നിശ്ചയിച്ച് ആരംഭിച്ച നിലമ്പൂർ റൂറൽ ഹൗസിംഗ് സഹകരണ സംഘമാണ് നിലമ്പൂർ പഞ്ചായത്തിലെ നിലവിലുള്ള ഏക ഭവന നിർമ്മാണ വായ്പാ സഹകരണ സംഘം. 88 പേർക്ക് മുക്കാൽ കോടിയോളം രൂപ ഭവന നിർമ്മാണ വായ്പാ ഇനത്തിൽ നിലമ്പൂർ പഞ്ചായത്തിൽ മാത്രം ഈ സംഘം ഇതിനകം നൽകിയിട്ടുണ്ട്. ആവശ്യത്തിന് ഫണ്ട് അനുവദിച്ചു കിട്ടാത്തതും സർക്കാർ ജീവനക്കാർക്കുള്ള സബ്സിഡി നിർത്തലാക്കിയതും ഈ സംഘത്തിൻെറ വായ്പാ വിതരണത്തിന് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ആയതിനാൽ സർക്കാരിമെൻെറ ഭാഗത്തു നിന്നും ഹൗസിങ്ങ് ഫെഡറേഷൻെറ ഭാഗത്തതുനിന്നും അനുകൂലമായ സഹകരണം ഈ സ്ഥാപനത്തിൻെറ സുഗമമായ പ്രവർത്തനത്തിന് ഇന്ന് ആവശ്യമായി വന്നിട്ടുണ്ട്.

## കൺസ്യൂമർ മേഖലയിലെ സഹകരണ സംഘങ്ങൾ

1. നിലമ്പൂർ എംപേ്ളായീസ് കോ ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ

കൺസ്യുമർ മേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ പ്രവർത്തിച്ചിരുന്ന നിലമ്പൂർ കോ ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൻെറ പതനത്തിനു ശേഷം 1989 ൽ നിലമ്പൂരിൻെറ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ ഉൾപ്പെടുത്തി രൂപം കൊണ്ട നിലമ്പൂർ എംപേ്ളായീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ഈ രംഗത്ത് ഇന്ന് മികച്ച പ്രവർത്തനം നടത്തി വരുന്നു. 2 ലക്ഷം രൂപ പ്രവർത്തന മൂലധനമുള്ള ഈ സംഘം ഇന്ന് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 3 ജീവനക്കാരുള്ള ഈ സംഘത്തിൽ 80 ാം വകുപ്പു ബാധകമാക്കിയിട്ടുണ്ട്. പടക്ക വ്യാപാരത്തിനു് ഈ സ്റ്റോറിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പട്ടിക

## സ്കൂൾ സഹകരണ സംഘങ്ങൾ

നിലമ്പൂർ ഗവ. മാനവേദൻ സ്കൂൾ കേന്ദ്രമാക്കിയും നിലമ്പൂർ ഗവ: യു.പി സ്കൂൾ കേന്ദ്രമാക്കിയും ഈ പഞ്ചായത്തിൽ 2 സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു,

വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളുടേയും പാഠപുസ്തകങ്ങളുടേയും വിതരണമാണ് ഈ സംഘത്തങ്ങളുടെ ലക്ഷ്യം . ഈ രംഗത്ത് തൃപ്തികരമായ രീതിയിൽ 2 സംഘങ്ങളും പ്രവർത്തിച്ചു വരുന്നു.

## പട്ടിക ജാതി- പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ

1. നിലമ്പൂർ ജവഹർ ഹരിജൻ കോളനി സർവ്വീസ് സഹകരണ സംഘം

1975ൽ സ്ഥാപിതമായ നിലമ്പൂർ ചന്തക്കുന്നിലെ ജവഹർ കോളനിയിലെ 75 കുടുംബങ്ങളുടെ, സർവ്വതോൻമുഖമായ ഉന്നതി ലക്ഷ്യം വച്ചു കൊണ്ട് രൂപീകൃതമായ നിലമ്പൂർ ജവഹർ ഹരിജന കോളനി സർവ്വീസ് സഹകരണ സംഘം സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചു വരുന്നു.

കോളനി നിവസികൾക്കു വേണ്ടി സംഘം കോളനി സ്ഥലത്ത് തെങ്ങ് , റബ്ബർ കൃഷിക്ക് നേതൃത്വം നൽകി വരുന്നു.

2. കൽക്കുളം സർവ്വീസ് സഹകരണ സംഘം

ഗിരിജനങ്ങളുടെ ക്ഷേമം മുൻനിർത്തി രൂപം കൊണ്ട കൽക്കുളം സർവ്വീസ് സഹകരണ സംഘത്തിൻെറ ഓഫീസ് നിലമ്പൂരിൽ പ്രവർത്തിക്കുന്നുണ്ടങ്കിലും ഇതിൻെറ ഗുണഭോക്താക്കൾ അധികവും മറ്റു പഞ്ചായത്തുകളിൽ താമസിച്ചു വരുന്നവരാണ്.

## വ്യവസായ സഹകരണ സംഘങ്ങൾ.

1. നിലമ്പൂർ ഹാൻറി ക്രാഫ്റ്റ് സ് കോട്ടേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘം

17.7.1983 ൽ പ്രസ്തുത സ്ഥാപനം പ്രവർത്തനമാരംഭിച്ചു. അഭ്യസ്തവിദ്യരായ വനിതകകൾക്ക് തൊഴിൽ നൽകുക എന്നതായിരുന്നു സംഘത്തിൻെറ മുഖ്യ ലക്ഷ്യം. പുൽപായ നിർമ്മാണമായിരുന്നു പ്രധാന പ്രവർത്തനം. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവും വിപണി കണ്ടെത്താനുള്ള വിഷമവും ഈ സംഘത്തിൻെറ പ്രവർത്തനം ക്ഷയിപ്പിച്ചു.

2. കെ. വാസു മെമ്മോറിയൽ വനിതാ ഗാർമെൻറ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം.

ഈ സംഘം 1992 ൽ നിലമ്പൂർ പഞ്ചായത്തുൾപ്പെട്ട 3 പഞ്ചായത്തുകളുടെ പ്രവർത്തന പരിധിയായി ആരംഭിച്ചു. വനിതകളുടെ തൊഴിൽ പ്രശ്ന പരിഹാരമായിരുന്നു മുഖ്യ ലക്ഷ്യം. ഇവിടെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം നടത്തി വന്നിരുന്നു. കൂടാതെ വനിതകൾക്ക് കൈത്തൊഴിലിൽ ആവശ്യമായ പരിശീലനം സൗജന്യമായി നൽകി വരുന്നു. 21 പട്ടിക ജാതി വനിതകൾ ഇതിൽ പ്രവർത്തിക്കുന്നുണ്ട്. റിബേറ്റ് അടിസ്ഥാനത്തിൽ തുണിയും വിൽപനക്കുള്ള സംവിധാനങ്ങളും ലഭ്യമായാൽ ഈ സംഘത്തിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമാകും .

3. മറ്റ് വ്യവസായ സംഘങ്ങളുടെ ബ്രാഞ്ചുകൾ

വ്യവസായ സഹകരണ രംഗത്ത് പന്തലായനി

നെയ്ത്തുകാരുടെ സഹകരണ സംഘത്തിൻെറ ഒരു വിൽപന ഡിപ്പോയും ഹാൻെറക്സിൻെറ ഒരു വിൽപന ശാഖയും റെയിഡ്കോയുടെ ഒരു വിൽപന കേന്ദ്രവും ഖാദി ഗ്രാമോദ്യോഗ് ഭവൻെറ ഒരു വിൽപന ഡിപ്പോയും നിലമ്പൂരിൽ പ്രവർത്തിച്ചു വരുന്നു.

നിലമ്പൂർ പഞ്ചായത്തിലെ സഹകരണ രംഗം കൂടുതൽ സജിവമാക്കുവാനും സമഗ്രമായ നവീന പദ്ധതികളിലൂടെ ജനജീവിതത്തിൻെറ എല്ലാ തുറകളിലും പുരോഗതിയുടെ വെളിച്ചമെത്തിക്കുവാനും സഹായകരമായേക്കാവുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

നിർദ്ദേശങ്ങൾ:

1. ജില്ലാ സഹകരണ ബാങ്ക് നേരിട്ട് നൽകുന്ന കാർഷിക ഇതര വായ്പകൾ പഞ്ചായത്തിനുള്ള പ്രാഥമിക സംഘങ്ങൾ വഴി വിതരണം ചെയ്യാവുന്നതാണ്. അതിലൂടെ സാങ്കേതികമായുണ്ടാകുന്ന കാല താമസം ഒഴിവാക്കി അംഗങ്ങൾക്ക് വായ്പ നൽകുവാനാകും . മാത്രമല്ല ഇപ്രകാരമായാൽ പ്രാഥമിക സംഘങ്ങൾക്ക് കൂടുതൽ കരുത്തുറ്റ പ്രവർത്തനം പ്രദാനം ചെയ്യാനാവുകയും ചെയ്യും.

2. പഴം, പച്ചക്കറി, മറ്റ് കാർഷിക വിഭവങ്ങൾ എന്നിവയുടെ സംഭരണവും വിതരണവും ചെയ്യുവാനാകുന്ന വിധത്തിലുള്ള ഒരു സഹകരണ പ്രസ്ഥാനം ആരംഭിക്കാവുന്നതാണ്. കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനും ആവശ്യക്കാർക്ക് മിതമായ വിലക്ക് അവ നൽകുവാനും ഈ സ്ഥാപനത്തിലൂടെ സാധിക്കുന്നതാണ്.

3. ഒരു കോഴി വളർത്തൽ സഹകരണ സംഘം പഞ്ചായത്തു തലത്തിൽ രൂപീകരിക്കാവുന്നതാണ്. നിലവിൽ ഇറച്ചിക്കോഴി വളർത്തലിൻെറ അടിസ്ഥാന വിഭവമായ കോഴി കുഞ്ഞുങ്ങളെ ലഭിക്കുവാൻ തമിഴ് നാടിനെയാണ് നാം മുഖ്യമായും ആശ്രയിക്കുന്നത്. ഈ ഇനത്തിൽ ലക്ഷക്കണക്കിനു രൂപ പ്രതിവർഷം നമ്മുടെ നാടിൽ നിന്ന് പ്രതി വർഷം അന്യസംസ്ഥാളിലേക്ക് പോയിക്കൊണ്ടികരിക്കുകയാണ്. മാത്രമല്ല അന്യായമായ വിലക്കാണ് കോഴി കുഞ്ഞുങ്ങളെ തമിഴ്നാട്ടിലെ ഏജൻസികൾ നമ്മുടെ നാട്ടിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

ഈ മേഖലയിൽ നമുക്ക് സ്വാശ്രയത്വം ഉണ്ടാക്കാനുതകുന്ന വിധത്തിലുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകാവുന്നതാണ്.

4. പുഷ്പ്പകൃഷിക്ക് ദേശീയ തലത്തിൽ വളരെ അധികം പ്രാധാന്യമുണ്ടായിക്കൊണ്ടിരിക്കുന്ന കാലമാണിത്. ഓർക്കിഡ്-ആന്തൂറിയം തുടങ്ങിയ വിലപിടിപ്പുള്ള പുഷ്പങ്ങൾ ഇന്ന് സാധാരണക്കാരുടെ പോലും ആഘോഷവേളകളിൽ ഗണ്യമുായ സ്ഥാനം നേടിയിട്ടുണ്ട് . മാത്രമല്ല ദേശീയ വിപണിയിലും അന്തർദേശീയ വിപണിയിലും പ്രസ്തുത പുഷ്പങ്ങൾക്ക് നല്ല മാർക്കറ്റ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഓർക്കിഡ് ആന്തൂറിയം തുടങ്ങിയ ഇനത്തിൽ പെട്ട ചെടികൾക്ക് വളരുവാനും പുഷ്പിക്കാനും പറ്റിയ കാലാവസ്ഥയാണ് നമ്മുടെ പ്രദേശത്തിൻേറതെന്ന് പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടതാണ്. മാത്രമല്ല ഈ രംഗത്ത് താൽപര്യമുള്ള വ്യക്തികളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചു വരുന്നുണ്ട്. ആയതിനാൽ സഹകരണ അടിസ്ഥാനത്തിൽ പുഷ്പകൃഷി പരിപോഷിപ്പിക്കുവാൻ ഉതകുനന വിധത്തിലുള്ള വായ്പാ പദ്ധതികളു വിത്തും തൈകളും സംഭരിച്ച് വിതരണം ചെയ്യുന്നതിനും പൂക്കൾ ശേഖരിക്കുന്നതിനും അവക്കുള്ള വിപണി കമെണ്ടത്തുന്നതിനും സഹായകരമാകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഒരു സഹകരണ പ്രസ്ഥാനം ആരംഭിക്കാവുന്നതാണ് .

5. സഹകരണ മേഖലയിൽ ഒരു പ്രിൻറിംഗും പ്രസ്സും അതിനോടനുബന്ധിച്ച് ഒരു നോട്ടുബുക്ക് യൂണിറ്റും ആരംഭിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളുടേയും സഹകരണം ഇക്കാര്യത്തിൽ ലഭ്യമാക്കുവാൻ സാധിച്ചാൽ ഈ സംരംഭം വിജയിപ്പിക്കുവാൻ സാധിക്കും.

6, സഹകരണ മേഖലയിൽ ഒരു ആയുർവ്വേദ ആശുപത്രിയും അലോപ്പതി ആശുപത്രിയും ആരംഭിക്കാവുന്നതാണ്.

7. റബ്ബർ, നാളികേരം എന്നിവ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുവാൻ കഴിയുന്ന വിധത്തിലുള്ള യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നിലമ്പൂർ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സൊസൈറ്റി കേന്ദ്രമാക്കി ആരംഭിക്കാവുന്നതാണ്. ഇപ്രകാരമായാൽ സാമ്പത്തിക തകർച്ചയിൽ നിന്നും ഈ സ്ഥാപനത്തെ രക്ഷപ്പെടുത്താനാവുമെന്ന് മാത്രമല്ല നിലവിലുള്ള മുഴുവൻ സ്വാകര്യങ്ങളും ഇതിനായി ഉപയോഗിക്കവുന്നതാണ്. അതിലുപരി സംസ്ഥാന സർക്കാരിൻെറ സാമ്പത്തിക സഹായങ്ങളും വായ്പകളും ഇതിലേക്കായി ലഭ്യമാക്കുവാൻ ശ്രമിക്കുകയുമാകാം.

8. ഹ്രസ്വകാല കാർഷിക വായ്പക്ക് വായ്പ തിരിച്ചടക്കുന്ന സമയത്ത് നൽകി പോന്നിരുന്ന സബ്സിഡി സമ്പ്രദായം പുനഃസ്ഥാപിക്കുകയും നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യുക.

9. പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ബാധകമാക്കിയ ക്രഡിറ്റ് ലിമിറ്റ് സമ്പ്രദായം ജില്ലാ ബാങ്കും നബാഡും പുന:പരിശോധിക്കുക.

10 സ്രഹകരണ സംഘങ്ങളിൽ നിന്നുള്ള വായ്പകൾക്ക് നിലവിലുള്ള ബോണ്ട് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുക.

11. നിലമ്പൂർ റൂറൽ ഹൗസിംഗ് സഹകരണ

സംഘത്തിൻെറ കീഴിൽ ഭവനനിർമ്മാണ സാമഗ്രികൾ ലഭ്യമാകുന്ന ഒരു വിർപ്പന ശാല തുറന്ന് പ്രവർത്തനമാരംഭിക്കുക.

12.നിലമ്പൂർ പഞ്ചായത്തിൽ ഒരു ക്ഷീരോൽപ്പാദന സഹകരണസംഘം സഥാപിക്കുക. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ആവശ്യാനുസരണം കളക്റ്റിങ്ങ് സെൻററുകളും സ്ഥാപിക്കുക. മുൻപ് നിലമ്പൂർ കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘം പുനുരുജ്ജീവിപ്പിച്ച് ഈ ലക്ഷ്യം നേടാവുന്നതാണ്. മാത്രമല്ല ഈ സംഘത്തിൻെറ കീഴിൽ ഒരു കാലിത്തീറ്റ സെൻററുംസ്ഥാപിക്കുക.

13.നിലമ്പൂർ കേന്ദ്രമാക്കി കോ- ഓപ്പ്റേറ്റീവ് ട്രെയിനിങ് കേളേജ് (ജെ.ഡി.സി- എച്ച്.ഡിസി കോഴ്സുകൾ) ആരംഭിക്കാവുന്നതാണ്.

14സഹകരണമേഖലയിൽ നിലമ്പൂർ പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ആർട്സ് & സയിൻസ് കോളേജും, ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും (കമ്പ്യൂട്ടർ ഇലക്ട്രേണിക്സ് കോഴ്സുകൾ) ആരഭിക്കാവുന്നതാണ്

15.സഹകരണ മേഖലയിൽ അനുദിനമ ുണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ. പ്രവണതകളെപ്പറ്റി പൊതുജനങ്ങളെബോധവാൻമാരാക്കുന്നതിനും, ജനക്ഷേമകരമായ പുതിയ പദ്ധതികൾക്ക് രൂപം നൽകി സഹകരണ മേഖലയെ കൂടുതൽ കിയാത്മകമാക്കുന്നതിനുള്ള നിർദ്ദേശങ്ങളും, സഹായങ്ങളും നൽകുന്നതിനുമായി ഈ മേഖയിലെ വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്.

ഇപ്രകാരം നിലമ്പൂർ പഞ്ചായത്തിലെ സഹകരണ മേഖല പരിശോധിക്കുമ്പോൾ നാം വളരെയേറെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചുട്ടുണ്ടെന്ന് കാണാവുന്നതാണ്. എങ്കിലും മാറിവരുന്ന ജീവിത സാഹചര്യങ്ങൾക്കും സാമൂഹ്യ ചുറ്റുപാടുകൾക്കുമനുസരിച്ച് ജനജീവിതം കൂടതൽ സുഗമവും സംതൃപ്ത പൂർണ്ണവുമാക്കുവാൻ സഹകരണ മേഖലയെ കൂടുതൽ കരുത്തോടും കരുതലൊടും കൂടി വളർത്തിക്കൊണ്ടുവരേണ്ടത് അത്യാവശ്യമാണ് ആലക്ഷ്യത്തിലേക്ക് നമുക്ക് ഒന്നിച്ചു മുന്നേറാം.

കാർഷിക വികസന സഹകരണസംഘങ്ങൾ

പട്ടിക -1

| നമ്പർ | പേര് | ജീവനക്കാർ | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | ഓഹരി | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ലാഭം | നഷ്ടം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | ഇതരം | | | |
| 1 | നിലമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് | 22 | 7.12.1967 | നിലമ്പൂർ പഞ്ചായത്ത് | 2717383 | 11629119 | 35785446 | 11165531 | 25619863 | 49063848 | 187742 | |
| 2 | ഏറനാട് കാർഷിക വികസന ബാങ്ക് | 14 | 1986 | നിലമ്പൂർ, ഏറനാട് താലൂക്കുകൾ | | | | | | | | |

വായ്പേതര കാർഷിക സഹകരണസംഘങ്ങൾ

പട്ടിക -2

| നമ്പർ | പേര് | വർഷം | മൂലധനം | പ്രവർത്തന മൂലധനം | കടം | വിൽപ്പന | ലാഭം | നഷ്ടം | ജീവനക്കാർ | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| 1 | നിലമ്പൂർ സഹകരണ കാർഷിക വിപണന സംസ്കരണ സംഘം | 1-10-1982 | 4,57,000 | 17,54,310 | 11,8,821 | 83,18,208 | - | 28,63,465 | 3 | - |
| 2 | മലപ്പുറംജില്ലാ റബ്ബർ ഗ്രോവേഴ്സ് സഹകരണസംഘം | 31-11966 | - | 16,85659 | | - | 599896 | - | 9 | |

| ക്രമ നമ്പർ | പേര് | തുടങ്ങിയ തീയതി | മൂല ധനം | പ്രവർത്തന മൂലധനം | നിക്ഷേപം | കടം | ലാഭം | നഷ്ടം | വായ്പകൾ | ജീവനക്കാർ | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | നിലമ്പൂർ ഹൗസിങ്ങ് സഹകരണ സംഘം | 10-10-1975 | 1831840 | 1656410 | 289750 | 1 .കോടി 32 ലക്ഷം | — | 280363.84 | 1 .കോടി 89 ലക്ഷം | 4 | — |

ഭവന നിർമ്മാണ സഹകരണസംഘങ്ങൾ

പട്ടിക -4

| നമ്പർ | പേര് | ജീവനക്കാർ | പ്രവർത്തനം ആരംഭിച്ച വർഷം | മൂല ധനം | പ്രവർത്തന മൂല ധനം | കടം | നിക്ഷേപം | ലാഭം | നഷ്ടം | വായ്പകൾ | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | നിലമ്പൂർ സഹകരണ അർബ്ബൻ ബാങ്ക് | 72 | 1939 | 32 ലക്ഷം | 1703 ലക്ഷം | - | 1648 ലക്ഷം | 42 ലക്ഷം | | 1222 ലക്ഷം | 8 ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു NRI,NRE അൗക്കണ്ടുകൾ |
| 2 | നിലമ്പൂർ സഹകരണ എംപ്ലോയിസ് | | 15-6-86 | ,1,01800 | 4,89,561 | | | 2805 | | 470200 | |

കൺസ്യൂമർ മേഖലയിലെ സഹകരണ സംഘങ്ങൾ

പട്ടിക -5

| നമ്പർ | പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | മൂല ധനം | പ്രവർ: മൂലധനം | ഇടപാടുകൾ | ലാഭം | നഷ്ടം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|
| 1 | നിലമ്പൂർ എംപ്ലോയീസ് കൺസ്യൂമർ സ്റ്റോര | 31-8-1989 | 5 പഞ്ചായത്തുകൾ | 647 | 103948 | 2 ലക്ഷം | 30 ലക്ഷം | 31678 | — | 3 |

# വിഭവസമാഹരണം

ചരിത്രത്തിൻെറ ഇന്നലെകളിൽ വിഭവ സമ്പന്നമായ നലിമ്പൂർ കാടുകൾ തേടി പാശ്ചാത്യർ എത്തിയത് ഓർമ്മയുടെ ഭാഗമായി കഴിഞ്ഞിരിക്കുന്നു അന്നാളുകളിൽ കടൽകടന്നു പോയത് നമ്മുടെ തേക്കുകൾ, ഈട്ടികൾ, വനോൽപ്പന്നങ്ങൾ നാണ്യവിളകൾ എത്രയെത്ര!!. കുടിയേറ്റത്തിൻെറ ദശകങ്ങളിൽ നിലമ്പൂരിൻെറ കരിമണ്ണുതേടിയെത്തിയവർ മുന്നിൽ കണ്ടതും ഇവിടുത്തെ വിഭവസമൃദ്ധിതന്നെ. ഇന്നും നിലമ്പൂർഗ്രാമപഞ്ചായത്ത് വിഭവങ്ങളുടെ കാര്യത്തിൽ ഏതർത്ഥത്തിലും സമ്പന്നമാണ്. മുന്നുഭാഗങ്ങളും പുഴകളാൽ ചുറ്റപ്പെട്ട് 13 വാർഡുകളിലായി പരന്നുകിടക്കുന്ന ഈ പഞ്ചായത്തിലെ വിഭവ സമ്പത്തിനെക്കുറിച്ച് യാഥാർത്ഥ്യ ബോധത്തോടെ നടത്തിയ അവലോകനമാണ് ഈ റിപ്പോർട്ട്.

## പ്രധാന വരുമാന സ്രോതസ്സുകൾ

കുടിലുകളും കൊട്ടാരങ്ങളും കൊട്ടാരസദൃശമായ മണിസൗധങ്ങളുംഷോപ്പിങ്ങ്കോംപ്ളക്സുകളും നിരന്നുകിടക്കുന്ന ഇവിടെ കെട്ടിട നികുതി പ്രധാന വരുമാന മാർഗ്ഗമാണ്. വിനോദ നികുതി തൊഴിൽ നികുതി ലൈസൻസ് ഫീസ്, വാടക, പാട്ടം തുടങ്ങിയവയാണ് മറ്റുവരുമാന സ്രോതസ്സുകൾ

കഴിഞ്ഞ നാലുവർഷത്തെ തനതുവരുമാനം -ചെലവ്

പട്ടിക 1 (ലക്ഷത്തിൽ)

| | ഇനം | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 3.72 | 5.14 | 5.61 | 4.93 |
| 2 | തൊഴിൽ നികുതി | 4.27 | 3.58 | 4.37 | 2.43 |
| 3 | വിനോദ നികുതി | 8.15 | 13.20 | 17.96 | 22.90 |
| 4 | വാടക | 5.88 | 4.92 | 5.62 | 5.52 |
| 5 | ലൈസൻസ് ഫീ | 0.08 | 0.07 | 0.06 | 0.06 |
| 6 | പാട്ടം 102 രൂപവീതം പ്രതിവർഷം | | | | |

| | ഇനം | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1 | ഭരണചിലവ് | 6.23 | 8.56 | 9.35 | 10.48 |
| 2 | പൊതുമരാമത്ത | 7.90 | 11.71 | 17.11 | 38.98 |
| 3 | മറ്റുജോലികൾ | 4.44 | 17.0 | 0.86 | 11.71 |

പട്ടിക 2

കെട്ടിടങ്ങളുടെ എണ്ണം 93-94 വർഷത്തിൽ 9206 ആണെങ്കിൽ 95 -96ൽ 9577 ആയി വർദ്ധിച്ചിട്ടുണ്ട്.എന്നാൽ ഇതിനാനുപാതികമായ നികുതി വർദ്ധനവുണ്ടായില്ല. കെട്ടിട

നികുതിയിനത്തിലെ പരിഷ്കരണം മൂലമുള്ള വർദ്ധനവുകൂടി കണക്കിലെടുത്താൽ ഈ ഇനത്തിൽ വിഭവശോഷണം സംഭവിച്ചിട്ടുണ്ട് എന്നത് വ്യക്തമാകുന്നു. തനതുവർഷത്തെ നികുതികൾ പൂർണ്ണമായും തന്നാണ്ടിൽ തന്നെ പിരിച്ചെടുത്ത് പഞ്ചായത്തിൻെറ വിഭവം വർദ്ധിപ്പിക്കേണ്ടതാണ്. തൊഴിൽ നികുതിയുടെ അവസ്ഥയും മേൽ പറഞ്ഞതു പോലെയാണ്. നാണ്യ വിളകളടക്കമുള്ള കാർഷിക മേഖല, വനംവകുപ്പിൻെറനിരവധി ഓഫീസുകൾ, ഗവേഷണ സ്ഥാപനം, ടൂറിസ്റ്റുകേന്ദ്രങ്ങൾ , താലൂക്കാസ്ഥാനമെന്ന നിലയിലുള്ള സർക്കാർ സ്ഥാപനങ്ങൾ, മൂന്ന് ഹൈസ്കൂളുകളടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താലൂക്കാശുപത്രി, പതിനേഴോളം ധനകാര്യ സ്ഥാപനങ്ങൾ, ഒരു പബ്ളിക്ക് സ്കൂളടക്കം ഒമ്പത് ഇംഗ്ളീഷ് മീഡിയം സ്കൂളുകൾ എന്നിവയും, ഇവിടെ ജോലി ചെയ്യുന്നവരും ഈ പഞ്ചായത്തിലെ തൊഴിൽ നികുതി ദാതാക്കളാണ്.

തൊഴിൽ നികുതി

തൊഴിൽ നികുതി പരിധിയിൽ ഇപ്പോൾ വരന്നത് സ്ഥിരവരുമാനക്കാരായശമ്പളക്കാർ,പ്രധാനപ്പെട്ട സ്ഥാപനങ്ങൾ, ഏതാനും വ്യാപാര സ്ഥാപനങ്ങൾ എന്നിവരാണ്. സ്വയം തൊഴിലിലേർപ്പെട്ടിരിക്കുന്നവർ, മുഴുവൻ വ്യാപാര സ്ഥാപനങ്ങൾ, ഹോട്ടലുകൾ, സ്വകാര്യ ആശുപത്രികൾ, ക്ളിനിക്കുകൾ , ലാബുകൾ, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എസ്.ടി.ഡി .ബൂത്തുകാർ,ട്രാവൽ ഏജൻസികൾ,ചരിറ്റബിൾ സൊസൈറ്റികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം കണ്ടെത്തുകയും നാമമാത്രമായെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഇവരെ കൂടി പഞ്ചായത്തിൻെറ വികസന പ്രക്രിയയിൽ ഭാഗഭാക്കാക്കേണ്ടതുമാണ്.

വിനോദനികുതി

പഞ്ചായത്തിലെ നാലു സിനിമാ തീയേറ്ററുകളും റിലീസിങ്ങ് കേന്ദ്രങ്ങളായതിനാൽ ടിക്കറ്റു വിൽപനയുടെ തോതനുസരിച്ചും ടിക്കറ്റു വിലവർദ്ധനവിൻെറ തോതനുസരിച്ചും ഈ മേഖലയിൽ നിന്നുള്ള വിനോദ നികുതി പിരിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.ഇക്കാര്യത്തിൽ പഞ്ചായത്ത്ഭരണസമിതിയിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സിനിമാശാലകളിലെ ടിക്കറ്റ് വിൽപ്പനശാലകളിൽ ചെന്ന് യഥാകാലങ്ങളിൽ പരിശോധിക്കേണ്ടതാണ്.

പാട്ടം

കിഴക്കനേറനാട്ടിലെ ഏറ്റവും വലിയ ഉത്സവങ്ങളിലൊന്നായ നിലമ്പൂർ പാട്ടിനോടനുബന്ധിച്ച് നടത്തുന്ന സ്റ്റാളുകളിൽ നിന്നുള്ള പാട്ടം പിരിക്കുന്നതിൽ ഇടനിലക്കാരെ ഒഴിവാക്കി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തധീനതയിലെ പുറംപോക്ക് ഭൂമിയുടെ പാട്ട വരുമാനം നാമമാത്രമാണ്. ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ടതടക്കം പഞ്ചായത്തധീനതയിലുള്ള പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി ഉചിതമായ ആവശ്യത്തിന് ന്യായമായ പാട്ടത്തിന് കൊടുത്ത് വിഭവസമാഹരണം നടത്താം.

ലൈസൻസ് ഫീസ് - ഫീസ്

'വ്യാപാരാദി സ്ഥാപന്നങ്ങളും എണ്ണത്തിൽ ഗണനീയ വർദ്ധനവ് ഉണ്ടായിട്ടും ലൈസൻസ് ഫീസ് ഓരോവർഷവും മുൻ വർഷങ്ങളിലുള്ളതിനേക്കാൾ കുറഞ്ഞു വരുന്നത് നല്ല പ്രവണതയല്ല. വ്യാപാര വ്യവസായ സേവനാദി മേഖലയിലെ മുഴുവൻ സംരംഭങ്ങൾക്കും നിർബന്ധമായും ലൈസൻസ് ഫീസ് ചുമത്തണം. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും വ്യക്തികളും വാങ്ങിക്കുന്ന എഗ്രിമെൻറുകൾ പ്രോനോട്ടുകൾ എന്നിവ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുന്നവർക്കു മാത്രം നിയമ പ്രാബല്യം നൽകുകയും അതിന് ഫീസ് പിരിക്കുകയും ചെയ്യാൻ ഗ്രാമ പഞ്ചായത്തുകളെ നിയമം മൂലം അനുവദിക്കണം. (ഗ്രാമ സഭകളിൽ നിന്നുള്ള നിർദ്ദേശം)

വിൽപ്പന നികുതിയടക്കുന്ന കച്ചവടസ്ഥാപനക്കാർ അവരുടെ നാൾവഴി പുസ്തകം വർഷാരംഭത്തിൽ പഞ്ചായത്ത് ഓഫീസിൽ നിന്ന് സീൽ ചെയ്യിക്കാനും അതിന് ഫീസ് ഈടാക്കാനും വ്യവസ്ഥയുണ്ടകണം (ഗ്രാമ സഭകളിൽ നിന്നുള്ള നിർദ്ദേശം)

ഓട്ടോ ടാക്സി എന്നിവയുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടും ഓട്ടോ ടാക്സി സ്റ്റാൻറുകൾ ഇല്ലെന്ന ന്യൂനതകൊണ്ട് ഇവരിൽ നിന്നും പഞ്ചായത്തിലേക്ക് വരുമാനം കിട്ടാതെ പോകുന്നു. നഗരത്തിന് ഗതാഗതകുരുക്കുണ്ടാക്കികൊണ്ട് ഈ വാഹനങ്ങൾ റോഡരുകിൽ പാർക്കു ചെയ്യുകയും അവരുടെ സ്റ്റാൻറായി ബോർഡുകൾ സ്ഥാപിക്കുകയുംചെയ്തിരിക്കയാൽ അടിയന്തിരമായി ഇവരിൽ ഫീസ് ചുമത്തേണ്ടതാണ്.

വാടക

വാടകയിനത്തിലും വരുമാനത്തിലെ കുറവു പ്രകടമാണ്. ജില്ലയിലെ പ്രമുഖവ്യാപാരകേന്ദ്രമായ നിലമ്പൂരിലെ വസ്തുനിഷ്ഠ സാഹചര്യം കണക്കിലെടുത്താൽ ഈ ഇനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാവുന്നതാണ്.

| വർഷം | ഉപാധിരഹിതഫണ്ട് | ജവഹർ റോസ്ഗാർ യോജനഫണ്ട് |
|---|---|---|
| 1990 -91 | 1.85 | 3.87 |
| 1991 -92 | 1.96 | 4.38 |
| 1992 -93 | 2.10 | 3.79 |
| 1993 -94 | 2.34 | 5.27 |
| 1994 -95 | 3.06 | 2.91 |
| 1995 -96 | 2.61 | 3.09 |

മറ്റു ഗ്രാൻറുകൾ പട്ടിക 4 (ലക്ഷത്തിൽ)

| | ഇനം | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1 | വെഹിക്കിൾടാക്സ് കോമ്പൻസേഷൻ | 1.16 | - | 0.23 | 2.27 |
| 2 | ഇന്ദിരാ വികാസ് പത്ര | 2.98 | - | - | - |
| 3 | വില്ലേജ്റോഡ്മെയിൻറനൻസ് ഗ്രാൻറ് | 0.15 | 0.15 | - | 0.15 |
| 4 | ചെറുകിട ലസേചനം | 0.01 | 0.01 | 0.01 | 0.01 |
| 5 | അടിസ്ഥാന നികുതി | 0.44 | - | 0.59 | 0.59 |
| 6 | സ്റ്റാമ്പ് ഡ്യൂട്ടി | 1.20 | 2.77 | 2.67 | 1.89 |

സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ്, എന്നിവയുടെ ആനുപാതിക വിവിഹിതം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

ലേലവരുമാനം

| | | | | |
|---|---|---|---|---|
| ബസ്സ്റ്റാൻറ് | 0..90 | 0.84 | 0.93 | 2.02 |
| മണൽ | 0..50 | 0.71 | - | 0.21 |

പഞ്ചായത്തിന് ലഭിക്കുന്ന വിവിധഗ്രാൻറുകൾ തൽസംബന്ധമായ വികസനപ്രവർത്തനത്തിന്‌വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഗ്രാമസഭകളിൽ നിന്ന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കണം. ഈ പ്രവൃത്തികളുടെ വരവുചെലവു കണക്കുകൾ സുതാര്യമാക്കുകയും പ്രസിദ്ധപ്പെടുത്തുകയും വേണം.

വായ്പ

ഗ്രാമവികസന ബോർഡിൽ നിന്ന് ബസ്റ്റാൻറ്കം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി 22.18 ലക്ഷം രൂപ . ഇതിൻെറ തിരിച്ചടവ് അർദ്ധ വാർഷിക ഗഡുക്കളായി ശരാശരി 1.65 ലക്ഷം രൂപ വെച്ച് 2001-ൽ അവസാനിക്കും. ഈ കെട്ടിടത്തിൽ നിന്നുള്ള വാടകവരവ് 93-94 മുതൽ 3.59 ക. ലഭിച്ചു. പ്രതിവർഷം 5% വർദ്ധനവ് വാടകയിനത്തിൽ വരുത്തുന്നു. ഷോപ്പിങ്ങ് കോംപ്ളക്സ് വായ്പയുടെ തിരിച്ചടവിനുമാത്രം പ്രതിവർഷം 3.30 ലക്ഷത്തോളം വേണ്ടി വരുന്നു.

കഴിഞ്ഞ 5വർഷത്തെ പഞ്ചായത്തിൻെറ മൊത്ത വരുമാന പട്ടിക 5

| വർഷം | വരുമാനം(ലക്ഷത്തിൽ) |
|---|---|
| 1991-92 | 28.66 |
| 92-93 | 35.55 |
| 93-94 | 42.80 |
| 94-95 | 51.19 |
| 95-96 | 52.33 |

വരുമാനത്തിനനുസൃതമായ പുരോഗമനം ഉറപ്പുവരുത്തേണ്ടതാണ്

ചെലവുകൾ:-

1995 - 96 ലെ മാത്രം ചെലവിൻെറ വിഭജനപ്പട്ടിക

| | |
|---|---|
| 1. ഭരണം | 9.16. |
| 2.വിദ്യാഃഭാസം | 0.27 |
| 3.തെരുവുവിളക്കുകൾ | 1.05 |
| 4.പൊതുമരാമത്ത് | 38.98 |
| 5ജലവിതരണം,ഓടകൾ പൊതുജനാരോഗ്യം | 4.43 |
| 6.മറ്റുള്ളവ | 7.28 |
| മൊത്തം | 61.17 |

1995 - 96 ലെമാത്രം തനതുവരുമാനത്തിൽനിന്ന് ഭരണച്ചെലവിനായി നീക്കിവെക്കപ്പെടുന്നതിൻെറ നിരക്ക് കുറക്കുന്നതിന് ശ്രമം വേണം. ഭരണച്ചിലവ് ചിട്ടപ്പെടുത്തുകയും തനതു വരുമാനം അന്യഥാ സൂചിപ്പിച്ചതുപോലെ വർദ്ധിപ്പിക്കുകയും ചെയ്യുകയെ ഇതിനു പരിഹാരമുള്ളു.

സാമ്പത്തികമേഖല

ധനകാര്യ സ്ഥാപനങ്ങളുടെ ശാഖകളുടെ എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്തുകളുൾ ഒന്നാണ് നിലമ്പൂർ പഞ്ചായത്ത്.

പൊതുമേഖലാബാങ്കുകൾ:-

1. കാനറാ ബാങ്ക്
2. ഇന്ത്യൻ ബാങ്ക്
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
4. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

റീജിയണൽ റൂറൽ ബാങ്ക്

1. സൗത്ത് മലബാർ ഗ്രാമീണബാങ്ക്

ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ.

1. ഫെഡറൽ ബാങ്ക് ലിമിറ്റഡ്
2. നെടുങ്ങാടി ബാങ്ക് ലിമിറ്റഡ്

3. സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

**സഹകരണബാങ്കുകൾ**

1. ഏറനാട് സഹകരണ കാർഷിക വികസന ബാങ്ക് ലിമിറ്റഡ്

2. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ലിമിറ്റഡ്

3. നില്മ്പൂർ സഹകരണ അർബ്ബൻ ബാങ്ക് ലിമിറ്റഡ (പ്രധാന ശാഖ)

4. നിലമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് (പ്രധാന ശാഖ) ശാഖ)

5.നിലമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് (പ്രഭാത-സായാഹ്ന ശാഖ)

**ബാങ്കേതര ധനകാര്യ സ്ഥാപനങ്ങൾ**

1. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റെർ പ്രൈസസ്

2. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

3. യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്

4, നിലമ്പൂർ ഗ്രാമീണ കാർഷിക വ്യാപാര വികസന സൊസൈറ്റി

5. കേരള വ്യാപാരി വ്യവസായി വികസന സൊസൈറ്റി

ഇവയ്ക്കു പുറമെ സ്ഥാപനങ്ങളായും വ്യക്തികളായും ധനകാര്യ ഇടപാടുകൾ നടത്തുന്ന ധാരാളം അനൗപചാരിക ഏജൻസികളും സജീവമായി പ്രവർത്തിക്കുന്നുണ്ട്.

പട്ടിക - 6

പഞ്ചായത്തിലെ ബാങ്കുകളുടെ നിക്ഷേപ വായ്പാ സ്ഥിതിവിവരക്കണക്കുകൾ (സഹകരണബാങ്കുകൾ ഒഴികെ) (ലക്ഷത്തിൽ)

| ഇനം | 93-94 | 94-95 | 95-96 |
|---|---|---|---|
| മൊത്തം നിക്ഷേപം | 2414 | 2957 | 3414 |
| മൊത്തം വായ്പ | 2236 | 2876 | 2797 |
| കാർഷിക വായ്പ | 564 | 686 | 768 |
| വിദേശ നിക്ഷേപം | - | - | 1031 |
| നിക്ഷേപ വായ്പാനുപാതം | 93% | 97% | 82% |

നിക്ഷേപവായ്പാനുപാതം കേരള സംസ്ഥാന ശരാശരി 45% ത്തിൽ താഴെയാകുന്നു.

നിലമ്പൂരിലെ വിഭവ സാധ്യതകളിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഒന്നാണ് സഹകരണമേഖല. സഹകരണ മേഖലയെ കുറിച്ച് മറ്റൊരദ്ധ്യായം വിപുലമായി ചർച്ച ചെയ്യപ്പെടുന്നതിനാൽ അതുസംബന്ധമായ സ്ഥിതി വിവരകണക്കുകൾ ഇവിടെ പ്രതിപാദിക്കുന്നില്ല.

ഇതു കൂടാതെ ഏതാനും ബാങ്കേതര പണമിടപാട് ഏജൻസികൾ കോടികൾ നിക്ഷേപമായി സ്വീകരിക്കുകയും കോടികൾ വായ്പ നൽകുകയും ചെയ്യുന്നുണ്ട്. പട്ടികയ 6-ലെ മുഴുവൻ നിക്ഷേപങ്ങളും നിലമ്പൂർ പഞ്ചായത്തിൽ നിന്നു മാത്രം സമാഹരിക്കപ്പെട്ടതല്ല. അതുപോലെ തന്നെ വായ്പാ ഉപഭോക്താക്കളിൽ സമീപ പഞ്ചായത്തിലുള്ളവരും ഉൾപ്പെടുന്നു. എന്നിരുന്നാലും ബാങ്കുകളുടെ മൊത്തം നിക്ഷേപം വിരൽ ചൂണ്ടുന്നത് നമ്മുടെ പഞ്ചായത്തിലെ വിഭവ സാധ്യതയിലേക്കാണ്. ബാങ്കുകളുടെ മൊത്തം വായ്പ പരിശോധിച്ചാൽ ഇവയുടെ വായ്പാ നിക്ഷേപ അനുപാതം സംസ്ഥാനശരാശരിയേക്കാൾ ഇരട്ടിയൊളമാണ്. എന്നാൽ തദനുസൃതമായി പുരോഗതി നമ്മുടെ ഉൽപാദന മേഖലയിൽ പ്രതിഫലിച്ചു കാണുന്നില്ല.മൊത്തം ബാങ്ക് വായ്പയിൽ കൃഷിക്കും ചെറുകിട വ്യവസായങ്ങൾക്കും അർഹമായ പരിഗണന ലഭിക്കാത്തതാണ് ഇതിന് മുഖ്യ കാരണം. കൃഷി വ്യവസായം, മൃഗസംരക്ഷണം തുടങ്ങിയ ഉൽപാദനാവശ്യങ്ങൾക്ക് അനുവദിക്കപ്പെടുന്ന വായ്പകൾ മറ്റു ഉപഭോഗാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതാണ് ഇതിന്റെ മറ്റൊരു കാരണം. ഗ്രാമസഭകളുടെ ഫലപ്രദമായ ഇടപെടലും ബോധവൽക്കരണവും വഴി ഇതിനു പരിഹാരം കാണാൻ കഴിയും. ബാങ്കുകളിലെ സർവ്വീസ് ഏരിയാ അപ്രോച്ച് പ്രകാരമുള്ള വാർഷിക വായ്പാ പദ്ധതി തയ്യാറാക്കുന്നതിനു മുമ്പായി ഗ്രാമസഭകൾ വിളിച്ചു ചേർക്കണം. ഈ ഗ്രാമസഭകളിൽ ബാങ്കുദ്യോഗസ്ഥരെ പങ്കെടുപ്പിക്കുകയും വായ്പാ ആവശ്യങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ വാർഷിക വായ്പാ പദ്ധതി ആസൂത്രണം ചെയ്യണം. ഐ.ആർ.ഡി.പി., പി.എം.ആർ .വൈ. തുടങ്ങിയ സർക്കാർ സ്കീമുകളിലെ യഥാർത്ഥ ഉപ ഭോക്താക്കളെ കണ്ടെത്താനും ഈ ഗ്രാമസഭകൾക്ക് കഴിയണം. ഇങ്ങനെഅനുവദിക്കപ്പെടുന്ന വായ്പകൾ യഥാവിധി ഉപയോഗിക്കപ്പെടുന്നു എന്നും കൃത്യമായ വായ്പാ തിരിച്ചടവ് ഉണ്ടാവുന്നു എന്നും ഗ്രാമസഭകൾ ഉറപ്പു വരുത്തണം.

ഇവിടുത്തെ ബാങ്കുകൾ പലവ്യവസായ സ്ഥാപനങ്ങൾക്കും വായ്പകൾ നൽകിയിട്ടുണ്ടെങ്കിലും അവയിൽ മിക്കവയും പഞ്ചായത്തിനുപുറത്താണ്. ഇത്തരം വ്യവസായങ്ങൾ ഈപഞ്ചായത്തിൽ തന്നെ സ്ഥാപിക്കാനുള്ള പാശ്ചാത്തലസൗകര്യം ഒരുക്കിയാൽ പഞ്ചായത്തിന്റെ വികസനവും വിഭവ സാദ്ധ്യതകളും വർദ്ധിപ്പിക്കാം. ഈ പുതിയ ആസൂത്രണ പദ്ധതിയിലൂടെ ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന ചെറുകിട വ്യവസായസ്ഥാപനങ്ങൾക്ക് വായ്പക്

പട്ടികകൾ അവലംബം:സെക്കൻററി ഡാറ്റാകലക്ഷൻ

ൾ ബങ്കുകളെക്കൊണ്ട് അനുവദിപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

ഇവിടുത്തെ സാധാരണക്കാരൻെറ അദ്ധ്വാനഫലം മുഴുവൻ ഊറ്റിക്കുടിക്കുന്ന തരത്തിൽ അനധികൃത സ്വകാര്യവട്ടിപ്പലിശക്കാർ ഒരു വൈറസ് ബാധയായി നിലമ്പൂരിലാകെ പടർന്നുപിടിച്ചിരിക്കുന്നു. ഇവിടുത്തെ സമ്പത്തിൻെറ ഒരു ഭാഗം അന്യ സംസ്ഥാന ങ്ങളിലേക്ക് ഇവർ സ്വരൂപിച്ച് കൊണ്ടു പോകുന്നുണ്ട്. ഇത് ഇവിടുത്തെ വിഭവ സാധ്യതയെ ഇല്ലാതാക്കുന്നു എന്ന് മാത്രമല്ല പാവപ്പെട്ടവനെ പഴയ ജൻമികുടയാൻ കാലഘട്ടത്തിൽ കണ്ടിരുന്നതുപോലെനിത്യ കടക്കാരനാക്കി മാറ്റുകയും ചെയ്യുന്നു. ഇതിനെതിരെ ഗ്രമസഭകൾ മുൻകൈ എടുത്തു കൊണ്ട് ജനപിന്തുണയോടെ ഈ പകൽ കൊള്ള എത്രയും നേരത്തെ ഇല്ലാതാക്കണം. അതിന് നിയമപരവും ഔദ്യോഗികപരവുമായ സംവി ധാനങ്ങളുടെ സഹായവും കൂടി ഉപയോഗി ക്കാവുന്നതാണ്. ഇതിനു ബദലായി നബാർഡ് പദ്ധതി പ്രകാരുമള്ള സ്വയം സഹായ ഗ്രൂപ്പുകൾ(SHG) രൂപീകരിച്ച് ബാങ്കുകളുടെ ധന സഹായം ആർജ്ജിക്കാവുന്നതാണ്.

വിദേശ ജോലിക്കാരും വിദേശനിക്ഷേപങ്ങളും

ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് വിദേശത്ത് ജോലി ചെയ്യുന്നവരുടെ എണ്ണം (പട്ടിക 7)

ഇവരിൽ നിന്നായി ഇവിടുത്തെ ബാങ്കുകളിൽ വൻതുകകൾ ഉണ്ട്. (പട്ടിക ആറ് കാണുക)ഈ ബാങ്കു നിക്ഷേപങ്ങളേക്കാൾ പതിൻമടങ്ങു തുക വസ്തുവകളിലും കെട്ടിടനി ർമ്മാണത്തിലും ചിലവഴിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വിദേശമലയാളികളുടെ സഹായ ത്തോടെ കാര്യമായ ഒരു വ്യവസായ യൂണിറ്റു പോലും ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടില്ല. ഈ വിഭവ സാധ്യത പ്രയോജനപ്പെടുത്താൻ പഞ്ചായ ത്ത് പദ്ധതി ആവിഷ്ക്കരിക്കണം. വിദേശ ങ്ങളിൽ വൻവ്യവസായ വാണിജസ്ഥാപ നങ്ങളുടെ ഉടമയായ ഒരു പ്രമുഖ ഗൾഫ് മലയാളി ഈ പഞ്ചായത്തുകാരനാണ് എന്നത് നമുക്കേവ ർക്കും അഭിമാനിക്കാൻ വക നൽകുന്നു. എന്നാൽ അദ്ദേത്തിൻെറ വ്യവസായ യൂണിറ്റു കളിൽ ഒന്നുപോലും നമ്മുടെ ഗ്രാമത്തിൽ സ്ഥാ പിക്കപ്പെട്ടില്ല എന്നത് പ്രത്യേക ശ്രദ്ധയർ ഹിക്കുന്നു. ഈ കുറവു നികത്താൻ വേണ്ട ശ്രമം പഞ്ചായത്തിൻെറ ഭാഗത്തുനിന്നും ഉണ്ടാവണം.

മറ്റു ധനകാര്യസ്ഥാപനങ്ങൾ

ആറുവർഷം മുമ്പ് ഈ പഞ്ചായത്തിൽ ആരംഭിച്ച എൽ.ഐ.സി ശാഖ ചുരുങ്ങിയ കാലം കൊണ്ട് കോടികളുടെ ഇടപാടുകൾ നടത്തിയിട്ടുണ്ട്. എൽ.ഐ.സി ഗ്രാമവികസന സംബന്ധമായ പല പദ്ധതികളും പലയിട ങ്ങളിലും നടത്തിയിട്ടുണ്ട്, എന്നാൽ അത്തരമൊരു പദ്ധതിയും ഇന്നേവരെ പഞ്ചായത്തിൽ നടന്നതായി കാണുന്നില്ല. ഈ സാദ്ധ്യത ഉപയോഗിക്കപ്പെടുത്തുകയാണെങ്കിൽ നമ്മുടെ ഗ്രാമവികസനം ത്വരിതപ്പെടുത്താൻ കഴിയും.

കേരളാസ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർ പ്രൈസസിൻെറ ഒരു ശാഖയും നിലമ്പൂരിൽ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. ചിട്ടികളിലൂ ടേയും മറ്റും നിക്ഷേപം സമാഹരിക്കുന്ന ഈ സ്ഥാപനം ഹൈയർ പർച്ചേസ് സ്കീമിൽ ധാരാളം വായ്പകൾ നൽകുന്നുണ്ട്.

ടൂറിസം

നമ്മുടെ സംസ്ഥാനത്തുനിന്ന് അയൽ സംസ്ഥാനങ്ങളിലുള്ള പ്രധാനപ്പെട്ട രണ്ടു ടൂറിസ്ററു കേന്ദ്രങ്ങളായ ഊട്ടി, മൈസൂർ എന്നിവടങ്ങളിലേക്കുള്ള ഒരു പ്രധാന പ്രവേശന മാർഗ്ഗമാണ് നിലമ്പൂർ. ഒരോവർഷവും നിരവധി ടൂറിസ്ററുകൾ ഇതിലെ കടന്നുപോകുന്നുണ്ട്. എന്നാൽ പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമായ നമ്മുടെ പഞ്ചായത്തിൽ ഈ ടൂറിസ്ററുകളെ ആകർഷിച്ചുനിർത്തി പഞ്ചായത്തിന് വരുമാ നമുണ്ടാക്കുവാനുള്ള സാധ്യതകൾ ഒന്നും തന്നെ ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

ലോകത്തിലെ ഏറ്റവും പ്രായം കൂടിയ തേക്ക് നിൽക്കുന്ന കനോലിപ്ളോട്ട് , തേക്ക് മ്യൂസിയം, മൂന്നുപുഴകൾ വന്നുചേരുന്ന ചാലിയാർ മുക്ക്, തൊട്ടടുത്തു കിടക്കുന്ന പഞ്ചായത്തുകളിലെ നെടുങ്കയം, ആഢ്യൻപാറ, മാഞ്ചീരി മുണ്ടേരി ഭാഗങ്ങൾ എന്നിവ ശാസ്ത്രീയമായി ക്രമീകരിച്ചാൽ ധാരാളം ടൂറിസ്ററുകളെ ആകർഷിക്കുന്ന കേന്ദ്രങ്ങളാക്കി മറ്റുവാൻ കഴിയും ഇതിനുവേണ്ട ഒരു മാസ്ററർ പ്ളാൻ തയ്യാറാക്കി സർക്കാരിനും ടൂറിസം

പട്ടിക 7

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ആൾക്കാരുടെ എണ്ണം | 26 | 55 | 205 | 50 | 260 | 75 | 120 | 50 | 60 | 50 | 75 | 15 | 40 |

വികസന വകുപ്പിനുംനൽകി അംഗീകാരം നേടുവാനും അവരെക്കൊണ്ട് ഈ സ്ഥലങ്ങൾ ടൂറിസ്റ്റ് മാപ്പുകളിൽ ഉൾപ്പെടുത്തി ഇന്ത്യയിൽ മുഴുവനും പുറം രാജ്യങ്ങളിലും വേണ്ടത്ര പ്രചരണം നൽകുവാനുള്ള നടപടി പഞ്ചായത്ത് മുൻകൈഎടുത്ത് ചെയ്യേണ്ടതാണ്. ഇതിനായി ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സഹകരണം കൂടിതേടേണ്ടതാണ്. പ്ളാനുണ്ടാക്കുമ്പോൾ പരിഗണിക്കപ്പെടേണ്ട ചില നിർദ്ദേശങ്ങൾ കൂടി താഴെക്കൊടുക്കുന്നു.

1. ചാലിയാർ മുക്കിൽ ഒരു റോക്ക് ഗാർഡൻ പണിയുക.

2. കനോലി പ്ളോട്ടിലേക്ക് പോകുന്ന വഴിക്ക് ഫോറസ്റ്റ് വകുപ്പുമായി ബന്ധപ്പെട്ട് വനഭംഗി നഷ്ടപ്പെടാത്ത രീതിയിൽ ഒരു മാതൃകാ പാർക്ക് നിർമ്മിക്കുകയും, മഴക്കാലത്ത് ഇതിനടുത്ത് പുഴയിൽ ബോട്ടിങ്ങ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം.

3.നമ്മുടെ സംസ്ഥാനത്ത് തിരുവനന്തപുരത്തു മാത്രമാണ് നല്ലൊരു കാഴ്ചബംഗ്ളാവുള്ളത്. വനം കൊണ്ട് സമ്പന്നമായ നമ്മുടെ പഞ്ചായത്തിലൊ അടുത്തുള്ള കാഞ്ഞിരക്കടവുഭാഗത്തോ നല്ലൊരു സഫാരി പാർക്ക് തുടങ്ങിയാൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. ഇത്തരം പാർക്കുകൾ വളരെ വിരളമാണെന്നുള്ളത് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കും.

4. വ്യായാമത്തിനും വിനോദത്തിനുമായി നിലമ്പൂരിൽ ഒരു അഡ്വഞ്ചറസ് പാർക്ക് തുടങ്ങാവുന്നതാണ്. ചിലവുകുറഞ്ഞരീതിയിലുള്ള ഒരു പാർക്കാണ് ഉദ്ദേശിക്കുന്നത്.

5. നിലമ്പൂരിൽ നിന്നും 30 മിനുട്ട് മാത്രം യാത്രചെയ്താൽ എത്താവുന്ന സ്ഥലമാണല്ലോ കാളികാവ്. അവിടെ നിന്നും ഏകദേശം നാൽപ്പത്തഞ്ചു കിലോമീറ്റർ വനത്തിൽ കൂടി നടന്നാൽ സഞ്ചാരികളുടെ പറുദീസയായ ഊട്ടിയിലെത്തിച്ചേരാം ഈ വഴി ഒര സാഹസിക വനയാത്രക്ക് ഉപയുക്തമാക്കുവാൻ ശ്രമിക്കണം. യാത്രയുടെ രസത്തിനും പ്രകൃതിസന്തുലിതാവസ്ഥ നിലനിർത്തുന്നതിനും വേണ്ടി ഈ വഴി ഒരു നടപ്പാതയായി മാത്രം നിലനിർത്തേണ്ടതാണ്.

6. നിലമ്പൂരിലെ ഊട്ടികോഴിക്കോട് മെയിൻറോഡിനുസമീപം കുട്ടികൾക്കുള്ള ഒരു ട്രാഫിക് കം അമ്യൂസ്മെൻറ് പാർക്ക് തുടങ്ങേണ്ടതാണ്.

7. കളിമണ്ണിൽ നിന്നും പാത്രങ്ങളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതും പ്രദർശിപ്പിക്കുന്നതും വിപണനം ചെയ്യുന്നതുമായ ഒരു പ്രദർശന വിൽപ്പനശാല അരുവാക്കോട് മൺപാത്ര വികസന സൊസൈറ്റിയുമായി ബന്ധപ്പെട്ട് മെയിൻറോഡരികിൽതുടങ്ങേണ്ടതാണ്.

മേൽപ്പറഞ്ഞ പലകാര്യങ്ങളും നിലമ്പൂർ പഞ്ചായത്തിൻെറ മാത്രം പ്രവർത്തന പരിധിയിൽ പെടുന്നതല്ല. എന്നിരുന്നാലും ഈ പദ്ധതികൾ നടപ്പിൽ വന്നാൽ ടൂറിസ്റ്റുകൾക്കു താമസിക്കാൻ പഞ്ചായത്തിൻെറ മുപ്പതുകിലോമീറ്റർചുറ്റളവിനുള്ളിലെ താമസ സൗകര്യമുള്ള ഏകകേന്ദ്രം എന്ന നിലയിൽ നിലമ്പൂർ പഞ്ചായത്തിൻെറ വരുമാനത്തിൽ ഗണ്യമായ വർദ്ധനയുണ്ടാകും

### മറ്റു വിഭവ സാധ്യതകൾ

ഇന്ദിരാ വികാസ് പത്രയുടെ 25% വരെ അതതു പഞ്ചായത്തിനു നൽകാൻ വ്യവസ്ഥയുണ്ട് എന്നാൽ പ്രസ്തുത ഇനത്തിൽ നമ്മുടെ പഞ്ചായത്തിനു ലഭിച്ച ഗ്രാൻറ് നാമമാത്രമാണ്. നമ്മുടെ പഞ്ചായത്തിലെ വിവിധ ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപത്തിലുണ്ടായ വർദ്ധനവിൻെറ തോത് വച്ചു നോക്കുമ്പോൾ ഇവിടുത്തെ ജനങ്ങളുടെ നിക്ഷേപ സാധ്യത ഇന്ദിരാവികാസ് പത്രയിലേക്ക് ആകർഷിക്കുവാൻ വേണ്ടത്ര കഴിഞ്ഞിട്ടില്ലെന്ന് കാണുന്നു. ആയതിനാൽ പഞ്ചായത്തിൻെറ അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

### ആഴ്ച ചന്ത

ആഴ്ച ചന്ത മുൻകാലങ്ങളിൽ ഇവിടെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ജനങ്ങൾക്ക് ഉപകാര പ്രദവും പഞ്ചായത്തിന് നല്ലൊരു വരുമാനവുമുള്ള ആഴ്ചചന്തയുടെ പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുന്ന പരസ്യബോർഡ് , ബാനർ. പോസ്റ്റർ, പരസ്യ അനൗൺസ്മെൻറുകൾ എന്നിവയ്ക്ക് നികുതി ചുമത്താവുന്നതാണ്.

### മണൽ

പഞ്ചായത്തിൻെറ പരിധിയിലുള്ള പുഴയിൽ നിന്ന് അനഃധികൃത മണൽ വാരൽ നടക്കുന്നതായി പല വിശേഷാൽ ഗ്രാമസഭകളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. യാതൊരു തദ്ദീക്ഷയുമില്ലാത്ത ഈ രീതി പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എടുക്കുന്ന മണലിൻെറ അളവിനുമേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ല. ആയതു നിരോധിച്ച് ഈ പ്രവൃത്തി പ്രത്യേകം ചർച്ചക്കു വിധേയ മാക്കി ഉചിതമായ രീതിയിൽ ലേലം ചെയ്യുകയോ മണൽ തൊഴിലാളികളെ ഏൽപ്പിക്കുകയോ ചെയ്താൽ തൊഴിൽ സാധ്യത വർദ്ധിക്കുകയും നിയന്ത്രണ രഹിതമായ മണൽവാരിയുണ്ടാകുന്ന പരിസ്ഥിതിപ്രശ്നം അവസാനിപ്പിക്കാനും കഴിയും. യാതൊരു വിധ മുതൽമുടക്കുമില്ലാത്തതും പഞ്ചായത്തിൻെറ അധികാരത്തിലുള്ളതുമായ ഈ വിഷയം എത്രയും പെട്ടെന്ന്

നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ മാർക്കറ്റുകൾ, വ്യാപാരസ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്നും പുറം തള്ളുന്ന ജൈവ അവശിഷ്ടങ്ങൾ സംഭരിച്ച് കമ്പോസ്റ്റ്/മണ്ണിരകമ്പോസ്ററ് നിർമ്മാണയൂണിറ്റുകളാരംഭിച്ചാൽ രാസവളത്തിനുവേണ്ടി ചിലവഴിക്കപ്പെടുന്ന തുകയുടെ ഒരു വലിയ ശതമാനം ലാഭിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചേക്കും. ആശുപത്രികളിൽനിന്നും മറ്റും ഉണ്ടാകുന്ന അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് സ്ഥലം കണ്ടെത്തിക്കൊടുക്കുകയാണെങ്കിൽ ഇത്തരംസ്ഥാപനങ്ങളിൽ നിന്ന് ആയതിന് പ്രതിഫലം ഈടാക്കാവുന്നതാണ്.

പഞ്ചായത്ത് പരിധിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, സ്വകാര്യ സാങ്കേതിക വിദ്യഭ്യാസ സ്ഥാപനങ്ങൾ, പാരലൽ കോളേജുകൾ, ഡ്രൈവിങ്ങ് സ്കൂളുകൾ എന്നിവയിലെ കുട്ടികളുടെ അംഗസംഖ്യക്കനുസരിച്ച് നികുതി ചുമത്തണം.

പാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്നവരിൽ നിന്നും അധികനികുതി ഈടാക്കാം.

പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രികൾക്കു് നികുതിചുമത്താവുന്നതാണ്. അലഞ്ഞുതിരിഞ്ഞുനടക്കുന്ന കന്നുകാലികൾ പൊതുവഴിയിൽ പലരീതിയിലും ഒരു ഭീഷണിയാണ്. ഇവയെ പിടിച്ചുകെട്ടി ഉടമസ്ഥരിൽ നിന്നും പിഴ ഈടാക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

സ്വകാര്യ ഉടമസ്ഥതയിലുള്ള ഹാളുകൾ വൻവാടകക്കു നൽകപ്പെടുമ്പോൾ നമ്മുടെ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കമ്യൂണിറ്റി ഹാൾ ഇന്ന് പൂട്ടിക്കിടക്കുന്നതിനാൽ പഞ്ചായത്തിൻെറ ഒരു വരുമാന മാർഗ്ഗം അടഞ്ഞുകിടക്കുകയാണ്. സാധാരണക്കാർക്ക് വിവാഹാദി കാര്യങ്ങൾക്കും ബഹുജനസംഘടനകളുടെ സമ്മേളനങ്ങൾനടത്തുന്നതിനും മറ്റും മിതമായ വാടകക്ക് കൊടുക്കുവാൻ വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തി കമ്യൂണിറ്റിഹാൾ എത്രയും വേഗം തുറന്നു പ്രവർത്തിപ്പിക്കണം.

നിലമ്പൂരിനെ വലയം ചെയ്തുകിടക്കുന്ന പുഴകളിൽ അനുയോജ്യമായ ഇടങ്ങളിൽ തടയണകൾ നിർമ്മിച്ച് നമുക്കാവശ്യമായ ജലവിഭവം സ്വരൂപിക്കാം.

വിവിധയിനം പച്ചമരുന്നുകളും ഔഷധസസ്യങ്ങളും വനോത്പ്പന്നങ്ങളും നമ്മുടെ വിഭവസമ്പത്തിൽ ഉൾപ്പെടുന്നു. ഈ സാധ്യത വികസിപ്പിക്കുന്നതിന് പുഴയോരങ്ങളും പുറംമ്പോക്കുകളും ഉപയോഗപ്പെടുത്താം.

സർക്കാറിൻെറ വിവിധ വകുപ്പുകൾക്കു കീഴിലാണെങ്കിലും പിടിച്ചെടുക്കപ്പെടുന്ന മരത്തടികൾ വാഹനങ്ങൾ മുതലായവ വർഷങ്ങളോളം ഉപയോഗിക്കപ്പെടാതെ കിടന്ന് നശിച്ച് പോകുന്നു. ഇത്തരം വിഭവങ്ങൾ നഷ്ടപ്പെടാതെ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലുള്ള സഹകണ സ്ഥാപനങ്ങൾലാഭവിഭജനത്തിനുശേഷം വരുന്ന പൊതുനൻമാ ഫണ്ടിൻെറ 50% എങ്കിലും പഞ്ചായത്ത് നിർദ്ദേശിക്കുന്ന വികസന പ്രവർത്തനത്തിന് വിനിയോഗിക്കാൻ ഉള്ള തീരുമാനം സംസ്ഥാന തലത്തിലുണ്ടാവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം, അത്തരമൊരു തീരുമാമുണ്ടാകുന്നവരെ ഈ സ്ഥാപനങ്ങളുടെ ഭരണ സമിതിയുമായി ബന്ധപ്പെട്ട ഈ പ്രവർത്തനം നടത്തിക്കൊണ്ടു പോകാൻ പഞ്ചായത്തിന് കഴിയണം

മനുഷ്യാദ്ധ്വാന വിഭവം

ഏതു തരം വിഭവങ്ങൾക്കും ഉപരിയായി നിൽക്കുന്നതാണ് ഒരു പ്രദേശത്തിൻെറ മനുഷ്യാദ്ധ്വാനശക്തി. 9ാം പദ്ധതിയുടെ വിജയം യഥാർത്ഥത്തിൽ കുടികൊള്ളുന്നത് തന്നെ അതിൻെറ ഗ്രാമവികസനത്തിന് എത്ര മനുഷ്യാദ്ധ്വാനം സംഭാവനചെയ്യാൻ കഴിയും എന്നതിലാണ്. വിവിധതലത്തിൽ വിദ്യാസമ്പന്നരും സേവന സന്നദ്ധരുമായആയിരക്കണക്കിനു യുവതീയുവാക്കൾ തൊഴിലില്ലാത്തവരായുള്ള ഈ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ അവരെ പരമാവധി പ്രയോജനപ്പെടുത്തുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇതിന് വിവിധതരം തൊഴിലുകളിലേർപ്പെട്ടിട്ടുള്ളവരുടെ പരിപൂർണ്ണ സഹകരണം കൂടിആവശ്യമാണ്. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ നടത്തുന്ന വികസനപ്രവർത്തനങ്ങളുടെ25ശതമാനമെങ്കിലും സംഭാവനായി കിട്ടുന്ന മനുഷ്യാദ്ധ്വാനം കൊണ്ടു പൂർത്തീകരിക്കാൻ കഴിയണം. ഗ്രാമസഭകളിൽ നിന്ന്നിർദ്ദേശിക്കപ്പെട്ട തരത്തിൽ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ വാർഡുതലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കണം. കൂടാതെ സന്നദ്ധ സംഘടനകൾ യുവജനസംഘടനകൾ, സാംസ്കാരിക രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങൾ എന്നിവയുടെ തനതായ ശ്രമദാനം വഴി വികസനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ പഞ്ചായത്ത് ഭരണസമിതി മുൻകൈ എടുക്കണം. ശ്രമദാനത്തിൻെറ സാധ്യത പരമാവധി ഉപയോഗപ്പെടുത്താൻ വർഷത്തിൽ രണ്ടു ദിവസമെങ്കിലും പുനര:ർപ്പണ ദിനത്തിൻെറ മാതൃകയിൽ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും വികസന പരിപാടികൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് തയ്യാറാകണം. ഈ ദിനങ്ങളിൽ റോഡുകളിലെ അറ്റക്കുറ്റപ്പണികൾക്ക്

പ്രാമുഖ്യം നൽകിയാൽ ഈ ഇനത്തിൽ വർഷം തോറും ചിലവാക്കപ്പെടുന്ന വലിയൊരു തുക ലാഭിക്കാൻ കഴിയും

ഈ അധ്യായത്തിൽ ഒട്ടനവധി വിഭവ സാധ്യതകൾ ചർച്ചചെയ്യപ്പെടുകയും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. 9ാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോൻമുഖമായ വ ി ക സ ന ത്തിനായി ഈ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ അർപ്പണബോധത്തോടെയുള്ള സമയബന്ധിത പരിപാടികൾ ആവിഷ്ക്കരിക്കണം. അതിനായിരിക്കട്ടെ ഇനിയുള്ള നാളുകൾ!!. വികസനം ഒരു യാഥാർത്ഥ്യമാകട്ടെ!!.

# ഉപസംഹാരം:

വികേന്ദ്രീകൃത ആസൂത്രണത്തിനുള്ള പുതിയ പരീക്ഷണമായ ജനകീയ ആസൂത്രണ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ വളരെ വിജയകരമായി മുന്നേറി കൊണ്ടിരിക്കുകയാണ്. സമഗ്ര ആസൂത്രണത്തിന് അനിവാര്യമായ വിഭവ ഭൂപട നിർമ്മാണവും, സാമൂഹ്യ-സാമ്പത്തിക സർവ്വേയും ഇനിയും നനമുക്ക് നടത്തേണ്ടതുണ്ട്. അതോടൊപ്പം പഞ്ചായത്തുകൾ ഇന്ന അഭിമുഖീകരുക്കുന്ന ഒട്ടനവധി പരിമിതികളും, സാങ്കതിക പ്രശ്നങ്ങളും നീക്കി കിട്ടേണ്ടതുണ്ട്. നിലമ്പൂർ ഇന്ന് വികസിച്ചു കൊണ്ടിരിക്കുന്ന ഒരു ഇടത്തരം പട്ടണമാണ്. എങ്കിലും നാം ഇപ്പോഴും ഗ്രാമ പഞ്ചായത്തായി തുടരുന്നു. പഞ്ചായത്തിൻെറ ധനാഗമമാൻഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശുചീകരണം, പൊതു മരാമത്ത് തുടങ്ങിയ പ്രവർത്തനങ്ങൾകക് നിലവിലുള്ള ഗ്രാമ പഞ്ചായത്ത് സംവിധാനം മതിയാകാതെ വന്നിരിക്കയാൽ നിലമ്പൂർ ഗ്രാമ പഞ്ചായത്തിന് എത്രയും പെട്ടന്ന് ടൗൺ പഞ്ചായത്തായി ഉയർത്തേണ്ടിയിരിക്കുന്നു.

അതതു പ്രദേശങ്ങളുടെ തനതു പ്രത്യേകതകൾ മനസ്സിലാക്കി അനിയോജ്യമായ പ്രവർത്തനങ്ങൾ ജന പങ്കൊളിത്തത്തോടെ നടപ്പിലാക്കാൻ കഴിഞ്ഞാൽ വലിയ നേട്ടങ്ങൾ ജനജീവിതത്തിൽ ഉണ്ടാക്കാൻ കഴിയും എന്നാണ കല്ല്യാശ്ശേരി, വള്ളിക്കുന്ന് ാനുഭവ മാതൃകകൾ വ്യക്തമാകകുന്നത്. പുതിയ ഒരു പ്രവർത്തന ശൈലി വികസിപ്പിച്ചെടുത്തതിലൂടെ യാണ് അവർക്ക് അത് സാധ്യമായത് എ്ന്ന് നാം ഓർക്കണം. ജനപ്രതിനിധികളുടെ നേതൃത്ത്വത്തിൽ ബഹുജന സംഘടനകൾ , സന്നദ്ധ സംഘടനകൾ, വിദഗ്ദ്ധർ ഉദ്യോഗസ്ഥർ എന്നിവരെ കൊർത്തിണക്കി എന്നതാണ് മേൽ പറഞ്ഞ പ്രവർത്തനങ്ങളുടെ വിജയത്തിന് അടിസ്ഥാനം ഇത്തരം ഒരു പുതിയ പ്രവർത്തന ശൈലി കേരളത്തിലെമ്പാടും വളർത്തുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം. ഇത് അപ്രാപ്യമല്ല എന്ന് ഇതുവരെ ഉള്ള പ്രവർത്തനങ്ങൾ കൊണ്ട് നാം തെളിയിച്ചു.

പൊനനിൻ ചിങ്ങ പുലരിയിൽ കേരളത്തിൽ തെളിച്ച വികസന ദീപത്തിൻെ പ്രഭാപൂരം ഭാരതമാകെ പടർത്താൻ നമുക്ക് കഴിയണം. അതിനു കഴഴിഞ്ഞാൽ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ സ്വാശ്രയത്ത്വത്തിലൂന്നിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന സ്വപ്നം കേരളത്തിൽ സാക്ഷാത്കരിക്കപ്പെടും. ഒപ്പം കേരളത്തിൻെസ്രമകാലിക വികസന പ്രതിസന്ധി തരണം ചെയ്യാനും നമുക് കഴിയും

സ്വാശ്രയ ഗ്രാമങ്ങൾക്കുവേണ്ടിയുള്ള ജനാഭിലാഷം നിറവേറ്റാൻ സമീപ ഭാവിയിൽ നമുക്ക് കഴിയുമെന്ന പ്രതീക്ഷയോടെ ഈ വികസന രേഖ വിശദമായ പഠനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും വേണ്ടി നിലമ്പൂർ ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സവിനയം സമർപ്പിക്കുന്നു

എൻ.വേലുക്കുട്ടി

പ്രസിഡൻറ്
നിലമ്പൂർ ഗ്രാമ പഞ്ചായത്ത്



Printed at MANGALAM offset press Kallai ,Calicut,Ph. 300063